
നേതൃസ്മൃതി



പി.എ. സെയ്തു മുഹമ്മദ്

ജമാൽ കൊച്ചങ്ങാടി

പി.എ.സെയ്തുമുഹമ്മദ്

ജമാൽ കൊച്ചങ്ങാടി

പ്രസാധനം:
ഗ്രെയ്സ് എജ്യുക്കേഷണൽ അസോസിയേഷൻ

mappilaheritagelibrary

Malayalam
Nethru Smrithi - 3
P.A.Saithumuhammed
(Biography)

by
Jamal Kochangadi

General Editor
P.A. Rasheed

Project Co-ordinator
K. Aboobacker
kayaboobacker@gmail.com

All rights reserved
First Edition: August 2011

Published by
Grace Educational Association, P.B. No: 3
Malappuram Dt., PIN : 676317

Production & Design
Dawn Foundation Malappuram

DTP & Layout
Perfect-Vtk / 9495642332

Printed in India
at
SR Offset Printers
Cochin

Distributors:
Grace Books
Camp Sayyid, P.B.No. 3
Malappuram Dt - 676317

₹ 75/-

mappilaheritagelibrary

പ്രസാധകക്കുറിപ്പ്

ആകാശത്തു പടരാനും കനി നൽകാനും കഴിയണമെങ്കിൽ മണ്ണിൽ വേരിറക്കി വീര്യം വലിച്ചെടുക്കണമെന്നത് പ്രകൃതിനിയമമാണ്. ഓരോ തലമുറയും മുൻമുറക്കാരിൽ നിന്ന് സാംസ്കാരികാസ്തികൾ ഏറ്റുവാങ്ങുകയും പുതുമുറക്കാർക്ക് പാകമാകുന്ന തരത്തിൽ പുതുക്കുകയും വരുംതലമുറക്ക് വേണ്ടി കരുതലോടെ കാത്തുവെക്കുകയും ചെയ്യുന്നത് അതുകൊണ്ടാണ്. മാറ്റങ്ങളോടിണങ്ങിനിന്ന് പൊരുത്തപ്പെടുന്നതിന് സമൂഹമനസ്സ് എപ്പോഴും സാവകാശം തേടുന്നുണ്ട്. അതിന്നവസരം നൽകാത്തത്ര കൂടിയ ഗതിവേഗമാണ് മലയാളിയുടെ മാറ്റത്തിനുള്ളത്. കേരളീയർ കാലങ്ങളായി കാത്തുവെച്ച ഈടുവെപ്പുകൾ പലതും ഈ കുത്തൊഴുക്കിൽ കടപുഴകുന്നു. മണ്ണിന്റെ മണവും നിറവുമില്ലാത്ത ഒരു വിചിത്രസംസ്കാരം പതുക്കെ കേരളത്തിൽ രൂപപ്പെട്ടു വരുന്നു. സാംസ്കാരികത്തുടർച്ചയിൽ സംഭവിക്കുന്ന ഇടർച്ചയിലുള്ള വേവലാതി പലരെയും ഇടപെടുന്നതിന്ന് പ്രേരിപ്പിക്കുന്നുണ്ട്. 'നേത്യസ്മൃതി' പ്രസക്തമാകുന്നത് ഇവിടെയാണ്. ദീർഘകാലപ്രസക്തിയുള്ള മൂല്യങ്ങളുടെ ജീവൽമാതൃകകൾ പുതുതലമുറയ്ക്ക് കൈമാറാനുള്ള എളിയ ശ്രമമാണിത്.

അകന്നുനിന്ന് അപഗ്രഥിക്കേണ്ട അക്കാദമിക വിഷയം മാത്രമായി കണക്കാക്കപ്പെടുന്ന ചരിത്രത്തെ ആക്ടിവിസത്തിനുള്ള ഉപാദാനമാക്കി മാറ്റിയ അത്ഭുത വ്യക്തിത്വമാണ് പി.എ.സെയ്തുമുഹമ്മദ്. ചരിത്രസ്മൃതികളെ വർത്തമാനകാലത്തിന്റെ പുനർനിർവ്വചനത്തിനുള്ള ഊർജ്ജസ്രോതസ്സാക്കി മാറ്റുകയായിരുന്നു അദ്ദേഹം. വ്യത്യസ്ത ജനതകളുടെ വിസ്മൃത ചരിത്രത്തിലേക്കും സംസ്കാരത്തിലേക്കും വെളിച്ചം വീശുന്ന ആഘോഷങ്ങൾ സംഘടിപ്പിച്ചുകൊണ്ടാണ് ഇത് സാധിച്ചത്. രാജ്യസേവനവും സമുദായസേവനവും സമംചേർന്നതായിരുന്നു അദ്ദേഹത്തിന്റെ വഴി. ജൂതപ്പള്ളിയുടെ നാനൂറാം വാർഷികാഘോഷവും കേരള ഇസ്ലാമിക് സെമിനാറും ഒരുപോലെ പ്രസക്തമാകുന്നത് ആ പാരസ്പര്യബോധം കൊണ്ടാണ്. ഒരു കാലത്ത് സെയ്തുമുഹമ്മദിനെ കൗതുകത്തോടെ പിന്തുടർന്ന പിൻമുറക്കാരൻ ജമാൽ കൊച്ചങ്ങാടി തയ്യാറാക്കിയ ലഘുജീവചരിത്രമാണിത്.

വിദ്യാഭ്യാസ സാംസ്കാരികരംഗത്ത് ഒരു ദശാബ്ദമായി പ്രവർത്തിക്കുന്ന സംഘടനയാണ് ഗ്രെയ്സ് എജ്യുക്കേഷണൽ അസോസിയേഷൻ. പാരമ്പര്യപഠനത്തിന്റെ ഭാഗമായി ഏറ്റെടുത്ത പ്രധാന പ്രൊജക്ടുകളിലൊന്നാണ് 'നേത്യസ്മൃതി'. ഈ പരമ്പരയിലെ മൂന്നാമത്തെ പുസ്തകമായ *'പി.എ.സെയ്തുമുഹമ്മദ്'* പ്രസിദ്ധീകരിക്കുന്നതിന് സഹായിച്ച റിയാദിലെ ന്യൂ സഫാ മക്കാ പോളിക്ലിനിക്കിന്റെ മാനേജർ ജനാബ് വി.അഷ്റഫ് സാഹിബ് കൊളത്തൂരിന് നന്ദി രേഖപ്പെടുത്തുന്നു. ഏറ്റവും അനിവാര്യമെന്നു കരുതുന്ന ഈ സംരംഭത്തോട് മലയാളീവായനക്കാർ അനുകൂലമായി പ്രതികരിക്കുമെന്ന് വിശ്വസിക്കുന്നു.

mappilaheritagelibrary



ജമാൽ കൊച്ചങ്ങാടി

നാലരപ്പതിറ്റാണ്ടായി പത്രപ്രവർത്തന, സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നു. തിരക്കഥകളും നാടകങ്ങളുമെഴുതിയിട്ടുണ്ട്. പരിഭാഷ ഉൾപ്പെടെ ഇരുപത്തഞ്ചിലേറെ കൃതികളുടെ രചയിതാവ്. ഇപ്പോൾ തേജസ് പത്രത്തിന്റെ അസോസിയേറ്റ് എഡിറ്റർ.
e-mail: jamalkochangadi@gmail.com, Mob: 9020180904

mappilaheritagelibrary

ഉള്ളടക്കം

ബാല്യം 11
ചരിത്രകാരൻ 21
പത്രാധിപർ 32
സംഘാടകൻ 47
സമുദായസ്നേഹി 59
സുഹൃത്ത് 71
കുടുംബനാഥൻ 79
അന്ത്യം 84
എന്റെ വഴികാട്ടി 90
കേസരിയുടെ കത്ത് 95

mappilaheritagelibrary

അവതാരിക

പി.എ.സെയ്തുമുഹമ്മദ് സ്മാരക അവാർഡ് 1999-ൽ സമ്മാനിക്കപ്പെട്ടത് ശ്രീ. ജമാൽ കൊച്ചങ്ങാടിക്കാണ്. "മുസ്‌ലിം സാമൂഹികജീവിതം മലയാള നോവലിൽ" എന്ന ഗവേഷണപ്രധാനമായ ഗ്രന്ഥമാണ് ജമാലിന് അവാർഡ് നേടിക്കൊടുത്തത്. മറ്റു പരിഗണനയൊന്നുമുണ്ടായിരുന്നില്ല. എന്നിട്ടും പ്രസ്തുത അവാർഡ് ഏറ്റുവാങ്ങുമ്പോൾ അദ്ദേഹം വികാരാധീനനായി കാണപ്പെട്ടു. പി.എ.സെയ്തുമുഹമ്മദുമായുള്ള വൈകാരികബന്ധമാണ് കാരണം. ഇടറിയ സ്വരത്തിലേ ജമാലിന് ആ വേദിയിൽ സംസാരിക്കാൻ കഴിഞ്ഞുള്ളൂ. ദുഃഖസ്മരണകൾ നിഴൽപരത്തിയ ആ അന്തരീക്ഷത്തിൽ ആഹ്ലാദം പങ്കിടാൻ പോലും ഞങ്ങൾ അശക്തരായി.

ആരാണ് ഞങ്ങൾ? പി.എ.സെയ്തുമുഹമ്മദ് എന്ന മഹാമനുഷ്യൻ പകർന്ന സ്നേഹത്തിന്റെ മധുരവും സുഗന്ധവും ആസ്വദിച്ചവർ, കൂടെ നടന്നവർ. അങ്ങനെ നടക്കുമ്പോൾ ഒരടിപോലും മുൻപേ കടക്കാതെ ഞങ്ങളെ ഒപ്പം നടത്തുമായിരുന്നു അദ്ദേഹം. സാംസ്കാരിക സേവനസരണിയിലൂടെ അദ്ദേഹത്തോടൊപ്പമുള്ള യാത്ര 1975 ഡിസംബർ 19നാണ് അവസാനിച്ചത്. ഡിസംബർ 20-ലെ അദ്ദേഹത്തിന്റെ അന്ത്യയാത്രയിലാണ് ഞങ്ങൾ പിന്നാലെ നടന്നത്.

36 വർഷമായി ഒളിമങ്ങാത്ത ഓർമ്മകളുമായി ഞങ്ങൾ ജീവിക്കുന്നു. ഞങ്ങളുടെ സുഖത്തിലും ദുഃഖത്തിലും അദ്ദേഹം പങ്കാളിയായിരുന്നു. ഒരു മൂത്ത സഹോദരനെ പോലെ. പോര, ഞങ്ങളുടെ സുഹൃത്തും വഴികാട്ടിയും ഫിലോസഫറുമായിരുന്നു പി.എ.സെയ്തുമുഹമ്മദ്. ഏതൻസിലെ തെരുവീഥികളിലൂടെ പകൽസമയത്തും കത്തിച്ചുപിടിച്ച റാന്തലുമായി നടന്ന ഡയോജനീസിനെ പോലെ മനുഷ്യനെ അന്വേഷിച്ചു ഞങ്ങൾക്ക് നടക്കേണ്ടിവന്നില്ല. ഞങ്ങൾ മനുഷ്യനെയാണ് തൊട്ടുരുമ്മി നടന്നത്.

ഞങ്ങളിൽ ഇളയവനാണ് ജമാൽ കൊച്ചങ്ങാടി. അതുകൊണ്ട് സെയ്തുമുഹമ്മദുമായുള്ള ബന്ധത്തിനു മുതിർന്ന ഞങ്ങളുടെ കാലപ്പഴക്കമില്ല ജമാലിന്. എന്നാൽ ബന്ധപ്പെട്ട കാലമത്രയും അദ്ദേഹവുമായി നിത്യസമ്പർക്കമുണ്ടായത് ജമാലിനാണ്. അക്കാരണത്താൽ ജമാൽ എഴുതിയ സെയ്തുമുഹമ്മദിനെ കുറിച്ചുള്ള ഈ പുസ്തകത്തിന് പ്രാധാന്യമേറെയുണ്ട്. ഇതൊരു സാധാരണ ജീവചരിത്രപുസ്തകമല്ല. ജമാലിന് പതിവ് ബയോഡാറ്റയിൽ ഒതുങ്ങുന്നതല്ല സെയ്തുമുഹമ്മദിന്റെ ജീവചരിത്രം. അച്ചടിഭാഷയിലുമല്ല ഇത് രചിക്കപ്പെട്ടിരിക്കുന്നത്; ഹൃദയത്തിന്റെ ഭാഷയിലാണ്. ഈ പുസ്തകം തൊടുമ്പോൾ ഒരു മനുഷ്യനെയാണ് തൊടുന്നതെന്ന സ്പർശബോധം നമുക്കുണ്ടാകും. താൻ തൊട്ടറിഞ്ഞ ആ മനുഷ്യനെ ഗ്രന്ഥകാരൻ പരിചയപ്പെടുത്തുന്നത് നോക്കുക:

'തിരിച്ച് എന്തുകിട്ടും എന്നുനോക്കി സ്നേഹിക്കുന്ന പ്രയോജനവാദിയായിരുന്നില്ല സെയ്തുമുഹമ്മദ്. നിസ്വാർത്ഥമായിരുന്നു അദ്ദേഹത്തിന്റെ സൗഹൃ

mappilaheritagelibrary

ദം. കൂട്ടുകാർക്കുവേണ്ടി തനിക്ക് കഴിയാവുന്നതെന്തും അദ്ദേഹം ചെയ്യുമായിരുന്നു. അദ്ദേഹത്തെ ഒരു കാര്യത്തിനു സമീപിച്ചിട്ട് നിരാശരായി മടങ്ങേണ്ടിവന്നവർ അപൂർവ്വമായിരിക്കും. സുഹൃത്തുക്കളുടെ രക്ഷാസങ്കേതമായിരുന്നു അദ്ദേഹത്തിന്റെ വീടും ഓഫീസും. സുഹൃത്തുക്കളെ ഇത്രമാത്രം വിലമതിക്കുന്ന, മറ്റുള്ളവരുടെ മുന്നിൽ അവരുടെ കഴിവുകൾ ഉയർത്തിക്കാണിക്കുന്ന വേറൊരാളുണ്ടായിരുന്നില്ല. കൂട്ടുകാരിൽ ആർക്കെങ്കിലും ഒരു അവാർഡോ ബഹുമതിയോ ലഭിച്ചാൽ അത് തനിക്കുള്ള അംഗീകാരമാണെന്ന മട്ടിൽ അപ്പോൾ തന്നെ സ്വീകരണം സംഘടിപ്പിക്കും.'

സെയ്തുമുഹമ്മദിന്റെ ഇത്യാദി സ്വഭാവസവിശേഷതകൾ വിവരിക്കുമ്പോൾ ജമാൽ കൊച്ചങ്ങാടി ഈ പുസ്തകത്താളുകളിൽ ആയിരം നാവുള്ള അനന്തനായി മാറുന്നു. അത്ര തീവ്രമാണ് ഈ പുസ്തകരചനയിലെ ആത്മാർത്ഥത. ചരിത്രഗവേഷകൻ, പത്രപ്രവർത്തകൻ, പ്രഭാഷകൻ, സംഘാടകൻ, സമുദായ പരിഷ്കർത്താവ് തുടങ്ങിയ നിലകളിലെല്ലാം വൈവിധ്യമാർന്ന കർമ്മമേഖലകളിൽ സെയ്തുമുഹമ്മദിന്റെ സംഭാവനകൾ ഈ കൃതിയിൽ വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഒരു താപസനെപ്പോലെ ചരിത്രഗവേഷണത്തിൽ മുഴുകിയിരിക്കുന്ന സെയ്തുമുഹമ്മദ് ശബ്ദായമാനമായ പൊതുജീവിതത്തിലേക്ക് കടന്നുവരികയും അവിടെ സജീവസാന്നിദ്ധ്യമാവുകയും ചെയ്തപ്പോൾ മലയാള ചരിത്രസാഹിത്യത്തിന് വലിയ നഷ്ടമുണ്ടായി എന്നത് നേര്. എന്നാൽ മൂന്നു ദശാബ്ദത്തോളം കേരളത്തിന്റെ സാംസ്കാരികമേഖലയെ ചൈതന്യവത്താക്കിയ ഊർജ്ജസ്രോതസ്സായി വർത്തിക്കാൻ അദ്ദേഹത്തിന്റെ കർമ്മശക്തി സമർപ്പിക്കപ്പെട്ടു. അന്യജീവന്നുതകി സ്വജീവിതം ധന്യമാക്കിയ വിവേകമതിയായിരുന്നു പി.എ.സെയ്തുമുഹമ്മദ്.

അദ്ദേഹം കാലൂന്നിയ കർമ്മരംഗങ്ങളിൽ ഏതവസരത്തിലും കാൽവഴുതിപ്പോകാവുന്ന ഒന്നാണ് സാമുദായികരംഗം. ജമാൽ ആ മേഖലയിലെ പ്രവർത്തനങ്ങളെ സൂക്ഷ്മനിരീക്ഷണം നടത്തിയാണ് അവതരിപ്പിക്കുന്നത്. മത-സാമുദായികകാര്യത്തിൽ യാഥാസ്ഥിതികമോ തീവ്രമോ ആയ ആശയങ്ങളുടെ വലയത്തിലകപ്പെടാതെ, മതേതരവും ദേശീയവുമായ കാഴ്ചപ്പാട് എന്നും പുലർത്തിയിരുന്ന സെയ്തുമുഹമ്മദ് സമുദായത്തിന്റെ സാമൂഹിക സാംസ്കാരികപുരോഗതിക്ക് ആവിഷ്കരിച്ച പദ്ധതികൾ ശാസ്ത്രീയമായ ആസൂത്രണബോധത്തോടെയാണ്. കേരളത്തിന്റെ രണ്ടാം നവോത്ഥാന സംരംഭങ്ങളുടെ ചരിത്രം എഴുതുമ്പോൾ അതിന്റെ നായകനിരയിൽ സെയ്തുമുഹമ്മദ് ഉണ്ടായിരിക്കുമെന്നതിൽ സംശയമില്ല.

സെയ്തുമുഹമ്മദിനെ കുറിച്ച് കൂടുതൽ പഠിക്കാനും ജമാൽ കൊച്ചങ്ങാടിയുടെ ഈ പുസത്കം പ്രചോദനമാകുമെന്ന് പ്രതീക്ഷിക്കുന്നു.

കൊച്ചി-2 എൻ.കെ.എ.ലത്തീഫ്
20.4.2011

mappilaheritagelibrary

മുഖവുര

കേരളത്തിലെ മുസ്‌ലിംസമുദായത്തിന് സ്മരണീയ സംഭാവനകൾ അർപ്പിച്ച മഹദ്‌വ്യക്തികളുടെ ജീവചരിത്രം പ്രസിദ്ധീകരിക്കുന്നതിന്റെ ഭാഗമായി യശഃശരീരനായ പി.എ.സെയ്തുമുഹമ്മദ് സാഹിബിനെ കുറിച്ച് ഒരു പുസ്തകം എഴുതിക്കൊടുക്കണമെന്ന് പ്രസാധകർ ആവശ്യപ്പെട്ടപ്പോൾ, വളരെ ജോലിത്തിരക്കുള്ള സമയമായിരുന്നിട്ടും നിരാകരിക്കാൻ കഴിഞ്ഞില്ല. കുറഞ്ഞ സമയത്തിനുള്ളിൽ പുസ്തകം തയ്യാറാക്കേണ്ടിയിരുന്നു. അദ്ദേഹത്തിന്റെ പഴയ സുഹൃത്തുക്കളിൽ ജീവിച്ചിരിപ്പുള്ളത് ഏതാനും പേർ മാത്രമാണ്. സഹപാഠിയായിരുന്ന മുഹമ്മദ് മാസ്റ്റർ(കൊടുങ്ങല്ലൂർ) സ്നേഹിതന്മാരായ മോഹൻദാസ്(മട്ടാഞ്ചേരി), ഒ.പി.ജോസഫ്(ആലുവ) തുടങ്ങിയവരെയൊക്കെ കണ്ടിട്ടും പൂർണ്ണ തൃപ്തിയായില്ല. എങ്കിലും കഴിയുന്നത്ര വസ്തുനിഷ്ഠമായി സെയ്തുമുഹമ്മദ് സാഹിബിന്റെ ജീവിതം വിലയിരുത്താൻ ശ്രമിച്ചിട്ടുണ്ട്. എനിക്ക് ജ്യേഷ്ഠതുല്യനും വഴികാട്ടിയുമായിരുന്ന ഒരു വലിയ വ്യക്തിയെക്കുറിച്ച് ഓർക്കുമ്പോൾ അത് സ്തുതിഗീതമായിപ്പോകരുതെന്നും നിർബ്ബന്ധമുണ്ടായിരുന്നു. ആ മനുഷ്യൻ ആരായിരുന്നു എന്ന് വ്യക്തമായി മനസ്സിലാക്കാൻ ഭാവിതലമുറയ്ക്ക് കഴിയണം എന്നു മാത്രം. എന്നിട്ടും ഞാൻ വികാരാധീനനായിട്ടുണ്ടെങ്കിൽ അത് മനുഷ്യോചിതമാണെന്ന് സമാധാനിക്കുക.

ഡോ: സി.കെ.കരീമിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ച സെയ്തുമുഹമ്മദ് സ്മരണികയും സാഹിത്യപരിഷത്തിന്റെ സെയ്തുമുഹമ്മദ് പതിപ്പും ഇതിന്റെ രചനയ്ക്ക് സഹായിച്ചിട്ടുണ്ട്. കേരള ഹിസ്റ്ററി അസോസിയേഷന്റെ എറണാകുളം മഹാരാജാസ് കോളേജ് കാമ്പസിൽ തലയുയർത്തി നിൽക്കുന്ന കെട്ടിടം, അദ്ദേഹത്തിന്റെ സ്മരണയ്ക്കായി സമർപ്പിക്കപ്പെട്ടതാണ്. കൽവത്തിയിലെ കമ്മ്യൂണിറ്റി ഹാളിനും നഗരസഭ സെയ്തുമുഹമ്മദിന്റെ പേരാണ് നൽകിയിട്ടുള്ളത്. കൊച്ചിയിലെ പ്രഥമ മേയർ എ.എ.കൊച്ചുണ്ണി മാസ്റ്റർ മുൻകയ്യെടുത്ത് രൂപീകരിച്ച സെയ്തുമുഹമ്മദ് ഫൗണ്ടേഷൻ വർഷംതോറും അനുസ്മരണസമ്മേളനങ്ങൾ സംഘടിപ്പിക്കുകയും സെയ്തുമുഹമ്മദ് സാഹിബിന്റെ പേരിലുള്ള അവാർഡുകൾ സമ്മാനിക്കുകയും ചെയ്തുവരുന്നു. കൊടുങ്ങല്ലൂരിൽ സ്ഥലവും പ്രവർത്തകരുമുണ്ടായിട്ടും അദ്ദേഹത്തിന്റെ പേരിലുള്ള ഒരു സ്മാരകം ഉയർന്നുവന്നിട്ടില്ലെന്നത് ഖേദകരമാണ്.

ഈ ചെറുപുസ്തകത്തിന് വികാരനിർഭരമായ ഒരു അവതാരിക എഴുതിത്തന്നത് എന്റെ മറ്റൊരു ജ്യേഷ്ഠൻ എന്നുതന്നെ പറയാവുന്ന എൻ.കെ.എ. ലത്തീഫാണ്. കെ.അബൂബക്കർ മാസ്റ്ററുടെ സ്നേഹപൂർണ്ണമായ ശല്യപ്പെടുത്തലില്ലായിരുന്നെങ്കിൽ ഇതിത്രവേഗം യാഥാർത്ഥ്യമാകുമായിരുന്നില്ല.

സെയ്തുമുഹമ്മദ് സാഹിബിനെ സ്നേഹിക്കുന്ന എല്ലാവർക്കുമായി ഇത് സമർപ്പിക്കുന്നു.

ജമാൽ കൊച്ചങ്ങാടി

mappilaheritagelibrary

ഒന്ന്:

ബാല്യം

കച്ചവടക്കാരനായ പോനാക്കുഴി അമ്മുഞ്ഞി എന്ന അഹമ്മദുണ്ണിയുടെ മകൻ എങ്ങനെ സാഹിത്യകാരനും ചരിത്രകാരനും വാഗ്മിയും സംഘാടകനുമൊക്കെയായി?

കുടുംബത്തിലാർക്കും ഇത്തരം 'രോഗ'ങ്ങളൊന്നും ഇല്ലായിരുന്നു- ബീരു, ഹമീദ്, മുഹമ്മദ്, കുഞ്ഞിബീപാത്തു, ആയിഷു എന്നീ സഹോദങ്ങളിലാർക്കും. അവരെല്ലാം സാധാരണക്കാരായി ജീവിച്ചു മരിച്ചുപോയി. എന്നാൽ വരമ്പത്തെ കുഞ്ഞിസെയ്തു- അങ്ങനെയാണ് സെയ്തുമുഹമ്മദിനെ വീട്ടിൽ വിളിച്ചിരുന്നത്. എല്ലാത്തിനെയും ചോദ്യം ചെയ്തും പൊതുകാര്യങ്ങളിൽ ഇടപെട്ടുമാണ് വളർന്നത്.

1930 നവംബർ 27ന് കൊടുങ്ങല്ലൂരിലെ ആലയിലായിരുന്നു ജനനം. ചരിത്രമുറങ്ങുന്ന കൊടുങ്ങല്ലൂരിൽ പിറന്ന സെയ്തുമുഹമ്മദ് ചരിത്രകാരനായി വളർന്നതിൽ അതിശയമില്ല. അറബികളായ സഞ്ചാരികളുടെ മുസിരിസ്, സംഘകാല കവികളുടെ മുചിരിപട്ടണം, ജൂതന്മാരുടെ സ്വംഗിലി- കൊച്ചിക്കും കോഴിക്കോടിനും മുമ്പ് കേരളത്തെ വിദേശരാജ്യങ്ങളുമായി കൂട്ടിക്കൊളുത്തിയ തുറമുഖനഗരം. റോമൻ ചക്രവർത്തിയുടെ സിംഹാസനത്തെ അലങ്കരിക്കാനുള്ള തേക്കിൻതടിയും ആനക്കൊമ്പും മയിൽപ്പീലിയുമെല്ലാം കൊണ്ടുപോയത് ഇവിടെനിന്നാണ്. നമ്മുടെ സുഗന്ധദ്രവ്യങ്ങളുടെ പേരുകൾ പുരാതന ഗ്രീക്ക് റോമൻ ഗ്രന്ഥങ്ങളിൽ പോലുമുണ്ടത്രെ. സൈറസ് ചക്രവർത്തിയുടെ പീഡനം ഭയന്ന് യഹൂദർ അഭയം പ്രാപിച്ച സ്വിംഗ്ലി പട്ടണം കൊടുങ്ങല്ലൂരാണന്ന് ചരിത്രകാരന്മാർ പറയുന്നു. തോമാശ്ലീഹാ എന്ന സെയ്ന്റ് തോമസ് ഇവിടെ വന്നിറങ്ങിയതായി

mappilaheritagelibrary

വിശ്വസിക്കപ്പെടുന്നു – ആ വിശ്വാസത്തിന്റെ പ്രാമാണികത ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും. പെരിയാറിലൂടെ സ്വർണ്ണവുമായി മുസ്രിസിൽ വന്നു കുരുമുളകുമായി മടങ്ങിപ്പോയതായി പരാമർശിക്കപ്പെടുന്ന യവനർ, പ്രവാചകന്നു മുമ്പ് ഇന്ത്യയിലെത്തിയ അറബികളാണെന്ന് റോബർട്ട് കാർഡ്വെൽ അഭിപ്രായപ്പെടുന്നു. യവനരാണു പിൽക്കാലത്ത് 'ജോനക'രായത്. മാലിക്ക് ഇബ്നു ദീനാർ വരുന്നതും ഇസ്ലാം മതം പ്രചരിപ്പിക്കുന്നതും പിന്നീടാണ്.

ഇപ്പോൾ പുരാവസ്തു വകുപ്പിന്റെ സംരക്ഷണയിലുള്ള ചേരമാൻ മൻസിലും ചേരമാൻ പറമ്പും നിലനിൽക്കുന്ന കൊടുങ്ങല്ലൂരിൽ നിന്ന് കുറച്ചു കിഴക്കോട്ട് മാറിയിട്ടായിരിക്കണം പ്രാചീനതുറമുഖമായ മുസ്രിസ് ഉണ്ടായിരുന്നതെന്ന് അടുത്ത കാലത്തു നടന്ന ഉത്ഖനനങ്ങളുടെ അടിസ്ഥാനത്തിൽ ഡോ. സി. കെ കരീമിനെപ്പോലുള്ളവർ പറഞ്ഞിട്ടുണ്ട്. ഭൂഗർഭഗവേഷണത്തിൽ നിന്നു മനസ്സിലാകുന്നേടത്തോളം, ചേരമാൻ പറമ്പിന്നു എ.ഡി. 10–11 നൂറ്റാണ്ടുകളിലേറെ പഴക്കമില്ലത്രെ.

മൂന്ന് സെമിറ്റിക്ക് മതങ്ങൾക്കും ആദ്യകാലത്തു തന്നെ ആതിഥ്യമരുളിയ കൊടുങ്ങല്ലൂർ, ജൈനരേയും ബുദ്ധരേയും സവർണ്ണ ഹിന്ദുക്കൾ കൂട്ടക്കൊലചെയ്തു 'കൊടുംകൊലയൂരാ'ണെന്ന് കീഴാളപക്ഷം ചരിത്രകാരന്മാർ സൂചിപ്പിക്കുന്നു. അറബിക്കടലിൽ, കരയുയർന്ന് ഇന്നത്തെ പശ്ചിമകൊച്ചി രൂപം കൊള്ളുന്നതിന്നു മുൻപ് സുപ്രധാന വാണിജ്യ കേന്ദ്രമായിരുന്നു കൊടുങ്ങല്ലൂർ തുറമുഖമെന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെയും കൊടുങ്ങല്ലൂർ ഭരണിയുടെയും നാട്. ആധുനികകാലത്ത് മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിനെയും കെ.എം.സീതി സാഹിബിനെയും പോലുള്ള നേതാക്കൾക്ക് ജന്മം നൽകിയത് കൊടുങ്ങല്ലൂരാണ്. പി.കെ.ബാലകൃഷ്ണൻ, പി. കെ ഗോപാലകൃഷ്ണൻ, ഡോ. സി.കെ.കരീം, ഡോ.എൻ.എ കരീം, ഡോ.വി.എ സെയ്തു മുഹമ്മദ്, ഡോ.അബ്ദുൽഗഫൂർ തുടങ്ങി സാമൂഹിക, സംസ്കാരികരംഗങ്ങളെ ധന്യമാക്കിയ നേതാക്കളുടെയും എഴുത്തുകാരുടെയും ഒരു വലിയ പരമ്പരതന്നെ കൊടുങ്ങല്ലൂരിനും എടവനക്കാടിനുമൊക്കെ അവകാശപ്പെടാനുണ്ട്. പ്രത്യേകിച്ച് കേരളത്തിലെ മുസ്ലിം സമുദായത്തിൽ നവോത്ഥാന സംരംഭത്തിന് നേതൃത്വം നൽകിയ പ്രദേശം കൂടിയാണത്. സനാഉല്ലാ മക്തിതങ്ങളുടെയും മറ്റും പുരോഗമനാശയങ്ങൾ ഉൾക്കൊണ്ട് 1922–ൽ പഴയ കൊച്ചി സംസ്ഥാനത്ത് രൂപംകൊണ്ട കേരള മുസ്ലിം ഐക്യസംഘമാണ് പിന്നീട് കേരള നദ്വത്തുൽ മുജാഹിദീന്നു വഴിമാറിക്കൊടുത്തത്. ഒരു വ്യാഴവട്ടക്കാലത്തെ പ്രവർത്തനത്തിന്നിടക്ക് ഐക്യസംഘം പല വിദ്യാലയങ്ങളും സ്ഥാപിച്ചു. ആലുവയിൽ ഒരു മുസ്ലിം കോളേജ് സ്ഥാപിക്കാൻ ശ്രമിച്ചെങ്കിലും സഫലമായില്ല. പിന്നീട് കോഴിക്കോട് ഫാറൂഖ് കോളേജ് ഉയർന്നുവന്നപ്പോൾ ഐക്യസംഘത്തിന്റെ സ്വത്തുക്കൾ

mappilaheritagelibrary

അതിന്ന് സംഭാവന നൽകുകയാണ് ചെയ്തത്.

കൊടുങ്ങല്ലൂർ ശാന്തിപുരത്തുള്ള സാഹിബിന്റെ പള്ളിയിലായിരുന്നു സെയ്തു മുഹമ്മദിന്റെ മതപഠനം. ഈ പള്ളിയെക്കുറിച്ച് പല ഐതിഹ്യങ്ങളും പുരാവൃത്തങ്ങളുമുണ്ട്.

ദർസ്പഠനം

രണ്ടു നൂറ്റാണ്ട് മുമ്പാണ്. കൊടുങ്ങല്ലൂരിന്റെ സമീപ പ്രദേശമായ ഉള്ളാമ്പുഴയിൽ ഒരു മുസ്ലിം സ്ത്രീയും മകനും താമസിച്ചിരുന്നു. അന്നവിടെ അധികം മുസ്ലിംകളില്ല. ആഢ്യന്മാരായ നായന്മാരാണേറെയും. അങ്ങനെയിരിക്കെ എവിടെ നിന്നോ ആത്മീയചൈതന്യമുള്ള ഒരു സൂഫിവര്യൻ വന്നു. ആളുകൾ അദ്ദേഹത്തെ 'സാഹിബുപ്പാപ്പ' എന്നു വിളിച്ചു. ഉമ്മയുടെ മകൻ അദ്ദേഹത്തിന്റെ ശിഷ്യനായി. സാഹിബിനോടൊപ്പം ആദം മല കാണാൻ പോയ ആ ചെറുപ്പക്കാരൻ ഏതോ അപകടത്തിൽപെട്ട് മരിച്ചു. ദുഃഖിതയായ സ്ത്രീയെ സാഹിബുപ്പാപ്പ ആശ്വസിപ്പിച്ചു." മരിച്ചു പോയ മോനു പകരം ഞാനുണ്ട്. ഇനി ഞാനാണ് നിങ്ങളുടെ മകൻ."

ആ ഉമ്മയോടൊപ്പമാണ് പിന്നീട് സാഹിബുപ്പാപ്പ താമസിച്ചത്. അദ്ദേഹത്തിന്റെ കറാമത്തുകളെ കുറിച്ചുള്ള അത്ഭുതകഥകൾ പ്രചരിച്ചു. ഏതു മാറാരോഗവും അദ്ദേഹം ചികിത്സിച്ചാൽ മാറുമെന്നായി. സൂഫിവര്യന്റെ ചികിത്സകൊണ്ട് തമ്പുരാട്ടിയുടെ മാരകരോഗം ഭേദപ്പെട്ടു. സംപ്രീതനായ തമ്പുരാൻ പ്രതിഫലമായി എന്തു വേണമെന്ന് ചോദിച്ചു. വിശ്വാസികൾക്ക് പ്രാർത്ഥിക്കുന്നതിന്നു ഒരു ആരാധനാലയം നിർമ്മിക്കണം. അതിനുള്ള സ്ഥലം കിട്ടിയാൽ തരക്കേടില്ല- സാഹിബുപ്പാപ്പ പറഞ്ഞു. തമ്പുരാൻ നൽകിയ നാല്പത്തേഴ് ഏക്കർ സ്ഥലത്ത് പള്ളിയുയർന്നു. പള്ളിയോട് ചേർന്ന് അദ്ദേഹത്തിന്റെ ഖബർസ്ഥാനുമുണ്ട്.

സാഹിബുപ്പാപ്പയുടെ ഖബർസ്ഥാൻ കൊടുങ്ങല്ലൂരിൽ മാത്രമല്ല, വടക്കൻ പറവൂരിലെ തത്തംപള്ളിയിലുമുണ്ടത്രെ. ഒരാൾക്ക് രണ്ട് ഖബറോ? ഇതെങ്ങനെ സംഭവിക്കും?- ചോദ്യം ന്യായം. പക്ഷെ ഐതിഹ്യങ്ങൾക്ക് പലപ്പോഴും യുക്തിയുടെ പിൻബലമുണ്ടാകണമെന്നില്ലല്ലോ.

സാഹിബുപ്പാപ്പ മരിച്ചപ്പോൾ എവിടെ സംസ്കരിക്കണമെന്നു തർക്കമായി. അന്നേരം മയ്യത്ത് എഴുന്നേറ്റിരുന്നു പറഞ്ഞത്രെ: എന്നെ രണ്ടിടത്തും അടക്കണം.

അങ്ങനെയാണ് തത്തംപള്ളിയിലും ജാറമുയർന്നത്. അര നൂറ്റാണ്ടു വരെ അവിടെ ചന്ദനക്കുടവും നടന്നിരുന്നു.

സാഹിബിന്റെ പള്ളിയിലെ ദർസിലാണ് കുഞ്ഞിസെയ്തു മതപഠനത്തിന്നു പോയത്. പ്രശസ്ത മതപണ്ഡിതനായ മക്കുമുസ്ലിയാരുടെ സഹോദരന്മാരാണ് ഉസ്താദുമാർ- കുഞ്ഞാറു മുസ്ലിയാരും

mappilaheritagelibrary

അബ്ദുമുസ്‌ലിയാരും. അബ്ദു മുസ്‌ലിയാരുടെ ശിക്ഷ കുട്ടികൾക്ക് സഹിക്കാവു ന്നതിലപ്പുറമായിരുന്നു. കഠിനമായ ചൂരൽപ്രയോഗം. അത് സഹിക്കാനാവാതെ കുഞ്ഞിസെയ്തു പള്ളിമാളികയിൽ നിന്ന് ചാടാൻപോലും ശ്രമിച്ചു. മാത്രമല്ല, അർത്ഥമറിയാതെ ഖുർആൻ സൂക്തങ്ങൾ ഉരുവിട്ട് പഠിക്കുന്ന അന്നത്തെ മതവിദ്യാഭ്യാസ രീതിയോട് പൊരുത്തപ്പെട്ടു പോകാൻ, ചെറുപ്പത്തിലേതന്നെ ഉല്പതിഷ്ണുവായ കുഞ്ഞിസെയ്തുവിന്നു കഴിഞ്ഞില്ല. വിശ്വാസഗ്രന്ഥം മാതൃഭാഷയിൽ പഠിക്കണമെന്ന് അന്നു തന്നെ അദ്ദേഹം പറയുമായിരുന്നു. എന്തായാലും അബ്ദു മുസ്‌ലിയാരുടെ ചൂരൽപ്രയോഗത്തോടെ കുഞ്ഞിസെയ്തു, പള്ളിദർസിനോട് സലാം ചൊല്ലി പിരിഞ്ഞു.

കോതപ്പറമ്പ് ആല ഹയർ എലമെന്ററി സ്ക്കൂളിലായിരുന്നു സെയ്തിന്റെ പ്രാഥമിക വിദ്യാഭ്യാസം. പിന്നീട് ആമണ്ടൂർ ജി. എൽ. പി. ഹൈസ്കൂളിൽ ചേർന്നു. ഡിസ്ട്രിക്ട് വിദ്യാഭ്യാസ ബോർഡിന്റെ കീഴിൽ ആയിരുന്നു അന്ന് സ്കൂൾ പ്രവർത്തിച്ചിരുന്നത്. അന്നുതന്നെ നല്ലൊരു വായനക്കാരനായിരുന്നു സെയ്തുമുഹമ്മദ്. പുറത്തുംകാവ് ശ്രീനാരായണപുരം വിലാസം ലൈബ്രറിയിൽ നിന്നാണ് പുസ്തകങ്ങളെടുക്കുക. 'പുരോഗതി' എന്ന പേരിലൊരു കയ്യെഴുത്തു മാസികയും നടത്തിയിരുന്നു. ആഴ്ചതോറുമുള്ള ലിറ്റററി അസോസിയേഷൻ യോഗങ്ങളായിരുന്നു സെയ്തുവിന്റെ പ്രസംഗ പരിശീലനക്കളരി. പ്രസംഗിക്കുക മാത്രമല്ല, നാടകങ്ങളെഴുതി അഭിനയിക്കുകയും ചെയ്യും. നാടകകൃത്തും നടനും സംവിധായകനുമെല്ലാം കുഞ്ഞിസെയ്തു തന്നെ.

സഹപാഠികൾക്കിടയിൽ വായനാശീലം വളർത്താൻ സെയ്തുമുഹമ്മദിന്റെ നേതൃത്വത്തിൽ അന്ന് കാലണാഷോടതി നടത്തിയ സംഭവം സതീർത്ഥ്യനായിരുന്ന പി.എ.മുഹമ്മദ് മാസ്റ്റർ ഓർമിക്കുന്നു. ഷോടതിയിൽ നറുക്കു വീണാൽ പുസ്തകങ്ങളാണ് സമ്മാനം. വെൽഡൻ വിൽക്കിയുടെ *'ഏകലോകം'*, പണ്ഡിറ്റ് നെഹ്റുവിന്റെ *'ഇന്ത്യയെ കണ്ടെത്തൽ'* തുടങ്ങിയ ക്ലാസിക്കൽ കൃതികൾ.

വിദ്യാർത്ഥി കോൺഗ്രസ്സിന്റെ പ്രവർത്തകനായിരുന്ന സെയ്തുമുഹമ്മദ് 1942-ലെ കിറ്റിന്ത്യാ സമരത്തിൽ പങ്കെടുക്കുമ്പോൾ പന്ത്രണ്ടു വയസ്സേയുള്ളൂ. അടുത്ത വർഷം ഐ. എൻ. എ. (സുഭാഷ് ചന്ദ്രബോസിന്റെ ഇന്ത്യൻ നാഷണൽ ആർമി)യുടെ പണപ്പിരിവിന്നു വേണ്ടി സെയ്തുവിന്റെ നേതൃത്വത്തിൽ ഒരു ഏകാങ്ക നാടകം അവതരിപ്പിച്ചു. നൂറു കണക്കിന് രൂപ പിരിഞ്ഞുകിട്ടി. 1948-ൽ ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ ആദ്യ വാർഷികദിനത്തിൽ സ്കൂൾ വളപ്പിൽ ദേശീയപതാക ഉയർത്തുന്നതിന്നും സെയ്തു നേതൃത്വം നൽകി. കൊച്ചിരാജ്യം ഇന്ത്യൻ യൂണിയനിൽ ലയിച്ചിട്ടില്ലാത്ത ആ കാലത്ത് അത് വലിയ ഒച്ചപ്പാടുണ്ടാക്കി.

mappilaheritagelibrary

വീട്ടിൽ നിന്ന് പുറത്താകുന്നു

സ്വാതന്ത്ര്യസമരം പോലുള്ള ജനകീയ മുന്നേറ്റങ്ങളോട് പുറംതിരിഞ്ഞു നിന്ന ഒരു സമുദായത്തിൽ സെയ്തുമുഹമ്മദിന്റെ ഇടപെടലുകൾ ഇഷ്ടക്കേടുകളുണ്ടാക്കി. കച്ചവടക്കാരനായ ബാപ്പ പറഞ്ഞു : "സമരം ചെയ്യാനാണ് നീ സ്കൂളിൽ പോകുന്നതെങ്കിൽ ഇനി ഈ വീട്ടിൽ കാലു കുത്തിപ്പോകരുത്."

അതുകൊണ്ടൊന്നും സെയ്ത് തന്റെ പ്രവർത്തനങ്ങളിൽ നിന്ന് പിന്തിരിഞ്ഞില്ല. ചങ്ങാതിയായ കോട്ടേക്കാട്ട് പരമേശ്വരൻ അഡികളുടെ കൂടെ അമ്പലത്തിൽ പോയി കിടക്കും. അമ്പലക്കുളത്തിൽ കുളിക്കും. പടച്ചോറുതിന്ന് പശിയടക്കും. കൂട്ടുകാരനായ ജോസഫിന്റെ വീട്ടിലും സെയ്ത് ഒരു കുടുംബാംഗത്തെ പോലെയാണ്. ജോസഫിന്റെ അമ്മ വിളമ്പിയ ചോറിന്റെ സ്വാദിനെ കുറിച്ച് പിൽക്കാലത്ത് അദ്ദേഹം അയവിറക്കാറുണ്ടായിരുന്നു. അഡികളും ജോസഫുമായിരുന്നു അന്നത്തെ പ്രധാന ചങ്ങാതിമാർ. വിവിധ മതവിഭാഗങ്ങളിൽ പെട്ടവരോടും വ്യത്യസ്ത സംസ്കാരങ്ങളോടും ഇഴുകിച്ചേരുവാൻ ബാല്യകാലത്ത് തന്നെ, ഈ അനുഭവങ്ങൾ പരിശീലനം നൽകി. അന്നു രുചിച്ച ഉണ്ണിയപ്പത്തിന്റെ സ്വാദ് ഒരിക്കലും മറന്നില്ലദ്ദേഹം.

വർഷങ്ങൾക്കു ശേഷം തന്റെ ചരിത്രന്വേഷണയാത്രയ്ക്കിടെ ആന്ധ്രയിൽ വെച്ച് സെയ്തു മുഹമ്മദ് തന്റെ ഒരു പഴയ സതീർത്ഥ്യനെ കണ്ടുമുട്ടി. സ്കൂൾ വിട്ട ശേഷം സംഭവങ്ങൾ നിറഞ്ഞ രണ്ടു ദശാബ്ദങ്ങൾ പിന്നിട്ടിരിക്കുന്നു.വേഷത്തിലും ശരീരപ്രകൃതിയിലും ഇരുവർക്കും മാറ്റം സംഭവിച്ചിട്ടുണ്ട്. കാക്കി വേഷധാരിയായ കൂട്ടുകാരനിപ്പോൾ പട്ടാളക്കാരനാണ്. പക്ഷേ, വേഗം തിരിച്ചറിഞ്ഞു. സെയ്തു മുഹമ്മദ് തന്നെ ആ രംഗം വിവരിച്ചിട്ടുണ്ട്: "വികാരങ്ങളും വിചാരങ്ങളും ആലിംഗനം ചെയ്ത നിമിഷങ്ങൾ".

"താങ്കൾ എങ്ങനെ ഈ രംഗത്തെത്തി?" സുഹൃത്തിന്റെ അദ്ഭുതം നിറഞ്ഞ ചോദ്യം. ലളിതമായ ഉത്തരവും അദ്ദേഹം സ്വയം തന്നെ കണ്ടുപിടിച്ചു: "അന്ന് താങ്കൾ ധാരാളം വായിച്ചിരുന്നുവല്ലോ."

"മണപ്പുറത്തെ ഏറ്റവും വലിയ ലൈബ്രറിയായ ശ്രീനാരായണപുരം വായനശാലയിലെ ഗ്രന്ഥങ്ങളുടെ ഏടുകളിൽ ഈ വിനീതന്റെ ഒപ്പു കാണും. ഇന്ന് ഞാൻ ഖേദിക്കുന്നു, വായിക്കുന്ന പുസ്തകങ്ങളുടെ പേജുകൾ സ്വയം ഒപ്പു വെച്ച് മോശമാക്കിയതിൽ."

ദേശീയ സമരം, കലാ സംസ്കാരിക തമാശകൾ, പഴയ അധ്യാപകർ- അങ്ങനെ നൂറു നൂറു കാര്യങ്ങൾ അവർ അയവിറക്കി. "അക്കാലത്ത് വായിക്കാൻ ഒന്നും ഇല്ലായിരുന്നെങ്കിൽ എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ഒന്നുമാകുമായിരുന്നില്ല"- സെയ്തു മുഹമ്മദ് പറഞ്ഞു. അന്നത്തെ

mappilaheritagelibrary

അധ്യാപകരുടെ ശിക്ഷാവിധികൾ എന്തായിരുന്നാലും സൗഹൃദപൂർണ്ണമായ ഗുരുശിഷ്യ ബന്ധം ആഹ്ലാദപ്രദമായിരുന്നു. പില്ക്കാലത്ത് യു.പി.സ്കൂളായി മാറിയ ആലയിലെ അന്നത്തെ എലമെന്ററി സ്കൂളിൽ പഠിപ്പിച്ചിരുന്ന വ്യാകരണമോ കാവ്യപാഠങ്ങളോ പിന്നീട് മലയാളം അധ്യാപകനാകാൻ ആവേശം പൂണ്ട് പരീക്ഷയ്ക്ക് പഠിച്ചപ്പോഴൊന്നും പഴയ നിലവാരത്തിൽ പഠിക്കാൻ സാധിച്ചിരുന്നില്ലെന്നദ്ദേഹം ഓർമ്മിച്ചു.

തന്നെ പഠിപ്പിച്ച കുഞ്ഞിറ്റി മാസ്റ്റർ, ശ്രീധരൻ മാസ്റ്റർ, കുമാരൻ മാസ്റ്റർ തുടങ്ങിയ അധ്യാപകശ്രേഷ്ഠന്മാരെ പിന്നീട് കാണുമ്പോഴെല്ലാം സെയ്തു മുഹമ്മദ് ബഹുമാനവും കടപ്പാടും കൊണ്ട് തല കുനിക്കാറുണ്ടായിരുന്നു. "ഏതു കളരിയിൽ ചെന്നാലും എത്ര ഉയർച്ച ലഭിച്ചാലും അധ്യാപകരോട് പുലർത്തേണ്ടതായ മഹത്തായ മര്യാദ എപ്പോൾ വിസ്മരിക്കുന്നുവോ, അപ്പോൾ വലിയതെന്തോ നഷ്ടപ്പെടുന്നുവെന്ന് ധരിക്കണം." അതേ ലേഖനത്തിൽ അദ്ദേഹം തുടർന്നെഴുതുന്നു.

രാജാവിൽ നിന്ന് സമ്മാനം

വെറും പന്ത്രണ്ടു വയസ്സുള്ളപ്പോൾ തന്നെ സെയ്തുമുഹമ്മദ് ലേഖനങ്ങളെഴുതിത്തുടങ്ങി. 1946-ൽ തൃശൂർ ഐക്യകേരള മഹാസമ്മേളനത്തിൽ ഉപന്യാസത്തിന്നും പ്രസംഗത്തിനുമുള്ള സമ്മാനങ്ങൾ സെയ്തു മുഹമ്മദിന്നായിരുന്നു. കെ.പി കേശവമേനോൻ, ഇക്കണ്ടവാരിയർ, കെ.എ ദാമോദര മേനോൻ എന്നിവരായിരുന്നു വിധികർത്താക്കൾ. കൊച്ചിരാജാവിൽ നിന്ന് സെയ്തുമുഹമ്മദ് സമ്മാനം ഏറ്റു വാങ്ങിയത് അന്ന് വലിയ വാർത്തയായിരുന്നു. എല്ലാ പത്രങ്ങളിലും അത് അച്ചടിച്ചു വന്നു. അങ്ങനെ 'കോതപറമ്പ് പി എ സെയ്തു മുഹമ്മദ്', കേരളത്തിലുടനീളം അറിയപ്പെട്ടു തുടങ്ങി.

തൃശൂരിൽ നിന്ന് എം കൃഷ്ണന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന 'എക്സ്പ്രസ്സ്' പത്രത്തിന്റെ കൊടുങ്ങല്ലൂർ ലേഖകനായതോടെ പത്രപ്രവർത്തനരംഗത്തും പ്രവേശിച്ചു. പിൽക്കാലത്ത് പ്രശസ്ത ഗാനരചയിതാവും സംവിധായകനുമായിത്തീർന്ന പി ഭാസ്കരനും ചെറുകഥാകൃത്തുക്കളായ കെ.എ ജബ്ബാറും പി.പി ഇസ്മായിലുമൊക്കെയായിരുന്നു സാഹിത്യസുഹൃത്തുക്കൾ. ആയിടെ കൊടുങ്ങല്ലൂരിൽ സംഘടിപ്പിച്ച 'മൂല്യങ്ങൾ ശാശ്വതമാണോ?' എന്ന വിഷയത്തെക്കുറിച്ചുള്ള സംവാദത്തിൽ, പി.കേശവദേവിനോടൊപ്പം സെയ്തുമുഹമ്മദ് ചെയ്ത പ്രസംഗം, അതിന്റെ ദാർശനികമാനം കൊണ്ട് ശ്രദ്ധേയമായി. അന്നദ്ദേഹം യൗവനത്തിലേക്ക് കാലൂന്നുന്നതേയുള്ളൂ.

പ്രസംഗിക്കുക മാത്രമല്ല സാമൂഹികരംഗത്ത് ഇടപെടുകയും ചെയ്തു, സെയ്തുമുഹമ്മദ്. കൊടുങ്ങല്ലൂരിലെ സമ്പന്ന വ്യക്തികൾ പാവങ്ങളോട് കാണിക്കുന്ന ക്രൂരതകൾക്കെതിരെ സാധുസംരക്ഷണ സമിതിയെന്ന

mappilaheritagelibrary

സംഘടന രൂപീകരിച്ചുകൊണ്ടാണ് അദ്ദേഹം പ്രതികരിച്ചത്. പി.കെ ദാമോദരൻ പ്രസിഡണ്ടും സെയ്തുമുഹമ്മദ് ഉപദേഷ്ടാവുമായിരുന്നു. ആ ചെറുപ്രായത്തിൽ തന്നെ ഒരു സംഘടനയുടെ ഉപദേഷ്ടാവായി അംഗീകരിക്കപ്പെട്ടത് അദ്ദേഹത്തിന്റെ പക്വതക്കും നേതൃത്വ ശേഷിക്കും തെളിവാണ്. ജന്മിമാരുടെ ക്രൂരതയ്ക്കെതിരെ സാധുസംരക്ഷണസംഘം ലഘുലേഖകളച്ചടിച്ചിറക്കി. അഹമ്മദുണ്ണി എന്ന പോലീസുദ്യോഗസ്ഥന്റെ നേതൃത്വത്തിൽ സംഘത്തിന്റെ പ്രവർത്തനങ്ങൾ അടിച്ചമർത്താൻ ശ്രമിച്ചു. അതിനെതിരായും, ലഘുലേഖ പ്രസിദ്ധീകരിച്ചു:"സർക്കിൾ ഇൻസ്പെക്ടർ ഗുണ്ടാത്തലവനോ?"

ആദ്യപുസ്തകം

സെയ്തുമുഹമ്മദിന്റെ ആദ്യപുസ്തകമായ 'ഹെമുകലാനി' പ്രസിദ്ധീകരിച്ചത് വിദ്യാർത്ഥി കോൺഗ്രസ്സാണ്. കിറ്റിന്ത്യാ സമരത്തിൽ ധീരമരണം വരിച്ച ഒരു ദേശാഭിമാനിയുടെ ജീവചരിത്രം. വിദ്യാർത്ഥി കോൺഗ്രസ്സിന്റെ പ്രവർത്തകനെന്ന നിലയിൽ സ്കൂളുകളിലും കോളേജുകളിലും പ്രഭാഷണങ്ങളുമായി ഊരു ചുറ്റുമ്പോൾ ഈ പുസ്തകത്തിന്റെ കോപ്പികൾ തോൾസഞ്ചിയിലുണ്ടാകും. അത്തരം അവസരങ്ങളിൽ പുസ്തകവില്പനയും നടക്കും. അതിൽ നിന്നുള്ള വരുമാനം വിദ്യാർത്ഥി കോൺഗ്രസ്സിന്നായിരുന്നു. ഇത്തരമൊരു സന്ദർഭത്തിൽ യു.സി. കോളജിൽ വന്നപ്പോഴാണ് താൻ സെയ്തു മുഹമ്മദുമായി പരിചയപ്പെടുന്നതെന്ന് പില്ക്കാലത്ത് ആത്മസുഹൃത്തായിത്തീർന്ന ഒ.പി.ജോസഫ് പറഞ്ഞിട്ടുണ്ട്:

"1947 ഒടുവിലാണെന്നു തോന്നുന്നു. തിരുവിതാംകൂറിന് അന്നു സ്വാതന്ത്ര്യം കിട്ടിയിരുന്നില്ല. സർ സി.പി.രാമസ്വാമി അയ്യർ ഭരിക്കുന്ന കാലം. കോളേജുകളിലും ഹൈസ്കൂളുകളിലും വിദ്യാർത്ഥി പ്രക്ഷോഭം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ആ നാളുകളിലൊരു ദിവസം കോളേജിൽ നിന്ന് മടങ്ങുന്ന വഴി അരുണാ സ്കയറിൽ യാദൃച്ഛികമായി ഞാനെത്തിപ്പെട്ടു. അവിടെ ആൽത്തറയുടെ മുകളിൽ കൃശഗാത്രനായ ഒരു കൊച്ചു മനുഷ്യൻ ആവേശപൂർവ്വം നിന്നു പ്രസംഗിക്കുന്നു. ഉയർത്തിപ്പിടിച്ചിരിക്കുന്ന ഇടതു കയ്യിൽ ഒരു ലഘുലേഖയുണ്ട്. ഇടയ്ക്കിടക്ക് 'ഹെമുകലാനി' എന്നു പറയുന്നതു കേൾക്കാം ഞാൻ അടുത്ത് ചെന്നുനോക്കി. എന്റെ സ്നേഹിതൻ പി.എ. സെയ്തു മുഹമ്മദ്! അയൽ സംസ്ഥാനമായ കൊച്ചി രാജ്യത്തിലെ കൊടുങ്ങല്ലൂരിൽ നിന്ന് തിരുവിതാംകൂറിലെ വിദ്യാർത്ഥിസമരത്തിന്ന് ആക്കം വർദ്ധിപ്പിക്കാനെത്തിയിരിക്കയാണ്. ഇന്ത്യൻ വിദ്യാർത്ഥി പ്രസ്ഥാനത്തിലെ അവിസ്മരണീയനായ 'ഹെമുകലാനി'യെക്കുറിച്ച് താനെഴുതിയ ലഘുലേഖയുടെ കോപ്പികളുമുണ്ട് കൂടെ. 'ഹെമുകലാനി'യുടെ വാങ്മയ ചിത്രം അസാധാരണമായ ശക്തിയോടുകൂടി അരുണാ സ്കയറിലെ അന്തരീക്ഷത്തിൽ വരച്ച ശേഷം ''വിദ്യാർത്ഥികളേ, പോരിനുപോരൂ''

mappilaheritagelibrary

എന്നാഹ്വാനം ചെയ്തുകൊണ്ട് ആ കൊച്ചുമനുഷ്യൻ തന്റെ പ്രസംഗം അവസാനിപ്പിച്ചപ്പോൾ ഞാൻ അടുത്ത്ചെന്നു. ആ കൊച്ചു മനുഷ്യൻ അപ്പോഴും വിറക്കുകയാണ്. ചുറ്റുപാടും നിന്നിരുന്ന പോലീസുകാരെ കണ്ടിട്ടല്ല; താൻ ഉണർത്തിവിട്ട ആവേശത്തിന്റെ തിരതല്ലലിൽ അകപ്പെട്ടുപോയത് കൊണ്ട്."

ഇരുപതാം വയസ്സിൽ ബ്രിട്ടീഷ് ഗവൺമെന്റ് തൂക്കിക്കൊന്ന ഹെമു കലാനിയുടെ ജീവിതകഥ ആവേശജനകമാണ്. ഇപ്പോൾ പാക്കിസ്ഥാനിലുൾപ്പെടുന്ന പഴയ സിറസ് പ്രവിശ്യയിൽ ഒരു കോൺട്രാക്ടറുടെ മകനായി ജനിച്ച ഹെമുകലാനിയുടെ യഥാർത്ഥ നാമം രാഹി റഹ്മാൻ എന്നായിരുന്നു. 1942ലെ കിറ്റിന്ത്യാ പ്രക്ഷോഭത്തിൽ അദ്ദേഹം പങ്കെടുത്തു. സഹനസമരങ്ങൾ കൊണ്ട് സ്വാതന്ത്ര്യം ലഭിക്കില്ലെന്നദ്ദേഹം വിശ്വസിച്ചു. ബ്രിട്ടീഷ് രാജിന്റെ ആയുധങ്ങളുമായി വരുന്ന തീവണ്ടി, റയിൽപാളത്തിലെ ഷിറ്റ് പ്ലേറ്റുകൾ ഇളക്കി മറിച്ചിടാൻ ശ്രമിച്ച കുറ്റത്തിന് അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഹെമുകലാനിക്ക് മാപ്പ് നൽകി വിട്ടയക്കണമെന്ന് സിന്ധുജനത അഭ്യർത്ഥിച്ചു. മാപ്പപേക്ഷ എഴുതിക്കൊടുത്ത് ജയിൽ മോചിതനാകണമെന്ന് സ്വന്തം മാതാവ് പറഞ്ഞിട്ടുപോലും ആ ധീരാത്മാവ് അനുസരിച്ചില്ല. കൊടിയ മർദ്ദനങ്ങളേറ്റിട്ടും സഹപ്രവർത്തകരെ ഒറ്റിക്കൊടുക്കാൻ തയ്യാറായില്ല. 1943 ജനുവരി 21ന് ഹെമുകലാനിയെ തൂക്കിക്കൊല്ലുമ്പോൾ വെറും 20 വയസ്സ്. "സ്വാതന്ത്ര്യം ജയിക്കട്ടെ" എന്ന മുദ്രാവാക്യം മുഴക്കിയാണ് അദ്ദേഹം വീരമരണം വരിച്ചത്.

ഡൽഹി, ബോംബെ, ഇൻഡോർ, ജോദ്പൂർ, അജ്മീർ തുടങ്ങിയ പല നഗരങ്ങളിലും ശഹീദ് ഹെമുകലാനിയുടെ സ്മാരകങ്ങളും പ്രതിമകളുമുണ്ട്.

സംസ്കൃതാധ്യാപകൻ

ഇ.എസ്.എസ്.എൽ.സി. പാസായതിന്നു ശേഷം സെയ്തുമുഹമ്മദ് കുനേഴത്ത് പരമേശ്വരപിള്ളയുടെ കീഴിൽ സംസ്കൃതം പഠിച്ച് സാഹിത്യ വിശാരദ് പാസ്സായി. വിദ്യാഭ്യാസാനന്തരം അല്പകാലം ഭാഷാധ്യാപകനായി ജോലിയും ചെയ്തു. ഒരു മുസ്ലിം ബാലൻ സംസ്കൃതം പഠിച്ച് പാസ്സാവുകയെന്നത് അസംഭവ്യമായി കരുതപ്പെട്ട കാലമായിരുന്നു അത്. അതുകൊണ്ടാവണം സർട്ടിഫിക്കറ്റിൽ സെയ്തുമുഹമ്മദ് എന്നതിന്നു പകരം 'സേതുമാധവൻ' എന്നെഴുതാനിടയായത്.

വിശാലമായ ദേശീയബോധമുണ്ടായിരുന്ന സെയ്തുമുഹമ്മദ്, ദേശീയ മുസ്ലിംകളുടെ സംഘടനയായ ഇന്ത്യൻ മുസ്ലിം മജ്ലിസിന്റെയും പ്രവർത്തകനായിരുന്നു. വിഭജനവാദത്തിൽ നിന്ന്, വിഭാഗീയതയിൽ നിന്ന് സമുദായത്തെ പിന്തിരിപ്പിക്കാൻ മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിന്റെയും ഇ. മൊയ്തു മൗലവിയുടെയും നേതൃത്വത്തിൽ രൂപംകൊണ്ട ദേശീയ മുസ്ലിംകളുടെ സംഘടനയായിരുന്നു അത്.

mappilaheritagelibrary

കേരളം കണ്ടിട്ടുള്ളതിൽ ഏറ്റവും മഹാന്മാരായ രാഷ്ട്രീയ നേതാക്കളിലൊരാളായ മുഹമ്മദ് അബ്ദുർറഹ്മാനെ കുറിച്ച് സെയ്തുമുഹമ്മദ് പിൽക്കാലത്ത് ആവേശോജ്ജ്വലമായി എഴുതിയിട്ടുണ്ട്:

"വാൾട്ടയറെ പോലെ ധീരനും ബർക്കിനെ പോലെ സാംസ്ക്കാരിക പ്രതാപവാനുമായ മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് നടന്നുപോയ കാലൊച്ചകൾ എന്നും തലമുറകൾക്കാവേശം നൽകും." (സംസ്ക്കാരസൗരഭം)

1945-ൽ മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് ജയിൽവിമോചിതനായി പുറത്തുവന്നതിന്നു ശേഷം നടത്തിയ കേരളപര്യടനത്തിന്ന് കൊടുങ്ങല്ലൂരിലെ മതിലകം ബാങ്ക് മൈതാനിയിലും ഉജ്ജ്വലമായ ഒരു സ്വീകരണം സംഘടിപ്പിച്ചിരുന്നു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുന്നതിനെ ഒരു വിഭാഗം മുസ്ലിംകൾ എതിർത്തിരുന്ന കാലം. സാഹിബിന്റെ അടുത്തു തന്നെ സുമുഖനായ ആ പയ്യനിരുന്നിരുന്നു. സ്വന്തം വീട്ടുകാർ പോലും എതിർത്തിട്ടും ദേശീയബോധം പ്രസരിപ്പിക്കുന്ന വിധം ശക്തമായി പ്രസംഗിച്ച ആ പയ്യന്റെ ധീരതയും ദേശാഭിമാനവും സദസ്സിനെ ആവേശഭരിതമാക്കി. വീട്ടുകാരെ ഭയന്ന് പല യുവാക്കളും സമരരംഗത്തു നിന്ന് അകന്നുനിന്ന കാലമാണത്. വിദ്യാർത്ഥി കോൺഗ്രസ്സിന്റെ പ്രവർത്തകനെന്ന നിലയിൽ അധികാരികളുടെ നോട്ടപ്പുള്ളിയായിരുന്നു, സെയ്തുമുഹമ്മദ്. അദ്ദേഹത്തിന്റെ ആദ്യ പുസ്തകമായ 'ഹെമുകലാനി' ഒട്ടും താമസിയാതെ നിരോധിക്കപ്പെടുകയും ചെയ്തു.

പിൽക്കാലത്ത് സജീവരാഷ്ട്രിയം വിട്ടുവെങ്കിലും ആനുകാലികരാഷ്ട്രീയത്തിൽ അദ്ദേഹത്തിന്ന് വ്യക്തമായ നിലപാടുകളുണ്ടായിരുന്നു. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയോട് അദ്ദേഹത്തിന്ന് അത്ര ആഭിമുഖ്യമുണ്ടായിരുന്നില്ല. ക്വിറ്റിന്ത്യാ സമരത്തോടുള്ള നിലപാട് തന്നെയായിരുന്നു അതിന്നു കാരണം. സ്വാതന്ത്ര്യസമരത്തെ കമ്മ്യൂണിസ്റ്റുകാർ വഞ്ചിച്ചു എന്നദ്ദേഹം കരുതി. കമ്മ്യൂണിസ്റ്റ് പാർട്ടിയേക്കാൾ സെയ്തുമുഹമ്മദിന്ന് അടുപ്പം കെ.എസ്.പി യോടായിരുന്നു. അതിന്ന് കാരണം അതിന്റെ സാരഥിയായ മത്തായി മാഞ്ഞൂരാനുമായുള്ള ആത്മബന്ധം തന്നെ.

എന്നാൽ ഒരു രാഷ്ട്രീയനേതാവെന്ന നിലയിൽ യഥാർത്ഥ മാതൃകയായി അദ്ദേഹം കണ്ടത് മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിനെയാണ്. രാജ്യസ്നേഹവും സമുദായപ്രവർത്തനവും ഒരുമിച്ചു കൊണ്ടുപോകുന്ന സാഹിബിന്റെ രീതിയിൽ അദ്ദേഹം അത്രമാത്രം ആകൃഷ്ടനായിരുന്നു. ദേശീയതലത്തിൽ ജവഹർലാൽ നെഹ്റുവായിരുന്നു സെയ്തുമുഹമ്മദിന്റെ ആരാധനാപാത്രം. നെഹ്റുവിന്റെ കൃതികളിൽ നിന്നുള്ള ഉദ്ധരണികൾ അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ ഉടനീളം കേൾക്കാമായിരുന്നു.

mappilaheritagelibrary

കേസരി ബാലകൃഷ്ണ പിള്ളയുമായുള്ള ബന്ധമാണ് സെയ്തു മുഹമ്മദിൽ ചരിത്ര ഗവേഷണതാല്പര്യം ഉണർത്തിയതും വളർത്തിയ തും. സാഹിത്യ വൈജ്ഞാനികരംഗങ്ങളിൽ ഒരു ദീപസ്തംഭം പോലെ പുതിയ തലമുറയ്ക്ക് വെളിച്ചവും ശക്തിയും പകർന്ന ബാലകൃഷ്ണ പിള്ള പറവൂരിലെ മാടവന പറമ്പിലായിരുന്നു അന്ന് താമസം. ന്യൂനപക്ഷ സമു ദായങ്ങളോട് പ്രത്യേക അനുഭാവം തന്നെയുണ്ടായിരുന്നു, കേസരിക്ക്.

■

രണ്ട്:

ചരിത്രകാരൻ

ജീവൽസാഹിത്യകാലഘട്ടത്തിൽ, കേരളത്തിന്റെ ബൗദ്ധികമണ്ഡലത്തിൽ ജ്വലിച്ചു നിന്ന സൂര്യനായിരുന്നു കേസരി ബാലകൃഷ്ണപ്പിള്ള. യാഥാസ്ഥിതിക സാഹിത്യധാരണകളെ വെല്ലുവിളിക്കാൻ ധൈര്യമുള്ള അന്നത്തെ യുവസാഹിത്യകാരന്മാർക്ക് മുഴുവൻ അദ്ദേഹം മാർഗ്ഗസ്തംഭമായി. ബഷീറും തകഴിയും ദേവും ചങ്ങമ്പുഴയുമെല്ലാം അദ്ദേഹത്തിൽ നിന്ന് ഊർജ്ജം സ്വീകരിച്ചാണ് വളർന്നത്. എം.എൻ വിജയൻ വിശേഷിപ്പിച്ചതുപോലെ കേസരിയുടെ കാലഘട്ടത്തിലാണ് അനുഭവത്തിന്റെ പുതിയൊരു വൻകര സാഹിത്യത്തിൽ രൂപപ്പെടുന്നത്. ഫ്രഞ്ച്, റഷ്യൻ സാഹിത്യത്തെ മലയാളിക്ക് പരിചയപ്പെടുത്തിയതും അദ്ദേഹമായിരുന്നു.

പത്രപ്രവർത്തകനും നിരൂപകനുമെന്നതിൽ കവിഞ്ഞ് വലിയൊരു ചരിത്രപണ്ഡിതനും ഗവേഷകനുമായിരുന്നു കേസരി. കല്പഗണിത വ്യാഖ്യാനത്തിലൂടെ ചരിത്രത്തിന്റെ ആത്മീയമായ ചാക്രികാവർത്തനം എന്ന സിദ്ധാന്തം അവതരിപ്പിച്ച അദ്ദേഹം ഇതിഹാസപുരാണങ്ങളെ ചരിത്രാന്വേഷണ സങ്കേതങ്ങളുപയോഗിച്ച് നവീനരീതിയിൽ വായിക്കുവാൻ ശ്രമിച്ചു. കാര്യകാരണ ശൃംഖലയിലൂടെ ചരിത്രാതീതകാല സംസ്കാരത്തിലേക്കുള്ള പാത വരെ തെളിയിച്ചെടുക്കാൻ കഴിയുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. തന്റെ ഗവേഷണപ്രബന്ധങ്ങൾ ഇംഗ്ലീഷിലാണെഴുതപ്പെട്ടിരുന്നതെങ്കിൽ അത് സ്ഫോടനാത്മക ഫലങ്ങളുണ്ടാക്കുമായിരുന്നുവെന്നും തന്റെ മരണശേഷം തീവ്രചിന്താവിപ്ലവം ഉണ്ടാക്കുമെന്നും ആത്മാർത്ഥമായും സുദൃഢമായും അദ്ദേഹം വിശ്വസിച്ചിരുന്നു.

mappilaheritagelibrary

കൊച്ചിയിൽ പത്രപ്രവർത്തന ജീവിതമാരംഭിക്കുന്നതിന്നു മുമ്പുള്ള കാലത്താവണം, കേസരി ബാലകൃഷ്ണപിള്ളയുമായി അടുത്തിടപഴകാൻ സെയ്തുമുഹമ്മദിന്നു സന്ദർഭം ലഭിച്ചത്. പലവിധ രോഗങ്ങളാലും അവശനായ കേസരി വടക്കൻ പറവൂരിലേക്ക് താമസം മാറിയിട്ട് ഏറെ കാലമായിട്ടുണ്ടായിരുന്നില്ല. സെയ്തുമുഹമ്മദിന്റെ ചരിത്രതാല്പര്യത്തെ തെളിയിച്ചെടുക്കുന്നത് അദ്ദേഹമാണ്. ആ മുസ്ലിം യുവാവിന്റെ അന്വേഷണകൗതുകത്തെ വാത്സല്യത്തോടെ കണ്ടതിന്നു കാരണം സാംസ്കാരിക രംഗത്തെ സവർണ്ണമേധാവിത്വത്തോടുള്ള നീരസമാവണം. 1949-ൽ സെയ്ദ്മുഹമ്മദിന്നെഴുതിയ കത്തിൽ കേസരി എഴുതിയ വാക്കുകൾ ഇത് വ്യക്തമാക്കുന്നുണ്ട്:

"കേരളീയ സഹൃദയ ലോകത്ത് (ഇവർ ഭൂരിപക്ഷവും സവർണ്ണ ഹിന്ദുക്കളും മധ്യവയസ്കരുമായിരുന്നു) കുമാരനാശാനെപ്പോലെയോ കെടാമംഗലത്തെപ്പോലെയോ അവർണ്ണനായ ഒരു സാഹിത്യകാരന് മഹാകവിയാകാനോ ബഷീറിനെപ്പോലെയുള്ള ഒരു മുസ്ലിമിന് മഹാസാഹിത്യകാരനാകാനോ ചങ്ങമ്പുഴയെപ്പോലുള്ള ചെറുപ്പക്കാരന് മഹാകവിയാകാനോ മുണ്ടശ്ശേരിയെപ്പോലുള്ള ക്രിസ്ത്യാനിക്ക് ഒരു നല്ല നിരൂപകനാകാനോ അവകാശമില്ലെന്ന ബോധം അതിലെ അംഗങ്ങളുടെ ഉപബോധമനസ്സിൽ ഒളിച്ചുകിടക്കുന്നത് സൂക്ഷ്മനിരീക്ഷകന്മാർക്ക് കാണാൻ കഴിയും. ഈ മ്ലേച്ഛൻമാരേയും തീണ്ടൽ ജാതിക്കാരേയും ചെറുപ്പക്കാരേയും ഞാൻ മഹാകവികളാക്കിയത് ഇവിടുത്തെ സവർണ്ണ സഹൃദയലോകത്തിനും ജന്മനാ അതിൽപെട്ടിട്ടുള്ള നമ്മുടെ പല കമ്യൂണിസ്റ്റ് സാഹിത്യകാരന്മാർക്കും രസിച്ചിട്ടില്ല."

മഹാപണ്ഡിതനായ ബാലകൃഷ്ണപിള്ളയുമായുണ്ടായ നിതാന്തസമ്പർക്കമാണ് സെയ്തുമുഹമ്മദിൽ ഉറങ്ങിക്കിടന്നിരുന്ന ചരിത്രഗവേഷകനെ തട്ടിയുണർത്തിയത്. കേസരിയുടെ അരുമശിഷ്യനായി പരിണമിക്കുന്നത് അങ്ങനെയാണ്. സാധാരണഗതിയിൽ പണ്ഡിതന്മാർക്കുപോലും ദുർഗ്രഹമായിരുന്ന കേസരിയുടെ സിദ്ധാന്തങ്ങളും ഗവേഷണഫലങ്ങളും ഏറെക്കൂറെ ക്ഷമാപൂർവ്വം മനസ്സിലാക്കിയെടുക്കുവാൻ സെയ്തുമുഹമ്മദിനു സാധിക്കുകയും ചെയ്തു.

ഊർജ്ജസ്വലമായ ശൈലി

പഞ്ചാംഗവും ലഗ്നവും നോക്കി ചരിത്രമെഴുതിയിരുന്ന അൻപതുകളിൽ, വസ്തുനിഷ്ഠവും ശാസ്ത്രീയവുമായ രീതിയിൽ ചരിത്രാന്വേഷണത്തിന് ആരംഭം കുറിക്കുകയായിരുന്നു സെയ്തുമുഹമ്മദ്. എഞ്ചുവടി പോലുള്ള പരമ്പരാഗതമായ ശൈലിയിൽ നിന്ന് വ്യത്യസ്തമായിരുന്നു, അദ്ദേഹത്തിന്റെ ഊർജ്ജസ്വലമായ ശൈലി. കേരളത്തിന്റെ സാംസ്കാരിക ചരിത്രകാരനായിരുന്ന പി.കെ.ഗോപാലകൃഷ്ണൻ അതിനെ താരതമ്യപ്പെ

mappilaheritagelibrary

ടുത്തുന്നത് വയലാർ രാമവർമ്മയുടെ കാവ്യശൈലിയോടാണ്:

"ഇരുപതാം നൂറ്റാണ്ടിന്റെ മൂന്നാം പാദത്തിൽ മലയാളഭാഷയെ അനുഗ്രഹിച്ച രണ്ട് ദിവ്യകോകിലങ്ങളായിരുന്നു, വയലാറും സെയ്തുമുഹമ്മദും. ഒരാൾ കാവ്യഗാനങ്ങൾ കൂജനം ചെയ്തു. മറ്റേയാൾ നിരവദ്യ സുന്ദരമായ ഗദ്യശൈലിയിൽ ആലപിച്ചു. രണ്ടു ശബ്ദങ്ങളും ഒരേ കാലത്ത് നിലച്ചു എന്നത് അർത്ഥവത്തായി തോന്നുന്നു. (അവതാരിക-സംസ്കാര സൗരഭം)

സെയ്തുമുഹമ്മദിന്റെ പ്രസംഗം പോലെ തന്നെ മനോഹരമായിരുന്നു അദ്ദേഹത്തിന്റെ രചനാശൈലിയും. സാധാരണക്കാരായ വായനക്കാരെ ചരിത്രഭൂമികയിലേക്കാകർഷിക്കാൻ അത് കാരണമായി. അടുത്തൂൺ പറ്റിയ പണ്ഡിതന്മാർക്കുള്ള ഒരു വാർദ്ധക്യകാല വിനോദം എന്ന നിലയിൽ നിന്ന് തന്നെപ്പോലുള്ള യുവാക്കളെ ചരിത്രരചനയിലേക്ക് കൊണ്ടുവരാൻ പ്രചോദനമായിത്തീർന്നതെന്ന് പ്രശസ്ത ചരിത്രകാരൻ ഡോ.സി.കെ.കരീം തുറന്ന് പറഞ്ഞിട്ടുണ്ട്. അമ്പതുകളിൽ സെയ്തുമുഹമ്മദിന്റെ ചരിത്രലേഖനമില്ലാതെ ഓണം, വാർഷിക പ്രസിദ്ധീകരണങ്ങളൊന്നും പുറത്തിറങ്ങിയിരുന്നില്ല. അത്രമാത്രം ജനകീയമായ ചരിത്രധാരണയുണർത്താൻ അദ്ദേഹത്തിന്റെ ലേഖനങ്ങൾക്ക് കഴിഞ്ഞു.

പ്രധാന കൃതികൾ

1952-ൽ സെയ്തുമുഹമ്മദിന്റെ 'ചരിത്രകേരളം' എന്ന പുസ്തകത്തിന് ആ വർഷത്തെ ഏറ്റവും മികച്ച കൃതിക്കുള്ള മദ്രാസ് ഗവൺമെന്റിന്റെ അവാർഡ് ലഭിച്ചു. അത് അദ്ദേഹത്തിനു ലഭിക്കാതിരിക്കാൻ ഗൂഢശ്രമവും നടക്കുകയുണ്ടായി. അമ്പതുകളുടെ ആദ്യത്തിൽ മദ്രാസ് ഗവൺമെണ്ടിന്റെ പുരസ്കാരങ്ങൾക്കുള്ള ഗ്രന്ഥങ്ങൾ തിരഞ്ഞെടുക്കാൻ സമസ്ത കേരള സാഹിത്യപരിഷത്തിനെയാണ് ഏൽപ്പിച്ചിരുന്നത്. 'ചരിത്രകേരളം' ഉൾപ്പെടെ രണ്ടു മൂന്ന് കൃതികളേ അക്കൊല്ലം പരിഗണനയ്ക്ക് ലഭിച്ചിട്ടുള്ളു എന്നതിനാൽ അടുത്ത വർഷം അവാർഡ് കൊടുത്താൽ മതിയെന്ന് ഒരു വിഭാഗം വാദിച്ചു. എന്നാൽ ടി.എം.ചുമ്മാറിനെപ്പോലുള്ളവർ അതിനെ എതിർക്കുകയും അയച്ചുകിട്ടിയ പുസ്തകങ്ങൾ ഡോ.പി.ജെ.തോമസ് തുടങ്ങിയ ചരിത്രപണ്ഡിതന്മാരുടെ മൂല്യനിർണ്ണയത്തിന് അയയ്ക്കുകയും ചെയ്തു. അവരുടെ മാർക്കുകളാണ് അന്ന് ഇരുപത്തിരണ്ടു വയസ്സു മാത്രമുണ്ടായിരുന്ന സെയ്തുമുഹമ്മദിനെ സർക്കാർ ബഹുമതിക്ക് അർഹനാക്കിയത്.

ഹെമുകലാനി, കേരള ചരിത്ര വീക്ഷണം, ചരിത്രകേരളം, കേരളം നൂറ്റാണ്ടുകൾക്ക് മുമ്പ്, സഞ്ചാരികൾ കണ്ട കേരളം, മുഗൾസാമ്രാജ്യത്തിലൂടെ ഒരു യാത്ര, ആദിവാസികൾ, ചരിത്രത്തിലെ ശിലാകുസുമങ്ങൾ, ചരിത്രവും സംസ്കാരവും, ചരിത്രമൊരു കണ്ണാടി, കേരളചരിത്രചിന്തകൾ,

mappilaheritagelibrary

മൗലാനാ മുഹമ്മദലി, കേരളത്തിലെ വിദേശമതങ്ങൾ, ചരിത്രസഞ്ചാരം, സംസ്കാരസൗരഭം, കേരള മുസ്ലിം ചരിത്രം എന്നിവയാണ് അദ്ദേഹത്തിന്റെ മറ്റു ഗ്രന്ഥങ്ങൾ.

ചരിത്രവീക്ഷണം

എന്താണ് ചരിത്രം? - അതിനെക്കുറിച്ച് സെയ്തുമുഹമ്മദിന് സ്വന്തമായ വീക്ഷണങ്ങളുണ്ടായിരുന്നു. ചരിത്രവീക്ഷണം (കേരളം നൂറ്റാണ്ടുകൾക്ക് മുമ്പ്) ചരിത്രം ഒരു കണ്ണാടി (അതേ പേരിലുള്ള പുസ്തകം) തുടങ്ങിയ ലേഖനങ്ങളിൽ വിഭിന്നമായ ചരിത്രസങ്കൽപ്പങ്ങളും വീക്ഷണങ്ങളും ആകർഷകമായി അദ്ദേഹം വിവരിക്കുന്നുണ്ട്. ഭാഷാശാസ്ത്രപരമായ മാക്സ് മുള്ളറുടേയും മതാത്മക്മായ അരവിന്ദഘോഷിന്റെയും ജ്യോതിശാസ്ത്രപരമായ മാക്സ് മുള്ളറുടെയും ഡോ.ശ്യാമശാസ്ത്രിയുടെയും, ഭൂഗർഭശാസ്ത്രപരമായ പരമശിവയ്യരുടെയും, നരവംശശാസ്ത്രപരമായ ഫ്രേസറുടെയും, കല്പകാലഗണിതശാസ്ത്രപരമായ കേസരിയുടെയും വ്യത്യസ്ത ചരിത്രാഖ്യാന സമ്പ്രദായങ്ങളെ അദ്ദേഹം പരാമർശിക്കുന്നു:

"പഴയ ദേശീയത്വത്തിന്റെയും അതിന്റെ ഉപസിദ്ധാന്തങ്ങളുടെയും, അതായത് ഓരോ ദേശത്തിന്റെയും സംസ്കാരം എല്ലാത്തിലും ഉയർന്നതാണെന്ന സ്വയംനിശ്ചയവും തങ്ങൾ മറ്റുള്ളവരോട് കടപ്പാടില്ലാത്തവരും നേരെമറിച്ച് മറ്റുള്ളവർ സ്വന്തം സംസ്കാരത്തോട് കടപ്പാടുള്ളവരാണെന്നും ശഠിക്കുന്ന സങ്കുചിതത്വം ചരിത്രപഠനത്തെ പ്രാകൃതാവസ്ഥയിൽ നിർത്തിയിരിക്കുകയാണ്. ഈ സ്തംഭനത്തിനു മാറ്റം വരണമെങ്കിൽ സമാദരണീയമായ നിഷ്പക്ഷമനഃസ്ഥിതിയും സർവ്വലോകദൃഷ്ടിപൂർവ്വമുള്ള താരതമ്യപഠനവും ഉണ്ടായേ തീരൂ" (കേരളം നൂറ്റാണ്ടുകൾക്ക് മുമ്പ്- പേജ് 14)

ചരിത്രം ഒരു കണ്ണാടിയിൽ ചരിത്രത്തെ സംബന്ധിച്ച് പ്രഗത്ഭരായ ചിന്തകരുടെ നിർവചനങ്ങളും വ്യാഖ്യാനങ്ങളും സമൃദ്ധമായി ഉദ്ധരിക്കുന്നു. മറ്റൊരിടത്ത് പറയുന്നു: "ഭൂമിയുടെ ഭൂശാസ്ത്രപരമായ മാറ്റത്തിനനുസരിച്ച് സമുദായഘടനകളിൽ മാറ്റങ്ങൾ ദൃശ്യമായി. ഇണങ്ങാത്ത പ്രകൃതിയെ മെരുക്കി വിരുദ്ധശക്തികളുടെ അനുപേക്ഷണീയമായ സമരം വളർത്തി വളർച്ചയെ കണ്ടെത്തുകയാണ് ആദ്യകാല മനുഷ്യൻ ചെയ്തത്. അതിനവർക്ക് ഭൂമിയുടെ സ്വഭാവമാറ്റങ്ങളും ചരിത്രത്തിന്റെ ഗതിയും സഹായകമമായി." (ചരിത്രം ഒരു കണ്ണാടി - പേജ് 13)

പിടികിട്ടാത്ത ആദികാലചരിത്രമാണ് ആദ്യമായി ഗവേഷണം നടത്തി കണ്ടെത്തേണ്ടതെന്നും അതില്ലാത്ത ചരിത്രം അടിത്തറയില്ലാതെ പണിയുന്ന കെട്ടിടം പോലെയാണെന്നും പറയുന്ന സെയ്തുമുഹമ്മദ് ആദിവാസി പഠനത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞുകൊണ്ട് 'ആദിവാസികൾ' എന്ന ഒരു ഗ്രന്ഥം തന്നെ രചിച്ചിട്ടുണ്ട്.

ഇന്ത്യയിലെ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന പ്രാചീന നരവർഗ്ഗ

mappilaheritagelibrary

ങ്ങളെ സംബന്ധിച്ച് അന്വേഷണത്തിലേർപ്പെട്ടപ്പോഴാണ് അവരുടെ ആചാര വിശേഷങ്ങളെക്കുറിച്ച് തനിക്ക് പ്രേരണ ലഭിച്ചതെന്ന് അതിന്റെ ആമുഖത്തിൽ അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. ചരിത്രാന്വേഷണത്തിലേർപ്പെടുന്ന ആർക്കും നരവംശശാസ്ത്രപഠനം ഒഴിച്ചുകൂടാനാവാത്തതാണെന്ന് അദ്ദേഹം കരുതി:

"നരവംശശാസ്ത്ര പഠനത്തിൽ താല്പര്യമുള്ളവർക്ക് കൗതുകമുളവാക്കുന്ന വർഗ്ഗങ്ങളും ഉപജാതികളും ഇരുണ്ട നൂറ്റാണ്ടിലെ ആചാരങ്ങളുമായി ഇന്നും നമ്മുടെ ഇന്ത്യയിൽ അധിവസിക്കുന്നുണ്ട്. അവരുടെ ഇരുണ്ട മനോഗുഹകളിൽ പുതിയ സാമൂഹ്യപരിവർത്തനത്തിന്റെ വെളിച്ചം പകർന്നുകൊടുക്കാൻ കഴിയാത്ത കാലത്തോളം ജനാധിപത്യത്തിൽ വികാരപരമായ ഐക്യമോ വിചാരപരമായ ഉൽക്കർഷമോ ഉണ്ടാകുമെന്ന് ആശിക്കാൻ നിർവ്വാഹമില്ല. ഭൂരിപക്ഷ, പിന്നോക്ക സമുദായങ്ങൾ അവകാശങ്ങൾ തേടി മുന്നണിയിലെത്തിയാലും പിന്നെയും പിന്നണിയിൽ കിടക്കുന്ന ജനലക്ഷങ്ങളെ ഇന്ത്യയിൽ കാണാം." (ആദിവാസികൾ- പേജ് 20)

തെലുങ്ക് നാട്ടിലെ ലമ്പാടികൾ, ആന്ധ്രയിലെ മാലർ, കൃഷ്ണ-ഗോദാവരി തീരങ്ങളിലെ ബൊന്തുക്കൾ, പ്രാകൃത തെലുങ്ക് സംസാരിക്കുന്ന യേനാദികൾ, തെക്കൻ തിരുവിതാംകൂറിലെ മറവർ, ആന്ധ്രയുടെ പർവ്വതപ്രദേശങ്ങളിലുള്ള പാർജാരികൾ, നരബലിപ്രിയരായിരുന്ന കോയിമാർ, കേരളത്തിലെ ആദിവാസികൾ തുടങ്ങിയ നരവർഗ്ഗ ജനതകളുടെ വിചിത്രമായ ആചാരാനുഷ്ഠാനങ്ങൾ ഈ ചെറിയ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. തമിഴ്നാട്ടിലും കർണ്ണാടക പ്രദേശങ്ങളിലും മലയടിവാരങ്ങളിൽ അധിവസിക്കുന്ന, കേരളവുമായി വലിയ ബന്ധമില്ലാത്ത, മലയാളം സംസാരിക്കുന്ന 'മലയാളികളെ' കുറിച്ച് ഒരധ്യായം തന്നെയുണ്ട് ഇതിൽ. ഇതിനു പുറമെ നാഗന്മാരെയും കാക്കാലന്മാരെയും പാണന്മാരെയും മറ്റും കുറിച്ചുള്ള പല ലേഖനങ്ങളും സെയ്തുമുഹമ്മദിന്റെ വിവിധ ലേഖനസമാഹാരങ്ങളിലായി ചിതറിക്കിടപ്പുണ്ട്.

കേരളചരിത്ര നിരീക്ഷണങ്ങൾ

"ശാസ്ത്രീയവീക്ഷണത്തിന്റെ കൊടുങ്കാറ്റിൽ തെറിച്ചുപോകുന്നതാണ് വർണ്ണപ്പകിട്ടേകിയ കേരളചരിത്രത്തിന്റെ കടലാസ്സ്കോട്ട" എന്ന് അദ്ദേഹം എഴുതിയിട്ടുണ്ട്. കേരളത്തിന്റെ അതിപുരാതനചരിത്രം രണ്ട് ഐതിഹ്യകഥകളിലാണ് നിറം മൂടിക്കിടക്കുന്നത്.- പരശുരാമകഥയും മഹാബലിക്കഥയും. കേരളോല്പത്തി തുടങ്ങിയ ചരിത്രഗ്രന്ഥങ്ങൾ പറയുന്ന പരശുരാമകഥയെക്കുറിച്ച് സെയ്തുമുഹമ്മദ് എഴുതുന്നു:

"യഥാർത്ഥത്തിൽ ബ്രാഹ്മണ കുടിയേറിപ്പാർപ്പ് എ.ഡി നാലാം നൂറ്റാണ്ടിനു ശേഷമാണ്. ആ കാലത്തെ നേതാവായ പരശുരാമൻ പൗരാണിക കേരളത്തിന്റെ ജനയിതാവാകുവാൻ വഴിയില്ല. വളരെയേറെ പാകപ്പിഴകളും

mappilaheritagelibrary

വിരോധാഭാസങ്ങളും നിറഞ്ഞ ആ ഇരുളടഞ്ഞ കഥകളേക്കാൾ മറ്റുചില തറിയണം" (മുഗൾസാമ്രാജ്യത്തിലൂടെ - പേജ് 92)

രാമായണമഹാഭാരതേതിഹാസങ്ങളിലും കാളിദാസകൃതികളിലു മൊക്കെ കേരള പരാമർശങ്ങളുണ്ടെങ്കിലും കല്പിതകഥകളുമായി കൂടി ക്കുഴഞ്ഞുകിടക്കുന്ന അവയിൽ നിന്ന് ശാസ്ത്രീയമായ ചരിത്രസത്യം വേർതിരിച്ചെടുക്കേണ്ടതുണ്ടെന്ന് 'കേരളത്തിന്റെ ഭൂമിശാസ്ത്രം' എന്ന ലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നു. (അതേ പുസ്തകം) ഇതിഹാസങ്ങളു ടെയും പ്രാചീനപുരാവൃത്തങ്ങളുടെയും കാലം കഴിഞ്ഞാൽ കൊല്ലവർഷാ രംഭം വരെയും നോട്ടമെത്താത്തത്ര ഒരു വലിയ ഒരു വിടവ് നമ്മുടെ ചരി ത്രത്തിൽ അദ്ദേഹം കണ്ടെത്തുന്നു. ക്രിസ്തുവിന് മൂവായിരം വർഷം മുമ്പു തന്നെ ആരംഭിച്ച കേരളത്തിന്റെ വിദേശബന്ധങ്ങളെക്കുറിച്ച് പ്ലിനിയുടെ നാച്ചുറൽ ഹിസ്റ്ററിയിലും ടോളമിയുടെ ജോഗ്രഫിയിലും മാർക്കോപോ ളോ, ഇബ്നു ബത്തൂത തുടങ്ങിയ സഞ്ചാരികളുടെ കുറിപ്പുകളിലും നിന്നാണ് തെളിച്ചെടുക്കാൻ കഴിയുന്നത്. വിദേശവ്യാപാരത്തിലൂടെയും വിദേശമതങ്ങളിലൂടെയും കടന്നുവന്ന സംസ്കാരങ്ങൾ, കേരളചരിത്ര ത്തിലും സാമൂഹ്യജീവിതത്തിലും വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ഇബ്നു ബത്തൂതയും ന്യൂഹോഫും വഖൂഫ് ആലമിയും നടത്തിയ കേരളത്തിലെ യാത്രകൾ സഞ്ചാരികൾ കണ്ട കേരളത്തിൽ സെയ്തുമു ഹമ്മദ് വിവരിക്കുന്നു. സഞ്ചാരികൾ ഓണാഘോഷത്തെക്കുറിച്ചെഴുതിയ കുറിപ്പുകളിലൂടെ ഗ്രന്ഥകാരൻ കടന്നുപോകുന്നു. ജൂതേതിഹാസങ്ങളിലെ കേരളവും ലക്ഷദ്വീപുകളുടെ ചരിത്രവും പ്രതിപാദിക്കുന്ന ഈ പുസ്ത കത്തിലെ മറ്റൊരു പ്രധാന ലേഖനം തുഹ്ഫത്തുൽ മുജാഹിദിന്റെ കാല മാണ്.

അയ്യപ്പനും വാവരും

കേരളത്തിലെ ഏറ്റവും വലിയ തീർത്ഥാടനകേന്ദ്രമായ ശബരിമല യുടെ ചരിത്രയാഥാർത്ഥ്യം കണ്ടെത്തുവാൻ സെയ്തുമുഹമ്മദ് നടത്തുന്ന ശ്രമം 'അയ്യപ്പനും വാവരും' എന്ന ലേഖനത്തിൽ കാണാം. ശ്രീ ശങ്കരാ ചാര്യരുടെ കാലഘട്ടത്തോടു കൂടി ബുദ്ധമതപ്രതാപം അവസാനിച്ചപ്പോൾ പരദേശി ബ്രാഹ്മണന്മാരാൽ തുരത്തപ്പെട്ട പള്ളിബാണൻ എന്ന ബുദ്ധ മതരാജാവ് പന്തളത്തേക്ക് പലായനം ചെയ്തു. ഇപ്പോൾ ഇന്ത്യയിലെത്തി യിരിക്കുന്ന ദലായ്ലാമയെപ്പോലെ പന്തളത്ത് അഭയം പ്രാപിച്ച അദ്ദേ ഹത്തെ ബാവ എന്ന മുസ്ലിം പ്രമാണി സഹായിച്ചിട്ടുണ്ടാവണം എന്നാണ് സെയ്തുമുഹമ്മദിന്റെ നിഗമനം. ശറഫ് ഇബ്നുമാലിക്കിന്റെയും മാലിക്ക് ബ്നു ദിനാറിന്റെയും വംശപരമ്പരയിൽ പെട്ട പലരും ഇസ്ലാം മതപ്രചര ണാർത്ഥം കേരളത്തിന്റെ പല ഭാഗങ്ങളിലേക്കും നിയോഗിക്കപ്പെട്ടിരുന്നു. അതിൽപ്പെട്ട മതപ്രചാരകനായിരിക്കാം വാവര് സ്വാമി എന്നും അദ്ദേഹം

mappilaheritagelibrary

തുടർന്നു പറയുന്നു. ബുദ്ധമതഭക്തരായ അനുയായികൾ തങ്ങളുടെ ആരാധ്യപുരുഷനോടുള്ള സ്നേഹാധിക്യംകൊണ്ട് സ്വകാര്യക്ഷേത്രങ്ങളുണ്ടാക്കി പ്രതിഷ്ഠിച്ചതാണെന്നും ഇതാണ് ശബരിമല അയ്യപ്പനെക്കുറിച്ചുള്ള ഐതിഹ്യമായി പരിണമിച്ചതെന്നുമാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

കേരളത്തിൽ ബുദ്ധമതം സ്വീകരിച്ചിരുന്നത് കൂടുതലും പിന്നോക്ക സമുദായക്കാരാണെന്നും ബ്രാഹ്മണർ അവരെ ബൗദ്ധരെന്ന് പുച്ഛരസത്തിൽ വിളിച്ചിരുന്നെന്നും ബൗദ്ധമതം ക്ഷയിച്ചപ്പോൾ നാടുവാഴികളുടെ അനുമതിയോടെ ബൗദ്ധക്ഷേത്രങ്ങളുടെ അടിത്തറയിൽ ക്രൈസ്തവ, മുസ്ലിം ആരാധനാലയങ്ങൾ ഉയർന്നതുകൊണ്ടാവണം അവ 'പള്ളികൾ' എന്ന് വിളിക്കപ്പെട്ടതെന്നും മറ്റൊരു ലേഖനത്തിൽ പറയുന്നു. (സംസ്കാര സൗരഭം-പേജ് 39)

കേരള മുസ്ലിം ചരിത്രം

'തുഹ്ഫതുൽ മുജാഹിദീൻ' ആണ് കേരള ചരിത്രത്തെ കുറിച്ചെഴുതപ്പെട്ട ആദ്യത്തെ പ്രാമാണികഗ്രന്ഥമെന്ന് കരുതപ്പെടുന്നു. നീണ്ട മൂന്ന് പതിറ്റാണ്ടു കാലത്തെ ശ്രമഫലമായി സ്വരൂപിച്ച രേഖകൾ ഉപയോഗപ്പെടുത്തിയാണ് മതപണ്ഡിതൻ കൂടിയായിരുന്ന ശൈഖ് സൈനുദ്ദീൻ (അറബിഭാഷയിൽ) അതെഴുതിയത്.

അതിനുശേഷം കേരള മുസ്ലിംകളെക്കുറിച്ച് ഏറെക്കുറെ സമഗ്രമായി രചിക്കപ്പെട്ട ചരിത്രഗ്രന്ഥം സെയ്തുമുഹമ്മദിന്റെ കേരള മുസ്ലിം ചരിത്രം തന്നെയാണ്. കേരള മുസ്ലിം ഡയറക്ടറിയിൽ പ്രസിദ്ധീകരിച്ച ചരിത്രഭാഗത്തിന്റെ ഒരു സംക്ഷിപ്ത രൂപം മാത്രമാണിത്. കൂടുതൽ സമഗ്രമായിട്ടുള്ളത് ഡയറക്ടറിയിലെ ചരിത്രഭാഗം തന്നെയാണ്. പ്രാചീന കേരളത്തിലെ ഭൂമിശാസ്ത്രത്തെയും രാജാധിപത്യത്തിന്റെ ആരംഭത്തെയും ദ്രാവിഡ വിദേശബന്ധങ്ങളെയും വിദേശമതങ്ങളുടെ ആഗമനത്തെയും അന്ന് നിലവിലിരുന്ന ജാതിവ്യവസ്ഥയെയും സാമാന്യമായി പരാമർശിച്ചുകൊണ്ടാണ് കേരളത്തിലെ ഇസ്ലാം മതാരംഭത്തെയും ആധുനികകാലം വരെയുള്ള മുസ്ലിം ചരിത്ര പരിണാമങ്ങളെയും കുറിച്ച് അദ്ദേഹം പ്രതിപാദിക്കുന്നത്. 1921-ലെ മലബാർകലാപവുമായി ബന്ധപ്പെട്ട ചരിത്രപ്രസിദ്ധമായ വിധിയുടെ പൂർണ്ണരൂപവും ഡയറക്ടറിയിലുണ്ട്. കേരള മുസ്ലിം ചരിത്രത്തിലെ ശ്രദ്ധേയമായ, സെയ്തുമുഹമ്മദിന്റെ ചില നിരീക്ഷണങ്ങളിലൂടെ ഒന്നു കടന്നുപോവുക മാത്രമാണിവിടെ:

ചേരമാൻ പെരുമാളും ശങ്കരാചാര്യരും

കേരളചരിത്രത്തിലെ വിവാദവിഷയമായിരുന്ന ചേരമാൻ പെരുമാളിനെകുറിച്ച് ഖണ്ഡിതമായിത്തന്നെ അദ്ദേഹം വിവരിക്കുന്നു. ചേരമാൻ പെരുമാൾ ഇസ്ലാം മതം സ്വീകരിച്ചില്ലെന്നും അറേബ്യയിൽ പോയില്ലെന്നും ഏകപക്ഷീയമായി വാദിക്കുന്ന ചരിത്രകാരന്മാർക്കിടയിൽ ആശ

mappilaheritagelibrary

യക്കുഴപ്പമുള്ളതായും ചേരമാന്റെ കാലശേഷമാണ് മുസ്‌ലിംകൾ കേരളത്തിൽ വന്നതെന്നുള്ള വാദം അടിസ്ഥാനരഹിതമാണെന്നുമാണദ്ദേഹം തെളിവുകളുദ്ധരിച്ചുകൊണ്ട് സമർത്ഥിക്കുന്നത്. ഇസ്‌ലാംമതസന്ദേശം സ്വീകരിച്ച്, പ്രവാചകന്റെ അതിഥിയായി 17 ദിവസം അറേബ്യയിൽ ചെലവഴിച്ച ചേരമാൻ പെരുമാളിന്റെ ദാനശീലം അവിടുത്തെ പ്രഭുക്കൾക്ക് മാതൃകയായിരുന്നുവെന്ന അലി അൽബാരിയുടെ പ്രസ്താവം ഉദ്ധരിക്കുന്നുണ്ടിവിടെ. ഒൻപതാം നൂറ്റാണ്ടിൽ ബാഗ്ദാദിൽ ജീവിച്ചിരുന്ന പ്രശസ്ത ചരിത്രകാരനാണ് ഇദ്ദേഹം.

കേരളചരിത്രത്തിന്റെ അടിസ്ഥാനഗ്രന്ഥമെന്ന് കരുതപ്പെട്ടിരുന്ന കേരളോത്പത്തി പെരുമാളിന്റെ അറേബ്യൻ യാത്രയെ ശരിവെയ്ക്കുന്നതായി സെയ്തുമുഹമ്മദ് ചൂണ്ടിക്കാട്ടുന്നു. തുടർന്ന്, പ്രവാചകന്റെ കാലത്ത് തന്നെ ചേരമാൻ പെരുമാൾ മക്കയിലേക്ക് പോയിട്ടുണ്ടെന്ന് അറക്കൽ സ്വരൂപത്തിലെ ഗ്രന്ഥവരി ഉദ്ധരിച്ച് വ്യക്തമാക്കുന്നു. ദക്ഷിണേന്ത്യൻ ചരിത്രകാരനായ കെ.എസ്.കൃഷ്ണയ്യർ, രിഹ്‌ലതുൽ മൂലൂക്, തുഹ്ഫതുൽ മുജാഹിദീൻ എന്നീ അറബ് ഗ്രന്ഥങ്ങൾ, വിദേശ സഞ്ചാരികളുടെ രേഖകൾ ഇവയെല്ലാം സമൃദ്ധമായി ഉദ്ധരിച്ചുകൊണ്ടാണ് സെയ്തുമുഹമ്മദ് തന്റെ വാദങ്ങൾ സമർത്ഥിക്കുന്നത്.

പ്രവാചകകാലത്ത് ഇസ്‌ലാംമത ദൗത്യവുമായി കേരളത്തിലെത്തിയ മാലിക്ബ്നു ദീനാറും മകൻ മാലിക്ബ്നു ഹബീബും പള്ളികളോടൊപ്പം കോളനികളും നഗരങ്ങളും ഉണ്ടാക്കിയതായി തുടർന്നദ്ദേഹം പറയുന്നു. ശ്രീ ശങ്കരൻ ജനിച്ചു വളർന്ന കാലത്തുണ്ടായ ഇസ്‌ലാംമത മുന്നേറ്റത്തിന്റെ ഫലമായിട്ടാണ് അദ്ദേഹത്തിന്റെ അദ്വൈതസിദ്ധാന്തത്തിൽ, ഇസ്ലാമിലെ ഏകദൈവ വിശ്വാസം സ്വാധീനം ചെലുത്തിയതെന്നും സെയ്തുമുഹമ്മദിന് അഭിപ്രായമുണ്ട്. "ഒരു പരാശക്തിയിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ജീവിതം നയിക്കാൻ ഉപദേശം നൽകുന്ന അദ്വൈതസിദ്ധാന്തം ഇസ്‌ലാമികപ്രമാണങ്ങളുമായി ബന്ധമുള്ളതാണ്." (കേരള മുസ്‌ലിം ഡയറക്ടറി- പേജ് 131) എന്നാൽ ശങ്കരാചാര്യരുമായി ബന്ധപ്പെട്ട കഥകളെല്ലാം സ്വീകരിക്കാനാവില്ലെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

മരക്കാർമാരും ടിപ്പുസുൽത്താനും

പോർച്ചുഗീസ് ആക്രമണത്തെ നേരിടാൻ തുർക്കിയുടെയും ഈജിപ്തിന്റെയും സൈന്യങ്ങൾ സാമൂതിരിയെ സഹായിച്ചതായി ഒരിടത്ത് സെയ്തുമുഹമ്മദ് വ്യക്തമാക്കുന്നു. സാമൂതിരിയുടെ വിശ്വസ്തരായ മരക്കാർമാരുടെ നാവികസാഹസങ്ങളെ കുറിച്ച് വിസ്തരിച്ചുതന്നെ പ്രതിപാദിക്കുന്നുണ്ട്. 'മലബാറിന്റെ മാനം കാക്കാൻ തലമുറകൾ തന്നെ യുദ്ധക്കളത്തിൽ കഴിച്ചുകൂട്ടിയ രക്തസാക്ഷികളുടെ സൈനികകുടുംബം എന്നാണദ്ദേഹം മരക്കാർ വംശത്തെ വിശേഷിപ്പിക്കുന്നത്. അവരുടെ വംശ

mappilaheritagelibrary

ചരിത്രം വിശദമായിത്തന്നെ ഈ ഗ്രന്ഥത്തിലുണ്ട്. കേരളത്തിൽ ഹിന്ദു-മുസ്ലിം ഐക്യത്തെ തകർത്ത പോർച്ചുഗീസുകാരാണ് ഇന്ത്യയിൽ ഭിന്നിപ്പിന്റെ വിത്ത് പാകിയതെന്നും സാമൂതിരിയേയും മരക്കാർമാരേയും തമ്മിൽ അകറ്റിയതെന്നും സെയ്തുമുഹമ്മദ് അഭിപ്രായപ്പെടുന്നു. കുഞ്ഞാലിയെ സ്വതന്ത്രനായി വിടണമെന്നും നിരുപാധികം എല്ലാ തടവുകാരേയും മോചിപ്പിക്കണമെന്നും സാമൂതിരി ആവശ്യപ്പെട്ടു. പക്ഷേ പോർച്ചുഗീസുകാർ മൃഗീയമായ ദണ്ഡനങ്ങൾ ഏൽപ്പിച്ചശേഷം കുഞ്ഞാലിയെ വധിച്ചു.

കേരളത്തിലെ സ്ത്രീകൾ നഗ്നത മറയ്ക്കണമെന്നും ബഹുഭർതൃത്വം പോലുള്ള അനാചാരങ്ങൾ ഉപേക്ഷിക്കണമെന്നും ആഗ്രഹിച്ച പുരോഗമന ആശയമുള്ള പരിഷ്കർത്താവായിരുന്നു ടിപ്പുസുൽത്താനെന്ന് സെയ്തുമുഹമ്മദ് ചൂണ്ടിക്കാട്ടുന്നു. ടിപ്പുവിന്റെ മഹത്തായ പ്രഖ്യാപനങ്ങൾ വർഗ്ഗീയവിഷം കലർന്നതാണെന്നും ഇസ്ലാമിലേക്ക് നിർബന്ധിച്ച് ആളെ ചേർക്കാൻ സുൽത്താൻ സ്വേച്ഛാധികാരിയായി പുറപ്പെട്ടിരിക്കുകയാണെന്നും എതിരാളികൾ ശക്തിയായി പ്രചരണങ്ങൾ നടത്തി. "നിർബന്ധിച്ച് മതം മാറ്റാൻ ശ്രമിച്ചവർക്കെല്ലാം താക്കീതും കഠിന ശിക്ഷകളുമാണ് സുൽത്താൻ നൽകിയത്." (പേജ് 284) തുടർച്ചയായ യുദ്ധകാലാന്തരീക്ഷത്തിന്ന് പകരം സമാധാനപൂർവ്വമായ ഒരു സാഹചര്യത്തിലായിരുന്നുവെങ്കിൽ കേരളത്തിന്റെ ഭാവി തന്നെ മാറ്റി എഴുതാൻ ടിപ്പുവിന് സാധിക്കുമായിരുന്നുവെന്നാണ് അദ്ദേഹത്തിന്റെ പ്രത്യാശ.

അതുപോലെത്തന്നെ വിദേശശക്തികൾക്കെതിരായ പോരാട്ടത്തിൽ പഴശ്ശി രാജാവിന് സ്വന്തം ജീവൻ ബലിയർപ്പിച്ചാണ് മലബാർ മാപ്പിളമാർ സേവനമനുഷ്ഠിച്ചതെന്ന് വെളിപ്പെടുത്തുന്നുണ്ട്. സയ്യിദ് ഫസൽ തങ്ങളെ നാടുകടത്തിയതിൽ പ്രതിഷേധിച്ച് സമരത്തിനൊരുങ്ങിയ മാപ്പിളമാരെ അടിച്ചമർത്താൻ നടപ്പാക്കിയ 1852-ലെ ബ്രട്ടീഷ് ആക്ട് തെക്കെ മലബാറിൽ നീണ്ടകാലയളവിൽ അസ്വാസ്ഥ്യങ്ങൾക്ക് നിമിത്തമായി. മാപ്പിളകർഷകരുടെയിടയിൽ നീറിപ്പിടിച്ചുനിന്ന അസംതൃപ്തി 1857-ൽ കലഹത്തിന്റെ രൂപംകൊണ്ടു. ഈ അസ്വാസ്ഥ്യങ്ങൾ വളർന്നാണ് 1921 -ലെ ലഹളയിലെത്തുന്നത്. ഖിലാഫത്ത് പ്രസ്ഥാനവും അതിനു കാരണമായിട്ടുണ്ടാവാം. എന്നാൽ അവയെ വർഗ്ഗീയമായി ചിത്രീകരിക്കുന്നതിനോട് സെയ്തുമുഹമ്മദ് യോജിക്കുന്നില്ല.

"ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും സിൽബന്ധികളും ഖിലാഫത്തിനോടനുബന്ധിച്ച് നടന്ന മലബാർസമരം ഒരു ഹിന്ദുമുസ്ലിം കലാപമായി ചിത്രീകരിക്കാൻ എല്ലാ അവസരത്തിലും നാവും പേനയും ഉപയോഗപ്പെടുത്തിയിട്ടുണ്ട്. രാജ്യത്തെ ഒട്ടാകെ ബാധിക്കുന്ന ആപൽഘട്ടങ്ങളിൽ ചില മതംമാറ്റങ്ങളും മർദ്ദനങ്ങളും ഉണ്ടായിട്ടില്ലെന്നു പറയാൻ വിഷമമാണ്. കേവലം സാക്ഷരത്വമില്ലാത്തവർ സമരത്തിന്റെ ധാർമ്മികത്വത്തെ വിസ്മ

mappilaheritagelibrary

രിച്ചു, ഗവൺമെന്റിന്റെ ആക്രമണം അസഹനീയമായിത്തീർന്നപ്പോൾ വഴി പിഴച്ച് പലതും ചെയ്തിട്ടുണ്ടാകാം. ഗവൺമെന്റ് നടത്തിയ ക്രൂരമായ ആക്രമണങ്ങൾ ന്യായീകരിക്കാനാണ് ഖിലാഫത്ത് സമരത്തെ ഒരു മാപ്പിളലഹളയായി ഒറ്റപ്പെടുത്തി നിർത്തിയത്."(പേജ് 327)

മലബാർ കലാപങ്ങളിൽ ആലി മുസ്ലിയാരുടെയും വാരിയം കുന്നത്ത് കുഞ്ഞമ്മദ്ഹാജിയുടെയും പങ്കും ലഹളക്കാരെ ശാന്തരാക്കാൻ മുഹമ്മദ് അബ്ദുർറഹ്മാൻ നടത്തിയ ശ്രമങ്ങളും കലാപത്തിനുശേഷം മുസ്ലിം സമുദായത്തിനുണ്ടായ അധഃപതനവുമെല്ലാം വിശദമായി പ്രതിപാദിക്കുന്നുണ്ട്. വെളിയംകോട് ഉമർഖാസിയുടെയും വക്കം മൗലവിയുടെയും മുസ്ലിം ഐക്യസംഘത്തിന്റെയുമൊക്കെ നേതൃത്വത്തിൽ നടന്ന നവോത്ഥാന സംരംഭങ്ങളും വിവരിക്കുന്നുണ്ട്.

പിൽക്കാലത്ത് ഡോ.സി.കെ.കരീമിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച ബൃഹത്തായ കേരള മുസ്ലിം ഡയറക്ടറി, സെയ്തുമുഹമ്മദ് സാഹിബ് തുടങ്ങിയ ഉദ്യമത്തിന്റെ തുടർച്ചയും വികസിതരൂപവുമാണ്.

ആധുനികകാലത്ത് ചരിത്രാന്വേഷണ രീതികളിലും അതിന്റെ ഉപാദാനങ്ങളിലുമൊക്കെ വളരെയധികം പുരോഗതിയുണ്ടായിട്ടുണ്ട്. അനേകലക്ഷം വർഷം മുമ്പ് ജീവിച്ചിരുന്ന മനുഷ്യരുടെ ഡി എൻ എ കണ്ടെത്താൻപോലും ആധുനിക സാങ്കേതികവിദ്യ ഇന്ന് ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇതൊന്നും സങ്കല്പിക്കാൻ പോലും കഴിയാത്ത ഒരു കാലത്താണ് സെയ്തുമുഹമ്മദിനെപ്പോലുള്ളവർ ചരിത്രരചന നടത്തിയത്. അതിന്റെ അപര്യാപ്തതയും കുറവുകളും അവരുടെ രചനകളിലും കണ്ടേക്കാം. എന്നാൽ, ശൂന്യതയിൽ നിന്നാണവർ ചരിത്രത്തിന്റെ അസ്ഥിഖണ്ഡങ്ങൾ പെറുക്കിയെടുത്തതെന്നോർക്കണം.

പിൽക്കാലത്ത് സംഘടനാപ്രവർത്തനങ്ങളിൽ മുഴുസമയം വ്യാപൃതനായപ്പോൾ സാഹിത്യരചനകൾക്ക് സെയ്തുമുഹമ്മദിന് സമയമില്ലാതായി. പിന്നീട് നടന്നത് ഒരു തരത്തിൽ പറഞ്ഞാൽ ഹിസ്റ്റോറിക്കൽ ആക്റ്റിവിസമാണ്. വ്യത്യസ്ത ജനവിഭാഗങ്ങളുടെ വിസ്മൃതമായ ചരിത്രത്തിലേക്കും സംസ്കാരങ്ങളിലേക്കും വെളിച്ചം വീശുന്ന ആഘോഷങ്ങളിലൂടെ ജനങ്ങളുടെ ചരിത്രബോധത്തെ വികസ്വരമാക്കുകയായിരുന്നു അദ്ദേഹം; സമുദായിക ഐക്യത്തിന്റെ ഒരു രജതശൃംഖലയ്ക്ക് രൂപം നൽകുകയും.

കേരളാ ഹിസ്റ്ററി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ച കേരളത്തിന്റെ സമഗ്രചരിത്രത്തിന്റെ ബൃഹത്തായ രണ്ടു വാല്യങ്ങൾ സെയ്തുമുഹമ്മദിന്റെ ഏറ്റവും വലിയ സംഭാവനയായി പരിഗണിക്കുന്നവർ ഏറെയാണ്. പല പണ്ഡിതന്മാരും പ്രഗത്ഭ വ്യക്തികളും ഇതിലെഴുതിയിട്ടുണ്ടെങ്കിലും അതിന്റെ എഡിറ്റർ എന്ന നിലയിൽ, അദ്ദേഹത്തിന്റെ

mappilaheritagelibrary

സേവനം നിസ്തുലമാണ്. പ്രാമാണിക ചരിത്രഗ്രന്ഥങ്ങളിൽ അവഗണിക്കപ്പെട്ട വിഭാഗങ്ങളേയും വിഷയങ്ങളേയും ഉൾപ്പെടുത്തി, അതാത് രംഗങ്ങളിലെ പ്രാമാണികരായ വ്യക്തികളെക്കൊണ്ട് ലേഖനമെഴുതിക്കാനും സർക്കാരിൽ നിന്ന് സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുവാനും വർഷങ്ങൾ നീണ്ട പരിശ്രമം ആവശ്യമായിരുന്നു.

■

മൂന്ന്:

പത്രാധിപർ

സ്വന്തമായി ഒരുജോലി കണ്ടെത്തുക; ആരെയും ആശ്രയിക്കാതെ ജീവിക്കുക- ആ ലക്ഷ്യവുമായിട്ടാണ് സെയ്തു മുഹമ്മദ് കൊടുങ്ങല്ലൂർ നിന്ന് എറണാകുളത്ത് എത്തിയത്. കയ്യിൽ ഒരു പേനയും അനല്പമായ ആത്മവിശ്വാസവും ഉള്ളേടത്തോളം കാലം തന്നെ ആർക്കും തോല്പിക്കാൻ കഴിയില്ലെന്നുറപ്പുണ്ടായിരുന്നു. വിദ്യാർത്ഥി കോൺഗ്രസ്സിൽ പ്രവർത്തിക്കുന്ന കാലത്ത് ആലുവയിലും എറണാകുളത്തുമെല്ലാം പ്രസംഗകനായി അദ്ദേഹം എത്തിയിട്ടുണ്ട്- ആദ്യ പുസ്തകമായ 'ഹെമുകലാനി' യുടെ വില്പനയും അങ്ങനെയായിരുന്നുവല്ലൊ.

കൊടുങ്ങല്ലൂരിലായിരുന്ന കാലത്തുതന്നെ സെയ്തുമുഹമ്മദ് ആനുകാലികങ്ങളിൽ ലേഖനങ്ങളെഴുതുമായിരുന്നു.- കൊച്ചിൻ മെയിൽ, പ്രതിധ്വനി തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ. അവയിലെഴുതുന്ന സമാനമനസ്കരായ യുവസാഹിത്യകാരന്മാരുമായി കത്തിടപാടുകൾ നടത്തുക അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. കത്തുകളിലൂടെ തന്നെ വലിയൊരു സുഹൃദ്ലോകം സൃഷ്ടിച്ചെടുക്കുവാനും സാധിച്ചു. അങ്ങനെ ബന്ധപ്പെട്ട സുഹൃത്താണ് ടാറ്റാപുരം സുകുമാരൻ. തന്റെ പത്രാധിപത്യത്തിലുള്ള കയ്യെഴുത്തുമാസികയിലേക്ക് സുകുമാരനിൽ നിന്ന് ലേഖനം ആവശ്യപ്പെട്ടുകൊണ്ട് എഴുതുകയും സുകുമാരൻ അതയച്ചുകൊടുക്കുകയും ചെയ്തിരുന്നു.

പെട്ടെന്ന് ഒരു ദിവസം സുകുമാരന്റെ വീട്ടിലേക്ക് മെലിഞ്ഞു വിളർത്ത ഒരു ചെറുപ്പക്കാരൻ കയറിച്ചെന്നു; "ഞാൻ, സെയ്തുമുഹമ്മദ്" സ്വയം

mappilaheritagelibrary

പരിചയപ്പെടുത്തി. സുകുമാരൻ അത്ഭുതപ്പെട്ടു- ഗഹനമായ ചരിത്രലേഖനങ്ങളെഴുതുന്നത് ഈ പയ്യനാണെന്നോ!

കത്തുകളിലൂടെ സുഹൃത്തുക്കളായിക്കഴിഞ്ഞിരുന്ന ആ ചെറുപ്പക്കാർ ഹൃദയപൂർവ്വം കെട്ടിപ്പുണർന്നു. അത് സുദൃഢമായ ഒരു ആത്മബന്ധത്തിന്നു അസ്ഥിവാരമിടുകയായിരുന്നു.

സെയ്തു മുഹമ്മദ് തനിച്ചായിരുന്നില്ല. കൊടുങ്ങല്ലൂരിൽ നിന്ന് രാഘവൻ എന്ന ഒരു സ്നേഹിതനോടൊപ്പമാണദ്ദേഹം എറണാകുളത്തു വന്നത്. അയാൾക്കൊരു ജോലിയന്വേഷിച്ചു കണ്ടെത്തുക തന്റെ ദൗത്യമാണെന്നാണ് സെയ്തിന്റെ ഭാവം. ഏതാനും ദിവസം അവർ ഇരുവരും സുകുമാരന്റെ വീട്ടിലാണ് താമസിച്ചത്. രാവിലെ സെയ്തു മുഹമ്മദും രാഘവനും കൂടി ഇറങ്ങിപ്പോയാൽ സന്ധ്യയ്ക്കാണ് തിരിച്ചെത്തുക. സുഹൃത്തുക്കൾക്കു വേണ്ടി തന്നെക്കൊണ്ടാവുന്നതിന്റെ പരമാവധി ചെയ്തു കൊടുക്കുകയെന്നത് അന്നുതന്നെ സെയ്തു മുഹമ്മദിന്റെ ശീലമാണ്. ഒടുവിൽ കൊച്ചിതുറമുഖത്ത് രാഘവന്ന് ഒരു ജോലി സമ്പാദിച്ചുകൊടുക്കാൻ കഴിഞ്ഞപ്പോൾ സെയ്തു മുഹമ്മദിന്ന് ആത്മനിർവൃതി അനുഭവപ്പെട്ടുകാണും

'ജനശക്തി'യിൽ

കൂട്ടുകാരൻ രക്ഷപ്പെട്ടു. ഇനി തനിക്കൊരു താവളം കണ്ടെത്തണം. പെട്ടെന്ന് ഓർമ്മവന്നത് ഗോവിന്ദൻകുട്ടിയെയാണ്. വടക്കൻപറവൂരിൽ, ഗുരു കേസരി ബാലകൃഷ്ണപിള്ളയുടെ വീട്ടിൽവെച്ച് പരിചയപ്പെട്ടിട്ടുണ്ട്. കഥാകൃത്താണ് ഗോവിന്ദൻകുട്ടി. അന്നത്തെ എല്ലാ എഴുത്തുകാർക്കും ആചാര്യനായ കേസരിയുടെ ഉപദേശം തേടിയാണ് ഗോവിന്ദൻകുട്ടി അവിടെയെത്തുന്നത്. സെയ്തു മുഹമ്മദ് അന്നവിടെ നിത്യസന്ദർശകനും.

ഗോവിന്ദൻകുട്ടി ഫോർട്ടുകൊച്ചിയിലാണെന്നറിയാം. പക്ഷെ; വീടറിയില്ല. വഴിയിൽ കണ്ട ഒരാളോടു ചോദിച്ചു:

" ഗോവിന്ദൻ കുട്ടിയെ അറിയുമോ?"

"ഏത് ഗോവിന്ദൻ കുട്ടി..?"

" കഥകളൊക്കെ എഴുതുന്ന....."

"ഓ! അദ്ദേഹം എന്റെ സുഹൃത്താണല്ലോ. നിങ്ങൾ എവിടെ നിന്നു വരുന്നു?"

"കൊടുങ്ങല്ലൂരിൽ നിന്ന്" എന്നു മറുപടി പറഞ്ഞപ്പോൾ യാത്രക്കാരന് ആളെ വേഗം പിടികിട്ടി: "സെയ്തു മുഹമ്മദ്; അല്ലേ?"

"അതെ. എങ്ങനെ മനസ്സിലായി?"

ഗോവിന്ദൻകുട്ടി പറഞ്ഞിരുന്നു; കേസരിയുടെ വീട്ടിൽ വെച്ചു സെയ്തിനെ കണ്ട കാര്യം.- നാടക സിനിമാനടനായ എഡ്ഡി മാസ്റ്ററായിരുന്നു അത്. ഇരുവരും കൂടി ഗോവിന്ദൻകുട്ടിയെ പോയികണ്ടു. പില്ക്കാലത്ത് ചലച്ചിത്രനടനും തിരക്കഥാകൃത്തുമായിത്തീർന്ന എൻ.ഗോവി

mappilaheritagelibrary

ന്ദൻകുട്ടി. എഡ്ഡി മാസ്റ്ററാണ് സെയ്തു മുഹമ്മദിനെ 'ജനശക്തി' വാരിക യുടെ മാനേജിംഗ് എഡിറ്റർ എ.വി. വാസവനുമായി പരിചയപ്പെടുത്തി ക്കൊടുത്തത്. പി.വി.കെ നെടുങ്ങാടിയായിരുന്നു ചീഫ് എഡിറ്റർ. നെടു ങ്ങാടി ഒഴിഞ്ഞു പോയപ്പോൾ പറ്റിയ ഒരാളെ അന്വേഷിച്ചുകൊണ്ടിരിക്കു കയായിരുന്നു വാസവൻ. സെയ്തു മുഹമ്മദ് ആ പത്രാധിപസ്ഥാനമേറ്റെ ടുക്കാൻ താമസമുണ്ടായില്ല.

ആ നാളുകളെ കുറിച്ച് സെയ്തുമുഹമ്മദ് സാഹിബ് എഴുതിയിട്ടുണ്ട്.

"പ്രതീക്ഷകളും സ്വപ്നങ്ങളും നിറഞ്ഞ ഹൃദയവുമായി ഒരു പത്ര പ്രവർത്തകനെന്ന നിലയിൽ ദശാബ്ദങ്ങൾക്ക് മുമ്പ് ഫോർട്ട്കൊച്ചിയിലെ അമരാവതിയിൽ 'ജനശക്തി' ഓഫീസിലെത്തിയ കാലം മധുരസ്മരണ കളിലിന്നും തളംകെട്ടി നിൽക്കുകയാണ്. ദേശീയ വിദ്യാർത്ഥി പ്രസ്ഥാന ത്തിൽ നിന്നും പുരോഗമന സാഹിത്യ പ്രസ്ഥാനത്തിലൂടെ ചരിത്രാന്വേ ഷണ രംഗത്തേക്ക് വന്ന എനിക്ക് ഭാവിയിലേക്ക് വെളിച്ചത്തിന്റെ കൈത്തിരി കാണിച്ചുതന്ന സാഹിത്യ തറവാട്ടിലെ ഭീഷ്മാചാര്യനായ കേസരി ബാലകൃഷ്ണപിള്ള കൊച്ചിക്കുള്ള യാത്രാവേളയിൽ തന്റെ വെണ്മ യേറിയ നീണ്ട താടിയിലൂടെ വിരലുകളോടിച്ച് നിർവ്വികാരമായി നൽകിയ ഉപദേശം ചിന്തിക്കാനും ചിരിക്കാനും വക നൽകുന്നതായിരുന്നു.

ധർമ്മപ്രതാപത്തിന് പ്രശസ്തിയാർജ്ജിച്ച ശ്രീബുദ്ധന്റെ അമരാവ തിയിലേക്കല്ല പറങ്കികളുടെ തേർവാഴ്ചയ്ക്ക് താവളം നൽകേണ്ടിവന്ന അമരാവതിയിലേക്കാണ് പോകുന്നത്. മോഹങ്ങൾക്കടിമപ്പെടാതിരുന്നാൽ മോഹഭംഗങ്ങളിൽ നിന്ന് വിമുക്തനാകാം. ഒരു പത്രപ്രവർത്തകനാകു മ്പോൾ പറയാനുള്ളത് ധീരമായി പറയുക, എതിർപ്പുകളില്ലെങ്കിൽ ശ്രദ്ധി ക്കപ്പെടാത്തവനാകും. ശൂന്യമായ ചില ഘട്ടങ്ങളിൽ ജീവിതസമരം സ്വയം സൃഷ്ടിക്കേണ്ടിവരും. ശാന്തമായ ജലപ്പരപ്പിൽ കല്ലെറിഞ്ഞ് ഓളങ്ങൾ സൃഷ്ടിച്ച് അത് മുറിച്ചുകടന്ന് അക്കരെയെത്തണം. അങ്ങനെ ആരോഗ്യ കരമായ എതിർപ്പുകളിലൂടെ വിജയിക്കണം."

അചഞ്ചലമായ സംയമനം

സെയ്തുമുഹമ്മദും രാഘവനും എം.പരമേശ്വരൻനായരും അന്ന് ഫോർട്ടുകൊച്ചി അമരാവതിയിലെ ഒരു ലോഡ്ജിൽ ഒന്നിച്ചായിരുന്നു, താമ സം. ടി.എസ് മുത്തയ്യ, പി.ജെ ആന്റണി, എൻ.ഗോവിന്ദൻകുട്ടി, എഡ്ഡി, ഒ.പി ജോസഫ്, ടാറ്റാപുരം സുകുമാരൻ തുടങ്ങി കലാ സാഹിത്യരംഗങ്ങ ളിൽ പില്ക്കാലത്ത് പ്രശസ്തരായിതീർന്ന പ്രതിഭാശാലികളുടെ സംഗമകേന്ദ്രമായിത്തീർന്നു, 'ജനശക്തി' വാരിക.

മുഴുത്ത കുടിയന്മാരും കുത്തഴിഞ്ഞ ജീവിതം നയിക്കുന്നവരുമായ കലാകാരന്മാർക്കിടയിൽ, നിസ്സംഗനായി നിരന്തരമായ വായനയിലും പഠ നത്തിലും മുഴുകിയിരിക്കുവാൻ ഒരു പ്രത്യേക കഴിവുതന്നെ സെയ്തു

mappilaheritagelibrary

മുഹമ്മദിന്നുണ്ടായിരുന്നു. പുകവലിക്കുക പോലും ചെയ്യാത്ത അദ്ദേഹം അവർക്കിടയിൽ തികച്ചും വ്യത്യസ്തനായിരുന്നു. ദുശ്ശീലങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. സ്വയം അടിച്ചേൽപ്പിച്ച ഈ സംയമ ബോധമില്ലായിരുന്നെങ്കിൽ സെയ്തു മുഹമ്മദ് മറ്റൊരാളായി മാറുമായിരുന്നു. തന്റെ വഴി വേറൊന്നാണെന്ന് അദ്ദേഹം അന്നേ തിരിച്ചറിഞ്ഞു. അത് പഠനത്തിന്റെയും ഗവേഷണത്തിന്റെയും സംഘാടനത്തിന്റെയും സാമൂഹ്യപരിഷ്കരണത്തിന്റെയും വഴിയായിരുന്നു. സാംസ്കാരിക നേതൃത്വത്തിന്റെ ദുർഗ്ഗമപാത. അവിടെ അരാജകത്വം പാടില്ല.

അതേ സമയം കൂട്ടുകാരുടെ തമാശകളിലും കലാപ്രവർത്തനങ്ങളിലും പങ്കുചേരുകയും ചെയ്യുമായിരുന്നു, സെയ്തു മുഹമ്മദ്. നല്ല നർമ്മ ബോധമുള്ളതു കൊണ്ട് അവർക്കിടയിൽ അദ്ദേഹം അന്യനായിരുന്നില്ല. അവർ തമ്മിൽ തർക്കങ്ങളും വിവാദങ്ങളും കലഹങ്ങളുമുണ്ടാകുമ്പോൾ മാധ്യസ്ഥന്റെയും അനുരഞ്ജകന്റെയും റോളിൽ എപ്പോഴും സെയ്തു മുഹമ്മദുണ്ടായിരിക്കും. വേഷത്തിലും രൂപത്തിലുമൊന്നും വലിയ ശ്രദ്ധയില്ല. പലപ്പോഴും ഷർട്ടിന്റെ ബട്ടൺ തെറ്റിക്കിടക്കുന്നുണ്ടാകും. അവിടവിടെ കീറലും പിന്നലുമൊക്കെയുണ്ടായിരിക്കും. അതൊക്കെ ശ്രദ്ധിക്കാനെവിടെ സമയം?

എഡ്ഡിമാസ്റ്ററുടെയും ഗോവിന്ദൻകുട്ടിയുടെയുമൊക്കെ നാടകപ്രവർത്തനങ്ങൾക്ക് സെയ്ത് മുഹമ്മദ് തന്നാലാകുന്ന സഹായം ചെയ്യും. സ്കൂൾകാലത്തെ നാടകകൃത്തും സംവിധായകനുമൊക്കെയാണല്ലോ. 1949-ൽ ഇടശ്ശേരിയുടെ 'കൂട്ടുകൃഷി' യെന്നനാടകം ശ്രദ്ധിക്കപ്പെട്ട കാലം. നാടകവേദിയിൽ മുത്തയ്യയും ആന്റണിയും എഡ്ഡിമാഷുമൊക്കെ മാറ്റം വരുത്താൻ കൊണ്ടു പിടിച്ചു ശ്രമിക്കുമ്പോൾ, അവരോടൊപ്പം സെയ്തു മുഹമ്മദും ഉണ്ടായിരിന്നു. 1956-ൽ തിരുവനന്തപുരത്തുവെച്ച് പി.കെ. വേണുക്കുട്ടൻ നായരുടെ നേതൃത്വത്തിൽ അഖിലകേരള നാടകകൺവെൻഷൻ സംഘടിപ്പിച്ചപ്പോൾ കൊച്ചിയിലെ നാടകകലാകാരന്മാരെ പ്രതിനിധാനം ചെയ്തത് സെയ്തുമുഹമ്മദും എഡ്ഡി മാസ്റ്ററുമായിരുന്നു.

'യുദ്ധകേരള'ത്തിൽ

'ജനശക്തി'യുടെ മാനേജിംഗ് എഡിറ്റർ എ.വി വാസവൻ അന്ന് കൊച്ചിയിൽ ഒരു ബാങ്ക് നടത്തിയിരുന്നു. മലബാർ മർക്കന്റയിൽ ബാങ്ക്. അതു പൊട്ടിയത് വാരികയുടെ പ്രവർത്തനത്തെയും ബാധിച്ചു. സെയ്തു മുഹമ്മദ് വീണ്ടും തൊഴിൽരഹിതനായി. എന്നാൽ, അങ്ങനെ അലസനായിക്കഴിയുവാൻ അദ്ദേഹത്തിന്നു സാധ്യമായിരുന്നില്ല. അന്ന് ഫോർട്ടുകൊച്ചിയിൽ നിന്നു സി.കെ അബൂബക്കർ എളിയനിലയിൽ നടത്തിയിരുന്ന 'യുവകേരള'ത്തിലേക്ക് പതുക്കെ സെയ്തു മുഹമ്മദ് കൂടുമാറി.

അദ്ദേഹം പത്രാധിപത്യം ഏറ്റെടുത്തതോടുകൂടി 'യുവകേ

mappilaheritagelibrary

രള'ത്തിന്റെ സ്വഭാവമപ്പാടെ മാറി. കേരളത്തിലെ അക്കാലത്തെ എഴുത്തുകാരെയെല്ലാം വാരികയുമായി ബന്ധപ്പെടുത്തുവാൻ അദ്ദേഹം ആത്മാർത്ഥമായി ശ്രമിച്ചു; പ്രത്യേകിച്ചു യുവകേരളത്തിന്റെ വാർഷികപ്പതിപ്പുകളിൽ പ്രമുഖ സാഹിത്യകാരന്മാരുടെ സൃഷ്ടികൾ സംഘടിപ്പിച്ചു. എം.ടി വാസുദേവൻ നായർ ഉൾപ്പെടെ ഇന്നത്തെ ലബ്ധപ്രതിഷ്ഠരായ പല എഴുത്തുകാരുടെയും രചനകൾ യുവകേരളത്തിൽ പ്രത്യക്ഷപ്പെട്ടു. അതോടൊപ്പം തന്നെ മുത്തയ്യ, പി.ജെ ആന്റണി, എഡ്ഡിമാസ്റ്റർ തുടങ്ങിയ കലാകാരന്മാരെ വാരികയുടെ പേജുകളിലൂടെ വായനക്കാർക്ക് പരിചയപ്പെടുത്തുകയും ചെയ്തു. എഴുതിത്തുടങ്ങുന്നവരെ അകമഴിഞ്ഞ് പ്രോത്സാഹിപ്പിക്കുന്നത് അദ്ദേഹത്തിന്റെ സമീപനമായിരുന്നു.

തുറമുഖ തൊഴിലാളികളുടെ കൂലിയും തൊഴിലും മാത്രമല്ല, സാംസ്കാരിക പ്രശ്നങ്ങൾ കൂടി കണക്കിലെടുക്കണമെന്ന് നേതൃത്വത്തെ സെയ്തുമുഹമ്മദ് ബോധ്യപ്പെടുത്തി. കൊച്ചിക്കപ്പുറമുള്ള മേഖലകളുമായി ബന്ധപ്പെടാൻ അവർക്ക് ഔത്സുക്യമുണ്ടായി. കൊച്ചിയിൽ അദ്ദേഹമുൾപ്പെട്ട കേമ്പിൽ കേരളത്തിലെ പ്രശസ്ത സാഹിത്യകാരൻമാരും കലാകാരൻമാരും നിത്യസന്ദർശകരായിരുന്നു. സജീവമായ നാടകചർച്ചകൾ, സാഹിത്യചർച്ചകൾ ഇവയുമായി ബന്ധപ്പെട്ടുവന്നവരായിരുന്നു അവർ. കേശവദേവ്, തകഴി, പൊൻകുന്നം വർക്കി, വയലാർ രാമവർമ്മ തുടങ്ങിയ സുഹൃത്തുക്കൾ കക്ഷിഭേദമന്യെ തൊഴിലാളി യൂണിയൻനേതാക്കളുമായടുത്തു. കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരകാലത്തും അതിനതീതമായി സാഹിത്യകാരൻമാർക്ക് വേദിയൊരുക്കുവാൻ തുറമുഖ തൊഴിലാളിയൂണിയന് കഴിഞ്ഞു. മട്ടാഞ്ചേരി പുതിയ റോഡിലെ ബോസ്കോ ടാക്കീസിൽ നടന്ന സാഹിത്യസമ്മേളനത്തിൽ കേശവദേവും, കെ.ദാമോദരനും, പി.കെ. ബാലകൃഷ്ണനും എം.എസ്.ദേവദാസുമെല്ലാം ഭാഗഭാക്കായി. മാർക്സിയൻ പ്രത്യയശാസ്ത്രത്തേയും സമകാലീനസാഹിത്യത്തേയും പറ്റി നടന്ന ആശയ സംഘട്ടനം പിൽക്കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പുനർവിചിന്തനത്തിന് പ്രേരിപ്പിച്ചുവെന്ന് സെയ്തുമുഹമ്മദ് അഭിപ്രായപ്പെട്ടിട്ടുണ്ട്. തൊഴിലാളികളുടെ സാംസ്കാരിക പരിപാടികൾ വിജയിപ്പിക്കുന്നതിൽ ഡോ. ടി.മുഹമ്മദ് താഹിറിനെ പോലുള്ളവർ നൽകിയ പിന്തുണ അദ്ദേഹം നന്ദിയോടെ ഓർമ്മിക്കുന്നു.

പ്രോത്സാഹജനകമായ സമീപനം

പലർക്കും അത്തരം അനുഭവങ്ങൾ അയവിറക്കാനുണ്ട്. കൽവത്തിയിൽ സി.കെ അബൂബക്കറിന്റെ ഫസ്സൽ പ്രസ്സിലാണു അന്നു യുവകേരളം അച്ചടിച്ചുകൊണ്ടിരുന്നത്. അവിടെയെത്തുന്ന പുതിയ എഴുത്തുകാർക്ക്, തീർച്ചയായും പത്രാധിപരുടെ മേശയുടെ മുൻപിൽ ഒരു ഇരിപ്പിടം ലഭിക്കാതിരിക്കുകയില്ല.- അവരുടെ മനസ്സിൽ സെയ്തു മുഹമ്മദിന്നും.

mappilaheritagelibrary

"കൂടുതൽ വായിക്കുക, പഠിക്കുക. നിരന്തരമായി എഴുതുക" അദ്ദേഹം അവരെ പ്രോത്സാഹിപ്പിക്കും. രചനകൾ പ്രസിദ്ധീകരിക്കുക മാത്രമല്ല; അവരെ പ്രമുഖ സാഹിത്യകാരന്മാരുമായി പരിചയപ്പെടുത്തുകയും ചെയ്യും; സാഹിത്യസമ്മേളനങ്ങളിലേക്ക് ക്ഷണിച്ചുകൊണ്ടുപോകും. അവിടെ പന്തിവിവേചനമൊന്നുമില്ല.

സെയ്തു മുഹമ്മദിനെ ആദ്യമായി പരിചയപ്പെട്ട രംഗം കൊച്ചിയിലെ സാംസ്കാരികപ്രവർത്തകനായ എൻ.കെ.എ ലത്തീഫ് വിവരിക്കുന്നു:

"1953 ഡിസംബർ 27നാണ് ഞാൻ ആദ്യമായി അദ്ദേഹത്തെ കാണുന്നത്. എറണാകുളം സിവ്യു ഹോട്ടലിൽ പുരോഗമനസാഹിത്യകാരന്മാരുടെ സമ്മേളനം നടക്കുന്നു. സാഹിത്യകാരന്മാരെ കാണാനുള്ള കൗതുകവും സാഹിത്യചർച്ചകൾ കേൾക്കാനുള്ള താല്പര്യവും കൊണ്ട് ഒരു ബാലനായ ഞാനവിടെ എത്തി. എം. പരമേശ്വരൻനായരെ അവിടെവെച്ചു കണ്ടു. (പിൽക്കാലത്ത് വലിയ മരക്കച്ചവടക്കാരനായിത്തീർന്ന പരമേശ്വരൻനായർ ചെറുകഥാകൃത്തും പില്ക്കാലത്ത് സമസ്തകേരള സാഹിത്യപരിഷത്തിന്റെ ഭാരവാഹിയുമായി) ഞങ്ങൾ ഹോട്ടലിന്റെ താഴത്തെ നിലയിൽ സംസാരിച്ചു നില്ക്കുമ്പോൾ ഒരു കൂട്ടം സാഹിത്യകാരന്മാർ ഏണിപ്പടി ഇറങ്ങിവരുന്നത് കണ്ടു. അവരിൽ വെളുത്തുനേർത്ത ഒരു മനുഷ്യനെ ചൂണ്ടി നായർ പറഞ്ഞു: പി.എ.സെയ്തു മുഹമ്മദ്.

ഞാൻ ആദരപൂർവ്വം അദ്ദേഹത്തെ നോക്കി. പരമേശ്വരൻനായർ എന്നെ പരിചയപ്പെടുത്തി. "യുവകേരള"ത്തിൽ കഥയെഴുതുന്ന ലത്തീഫ്."

ഒരു പുതിയ എഴുത്തുകാരനേയും പത്രാധിപരേയും തമ്മിലാണു പരിചയപ്പെടുത്തുന്നത്. എന്നാൽ അങ്ങനെ ഒരു പരിധിയിൽ ആ പരിചയം നിന്നില്ല. അതൊരു സഹോദരബന്ധമായി വളർന്നു. മരണത്തിന്നു മാത്രമേ ഞങ്ങളെ വേർപ്പെടുത്താൻ കഴിഞ്ഞുള്ളൂ."

–സെയ്തു മുഹമ്മദ് എന്ന വ്യക്തിയിൽ അന്തർലീനമായ സ്വഭാവവിശേഷമായിരുന്നു ഇത്. ഒരിക്കൽ പരിചയപ്പെട്ടാൽ ആജീവനാന്തം തുടരുന്ന സൗഹൃദം.

എഴുത്തുകാരനായ എം.പി.ജെ രാജൻ സെയ്തു മുഹമ്മദുമായി പരിചയപ്പെട്ട സംഭവം വിവരിക്കുന്നതിങ്ങനെ:

"അതാ ഒരു ബാഗും കയ്യിലൊതുക്കിപ്പിടിച്ചുകൊണ്ട്, തല ഒരു വശത്തേയ്ക്ക് അല്പം ചരിച്ചു പ്രസരിപ്പുള്ള ഒരു യുവാവ് നടന്നുവരുന്നു. കൂടെ പൊൻകുന്നം വർക്കിയുമുണ്ട്. രണ്ടുപേരും എന്തോ കാര്യമായി സംസാരിക്കുകയാണ്. പ്രസംഗപരിപാടി കഴിഞ്ഞ് രണ്ടുപേരും സ്റ്റേജിൽനിന്നിറങ്ങിയുള്ള നടപ്പാണ്.ആരാധകർ പിന്നാലെയുണ്ട്. അപ്പോഴേയ്ക്കും വിജനമായിക്കഴിഞ്ഞിരുന്ന പെരുമാനൂർ മൈതാനിയിൽ ഞാൻ മുൻപിലും

mappilaheritagelibrary

എന്റെ ചില കൂട്ടുകാർ തൊട്ടുപിൻപിലുമായി ഈ വരവു നോക്കിനിൽക്കുകയായിരുന്നു. പൊൻകുന്നം വർക്കിയുമായുള്ള സംസാരത്തിന്നിടയിൽ തന്നെ എന്നെ രണ്ടുമൂന്ന് തവണ അദ്ദേഹം നോക്കി. ഞാനൊന്നു ചിരിച്ചു; അദ്ദേഹവും ചിരിച്ചു. എന്റെ അടുക്കൽ വന്നപ്പോൾ അദ്ദേഹം ഒന്നുനിന്നു: "മനസ്സിലായില്ലല്ലോ."

എന്റെ പേര് രാജനെന്നാണ്

എം.പി.ജെ അല്ലെ?

അതെ.

കഴിഞ്ഞലക്കം 'യുവകേരള'ത്തിൽ കഥ ചേർത്തിട്ടുണ്ട്. നേരത്തെ തന്നെ ഞാൻ വിവരത്തിന്നു കത്തയച്ചിരുന്നല്ലൊ. വാരികയുടെ കോപ്പിയും അയച്ചിട്ടുണ്ട്."

എഴുതിത്തുടങ്ങുന്ന ഒരാളെ സംബന്ധിച്ചിടത്തോളം അങ്ങേയറ്റം പ്രോത്സാഹജനകമായ സമീപനമാണിത്. അന്നുതന്നെ സെയ്തു മുഹമ്മദ് സാംസ്ക്കാരികരംഗത്ത് നിറസാന്നിധ്യമായിരുന്നു. പ്രമുഖ സാഹിത്യകാരന്മാരോടൊപ്പം വേദികളദ്ദേഹം പങ്കിട്ടു. ഒരിക്കലും അതിന്റെ ഗർവ്വ് കാണിച്ചില്ല. പുതിയ എഴുത്തുകാരോട് വിവേചനം കാണിച്ചില്ല. പരിചയപ്പെട്ടാലുടനെ അവരെ ചായ കുടിക്കാൻ ക്ഷണിക്കും. വാരികയിൽ എഴുതിയതിന്ന് പ്രതിഫലം കൊടുക്കും. രചനകളിൽ അപാകതയുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കും. പ്രതിഫലമായി എന്തെങ്കിലും പോക്കറ്റിലിട്ടുകൊടുക്കും. ഇതൊന്നും 'നേതാവാകാൻ'വേണ്ടി മനപ്പൂർവ്വം ചെയ്യുന്നതല്ല. സ്വന്തം സ്വഭാവത്തിൽ അന്തർലീനമായ പ്രകൃതമായിരുന്നു. പുതുതായി പരിചയപ്പെടുന്ന ഒരാളിൽപോലും ചിരകാലസൗഹൃദത്തിന്റെ പ്രതീതിയുളവാക്കുന്ന സമീപനം.

"ജീവിതയാത്രയുടെ വഴിത്താരയിൽ ഒരോർമ്മത്തെറ്റു പോലെ ഞാനുപേക്ഷിച്ചുപോയ എന്റെ എഴുത്തിനെപ്പറ്റി ഇടയ്ക്കിടക്ക് കാണുമ്പോഴൊക്കെ ആ സുഹൃത്ത് ഉപദേശിക്കുമായിരുന്നു. മാത്രമല്ല എന്നെ രണ്ടാമതും ആ രംഗത്തേയ്ക്കു കൊണ്ടുവരുന്നതിന്നു വേണ്ടി എന്റെ കുറെ പഴയ കഥകൾ തിരഞ്ഞുപിടിച്ച് എസ് പി സിഎസ്സിനെക്കൊണ്ട് രണ്ടു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചതും മൺമറഞ്ഞുപോയ എന്റെ ആത്മസുഹൃത്താണ്."- പത്രപ്രവർത്തകനും കഥാകാരനുമായിരുന്ന കെ.ടി തര്യൻ എഴുതിയതാണ്. ഇത്തരമെന്തെങ്കിലും ഒരനുഭവം, സെയ്തു മുഹമ്മദുമായി ബന്ധപ്പെട്ട ഓരോരുത്തർക്കും പറയാനുണ്ടായിരുന്നു. ഏതെങ്കിലും വിധത്തിൽ ഒരു കടപ്പാട് തന്നോടുണ്ടാക്കിവയ്ക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയല്ല ഇതൊന്നും. തന്റെ കടമയാണെന്ന ബോധമായിരിക്കാം. ഊർജ്ജസ്വലമായ ആ വ്യക്തിത്വത്തിന്റെ സഹജമായ സ്വഭാവവിശേഷമായിരിക്കാം.

mappilaheritagelibrary

തന്റെ ആദ്യലേഖനം പ്രസിദ്ധീകരിച്ച കാലത്തെ കുറിച്ച് കേന്ദ്രമന്ത്രി ഇ. അഹമ്മദ് ഓർമ്മിക്കുന്നു:

"1954-55 കാലം. അന്നു ഞാൻ കണ്ണൂർ മുനിസിപ്പൽ ഹൈസ്കൂളിൽ ഫൈനൽ ക്ലാസിൽ പഠിക്കുകയാണ്. സ്കൂൾ മാഗസിനിൽ എന്റെ ഒരു ലേഖനം പ്രസിദ്ധീകരിച്ചു- ഫാറൂഖ് രാജാവിനെ പുറത്താക്കിയ അന്നത്തെ ഈജിപ്തിലെ കലുഷമായ രാഷ്ട്രീയാന്തരീക്ഷത്തെ കുറിച്ചായിരുന്നു അത്. അന്നത്തെ എന്റെ വന്ദ്യഗുരു ഉറുദു മുൻഷി പരേതനായ എം. അബൂബക്കർ സാഹിബിനെ കാണാൻവന്ന ഒരെഴുത്തുകാരൻ സ്കൂൾ മാഗസിനിലെ എന്റെ ലേഖനം വായിക്കാനിടയായി. ആ ലേഖനം തനിക്കയച്ചുതരണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഞാനതയച്ചുകൊടുത്തു; കൊച്ചിയിൽ നിന്നു പുറപ്പെടുന്ന 'യുവകേരളം'വാരികയിൽ അതച്ചടിച്ചുവരികയും ചെയ്തു. ആ പത്രാധിപരായിരുന്നു പിന്നീടെന്റെ ഏറ്റവും വലിയ സുഹൃത്തായിമാറിയ പി.എ സെയ്തു മുഹമ്മദ്."

അമരാവതിയിൽ കോൺഗ്രസ് ഓഫീസിന്നുപിന്നിലുള്ള പഴയ ഒരു കെട്ടിടത്തിലെ ഒറ്റ മുറിയിലാണ് അന്ന് സെയ്തു മുഹമ്മദ് താമസിക്കുന്നത്. മറ്റുനാലഞ്ചുപേർ കൂടിയുണ്ട്. മുപ്പതുരൂപയാണ് മാസവാടക. അഞ്ചു രൂപവീതം ഓരോരുത്തരും കൊടുക്കും. എഴുത്തുകാരും കലാകാരന്മാരും മാത്രമല്ല രാഷ്ട്രീയനേതാക്കളും അവിടെയന്നു നിത്യസന്ദർശകരാണ്. പൊൻകുന്നം വർക്കിയും കേശവദേവും രാമുകാര്യാട്ടുമെല്ലാം അവരുടെ കൂട്ടത്തിൽ പെടുന്നു.

കത്തിനോടൊപ്പം സ്റ്റാമ്പും

ഒരിക്കൽ ബന്ധപ്പെട്ടാൽ നിരന്തരമായ എഴുത്തുകളിലൂടെ ആ സൗഹൃദം തുടർന്ന് കൊണ്ടുപോകുന്നതിന്നു സെയ്തു മുഹമ്മദിന്റേതായ ഒരു രീതിയുണ്ട്. ആ എഴുത്തുകൾ ഒരിക്കലും ഔപചാരികത കൊണ്ട് വിരസമായിരുന്നില്ല. 1948-ൽ 'ജനശക്തി' എഡിറ്ററായിരുന്നകാലത്ത്, ചരിത്രകാരനും ഗദ്യകവിയുമായിരുന്ന വി വി കെ വാലത്തിന്നു സെയ്തു മുഹമ്മദ് എഴുതിയ കത്ത് ഇങ്ങനെയായിരുന്നു:

"പ്രിയ വാലത്ത്;

സുഹൃത്തിന്റ കാർഡുകിട്ടി. താങ്കളുടെ ലേഖനമടങ്ങുന്ന കോപ്പി പ്രത്യേകമായും സാധാരണമായ മറ്റു കോപ്പികളും അയച്ചിട്ടുണ്ട്. ഇനിയും അയക്കാം. പോരെ? പിന്നെ ഒരു കാര്യം. 'ജനശക്തി'യിൽ ഇവർ എഴുതുന്നു എന്ന ഒരു പംക്തി വരുന്നുണ്ട്. ആ വെളിച്ചത്തിൽ 'മിന്നൽ വെളിച്ച'ത്തിന്റെ കർത്താവ് തല ഉയർത്തും; പ്രതീക്ഷിക്കാം. എന്താ ലേഖനം അയയ്ക്കാത്തത്? അയക്കൂ. സ്ത്രീവിരോധിയായ വാലത്തെവിടെയാണന്ന് ഒരു പെങ്കൊച്ചിന്റെ ചോദ്യമുണ്ട്.

"ഒരുകാര്യം, മറ്റേപുസ്തകം എടുപ്പിക്കാൻ നാം രണ്ടു പേരും കൂടി

mappilaheritagelibrary

പോകണം. ഒരു പണി ചെയ്യാം. ഞാൻ എറണാകുളത്ത് വെള്ളിയാഴ്ച വന്നേക്കാം. നെഹ്റു വരുമ്പോൾ...”

വി വി കെ വാലത്തിന്നു തന്നെയുള്ള മറ്റൊരു കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്, ‘അഞ്ചുറുപ്പിക വിപി ചുമത്തി ഗദ്യകവിത ഉടനെ അയയ്ക്കണ’മെന്നാണ്. എഴുത്തുകാർക്ക് കഴിയുന്നത്ര പ്രതിഫലം നൽകാൻ നിഷ്കർഷയുള്ള പത്രാധിപരായിരുന്നു സെയ്തു മുഹമ്മദ്. ചിലപ്പോൾ ലേഖനങ്ങൾ അയയ്ക്കാനുള്ള സ്റ്റാമ്പുകൾ പോലും എഴുത്തിനോടൊപ്പം വയ്ക്കുമായിരുന്നു.

ഫോർട്ടുകൊച്ചിയിൽ പത്രാധിപരായിരിക്കുന്ന കാലം. കൊല്ലത്തു വെച്ച് നടന്ന പുരോഗമന സാഹിത്യസമ്മേളനത്തിൽ സെയ്തു മുഹമ്മദ് ഏറ്റവുമധികം ശ്രദ്ധിക്കപ്പെട്ടു. കേരളത്തിലെ പുരോഗമനസാഹിത്യകാരന്മാരുമായി അടുത്ത ബന്ധം പുലർത്തുവാൻ കഴിഞ്ഞത് അതോടെയാണ്. അവരെ തന്റെ സുഹൃത്തുക്കളായ ഒ.പി ജോസഫ്, ടാറ്റാപുരം സുകുമാരൻ, എൻ ഗോവിന്ദൻകുട്ടി എന്നിവർക്ക് പരിചയപ്പെടുത്തി കൊടുത്തതും സെയ്തു മുഹമ്മദാണ്.

തൊഴിലാളികളും എഴുത്തുകാരും

‘യുവകേരളം’ കുറെകാലം തുറമുഖ തൊഴിലാളി യൂണിയന്റെ മുഖപത്രമെന്നോണമാണ് പ്രസിദ്ധീകരിച്ചിരുന്നത്. യൂണിയന്റെ സാരഥികളായിരുന്ന കെ.എച്ച് സുലൈമാൻ മാസ്റ്റർ, എ എ കൊച്ചുണ്ണി, എം.കെ രാഘവൻ എന്നിവരുമായുള്ള ബന്ധം, ഈ തൊഴിലാളിസംഘടനയെ സാംസ്ക്കാരികപ്രവർത്തനങ്ങളിലേക്ക് കൂടി വഴി തിരിച്ചുവിടാനിടയാക്കി. 1951-ൽ മട്ടാഞ്ചേരിയിൽ വെച്ചു നടന്ന യൂണിയന്റെ സാഹിത്യസാംസ്കാരിക സമ്മേളനം വളരെ ശ്രദ്ധേയമായിരുന്നു. നാളതുവരെ പരസ്പരം കലഹിച്ചും വിമർശിച്ചും അസൂയാലുക്കളായും കഴിഞ്ഞിരുന്ന സാഹിത്യകാരന്മാരെയും സാംസ്കാരിക നായകന്മാരേയും ഒരു വേദിയിൽ കൊണ്ടുവരാൻ കഴിഞ്ഞു. യൂണിയൻ വാർഷികങ്ങളോടൊപ്പം സംഘടിപ്പിക്കപ്പെട്ട സാഹിത്യസമ്മേളനങ്ങളുടെ സംഘാടകൻ സെയ്തു മുഹമ്മദായിരുന്നു. കൂലിക്കൂടുതലിലും സാമ്പത്തികാനുകൂല്യങ്ങളിലും മാത്രമല്ല സാംസ്ക്കാരിക കാര്യങ്ങളിലും തൊഴിലാളികളിൽ താല്പര്യമുണർത്തുവാൻ ഇത് സഹായകമായി.‘യുവകേരള’ത്തിൽ കഥകൾക്കും ലേഖനങ്ങൾക്കും പുറമെ തൊഴിലാളി വാർത്തകൾക്കും കുറെപേജുകൾ നീക്കിവെച്ചിരുന്നു.

തുറമുഖത്തെ ബത്ത, ചുമട്ട്, തോണി തുടങ്ങിയ എല്ലാ വിഭാഗ തൊഴിലാളികളും അവരുടെ പ്രശ്നങ്ങളും യുവകേരളത്തിൽ ചർച്ചചെയ്യപ്പെട്ടു. അവയ്ക്കിടയിൽ നിന്നും വളർന്നുവന്ന കലാകാരൻമാർക്ക് രംഗമൊരുക്കുവാനും യുവകേരളം പ്രയോജനപ്പെട്ടു. സ്നേഹാദരങ്ങളും സൽക്കാരങ്ങളും കൊണ്ട് സാഹിത്യകാരൻമാരെ വീർപ്പുമുട്ടിക്കുന്ന തൊഴിലാളി സമൂഹത്തെ

mappilaheritagelibrary

കുറിച്ച് സെയ്തുമുഹമ്മദ് ഏഴുതുന്നു. സാഹിത്യകാരൻമാർ, കലാകാരൻമാർ തുടങ്ങിയവർ കൊച്ചിയിൽ വന്നാൽ അവർക്ക് പട്ടിണികിടക്കേണ്ടിവരില്ല. കേശവദേവ്, ബഷീർ തുടങ്ങിയവർ അവരുടെ ആതിഥ്യം സ്വീകരിച്ചവരാണ്. പ്രസംഗിക്കാൻ വരുന്ന സാഹിത്യകാരന്ന് വഴിച്ചെലവ് മാത്രമല്ല, നല്ല ബിരിയാണിയും ചായയും പോക്കറ്റ് മണിയും കൊടുക്കുന്ന പാരമ്പര്യം മറ്റേതെങ്കിലും പ്രസ്ഥാനത്തിനുണ്ടോ എന്ന് സംശയമാണ്.

തുറമുഖതൊഴിലാളി യൂണിയൻ നേതാക്കളായ ത്രിമൂർത്തികളുടെ സ്വഭാവം അദ്ദേഹം വിവരിക്കുന്നതിങ്ങനെ: മലമറിഞ്ഞാലും അക്ഷോഭ്യനായി പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ മനസ്സാന്നിധ്യം സൂക്ഷിക്കുന്ന കുശാഗ്രബുദ്ധിയാണ് സുലൈമാൻ മാസ്റ്ററുടേതെങ്കിൽ ഏത് കാര്യത്തിലും ശക്തവും വ്യക്തവുമായ നിലപാടെടുത്ത് കാര്യങ്ങൾക്ക് തീരുമാനം ഉടനടി കാണുന്ന ചിട്ടക്കാരനാണ് രാഘവൻ വക്കീൽ. വിപ്ലവസ്വഭാവം ഉള്ളിലൂറിക്കിടക്കുന്ന കൊച്ചുണ്ണിമാസ്റ്റർ എതിരാളിയെ നയപൂർവ്വം ഒതുക്കുന്ന ചതുരനാണ്. മൂന്നുപേരുടേയും കഴിവുകൾ സംയോജിച്ചുചേർന്നാണ് യൂണിയൻ ഐതിഹാസികമായ സമരങ്ങൾ നയിച്ചത്.

ശ്രീനാരായണ ശതാബ്ദി

കൊച്ചിൻ കോർപ്പറേഷന്റെ ആദ്യമേയർ കൂടിയായിരുന്ന കൊച്ചുണ്ണിമാസ്റ്ററും സെയ്തു മുഹമ്മദും തമ്മിലുള്ള ബന്ധം, സാഹോദര്യത്തിന്റെ ദാർഢ്യമുള്ളതായിരുന്നു.

കൊച്ചിതുറമുഖ തൊഴിലാളി യൂണിയന്നു അന്ന് ഓഫീസൊന്നുമില്ല. കോൺഗ്രസ്പ്രവർത്തകനും മട്ടാഞ്ചേരിയിലെ കുമാർ ടാക്സീസിന്റെ സ്ഥാപകനുമായിരുന്ന കെ.ബി കുമാരന്റെ ആനവാതില്ക്കലുള്ള ഓഫീസാണ് യൂണിയൻ നേതാക്കളുടെ സങ്കേതം. സുലൈമാൻമാസ്റ്ററും രാഘവൻ വക്കീലും കൊച്ചുണ്ണി മാസ്റ്ററുമൊക്കെ അവിടെയെന്നും രാഷ്ട്രീയ ചർച്ചകളുമായുണ്ടാകും. സുഹൃത്തുക്കൾ ഒരുമിച്ചാണ് ഭക്ഷണം കഴിക്കുക. കുമാരന്റെ വീട്ടിൽനിന്നു കൊണ്ടുവരുന്ന അഞ്ചുതട്ടുള്ള കരിയറിലെ ഭക്ഷണം അവർ പങ്കുവയ്ക്കും. അമ്പതുകളിൽ അക്കൂട്ടത്തിൽ പ്രസരിപ്പുള്ള മറ്റൊരു ചെറുപ്പക്കാരൻകൂടി കടന്നുവന്നു— സെയ്തു മുഹമ്മദായിരുന്നു അത്. ഏത് പ്രശ്നത്തിലും സജീവമായി ഇടപെടാൻ കഴിയുന്ന സെയ്തു മുഹമ്മദിനെ ഇഷ്ടപ്പെടാതിരിക്കാൻ ആർക്കും ആകുമായിരുന്നില്ല.

കെ.ബി കുമാരന്റെ മരുമകനും കുമാർടാക്സിസിന്റെ ഇപ്പോഴത്തെ സാരഥിയുമായ മോഹൻദാസിന്ന് സെയ്തു മുഹമ്മദിനെ കുറിച്ച്, തന്റെ എൺപത്തിനാലാംവയസ്സിലും, മറക്കാനാവാത്ത ഒത്തിരി ഓർമ്മകളുണ്ട്.

അക്കാലത്ത് സെയ്തു മുഹമ്മദിന്റെ സംഘാടനപാടവം തെളിഞ്ഞുകണ്ട സംഭവമാണ് പള്ളുരുത്തിയിൽ നടന്ന ശ്രീനാരായണഗുരു

mappilaheritagelibrary

ജന്മശതാബ്ദി. 1954 ഡിസംബർ 19 മുതൽ 1955 ജനുവരി 2 വരെ നീണ്ടു നിന്ന ഒരു സാമൂഹ്യസാംസ്കാരികോത്സവം തന്നെയായിരുന്നു അത്. രാഷ്ട്രീയം, ആരോഗ്യം, വിദ്യാഭ്യാസം, ട്രേഡ്യൂണിയൻ, ചരിത്രം, സാഹിത്യം, സംസ്കാരം തുടങ്ങി എല്ലാവിഷയങ്ങളെ കുറിച്ചും പ്രത്യേക സമ്മേളനങ്ങൾ. കെ. അയ്യപ്പനാണ് നാരായണഗുരുവിന്റെ പ്രതിമ അനാച്ഛാദനം ചെയ്തത്. അക്കാലത്തെ പ്രശസ്ത ഹിന്ദി സാഹിത്യകാരി കമലാദേവി ചതോപാധ്യായ ആദ്യ സമ്മേളനം ഉദ്ഘാടനം ചെയ്തു. സാംസ്കാരിക സമ്മേളനത്തിൽ മഹാകവി ജി. ശങ്കരക്കുറുപ്പ്, എസ്. കെ പൊറ്റെക്കാട്, പൊൻകുന്നം വർക്കി, തകഴി, കേശവദേവ്, എം.എസ് ദേവദാസ് തുടങ്ങിയ പ്രമുഖ സാഹിത്യകാരന്മാരെല്ലാം പങ്കെടുത്തു. ശൂരനാട്ട് കുഞ്ഞൻപിള്ളയും കെ. ദാമോദരനും പങ്കെടുത്ത ചരിത്രസമ്മേളനത്തിൽ സെയ്തു മുഹമ്മദ് ചെയ്ത പ്രസംഗം ഉജ്ജ്വലമായിരുന്നു. സാമൂഹികമായ ഉച്ചനീചത്വങ്ങൾക്കെതിരായ സമരത്തിന്നു ശരിയായ ദിശാബോധമുണ്ടാകണമെങ്കിൽ, മിഥ്യകളിൽ കെട്ടിപ്പടുത്ത ചരിത്രങ്ങൾ പൊളിച്ചെഴുതണമെന്ന് അദ്ദേഹം പറഞ്ഞു. പിന്നോക്കസമുദായങ്ങളെല്ലാം ഈ സമരത്തിൽ ഒന്നിച്ചുനിൽക്കണമെന്നും സെയ്തു മുഹമ്മദ് അഭിപ്രായപ്പെട്ടു. മാധ്യമങ്ങളിൽ ദിവസങ്ങളോളം ചർച്ച ചെയ്യപ്പെട്ട ഒന്നായിരുന്നു, ആ പ്രഭാഷണം.

കലാസമ്മേളനം ഉദ്ഘാടനം ചെയ്തത് ഉറൂബ് എന്ന പി.സി കുട്ടികൃഷ്ണനായിരുന്നു. പട്ടാമ്മാൾ, എം.എൽ വസന്തകുമാരി തുടങ്ങിയ പ്രഗത്ഭസംഗീതജ്ഞരുടെ പാട്ടുകച്ചേരികൾ.

മുൻ ഗുജറാത്ത് ഗവർണ്ണർ കെ.കെ.വിശ്വനാഥൻ, എം.കെ രാഘവൻ വക്കീൽ, കൊച്ചുണ്ണിമാസ്റ്റർ, അറക്കത്തറ ഭാസ്കരൻ, പ്രശസ്ത പത്രപ്രവർത്തകനും ഗ്രന്ഥകാരനുമായിരുന്ന പി.കെ ബാലകൃഷ്ണൻ തുടങ്ങിയ പ്രമുഖരടങ്ങുന്ന സ്വാഗതസംഘത്തിൽ സെയ്തു മുഹമ്മദും സജീവമായുണ്ടായിരുന്നു. രാപ്പകലില്ലാതെ സമ്മേളനത്തിന്റെ വിജയത്തിന്നുവേണ്ടി അദ്ദേഹം ഓടിനടന്നു.

സർഗ്ഗം

'യുവകേരള'ത്തിന്റെ പ്രവർത്തനം നിലച്ചപ്പോൾ സെയ്തു മുഹമ്മദ് കേരളാ മുസ്ലിം ഡയറക്ടറിയുടെ പ്രസിദ്ധീകരണത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചു. പിന്നീട് സാംസ്കാരികവും സാമുദായികവുമായ സംഘടനാപ്രവർത്തനങ്ങളിലാണ് അദ്ദേഹം വ്യാപൃതനാകുന്നത്. എങ്കിലും പത്രപ്രവർത്തനത്തോടുള്ള താല്പര്യം അവസാനിച്ചിരുന്നില്ല. അതുകൊണ്ടാണ്, റീഡേഴ്സ്ഡൈജസ്റ്റിന്റെയും ഭവൻസു ജേർണലിന്റെയും മാതൃകയിൽ 'സർഗ്ഗം' എന്ന പേരിൽ ഒരു മാസിക തുടങ്ങിയത്. വിവിധ വിഷയങ്ങളെക്കുറിച്ച് ചെറിയ, ചെറിയ ഈടുറ്റലേഖനങ്ങളായിരുന്നു ഉള്ളടക്കം.- അറുപതുകളിലാണ് 'സർഗ്ഗം' സജീവമായിരുന്നത്.

mappilaheritagelibrary

എറണാകുളം ഗിരിനഗറിൽ സ്വന്തമായി ഒരു വീടുണ്ടായപ്പോൾ അതിന്നു അദ്ദേഹം നൽകിയപേര് സർഗ്ഗം എന്നായിരുന്നു.

സൗദി രാജാവുമായി ഒരു കുശലം

സെയ്തു മുഹമ്മദില്ലാതെ ഒരു സംരംഭവും അന്ന് കൊച്ചിയിൽ നടന്നിരുന്നില്ല. അഥവാ പൊതുപ്രാധാന്യമുള്ള ഏതു സംരംഭവും അദ്ദേഹത്തെ കൂടാതെ നടന്നിരുന്നില്ല.

1956-ൽ അക്കൊല്ലത്തെ ഏറ്റവും മികച്ച പ്രാദേശിക ചലച്ചിത്രത്തിനുള്ള രാഷ്ട്രപതിയുടെ വെള്ളിമെഡൽ "നീലക്കുയിലി"ന്നായിരുന്നു. മലയാളസിനിമയുടെ ഗതി തന്നെ മാറ്റിക്കുറിച്ച ഈ ചിത്രത്തിന്റെ നിർമ്മാതാവ് ഫോർട്ടുകൊച്ചി സ്വദേശിയായ ടി.കെ പരീക്കുട്ടിയും. എഡ്ഡിമാസ്റ്റർ, ജെ.എ.ആർ ആനന്ദ്, മണവാളൻ ജോസഫ്, താഹർ, ജോൺസൺ തുടങ്ങി കൊച്ചിയിലെ കലാകാരന്മാർ ആദ്യമായി മുഖംകാണിച്ച പടം. സൗഹൃദയനും കലാസ്നേഹിയുമെങ്കിലുംവലിയ വിദ്യാഭ്യാസമൊന്നുമില്ലായിരുന്ന പരീക്കുട്ടിസാഹിബ് അവാർഡു സ്വീകരിക്കുവാൻ ന്യൂ ഡൽഹിയിൽ പോകുമ്പോൾ ഒരു ധൈര്യത്തിന്ന് സെയ്തു മുഹമ്മദിനെയും കൂട്ടി.

സെയ്തു മുഹമ്മദിന്ന് അന്ന് ഡൽഹിയിൽ ചില സുഹൃത്തുക്കളുണ്ടായിരുന്നു. ആകാശവാണിയുടെ അറബിവിഭാഗത്തിൽ ജോലി ചെയ്തിരുന്ന ഡോ: മുഹ്യിദ്ദീൻ ആലുവായും ആത്മസുഹൃത്തും സാഹിത്യകാരനുമായ ഒ.പി ജോസഫും അന്നവിടെയുണ്ട്.

ആ ദിവസങ്ങളിലൊന്നിലാണ് ഇന്ത്യ സന്ദർശിക്കുന്ന സൗദി അറേബ്യയിലെ ഫൈസൽ രാജാവിന്നു പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ വിരുന്ന് സംഘടിപ്പിച്ചത്. താൽക്കത്തോറ ഗാർഡൻസിലായിരുന്നു, അത്. ലോകരാഷ്ട്രങ്ങളുടെ അംബാസഡർമാരും ദേശീയ നേതാക്കളും സന്നിഹിതരാകുന്ന ആ സായാഹ്നവിരുന്നിൽ പങ്കെടുക്കുവാൻ സെയ്തു മുഹമ്മദിന്നു ഒരാഗ്രഹം. ക്ഷണിക്കപ്പെട്ട അതിഥികൾക്കു മാത്രമായി ഒരുക്കിയ നയതന്ത്രവിരുന്നാണ്.

ഡോ. മുഹ്യിദ്ദീൻ ആലുവാ വഴി സെയ്തു മുഹമ്മദ് രണ്ടു ക്ഷണക്കത്തുകൾ സംഘടിപ്പിച്ചു. കൂടെ ചങ്ങാതിയായ ഒ.പി ജോസഫിനെയും കൂട്ടി. പ്രതീക്ഷിച്ചതുപോലെ തന്നെ വിവിധരാജ്യങ്ങളുടെ പ്രതിപുരുഷന്മാരും കേന്ദ്രമന്ത്രിമാരും ഉന്നതോദ്യോഗസ്ഥന്മാരും താൽക്കത്തോറ ഗാർസൻസിൽ നിറഞ്ഞു. പ്രവേശനകവാടത്തിൽ തന്നെ ഡോ. മുഹ്യദ്ദീൻ കാത്തുനിന്നിരുന്നതു കൊണ്ട്, സൗകര്യപ്രദമായ ഇരിപ്പിടം കിട്ടാൻ വിഷമിക്കേണ്ടി വന്നില്ല. സെയ്തു മുഹമ്മദും ജോസഫും നിർദ്ദിഷ്ടസ്ഥാനങ്ങളിലിരുന്നു. പാനോപചാരങ്ങളും മറ്റും മുറയ്ക്കു നടന്നുകൊണ്ടിരുന്നു.

പെട്ടെന്ന് ജോസഫ് നോക്കുമ്പോൾ സെയ്തു മുഹമ്മദിനെ കാണാനില്ല. ഇമ പൂട്ടിതുറക്കുന്നതിന്നിടയിൽ ഈ ചങ്ങാതിയെവിടെ പോയി?

mappilaheritagelibrary

ജോസഫ് ചുറ്റുപാടും നോക്കി. അത്ഭുതം! അതാ സൗദിരാജാവിന്റെ മുൻപിലിരിക്കുന്നത് സെയ്തു മുഹമ്മദല്ലെ? ആറരയടി ഉയരമുള്ള രാജാവിന്റെ മുൻപിൽ അഞ്ചരയടിക്കാരനായ ഈ ചെറുപ്പക്കാരൻ എന്ത് ചെയ്യുകയാണ്? പ്രോട്ടോക്കോളുകളും ഔദ്യോഗിക നിയന്ത്രണങ്ങളുമൊക്കെ മറകടന്ന് ഈ സാഹസത്തിന്നു സെയ്തിനെ പ്രേരിപ്പിച്ചതെന്താണ്?- എത്ര ആലോചിച്ചിട്ടും ജോസഫിന്നു പിടികിട്ടിയില്ല.

അല്പം കഴിഞ്ഞ് യാതൊന്നും സംഭവിക്കാത്ത മട്ടിൽ, വികസിച്ച കണ്ണുകളുമായി സെയ്തു മുഹമ്മദ് തിരിച്ചെത്തി. പരിഭ്രമത്തോടെ ജോസഫ് ചോദിച്ചു: "എന്താണ് സെയ്തു താനീക്കാണിച്ചത്?"

"ഓ, അതിനെന്താണിപ്പോൾ! ഒരു ചെറിയ കുശലപ്രശ്നം മാത്രം- നമ്മളൊക്കെ ക്ഷണിക്കപ്പെട്ട അതിഥികളല്ലെ? അതിലൊരു അധികപ്രസംഗവുമില്ല."

ബാഫക്കിതങ്ങളെ കണ്ടപ്പോൾ

മറ്റൊരിക്കൽ സെയ്തു മുഹമ്മദുമായി നടത്തിയ ഡൽഹിയാത്രയുടെ കഥ ആത്മമിത്രമായിരുന്ന മോഹൻദാസ് ഓർമ്മിക്കുന്നു: ഇരുവരും കൂടി തലസ്ഥാന നഗരിയിലെ ചരിത്രസ്മാരകങ്ങൾ കാണുകയായിരുന്നു. ചെങ്കോട്ടയിൽ ചെന്നപ്പോൾ മുസ്ലിം ലീഗ്നേതാവ് അബ്ദുറഹ്മാൻ ബാഫക്കിതങ്ങൾ, സന്ദർശകരുടെ കൂട്ടത്തിൽ ചെന്നുനിൽക്കുന്നു. സെയ്തു മുഹമ്മദ് നേരെചെന്നു സ്വയം പരിചയപ്പെടുത്തി.

പേരുകേട്ടതും ബാഫഖി തങ്ങൾ സെയ്ദിനെ കെട്ടിപ്പുണർന്നുകൊണ്ട് പറഞ്ഞു: "ഓ, നിങ്ങളാണല്ലേ സെയ്ദുമുഹമ്മദ്! ഞാൻ വിചാരിച്ചത് ഏതോ കോളേജിൽ നിന്നും പിരിഞ്ഞ പ്രൊഫസറായിരിക്കുമെന്നാണ്".

പിന്നെ എവിടെയാണ് താമസിക്കുന്നതെന്നും മറ്റും ചോദിച്ചു. താൻ താമസിക്കുന്ന സ്റ്റാർ ഹോട്ടലിലേക്ക് ക്ഷണിച്ചുകൊണ്ടുപോയി. ഒരു സമുദായത്തിന്റെ രാഷ്ട്രീയനേതാവും ചരിത്രകാരനും തമ്മിലുള്ള കൂടിക്കാഴ്ച. അവർക്ക് പലതും സംസാരിക്കാനുണ്ടായിരുന്നു.

ആവഡിയിൽ നടന്ന ചരിത്രപ്രസിദ്ധമായ എ.ഐ.സി.സി. സമ്മേളനത്തിൽ സെയ്തുമുഹമ്മദിനോടൊപ്പം പങ്കെടുത്ത സംഭവവും മോഹൻദാസ് ഓർമ്മിക്കുന്നു: സോഷ്യലിസ്റ്റ് മാതൃകയിലുള്ള ഒരു സമൂഹത്തെയാണ് കോൺഗ്രസ്സ് വിഭാവനം ചെയ്യുന്നതെന്ന നെഹ്റുവിന്റെ പ്രമേയം വളരെ ചർച്ചചെയ്യപ്പെട്ടതാണല്ലോ. മലയാളി സമാജത്തിന്റെ സ്വീകരണത്തിൽ പങ്കെടുത്ത സെയ്തുമുഹമ്മദ് പറഞ്ഞു: സോഷ്യലിസ്റ്റ് പാർട്ടേണല്ല; സോഷ്യലിസ്റ്റ് സൊസൈറ്റി തന്നെയാണ് ലക്ഷ്യമെന്ന് കോൺഗ്രസ്സ് അംഗീകരിക്കേണ്ടിയിരിക്കുന്നു.

mappilaheritagelibrary

ഏഴാം നമ്പർ മുറിയിലെ പ്രേതബാധ

ഇപ്പോൾ എൺപത്തിനാലു വയസ്സുകാരനായ മോഹൻദാസിന്റെ ഓർമ്മയിൽ നിന്ന് മറ്റൊരു സംഭവംകൂടി:

1967-ൽ എ.എ.കൊച്ചുണ്ണി മാസ്റ്റർ ഗുരുവായൂരിലെ കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി മത്സരിക്കുന്നു. തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്കായി സുഹൃത്തായ കെ.ബി.കുമാരൻ, തന്റെ കുമാർ ടാക്സീസിൽ നിന്ന് മൂന്ന് കാറുകൾ വിട്ടുകൊടുത്തിരുന്നു. അവയിൽ ഒന്ന് എതിർ സ്ഥാനാർത്ഥിയുടെ കാറുമായി കൂട്ടിമുട്ടി തകർന്നു. മറ്റൊരു കാറുമായി ഉടനെതന്നെ സെയ്തുമുഹമ്മദിനേയും കൂട്ടി ഗുരുവായൂരിലേക്ക് ചെല്ലണമെന്ന് മാസ്റ്റർ, മോഹൻദാസിനെ ഫോണിൽ വിളിച്ചറിയിച്ചു.

ക്ഷേത്രനട തുറക്കുന്ന സമയത്തുതന്നെ മോഹൻദാസ് കാറുമായി ഗുരുവായൂരിലെത്തി; കൂടെ സെയ്തുമുഹമ്മദുമുണ്ട്. അപ്പോൾ ദാസിന്നൊരാഗ്രഹം. കൊച്ചുണ്ണി മാസ്റ്ററുടെ വിജയത്തിനു വേണ്ട പൂജാദികർമ്മങ്ങളൊക്കെ നടത്തണം. നെയ്യഭിഷേകം, പാലഭിഷേകം, വെണ്ണനിവേദ്യം തുടങ്ങിയ പൂജാകർമ്മങ്ങൾക്കുള്ള പണമടച്ചു. 'കൊച്ചുണ്ണി'യെന്ന് പേരുപറഞ്ഞപ്പോൾ ശാന്തിക്കാരന് സംശയം തോന്നിയില്ല; കൊച്ചുണ്ണി എന്ന പേർ ഹിന്ദുക്കളിലുമുണ്ടല്ലോ. എന്നാൽ നക്ഷത്രമേതെന്ന് ചോദിച്ചപ്പോൾ അല്പമൊന്ന് പതറി. കൊച്ചുണ്ണിമാസ്റ്ററുടെ നക്ഷത്രം ആർക്കറിയാം! ഒരുപായം തോന്നി. പള്ളുരുത്തി സ്വദേശിയാണല്ലോ മാസ്റ്റർ. പള്ളുരുത്തി ക്ഷേത്രത്തിലെ മഹോത്സവം ഭരണിയിലാണ്. മോഹൻദാസ് അങ്ങനെ കൊച്ചുണ്ണിമാസ്റ്ററുടെ 'ജന്മനക്ഷത്ര'വും പറഞ്ഞു: ഭരണി.

ഇതൊന്നും കണ്ട് ഇഷ്ടപ്പെടാതെ നിൽക്കുകയായിരുന്നു സെയ്തുമുഹമ്മദ്. 'തെരഞ്ഞെടുപ്പിൽ കൊച്ചുണ്ണിമാസ്റ്റർ പരാജയപ്പെട്ടപ്പോൾ മോഹൻദാസിനെ സെയ്തു കളിയാക്കി: നിങ്ങൾ ഗുരുവായൂരപ്പനെ പറ്റിക്കാൻ ശ്രമിച്ചതുകൊണ്ടാണ് തോറ്റുപോയത്!

അന്ന് ഗുരുവായൂരിൽ ഇന്നത്തെപോലെ ആധുനികസൗകര്യമുള്ള ഹോട്ടലുകളൊന്നുമില്ല. പടിഞ്ഞാറെ നടയിലുള്ള ഒരു ഹോട്ടലിലാണ് അവർ മുറിയെടുത്തത്- ഏഴാം നമ്പർ മുറി. മോഹൻദാസ് പതിവുപോലെ രണ്ട് പെഗ്ഗ് മദ്യപിച്ചിട്ടാണ് ഉറങ്ങാൻ കിടന്നത്; പാതിരാത്രി ആരോ കഴുത്തിൽ പിടിച്ച് ശ്വാസം മുട്ടിക്കുന്നത് പോലെ തോന്നിയ ദാസ് ഞെട്ടിയുണർന്നു.

സെയ്തുമുഹമ്മദ് ലൈറ്റിട്ട് വിവരം തിരക്കി. 'വല്ല സ്വപ്നവും കണ്ടതായിരിക്കും. കുറച്ച് വെള്ളം കുടിച്ച് സ്വസ്ഥമായുറങ്ങുക'- എന്നുപറഞ്ഞിട്ട് സെയ്തുമുഹമ്മദ് വിളക്കണച്ചുകിടന്നു. ഒന്നുരണ്ട് മണിക്കൂർ കഴിഞ്ഞപ്പോൾ സെയ്ദുമുഹമ്മദ് അലറിക്കരഞ്ഞുണർന്നു. ദാസിന് അനുഭവപ്പെട്ടതുപോലെയുള്ള പ്രയാസങ്ങൾ.

mappilaheritagelibrary

ദാസ് പറഞ്ഞു: "ഞാൻ ഭഗവത്ഗീത വായിച്ചിട്ട് കിടന്നതുകൊണ്ടാണ് രക്ഷപ്പെട്ടത്. സെയ്തു ഖുർആൻ വായിച്ചിട്ട് കിടന്നിരുന്നെങ്കിൽ ഇത് സംഭവിക്കില്ലായിരുന്നു."

അതിന്ന് സെയ്തിന് മറുപടിയുണ്ടായിരുന്നു: "ആത്മാവും മനസ്സും ശരീരവും ശുദ്ധമാക്കിയാണ് ഖുർആൻ വായിക്കേണ്ടത്. താൻ ചെയ്തതു പോലെ രണ്ട് പെഗ്ഗ് മദ്യവും കഴിച്ച് ഗീത വായിച്ചിട്ട് എന്താ കാര്യം?"

പിറ്റേന്ന് ഗുരുവായൂർ ടൗൺ പ്ലാനിംഗ് ഓഫീസറായ ഗംഗാധരൻ വന്നപ്പോൾ ചോദിച്ചു: ഏഴാം നമ്പർ മുറിയല്ലാതെ നിങ്ങൾക്ക് വേറെ മുറിയൊന്നും കിട്ടിയില്ലേ? തിരുവല്ലക്കാരായ കാമുകീകാമുകൻമാർ പ്രണയനൈരാശ്യം ബാധിച്ച് പൊട്ടാസ്യം സയനൈഡ് കഴിച്ച് മരിച്ചത് ഈ മുറിയിലാണ്, ഒരാഴ്ച മുമ്പ്!

അത്തരം അന്ധവിശ്വാസങ്ങളൊന്നുമില്ലായിരുന്ന സെയ്തുമുഹമ്മദ് സ്വത:സിദ്ധമായ പുഞ്ചിരിയോടെ അത് കേട്ടിരുന്നതേയുള്ളൂ.

■

mappilaheritagelibrary

നാല്:

സംഘാടകൻ

സ്കൂൾ പഠനകാലത്തു തന്നെ നല്ലൊരു സംഘാടകൻ സെയ്തു മുഹമ്മദിൽ ജനിച്ചു കഴിഞ്ഞിരുന്നു. വിദ്യാർത്ഥികളുടെ വായനാശീലം വർദ്ധിപ്പിക്കാൻ ഷോടതിയിലായിരുന്നു തുടക്കം. പിന്നീട് മർദ്ദിതപക്ഷത്തുനിന്നു, സമുദായത്തിലെ പ്രമാണിമാർക്കെതിരെ സാധുസംരക്ഷണ സമിതിയെന്ന സംഘടനയ്ക്ക് രൂപം നൽകി. ജന്മിമാരുടെയും പോലീസുദ്യോഗസ്ഥന്മാരുടെയും ഭീഷണിയെ നിർഭയം നേരിട്ടുകൊണ്ടായിരുന്നു സമിതിയുടെ പ്രവർത്തനങ്ങൾ. സ്റ്റുഡൻസ് കോൺഗ്രസിന്റെ പ്രവർത്തകൻ എന്ന നിലയിൽ കൊടുങ്ങല്ലൂരിലും കൊച്ചിയിലും പ്രസംഗവുമായി നടത്തിയ യാത്രകൾ അദ്ദേഹത്തിന് വളരെയേറെ അനുഭവപാഠങ്ങൾ നൽകി. കോൺഗ്രസ് നേതാവ് മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിന് ഇന്ത്യൻ മുസ്ലിം മജ്ലിസിന്റെ ആഭിമുഖ്യത്തിൽ നൽകിയ സ്വീകരണത്തിന്റെ സൂത്രധാരൻ സെയ്തുമുഹമ്മദായിരുന്നു. മതിലകം ബാങ്കുമൈതാനിയിൽ ചേർന്ന സ്വീകരണ യോഗത്തിന്റെ അദ്ധ്യക്ഷനും പതിനെട്ടു വയസ്സു മാത്രമുള്ള അനാഗതശ്മശ്രുവായ ആ പയ്യനായിരുന്നു.

1953-ൽ പള്ളുരുത്തിൽ ഒരു മാസത്തോളം നീണ്ടുനിന്ന ശ്രീനാരായണഗുരു ശതാബ്ദിയാണ് സെയ്തു മുഹമ്മദിന്റെ സംഘടനാവൈഭവം തെളിയിച്ച മറ്റൊരു സംഭവം. അക്കാലത്ത് പത്രപ്രവർത്തനവുമായി അദ്ദേഹം കൊച്ചിയിൽ സജീവമാണ്. കൊച്ചുണ്ണി മാസ്റ്റർ, രാഘവൻ വക്കീൽ, വിശ്വനാഥൻ വക്കീൽ തുടങ്ങിയവരോടൊപ്പം ഗുരുശതാബ്ദി വർണ്ണോജ്വലമാക്കുവാൻ രാപ്പകലില്ലാതെ അദ്ദേഹം ഓടിനടന്നു. ശതാബ്ദിയാഘോഷങ്ങളോടനുബന്ധിച്ച് വ്യത്യസ്ത വിഷയങ്ങളിൽ നടന്ന

mappilaheritagelibrary

സമ്മേളനങ്ങൾ സെയ്തുമുഹമ്മദിന്റെ സംഘടനാ ശൈലിയുടെ വേറിട്ടൊരു മാതൃകയായിരുന്നു. പിൽക്കാലത്ത് ഇത് വികസിച്ചുവരുന്നതായി കാണാം.

കൊച്ചി തുറമുഖ തൊഴിലാളി യൂണിയന്റെ വാർഷികം പ്രമാണിച്ച് സംഘടിപ്പിച്ചിരുന്ന സാഹിത്യസാംസ്കാരിക സമ്മേളനങ്ങളുടെ പിന്നിലെ ചാലകശക്തിയും സെയ്തുമുഹമ്മദ് തന്നെ. കൂലികൂടുതലിനുവേണ്ടി സമരം നടത്തുക മാത്രമല്ല, സാംസ്കാരികമായ കാര്യങ്ങളിൽ തൊഴിലാളികളിൽ താല്പര്യമുണ്ടാക്കുക കൂടി ട്രേഡ് യൂണിയനുകളുടെ കടമയാണെന്ന തിരിച്ചറിവാണ് അതിനദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഇതിനകം സി.റ്റി.റ്റി.യു നേതാക്കളുടെ ആത്മസുഹൃത്തായിക്കഴിഞ്ഞിരുന്നതുകൊണ്ട് അവരുടെ എല്ലാവിധത്തിലുമുള്ള പിന്തുണയും ലഭിച്ചു. കലാപരിപാടികളും പ്രദർശനങ്ങളും വിനോദങ്ങളുമെല്ലാം തൊഴിലാളികൾക്ക് അന്യമല്ലെന്നും അത്തരം സർഗ്ഗാത്മകതയിലൂടെ വേണം അവരുടെ കർമ്മശേഷിയെയും സംഘബോധത്തെയും ഉത്തേജിപ്പിക്കാനെന്നും അദ്ദേഹത്തിനറിയാമായിരുന്നു. മാത്രമല്ല, യൂണിയൻ കെട്ടിടത്തിൽ തൊഴിലാളിപ്രസ്ഥാന ഗവേഷണവിഭാഗവും ആതുരസേവന ഗവേഷണ വിഭാഗവും തുടങ്ങുവാനും സാമൂഹ്യക്ഷേമപരിപാടികൾ നടപ്പാക്കുവാനും പ്രേരിപ്പിച്ചത് മറ്റാരുമായിരുന്നില്ല.

കേരളഹിസ്റ്ററി അസോസിയേഷൻ

അലസനായ മനുഷ്യന്റെ മനസ്സ് ചെകുത്താന്റെ പ്രവർത്തനരംഗമാണെന്നും തടാകംപോലെ നിശ്ചലമായ ജീവിതം മരണതുല്യമാണെന്നും ഒരു നദീപ്രവാഹമെന്നോണം ചലനാത്മകമായ ജീവിതത്തിലൂടെ മാത്രമേ മനുഷ്യാസ്തിത്വം സാർത്ഥകമാവുകയുള്ളുവെന്നുമുള്ള ചിന്ത സെയ്തുമുഹമ്മദിന്റെ വ്യക്തിത്വത്തിലുടനീളം കാണാം. എത്ര നിസ്സംഗനായ ആളെയും കർമ്മനിരതനാക്കുന്ന ഒരു കാന്തശക്തി. ഒരിക്കലും അത് ആധിപത്യവാസനയുടേതായിരുന്നില്ല. സൗഹൃദം നിറഞ്ഞ പെരുമാറ്റമായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനശൈലി. നർമ്മബോധവും ആത്മാർത്ഥതയും കൊണ്ട് സുഹൃത്തുക്കളെ പ്രവർത്തനരംഗത്തിറക്കുവാനുള്ള സവിശേഷമായ കഴിവ്, കേരള ഹിസ്റ്ററി അസോസിയേഷൻ, സമസ്തകേരള സാഹിത്യപരിഷത്ത്, കേരളസാഹിത്യ അക്കാദമി, കേരളഗ്രന്ഥശാലാസംഘം, സംസ്കൃത പരിഷത്ത്, കേരളസംഗീത നാടക അക്കാദമി, കൊങ്കിണിഭാഷാപരിഷത്ത്, കേരളഫൈൻ ആർട്സ് സൊസൈറ്റി, കേരള കലാമണ്ഡലം, ഇൻഡോ- ഇറാഖ് സാംസ്കാരിക സമിതി തുടങ്ങി സംസ്ഥാനവ്യാപകമായ പല സംഘടനകളുടെയും പ്രവർത്തനപരിപാടികൾക്ക് രൂപം നൽകുന്നതിലും നേതൃത്വം നൽകുന്നതിലും അദ്ദേഹം സജീവമായ പങ്കു വഹിച്ചു.

mappilaheritagelibrary

എന്നാൽ സെയ്തുമുഹമ്മദ് സാഹിബിന്റെ കർമ്മശേഷി, അതിന്റെ പൂർണ്ണതയിൽ അപഹരിച്ചത് കേരളാഹിസ്റ്ററി അസോസിയേഷന്റെ പ്രവർത്തനങ്ങളായിരുന്നു. 1945-ൽ കേരള ഇതിഹാസ സമിതി എന്ന പേരിൽ, കോമാട്ടിൽ അച്ചുതമേനോന്റെ ശ്രമഫലമായി രൂപംകൊണ്ട ചരിത്രസംഘടനയെ, 1956 ൽ കേരള ഹിസ്റ്ററി അസോസിയേഷൻ എന്ന പേരിൽ പുനർനാമകരണം ചെയ്ത്, ഒരു പ്രസ്ഥാനമാക്കി മാറ്റിയത് സെയ്തു മുഹമ്മദിന്റെ പ്രവർത്തനമൊന്നു മാത്രമാണ്.

ഡോ. ജോൺ മത്തായിയായിരുന്നു ഹിസ്റ്ററി അസോസിയേഷന്റെ ആദ്യ പ്രസിഡണ്ട്. പിന്നീട് പ്രൊഫ.പി.എസ്.വേലായുധൻ ആ സ്ഥാനമേറ്റെടുത്തു. രണ്ടു പതിറ്റാണ്ടു കാലത്തോളം അസോസിയേഷന്റെ ജനറൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചുകൊണ്ട്, അതിനെ കേരളത്തിലെ ഉജ്ജ്വലമായ ഒരു സാംസ്കാരികപ്രസ്ഥാനമാക്കി സെയ്തുമുഹമ്മദ് രൂപപ്പെടുത്തി.

ചരിത്രമെന്നത് ഏതാനും പണ്ഡിതന്മാരുടെ ബൗദ്ധികവ്യായാമമാണെന്ന ധാരണ സെയ്തു മുഹമ്മദ് തിരുത്തിക്കുറിച്ചു. നിരന്തരമായ ചരിത്രഗവേഷണത്തോടൊപ്പം, സജീവമായ സെമിനാറുകളിലൂടെ വ്യത്യസ്തമായ ചരിത്രവീക്ഷണങ്ങൾ പ്രകാശിപ്പിക്കുന്നതിനുള്ള വേദിയാക്കുക എന്നത് സംഘടനയുടെ ലക്ഷ്യങ്ങളിലൊന്നായി അദ്ദേഹം കരുതി. അതോടൊപ്പം ചരിത്രസംഭവങ്ങളുടെ ആഘോഷങ്ങളിലൂടെ ഇത്തരം വിഷയങ്ങളെക്കുറിച്ച് സാധാരണ ജനങ്ങളെ ബോധവാന്മാരാക്കേണ്ടതുണ്ടെന്നും അദ്ദേഹത്തിനു തികഞ്ഞ ബോധ്യമുണ്ടായിരുന്നു. ആധികാരികവും സമഗ്രവുമായ ഒരു കേരളചരിത്രം രചിക്കേണ്ടതിനും തുടക്കം മുതൽ അദ്ദേഹം ശ്രദ്ധിച്ചു. ഇതിനൊക്കെ വേണ്ടത് വ്യവസ്ഥാപിതമായ പ്രവർത്തനരീതിയാണെന്ന് മനസ്സിലാക്കി 1965-ൽ തിരുകൊച്ചി ലിറ്റററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് റജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുകയാണ് ആദ്യമായി ചെയ്തത്. സ്വന്തം നിലയ്ക്കും മറ്റു സാംസ്കാരിക സ്ഥാപനങ്ങളും സർവ്വകലാശാലകളുമായി സഹകരിച്ചും പ്രവർത്തിച്ചാൽ മാത്രമേ ഈ രംഗത്ത് താനുദ്ദേശിക്കുന്ന രീതിയിൽ പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളുവെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു.

ചരിത്രസെമിനാറുകൾ

1965 മെയ് 16,17,18 തിയ്യതികളിൽ എറണാകുളം മഹാരാജാസ് കോളേജിൽ, കേരള ഹിസ്റ്ററി അസോസിയേഷന്റെയും കേരളയൂണിവേഴ്സിറ്റിയുടെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഹിസ്റ്ററി കൺവെൻഷൻ അഭൂതപൂർവ്വമായ സംഭവമായിരുന്നു. ചരിത്രകാരന്മാരുടെ ഒറ്റപ്പെട്ട ഗവേഷണങ്ങളുടെ ഫലമായി പ്രസിദ്ധീകരിക്കുന്ന ചരിത്രഗ്രന്ഥങ്ങളിലൊതുങ്ങിയിരുന്ന ചരിത്രരചന, പൊതുവേദിയിൽ ചർച്ച ചെയ്യേണ്ട ഒന്നാണെന്ന് അന്നു

mappilaheritagelibrary

വരെ ആർക്കും തോന്നിയിരുന്നില്ല. അന്നത്തെ കേരളാ ഗവർണ്ണർ എ.പി. ജയിനാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്. കേരളാ സർവ്വകലാശാല യുടെ വൈസ് ചാൻസലർ ഡോ.സാമുവൽ മത്തായി, പനമ്പിള്ളി ഗോവി ന്ദമേനോൻ, ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ, പ്രൊഫ: പി.എസ്.വേലായു ധൻ, ഡോ.എം.ജി.എസ്.നാരായണൻ, ഡോ.ടി.ഐ.പുന്നൻ, ഡോ.സി.കെ. കരീം, എസ് ശങ്കു അയ്യർ, കെ.കെ.പിള്ള, ഡോ.ഇബ്രാഹിം കുഞ്ഞ്, ഡോ. ടി.കെ.രവീന്ദ്രൻ, എം.ഒ ജോസഫ്, എ.ശ്രീധരമേനോൻ, കെ.മഹേശ്വരൻ നായർ തുടങ്ങി കേരളത്തിലെ പ്രശസ്ത പണ്ഡിതരും ചരിത്രകാരന്മാരും പങ്കെടുത്ത സെമിനാർ കേരളചരിത്രവുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങ ളിലേക്കും വെളിച്ചം വീശി. സെമിനാറിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധ ങ്ങൾ ഹിസ്റ്ററി ഓൺ ദ മാർച്ച് എന്ന പേരിൽ ഹിസ്റ്ററി അസോസിയേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തു.

1969-ൽ കൊടുങ്ങല്ലൂരിൽ സംഘടിപ്പിച്ച ആർക്കിയോളജി സെമിനാർ ഗവേഷണംപോലെ തികച്ചും അക്കാദമികമായ വിഷയം പൊതുജനങ്ങ ളുടെ മുമ്പിൽ ചർച്ചയ്ക്ക് വെയ്ക്കുക എന്ന പുതുമയുള്ള സംഭവമായിരു ന്നിട്ടും വിജയകരമായി. കേരളത്തിലെ ഒരു ന്യൂനപക്ഷ ഭാഷാസമുദായ മായ കൊങ്ങിണികളുടെ ഭാഷയെയും സംസ്കാരത്തേയും ദേശീയശ്രദ്ധ യിൽ കൊണ്ടുവരുന്നതിന് മട്ടാഞ്ചേരിയിൽ യോഗ്യപൈ നാരായണപൈ സ്മാരക ഗ്രന്ഥശാലയുമായി സഹകരിച്ച് 1971-ൽ ഹിസ്റ്ററി അസോസി യേഷൻ സംഘടിപ്പിച്ച ഓറിയന്റൽ റിസേർച്ച് സെമിനാർ സഹായകമാ യി. ഇന്ന് കൊങ്ങിണി ഭാഷയ്ക്ക് ഇന്ത്യയിൽ സമുന്നതമായ സ്ഥാനമു ണ്ട്.

ഇന്ത്യൻ സ്വാതന്ത്ര്യലബ്ധിയുടെ രജതജൂബിലിയോടനുബന്ധിച്ച് 1972-ൽ എറണാകുളത്ത് സെമിനാർ സംഘടിപ്പിക്കുന്നതിനും അസോസി യേഷനാണ് മുൻകൈയെടുത്തത്. സ്വാതന്ത്ര്യസമരത്തിന്റെ കാണാപ്പുറ ങ്ങളെക്കുറിച്ച് യുവജനങ്ങളെ ഉദ്ബുദ്ധരാക്കുകയായിരുന്നു ലക്ഷ്യം.

കൊങ്കിണികളെപ്പോലെത്തന്നെ വളരെ ന്യൂനപക്ഷമായ ഒരു സമു ദായമാണ് ജൈനരുടേതും. കേരള സംസ്കാരത്തിനു വിലപ്പെട്ട സംഭാവ നകൾ നൽകിയ ജൈനരുടെ പൈതൃകങ്ങളെ പൊതുസമൂഹത്തിനു ബോധ്യപ്പെടുത്തുവാനാണ് വർദ്ധമാന മഹാവീരന്റെ 2500-ാം നിർവ്വാണ ത്തോടനുബന്ധിച്ച് 1974-ൽ മട്ടാഞ്ചേരിയിൽ സെമിനാർ സംഘടിപ്പിച്ചത്. കേരളത്തിലെ മറ്റു ചില പ്രദേശങ്ങളിലും നിർവ്വാണോത്സവം നടന്നു വെങ്കിലും ഹിസ്റ്ററി അസോസിയേഷൻ മുൻകൈയെടുത്ത് സംഘടിപ്പിച്ച മട്ടാഞ്ചേരി സെമിനാറാണ് കൂടുതൽ ജനശ്രദ്ധയാകർഷിച്ചത്. ഇതെല്ലാം ബഹുസ്വരതയുടേയും മതസൗഹാർദ്ദത്തിന്റെയും പുതിയ ആകാശങ്ങൾ കണ്ടെത്താൻ പ്രയോജനപ്പെട്ടുവെന്നതിൽ സംശയമില്ല.

mappilaheritagelibrary

സിനഗോഗിന്റെ ചതുശ്ശതാബ്ദി

ഇതിലെല്ലാമുപരിയായി സെയ്തു മുഹമ്മദ് എന്ന സംഘാടകന്റെ കഴിവുകൾ പൂർണ്ണതയിൽ വെളിപ്പെടുത്തിയ ഒന്നായിരുന്നു ഹിസ്റ്ററി അസോസിയേഷൻ മുൻകൈയെടുത്ത് 1968 ഡിസംബർ 15 മുതൽ 19 വരെ കൊച്ചിയിൽ നടത്തിയ സിനഗോഗിന്റെ നാനൂറാം വാർഷികം. രണ്ടായിരം വർഷം മുൻപ് കൊടുങ്ങല്ലൂരിൽ കുടിയേറി പാർത്ത ജൂതന്മാർ 16-ാം നൂറ്റാണ്ടിൽ പോർച്ചുഗീസുകാരുടെ ആക്രമണത്തെത്തുടർന്ന് കൊച്ചിയിലേക്ക് മാറിത്താമസിച്ചപ്പോൾ, കൊച്ചി മഹാരാജാവ് ദാനമായി നൽകിയ സ്ഥലത്ത് സ്ഥാപിച്ച ജൂതപ്പള്ളിയുടെ ചരിത്രപ്രാധാന്യം അന്താരാഷ്ട്രതലത്തിലേക്ക് കൊണ്ടുവരുന്നതിന് പ്രയോജനപ്പെട്ടു. ഇന്ത്യയിലെ ജൂതന്മാരുടെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന പഠനാർഹമായ പ്രബന്ധങ്ങൾ അവതരിപ്പിച്ച സെമിനാറുകളിൽ ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ നിന്ന് നാനൂറോളം പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി. വിദേശ രാജ്യങ്ങളിൽ നിന്ന് വന്നവർ ഇരുന്നൂറോളം പേരുണ്ടായിരുന്നു. പ്രൊഫ: സെഗാൾ, ഡോ.വാൾട്ടർ ഫിഷൽ തുടങ്ങിയ പ്രഗത്ഭ ചരിത്രകാരന്മാർ പങ്കെടുത്ത ആഘോഷ പരിപാടികൾ മട്ടാഞ്ചേരി നെഹ്രുമെമ്മോറിയൽ ടൗൺഹാളിൽ ഉത്ഘാടനം ചെയ്തത് അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയായിരുന്നു.

ഏറ്റവും ഒടുവിലായി കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് അഞ്ഞൂറിൽപ്പരം ബുദ്ധിജീവികൾ പങ്കെടുത്ത ഹരിജൻ സെമിനാർ നടന്നത് സെയ്തു മുഹമ്മദ് അന്തരിക്കുന്നതിന് രണ്ടു മാസം മുമ്പ്, 1975 ഒക്ടോബറിലായിരുന്നു. ഗാന്ധിജയന്തി ദിനത്തിൽ തന്നെ നടന്ന ആ സമ്മേളനം അവഗണിക്കപ്പെട്ട ഹരിജനങ്ങളുടെ ഭൂതകാല സാംസ്കാരികപാരമ്പര്യങ്ങളെക്കുറിച്ച് പണ്ഡിതന്മാരുടെ കണ്ണ് തുറപ്പിക്കുന്നതായിരുന്നു.

ആസൂത്രണവൈഭവത്തോടെ പരിപാടികൾ വിഭാവനം ചെയ്യാനും ധൈഷണികപരിവേഷത്തോടെ ഉജ്ജ്വലമായി പ്രാവർത്തികമാക്കാനും ആത്മാർത്ഥമായി പ്രവർത്തിച്ചതാണ് സെയ്തു മുഹമ്മദിന്റെ നേട്ടം. ചരിത്രത്തോടും സംസ്കാരത്തോടുമുള്ള സജീവമായ താല്പര്യം തന്നെയായിരുന്നു അതിനു കാരണം. യഹൂദരായാലും ജൈനരായാലും സാരസ്വത ബ്രാഹ്മണരായാലും കേരളീയ സംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ അവർ വഹിച്ച പങ്കിനെ അവഗണിക്കുവാൻ അദ്ദേഹത്തിനാകുമായിരുന്നില്ല. ഈ ന്യൂനപക്ഷസമൂഹങ്ങളുടെ സഹകരണം ഹിസ്റ്ററി അസോസിയേഷന്റെ മറ്റു പ്രവർത്തനങ്ങൾക്ക് ലഭിക്കുവാൻ മാത്രമല്ല, വ്യത്യസ്ത സമുദായങ്ങളെ പരസ്പരം അറിയുന്നതിനും കൂട്ടിയിണക്കുന്നതിനും പാലമായി വർത്തിക്കാനും ഇത്തരം സംരംഭങ്ങൾ വലിയ തോതിൽ പ്രയോജനപ്പെട്ടിട്ടുണ്ട്. ഈ സമുദായങ്ങളിലെ പ്രമുഖ നേതാക്കളുമായും ബുദ്ധിജീവികളുമായും സെയ്തുമുഹമ്മദിനുണ്ടായിരുന്ന സൗഹൃദം വലുതായിരുന്നു.

mappilaheritagelibrary

സെയ്തുമുഹമ്മദിന്റെ നേതൃത്വത്തിൽ ആലുവ, ഏറണാകുളം, ആലപ്പുഴ, കോഴിക്കോട്, പാലക്കാട് എന്നീ കേന്ദ്രങ്ങളിൽ നടത്തിയ ഇസ്ലാമിക് സെമിനാറുകളെയും 1971ൽ തിരൂരങ്ങാടിയിൽ സംഘടിപ്പിച്ച മാപ്പിള സാഹിത്യ സെമിനാറിനെയും കുറിച്ച് മറ്റൊരു അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ട്.

മഹാകവി വള്ളത്തോൾ നാരായണമോനോന്റെ ജന്മശതാബ്ദി കൊണ്ടാടുന്നതിനുള്ള ശ്രമങ്ങൾക്കിടയിലായിരുന്നു ആഘോഷകമ്മിറ്റി കൺവീനറായിരുന്ന സെയ്തു മുഹമ്മദിന്റെ അകാലവിയോഗം. ഇന്ത്യയുടെ ദേശീയ കവി എന്ന നിലയിൽ വള്ളത്തോളിന് രാഷ്ട്രാന്തരീയമായ അംഗീകാരം നേടിയെടുക്കുന്ന രീതിയിൽ വിപുലമായ ആഘോഷപരിപാടികൾ അദ്ദേഹം വിഭാവനം ചെയ്തു. അതിന്നനുസൃതമായി ഒരു പ്രൊജക്ടും തയ്യാറാക്കിയിരുന്നു. കഥകളിയുടെ നവോത്ഥാനത്തിനു കാരണക്കാരനായ വള്ളത്തോളിന്റെ പൂർണ്ണകായപ്രതിമ ചെറുതുരുത്തിയിലെ കലാമണ്ഡലത്തിൽ മാത്രമല്ല വിവിധ ലോക തലസ്ഥാനങ്ങളിലും സ്ഥാപിക്കുവാനുള്ള പദ്ധതികളും ആസൂത്രണം ചെയ്തിരുന്നു. സെയ്തുമുഹമ്മദിന്റെ അഭാവത്തിൽ വള്ളത്തോൾ ശതാബ്ദി ആഘോഷങ്ങൾക്ക് എന്തു സംഭവിച്ചു എന്ന് കേരളം കണ്ടറിഞ്ഞതാണല്ലോ. അദ്ദേഹം വിഭാവനം ചെയ്തതിന്റെ നിഴൽ പോലുമുണ്ടാക്കാൻ അവയ്ക്ക് കഴിഞ്ഞോ എന്ന് സംശയമാണ്.

താൻ ഏറ്റവുമധികം സ്നേഹിച്ചിരുന്ന കേരളാഹിസ്റ്ററി അസോസിയേഷന്ന് സ്വന്തമായി ഒരു കെട്ടിടമുണ്ടായിക്കാണുവാനും സംഘടനയുടെ ആഭിമുഖ്യത്തിൽ ഒരു പുരാവസ്തു മ്യൂസിയവും എപ്പിഗ്രാഫിക് സ്കൂളും സ്ഥാപിക്കുവാനും സെയ്തുമുഹമ്മദ് വളരെയേറെ ആഗ്രഹിച്ചിരുന്നു. ഒടുവിൽ അസോസിയേഷന്നു കെട്ടിടമുണ്ടായെങ്കിലും അത് കാണാനുള്ള ഭാഗ്യമുണ്ടായില്ല. പി.എ.സെയ്തുമുഹമ്മദ് മെമ്മോറിയൽ ബിൽഡിംഗ് എറണാകുളം ഹോസ്പിറ്റൽ റോഡിന്നഭിമുഖമായി, തല ഉയർത്തി നിൽക്കുന്നതിന്റെ മൂന്നാമത്തെ നിലയിലാണ് ഇന്ന് കേരള ഹിസ്റ്ററി അസോസിയേഷൻ ഓഫീസ്.

സാഹിത്യ പരിഷത്ത്

കേരളത്തിന്റെ സാംസ്കാരികചരിത്രത്തിൽ സമസ്ത കേരള സാഹിത്യ പരിഷത്തിനുള്ള സ്ഥാനം എടുത്തുപറയേണ്ടതില്ല. ആരംഭകാല ബാലാരിഷ്ടതകളിൽ പരിഷത്തിനെ ശുശ്രൂഷിച്ച് പരിരക്ഷിച്ച ഉള്ളൂരിന്റെയും ജി. ശങ്കരക്കുറുപ്പിന്റെയും കാലഘട്ടത്തിനുശേഷം തളർച്ചയുടെയും പതനത്തിന്റെയും ഒരു ഇരുണ്ട ദശാസന്ധി അനുഭവിക്കേണ്ടിവന്നു. പ്രമുഖ സാഹിത്യകാരന്മാർ തന്നെ പരിഷത്തിനെ പരസ്യമായെതിർക്കുകയും അതിന്റെ പ്രവർത്തനങ്ങളോട് നിസ്സഹകരിക്കുകയും ചെയ്തു. അതിനു മുമ്പുണ്ടായിട്ടില്ലാത്ത വിധം ശക്തമായ വീഴ്ചയായിരുന്നു അത്.

mappilaheritagelibrary

കടക്കെണി മാത്രമല്ല കേസുകെട്ടുമായി കോടതി നിരങ്ങേണ്ടി വന്ന കാലം. പരിഷത്തിന്റെ കുടിയിരുപ്പു സ്ഥലം സ്വാധീനപ്പെടുത്തുവാൻ ചിലർ നടത്തിയ ഗൂഢശ്രമം മണത്തറിഞ്ഞ്, അതിനെതിരെ പൊരുതി പരിഷത്തിന്റെ അവകാശം സ്ഥാപിക്കുന്നതിൽ സെയ്തുമുഹമ്മദ് വഹിച്ച പങ്ക് വന്ദ്യവയോധികനായിരുന്ന ടി.എം.ചുമ്മാർ എടുത്തുപറഞ്ഞിട്ടുണ്ട്.

കടലാസ് വാങ്ങിയ ചെട്ടിയാർക്ക് തൊട്ട് പണം പലിശയ്ക്കു നൽകിയ കൊച്ചിതമ്പുരാന് വരെ കടക്കെണിയിൽ മുങ്ങുകയായിരുന്നു, പരിഷത്ത്. ഈ ഋണബാധ്യതയിൽ നിന്ന് ഒടുവിൽ മുക്തി നേടിയത് സെയ്തു മുഹമ്മദിന്റെ നേതൃത്വത്തിൽ ഒരു കൂട്ടം യുവസാഹിത്യകാരന്മാരുടെ ശ്രമഫലമായിട്ടാണ്. ആജീവനാംഗങ്ങളെ സംഘടിപ്പിച്ച് കടബാധ്യതകൾ തീർക്കാൻ കഴിഞ്ഞപ്പോൾ തന്നെ സ്വാസ്ഥ്യം വീണ്ടെടുക്കാൻ കഴിഞ്ഞു. അതുപോലെ അകന്നുകഴിഞ്ഞ എഴുത്തുകാരെയെല്ലാം സൗഹൃദത്തിന്റെയും ആത്മാർത്ഥതയുടെയും കൈകൾ നീട്ടി വീണ്ടും പരിഷത്തുമായി വലിച്ചടുപ്പിക്കുന്നതിലും മറ്റാരേക്കാളും മുൻനിന്ന് പ്രവർത്തിച്ചതും സെയ്തുമുഹമ്മദാണ്. പ്രൊഫ.സുകുമാർ അഴീക്കോട്, പോഞ്ഞിക്കര റാഫി, സി.പി.ശ്രീധരൻ, ഒ.പി.ജോസഫ്, ടാറ്റാപുരം സുകുമാരൻ, ആർട്ടിസ്റ്റ് രാഘവൻ നായർ തുടങ്ങിയ പ്രശസ്ത സാഹിത്യകാരന്മാരുടെ ഒരു നിര തന്നെ പരിഷത്ത് നേതൃത്വത്തിലേക്ക് വന്നു. എറണാകുളത്തും തിരുവനന്തപുരത്തും കോഴിക്കോട്ടും കാസർക്കോട്ടും കൊടുങ്ങല്ലൂരിലും ദിവസങ്ങളോളം നീണ്ടുനിന്ന പരിഷത്ത് വാർഷികസമ്മേളനങ്ങൾ സാംസ്കാരികകേരളത്തിന്റെ ചൈതന്യം പകർന്ന ഉത്സവങ്ങളായി.

സാഹിത്യപരിഷത്തിന്റെ അദ്ധ്യക്ഷസ്ഥാനം സ്വീകരിക്കാനും തുടർന്നുകൊണ്ടുപോകാനും വേണ്ട മനസ്സാന്നിധ്യം തനിക്കു നൽകിയ പ്രബലമായ പ്രേരണ സെയ്തുമുഹമ്മദിന്റേതായിരുന്നുവെന്ന് സുകുമാർ അഴീക്കോട് തുറന്നുപറഞ്ഞിട്ടുണ്ട്. സെയ്തിന്റെ പ്രേരണയിൽ വിശ്വസിച്ച് പ്രവർത്തിക്കാമെന്നതായിരുന്നു അദ്ദേഹത്തിന്റെ ധൈര്യം. "സെയ്തുമുഹമ്മദ് മറ്റു പല രംഗങ്ങളിലും വളരെ വലിയ സംഭാവനകൾ ചെയ്ത സ്മരണീയ വ്യക്തിയായിരുന്നു. പക്ഷേ സാഹിത്യപരിഷത്തിന്റെ നവോത്ഥാനചരിത്രത്തിന് അദ്ദേഹം നൽകിയ സംഭാവന അവയേക്കാളെല്ലാം മഹത്തരമാണെന്ന് ഞാൻ-അല്ല, ഞങ്ങൾ വളരെപ്പേർ വിശ്വസിക്കുന്നു."

തന്റെ ആസ്ഥാനമായ കേരള ഹിസ്റ്ററി അസോസിയേഷന്റെ ഓഫീസിൽ നിന്ന് വിളിപ്പാടകലെയുള്ള സാഹിത്യപരിഷത്തിന്റെ ദയനീയമായ അവസ്ഥ, സാംസ്കാരികപ്രവർത്തനം ജീവിതചര്യയാക്കിയ ആ വലിയ മനുഷ്യനെ അസ്വസ്ഥനാക്കിയെങ്കിൽ അത് സ്വാഭാവികമായിരുന്നു. അതു തന്നെയാണ് പരിഷത്തിന്റെ യശോധാവാള്യം വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനും ഒരു വ്യാഴവട്ടക്കാലത്തെ ശ്രമഫലമായി അതിനെ പുനരുദ്ധരിക്കുവാനും കഴിഞ്ഞത്. പഴയ പാരമ്പ

mappilaheritagelibrary

ര്യത്തിന്റെ ഓർമ്മകളയവിറക്കി നിഷ്ക്രിയരായി കഴിയുന്ന മുടിഞ്ഞ തറവാടുപോലെയായിരുന്നു കേരളത്തിലെ എഴുത്തുകാരുടെ ഈ സംഘടന. മരിച്ചുകൊണ്ടിരുന്ന ഒരു സാഹിത്യപ്രസ്ഥാനത്തെ, സ്വന്തം ജീവനെപ്പോലും അവഗണിച്ച് വിശ്രമമില്ലാതെ പണിതിട്ടാണ് അദ്ദേഹമുൾപ്പെടെയുള്ളവർ പുനരുജ്ജീവിപ്പിച്ചത്.

ഹിസ്റ്ററി അസോസിയേഷന്റെ താല്ക്കാലികകെട്ടിടം മുഴുമിച്ചതിനുശേഷം സാഹിത്യപരിഷത്തിന്റെ കെട്ടിടനിർമ്മാണം തന്റെ മറ്റൊരു ജീവിതദൗത്യമായാണ് അദ്ദേഹം കണ്ടത്. കൊച്ചി നഗരത്തിന്റെ ഹൃദയഭാഗത്ത് സ്വന്തമായുള്ള 26 സെന്റ് സ്ഥലത്ത്, 10 ലക്ഷം രൂപ മുടക്കി– അന്നതൊരു വലിയ സംഖ്യയാണ് – ഒരു ബഹുനിലകെട്ടിടം നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കുവാൻ എറണാകുളത്ത് വിപുലമായ ഒരു സമ്മേളനം വിളിച്ചുകൂട്ടുവാനും അന്ന് ജില്ലാ കലക്ട്രറായിരുന്ന എസ്.കൃഷ്ണകുമാറിന്റെ സഹായത്തോടെ പ്രായോഗികമായ ഒരു പ്രൊജക്ട് തയ്യാറാക്കാനുമായിരുന്നു അദ്ദേഹത്തിന്റെ ആദ്യ ശ്രമം.

ഗ്രന്ഥശാലാസംഘവും കലാമണ്ഡലവും

കേരളഗ്രന്ഥശാലാ സംഘത്തിന്റെ ഭരണസമിതിയിലും എക്സിക്യൂട്ടീവ് കമ്മറ്റിയിലും 'ഗ്രന്ഥാലോകം' പത്രാധിപസമിതിയിലും അംഗമായിരുന്ന സെയ്തുമുഹമ്മദ്, ഗ്രന്ഥശാലപ്രസ്ഥാനത്തിനു വേണ്ടിയും തന്റെ വിലപ്പെട്ട സമയം ചെലവഴിച്ചു. 1974–ൽ എറണാകുളത്തുവെച്ചു നടന്ന ഗ്രന്ഥശാലാസംഘം വാർഷികസമ്മേളനം വിജയിപ്പിക്കുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് വലുതായിരുന്നു. പ്രസ്ഥാനത്തിന്റെ കാരണവരായ പി.എൻ. പണിക്കരെപ്പോലുള്ളവരെ സമൂഹത്തിനു മുന്നിൽ ആദരിക്കുന്നതിന് ലഭിക്കുന്ന അവസരമൊന്നും അദ്ദേഹം പാഴാക്കിയില്ല. സംഘത്തിന്റെ മറ്റൊരു സമുന്നത നേതാവായിരുന്ന പി.ടി.ഭാസ്കരപ്പണിക്കർ പറയുന്നത് നോക്കുക:

"ഗ്രന്ഥശാലാസംഘത്തിനകത്ത് ഏതാണ്ടൊരു പ്രതിപക്ഷ മനസ്ഥിതിയോടെയാണ് ഒരു കൂട്ടർ പെരുമാറിയത്. നല്ലതെന്തിനെയും എതിർക്കും. വിപ്ലവവായാടിത്തത്തിന്റെ പേരിൽ ഗവൺമെന്റിനെ വേണ്ടതിനും വേണ്ടാത്തതിനും വിമർശിക്കും. ഈ അടവുകളെയെല്ലാം രാഷ്ട്രീയമായും സംഘടനാപരമായും നേരിടാൻ സെയ്തുമുഹമ്മദിന് കഴിഞ്ഞു. കമ്മറ്റികളിൽ അധികമൊന്നും അദ്ദേഹം സംസാരിക്കുകയില്ല. വല്ലാതെ പൊറുതിമുട്ടിയാൽ എഴുന്നേൽക്കും. പിന്നെ ആരെയും വിടില്ല. തുറന്നെതിർക്കും. ഇങ്ങനെ എതിർപ്പ് നടത്തിയതുകൊണ്ട് ആരെങ്കിലും വ്യക്തിപരമായി പിരിയുമോ? ഇല്ലേയില്ല. പക്ഷേ, തനിക്ക് ഇഷ്ടപ്പെടാത്തത് ആര് പറഞ്ഞാലും അദ്ദേഹം എതിർക്കും. ഗ്രന്ഥശാലാസംഘത്തിൽ എല്ലാവരും ബഹുമാനിക്കുന്ന സാക്ഷാൽ പി.എൻ പണിക്കരായാൽപോലും സെയ്തുമുഹമ്മദ് എതിർക്കും. പക്ഷെ, യോഗം കഴിഞ്ഞ് പണിക്കർസാറിനെക്കുറിച്ച് രണ്ടു

mappilaheritagelibrary

നല്ല വാക്കു പറയാതെ അദ്ദേഹം പോകില്ല.”

കേരളകലാമണ്ഡലത്തിന്റെ വൈസ് പ്രസിഡണ്ടായിരുന്ന കാലത്ത് അതിനുവേണ്ടി സെയ്തുമുഹമ്മദ് ചെയ്തിട്ടുള്ള സേവനങ്ങൾ നിസ്തൂലമാണ്. കലാമണ്ഡലത്തിന്റെ സ്ഥാപകനായ വള്ളത്തോളിന്റെ ജന്മശതാബ്ദിയാഘോഷക്കമ്മറ്റിയുടെ ജനറൽ കൺവീനറായി അദ്ദേഹത്തെ ലഭിച്ചതിൽ ആ സാംസ്കാരികപ്രസ്ഥാനത്തിന്റെ പ്രവർത്തകരെല്ലാം ആഹ്ലാദിച്ചെങ്കിലും അദ്ദേഹം ആസൂത്രണം ചെയ്ത വിപുലമായ പരിപാടികൾ പ്രാവർത്തികമാക്കാൻ വിധി അദ്ദേഹത്തെ അനുവദിച്ചില്ല.

അതേസമയം കലാമണ്ഡലം ഒരു പ്രത്യേക സമുദായത്തിന്റെ കുത്തകയാക്കുന്നതിനോട് അദ്ദേഹം യോജിച്ചില്ല. കലാമണ്ഡലം ഹൈദരാലിയെപ്പോലുള്ളവരെ പ്രോൽസാഹിപ്പിച്ചുകൊണ്ട് സ്ഥാപനത്തിന്റെ പ്രവർത്തനശൈലി മതനിരപേക്ഷമാക്കുവാനാണ് അദ്ദേഹം ശ്രമിച്ചത്.

ഏഷ്യയിലെ എഴുത്തുകാരുടെ ഏറ്റവും വലിയ സഹകരണ പ്രസ്ഥാനമായിരുന്ന സാഹിത്യസഹകരണ സംഘം പ്രതിസന്ധിയെ നേരിട്ടുതുടങ്ങിയ ഒരു കാലമായിരുന്നു അത്. ഡയറക്ടർ ബോർഡ് അംഗമായിരുന്ന സെയ്തു മുഹമ്മദ് വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ സംഘത്തിന്റെ പൊതുതാല്പര്യത്തിന് ഹാനികരമായിത്തീരരുതെന്ന അഭിപ്രായക്കാരനായിരുന്നു. സ്വാധീനമില്ലാത്ത എഴുത്തുകാരുടെ ഗ്രന്ഥങ്ങൾ വായിച്ചു നോക്കുക പോലും ചെയ്യാതെ തിരിച്ചയക്കുന്ന പ്രവണത അവസാനിപ്പിക്കുവാനും അർഹരായ പുതിയ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കാനും അദ്ദേഹം കഴിയുന്നതെല്ലാം ചെയ്തു. സംഘത്തിന്റെ പ്രയോജനം സാഹിത്യത്തിലെ തമ്പുരാക്കന്മാർക്കു മാത്രമായി പരിമിതപ്പെടുത്തുന്നതിനോട് യോജിക്കുവാൻ അദ്ദേഹത്തിനു സാധ്യമായിരുന്നില്ല. എന്നാൽ താൻ ഔദ്യോഗികസ്ഥാനം വഹിക്കുന്ന കാലയളവിൽ സംഘത്തെക്കൊണ്ട് തന്റെ പുസ്തകങ്ങൾ പ്രസിദ്ധീകരിപ്പിക്കാതിരിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. അന്നൊക്കെ സെയ്തുമുഹമ്മദിന്റെ പുസ്തകങ്ങൾ തൃശ്ശൂരിലെ കറന്റ് ബുക്സ് വഴിയാണ് പ്രസിദ്ധീകരിച്ചിരുന്നത്. എസ്.പി.സി.എസ്. ഡയറക്ടർ സ്ഥാനം ഒഴിഞ്ഞതിനുശേഷം മാത്രമാണ് അദ്ദേഹത്തിന്റെ ‘ചരിത്രസഞ്ചാരം’ എന്ന കൃതി സംഘം പ്രകാശിപ്പിക്കുന്നത്.

മാതൃഭൂമി ചീഫ് എഡിറ്ററായിരുന്ന കെ.എ.ദാമോദരമേനോന്റെ അഭിപ്രായത്തിൽ മികച്ച ഒരു സംഘാടകനായിരുന്നു സെയ്തുമുഹമ്മദ്. കഴിഞ്ഞ മൂന്നു വ്യാഴവട്ടക്കാലമായി എറണാകുളത്തും കൊച്ചിയിലും അരങ്ങേറിയ പല സാംസ്കാരികാഘോഷങ്ങളുടേയും സൂത്രധാരൻ സെയ്തുമുഹമ്മദായിരുന്നു. പരിപാടികൾ ആസൂത്രണം ചെയ്യാനും അതിനെ അന്തർദ്ദേശീയ പ്രാധാന്യം നല്കത്തക്കവിധം രൂപപ്പെടുത്തുവാനുമുള്ള ഒരു പ്രത്യേക കഴിവ് സെയ്തു മുഹമ്മദിനുണ്ടായിരുന്നു. പല ആഘോ

mappilaheritagelibrary

ഷപരിപാടികളുടെയും ആരംഭം മുതൽ അവസാനം വരെ എല്ലാം ആസൂത്രണം ചെയ്തിരുന്നത് അദ്ദേഹമായിരുന്നു. അദ്ദേഹം ചരിത്രത്തെ ജനകീയമാക്കി. സാംസ്കാരികരംഗത്ത് ആർജ്ജവമുണ്ടാക്കി. വള്ളത്തോൾ ശതാബ്ദിയാഘോഷങ്ങൾക്കായി സമർപ്പിച്ച പ്രോജക്ട് അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന് മകുടോദാഹരണമായിരുന്നു. കേരളത്തിന്റെ സാംസ്കാരികജീവിതത്തിൽ അദ്ദേഹം അതുല്യശക്തിയായിരുന്നു.

സാഹിത്യ അക്കാദമി വൈസ്പ്രസിഡണ്ട്

1968-ൽ കേരളസാഹിത്യ അക്കാദമിയുടെ പ്രസിഡണ്ടായി കുറ്റിപ്പുഴകൃഷ്ണപിള്ളയേയും വൈസ് പ്രസിഡണ്ടായി സെയ്തു മുഹമ്മദ് സാഹിബിനെയും നോമിനേറ്റു ചെയ്തപ്പോൾ പലർക്കും അസഹ്യമായി തോന്നി. അന്ന് വിദ്യാഭ്യാസ-സാംസ്കാരിക വകുപ്പ് മന്ത്രിയായിരുന്ന സി. എച്ച് മുഹമ്മദ്കോയയുടെ ധീരവും ന്യായവുമായ തീരുമാനത്തിന്റെ ഫലമായിരുന്നു അത്. സാഹിത്യഅക്കാദമിയുടെ അമരത്ത് ഒരു മുസ്ലിം എഴുത്തുകാരനെ അവരോധിക്കുന്നത് പക്ഷപാതമാണെന്നു പറഞ്ഞ് അവർ മുറവിളികൂട്ടി. വാസ്തവത്തിൽ കേരളത്തിലെ സാംസ്കാരികരംഗത്ത് അദ്ദേഹം ചെയ്തുകൊണ്ടിരുന്ന മഹത്തായ ഏകോപനപ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായിരുന്നു അത്. സാഹിത്യരംഗത്തെ പല കൊമ്പന്മാരും നിരവധി ബിരുദങ്ങളുള്ള അക്കാദമിഷ്യന്മാരും കണ്ണുവെച്ചിരുന്ന സ്ഥാനമാണത്. എന്നാൽ എതിർപ്പുകളെ അവഗണിക്കുകയും എതിരാളികളെപ്പോലും തന്റെ പക്ഷത്താക്കുകയുമാണ് സെയ്തുമുഹമ്മദ് ചെയ്തത്.

വൈസ് പ്രസിഡണ്ട് സ്ഥാനമൊഴിഞ്ഞിട്ടും തുടർച്ചയായി മൂന്നു തവണ അദ്ദേഹം സാഹിത്യ അക്കാദമിയുടെ നിർവ്വാഹകസമിതിയംഗമായി സേവനമനുഷ്ഠിച്ചു. ഇക്കാലമത്രയും അർഹരും അവശരുമായ സാഹിത്യകാരന്മാർക്ക് എന്തെങ്കിലും സഹായങ്ങൾ ചെയ്തുകൊടുക്കാനല്ലാതെ സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി ഒരിക്കലും അദ്ദേഹം ഒന്നും ചെയ്തിട്ടില്ല. താൻ അംഗമായിരിക്കുന്ന സ്ഥാപനങ്ങൾ തന്നെപ്പോലെ തന്നെ ചൈതന്യമുള്ളതായിരിക്കണമെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു.

അക്കാലത്ത് അക്കാദമി സെക്രട്ടറിയായിരുന്ന പവനൻ എഴുതി: 'സാഹിത്യ അക്കാദമിയിൽ അംഗമായ കാലമത്രയും അദ്ദേഹത്തിന്റെ സാന്നിധ്യത്തിന്റെ ഗുണപരമായ സദ്ഫലങ്ങൾ അക്കാദമി അനുഭവിച്ചിട്ടുണ്ടെന്ന് ഉറപ്പിച്ചുപറയാനാഗ്രഹിക്കുന്നു'

സെയ്തുമുഹമ്മദ് സാഹിബിന് നാല്പതു വയസ്സു മാത്രമുള്ളപ്പോഴാണ് അദ്ദേഹം അക്കാദമി ഉപാധ്യക്ഷനാകുന്നത്. പ്രായക്കൂടുതലുള്ളവരും ഇരുത്തം വന്നവരും ഉന്നതശ്രേണിയിൽ നിൽക്കുന്നവരുമായ 'മഹാസാഹിത്യകാരന്മാർ'ക്ക് സംവരണം ചെയ്യപ്പെട്ട സ്ഥാനമാണ് അക്കാദമി ഉപാധ്യക്ഷന്റേതെന്നിരിക്കെ അത്തരം അർഹതകളൊന്നുമില്ലാത്ത ഒരാളെ

mappilaheritagelibrary

തൽസ്ഥാനത്തു നിയമിച്ചത് പന്തികേടായില്ലെ എന്ന സംശയമുന്നയിച്ച വരുമുണ്ടായിരുന്നു. അവരിൽ പലരും തങ്ങളുടെ എതിർപ്പ് പരസ്യമായിത്തന്നെ പ്രകടിപ്പിക്കുകയും ചെയ്തു. എന്നാൽ അക്കാദമി പ്രസിഡണ്ടായിരുന്ന പ്രൊഫ. കുറ്റിപ്പുഴയ്ക്ക് അതിൽ ഒരസുഖവും തോന്നിയില്ല. എന്ത് എതിർപ്പുണ്ടായിരുന്നാലും അതിനെ നേരിടുകതന്നെയെന്ന് സെയ്തുമുഹമ്മദും ഉറപ്പിച്ചു. ആത്മാർത്ഥതയും പരിചയസമ്പന്നതയും കൈമുതലാക്കിക്കൊണ്ട് ഉള്ള മണ്ണിൽ ഉറച്ചുനിൽക്കാനദ്ദേഹം തീരുമാനിച്ചപ്പോൾ എതിരാളികൾക്ക് പിൻവാങ്ങേണ്ടി വന്നു. ഒടുവിലൊടുവിലായപ്പോൾ എതിർത്തവരിൽ പലരും അദ്ദേഹത്തിനു സ്വീകരണം നല്കി. അവസാനം എതിർപ്പുതന്നെ ഇല്ലാതായി. മാത്രമല്ല എതിരാളികളുടെ ഇടയിലുണ്ടായിരുന്ന കൊമ്പനാനകൾ തന്നെ സെയ്തിന്റെ ചുറ്റും നിന്ന് അദ്ദേഹത്തിനൊരു രക്ഷാവലയം സൃഷ്ടിച്ചു. പിന്നീട് കേരളത്തിന്റെ സാംസ്കാരികരംഗത്ത് ഔദ്യോഗികതലത്തിലായാലും അനൗദ്യോഗികതലത്തിലായാലും കാര്യമായ പ്രവർത്തനം നടത്തുന്നതിന് സെയ്തു മുഹമ്മദുമായി കൂട്ടുകൂടിയേ കഴിയൂ എന്ന് വന്നു. അങ്ങനെ എതിർപ്പിന്റെ മുന ഒടിഞ്ഞു. ശത്രുക്കളെ മിത്രങ്ങളാക്കി, തന്റെ കർമ്മക്ഷേത്രത്തിന് വിശാലത വരുത്തിക്കൊണ്ടാണ് അറുപതുകളുടെ ഒടുക്കത്തിൽ സെയ്തു മുന്നേറിയത്."

സെയ്തു മുഹമ്മദിന്റെ ഭരണകാലത്ത് കേരള സാഹിത്യ അക്കാദമി കൂടുതൽ സജീവമായിത്തീർന്നു. അക്കാദമിയുടെ വീക്ഷണം വിപുലമായി. പ്രവർത്തനങ്ങൾക്കൊരു പുതിയ ഉണർവ്വുണ്ടായി. 1971-ൽ കുറ്റിപ്പുഴ അന്തരിച്ചതിനെത്തുടർന്ന് ആക്ടിംഗ് പ്രസിഡണ്ടായി അദ്ദേഹം പൂർണ സാരഥ്യം ഏറ്റെടുത്തു. അത്രയും പ്രായം കുറഞ്ഞ ആൾ ആ സ്ഥാനത്ത് അതുവരെ ഇരുന്നിട്ടില്ല. പരിണതപ്രജ്ഞനും പണ്ഡിതവരേണ്യനുമായിരുന്ന കുറ്റിപ്പുഴയുമായി സെയ്തിനെ താരതമ്യപ്പെടുത്തുന്നത് ശരിയായിരിക്കുകയില്ല. എന്നാൽ സെയ്ത് താനേറ്റെടുത്ത സ്ഥാനത്തിന് അദ്ദേഹത്തിന്റേതായ വ്യക്തിത്വം നൽകിയെന്നത് നിർവ്വിവാദമായ വസ്തുതയാണ്.

സാഹിത്യകാരന്മാരുടെ ഷഷ്ഠിപൂർത്തിയും സപ്തതിയും ആഘോഷിക്കുവാൻ മാത്രമുള്ള ഒരു സ്ഥാപനമാണ് സാഹിത്യ അക്കാദമി എന്ന ധാരണ തിരുത്തപ്പെട്ട കാലമാണത്. അക്കാദമി ഓഫീസ് പ്രവർത്തിച്ചിരുന്ന കെട്ടിടം, അതിനു സ്വന്തമായി ലഭിച്ചതും ഇവരുടെ ഭരണകാലത്ത് തന്നെ. അക്കാദമിക പ്രസിദ്ധീകരണങ്ങളിൽ വളരെ പ്രാധാന്യമുള്ള 'ഗ്രന്ഥസൂചി'യുടെ രണ്ടു ഭാഗങ്ങൾ പ്രസിദ്ധീകരിക്കുവാനുള്ള പ്രവർത്തനങ്ങളാരംഭിച്ചു. സെയ്ത് മുഹമ്മദ് മരിക്കുന്നതിനു കുറച്ചു മുമ്പ് മാത്രമാണിത് പുറത്തിറക്കുവാനായത്. എന്നാൽ താൻ തുടങ്ങിവെച്ച സാഹിത്യകാര ഡയറക്ടറി പ്രസിദ്ധീകരിച്ചുകാണാനുള്ള ഭാഗ്യം അദ്ദേഹത്തിന്റെ ജീവിതകാലത്തുണ്ടായില്ല.' ചിലപ്പതികാരം, ഭരതമുനിയുടെ നാട്യശാസ്ത്രം, മണിമേഖല, പദസംസ്കാരചന്ദ്രിക, മഹാഭാരതം തുടങ്ങിയ പല ക്ലാസിക് കൃതി

mappilaheritagelibrary

കളും മലയാളത്തിൽ പ്രകാശിപ്പിക്കുന്നതിനും അക്കാദമി മുഖപത്രമായ സാഹിത്യലോകം പ്രസിദ്ധീകരണമാരംഭിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് അദ്ദേഹം തുടക്കം കുറിച്ചു.

കേരള കലാമണ്ഡലം, സംഗീതനാടക അക്കാദമി തുടങ്ങിയ മറ്റു സാംസ്കാരിക സ്ഥാപനങ്ങളിലും സെയ്തു മുഹമ്മദ് മുൻകൈ എടുത്ത് പല പുരോഗമനപരമായ പ്രവർത്തനങ്ങളും ആരംഭിച്ചിരുന്നു. പ്രായത്തിൽ കവിഞ്ഞ പക്വതയും സാഹചര്യം അനുവദിക്കുന്നതിൽ കവിഞ്ഞ സേവനതല്പരതയുമാണ് ഈ വിജയങ്ങൾക്ക് കാരണം.

■

mappilaheritagelibrary

അഞ്ച്:

സമുദായസ്നേഹി

"ഖോജരാജാവായ തമ്പുരാനേ, നല്ല മലയാളം പറയുന്നവരിൽ നീ ഞങ്ങളെ ആക്കല്ലേ തമ്പുരാനേ"- ആറേഴ് പതിറ്റാണ്ടുകൾക്ക് മുമ്പുവരെ കേരളത്തിലെ മുസ്ലിംകൾക്കിടയിൽ മതപ്രബോധനം നടത്തിയിരുന്നതിന്റെ മാതൃക ഇതായിരുന്നുവെന്ന് സെയ്തുമുഹമ്മദ് പല വേദികളിലും വേദനയോടെ പറയുന്നത് കേട്ടിട്ടുണ്ട്. മലയാളം പഠിച്ചാൽ ഹിന്ദുവായും ഇംഗ്ലീഷു പഠിച്ചാൽ ക്രിസ്ത്യാനിയായും മാറുമെന്ന ഒരു അന്ധവിശ്വാസം എങ്ങനെയോ മുസ്ലിംകൾക്കിടയിൽ ഉറച്ചുപോയിരുന്നു. ഇതിനെതിരെയാണ് സനാഉല്ലാ മക്തിതങ്ങളെ പോലുള്ളവർ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സമരം ചെയ്തത്. സ്ത്രീ വിദ്യാഭ്യാസത്തിന്റെ ആവശ്യകത പോലും അന്നേ മക്തി തങ്ങൾ ചൂണ്ടിക്കാണിച്ചു. മതവിദ്യാഭ്യാസത്തോടൊപ്പം ഭൗതികവിദ്യാഭ്യാസം കൂടിയുണ്ടെങ്കിൽ മാത്രമേ ദുനിയാവിൽ രക്ഷപ്പെടാനാവുകയുള്ളൂ എന്ന് വെളിയങ്കോട് ഉമർ ഖാസിയെപ്പോലുള്ളവർ നിരന്തരം ഉദ്ബോധിപ്പിച്ചു. പൊതുസമൂഹത്തിൽ നിന്ന് അകന്നു നിൽക്കാനും ഒറ്റപ്പെടാനുമുള്ള വാസന, മുസ്ലിംകളെ മറ്റു പിന്നോക്ക സമുദായങ്ങളിൽ നിന്ന് ബഹുദൂരം പിന്നിലാക്കി. മതവിദ്യാഭ്യാസം തന്നെ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ടായിരുന്നു. അറബിയിലുള്ള, അർത്ഥമറിയാത്ത ഖുർആൻ സൂക്തങ്ങൾ കാണാപ്പാഠം പഠിച്ച് ഉരുവിടുന്നതുകൊണ്ട് വേദഗ്രന്ഥത്തിന്റെ ആത്മാവ് കണ്ടെത്താനാവില്ലെന്ന്, സ്വന്തം അനുഭവത്തിൽ നിന്ന് സെയ്തുമുഹമ്മദ് മനസ്സിലാക്കി. വിശുദ്ധ ഖുർആൻ മാതൃഭാഷയിൽ പ്രസിദ്ധീകരിച്ചു കാണാൻ അന്നേ ആഗ്രഹമുണ്ടായിരുന്നു.

mappilaheritagelibrary

കേരളത്തിൽ എൻ.എസ്.എസ്സിനേയും എസ്.എൻ.ഡി.പി.യേയും പോലുള്ള സംഘടനകൾ ഉണർത്തിവിട്ട നവോത്ഥാനാശയങ്ങൾ, പക്ഷേ, മുസ്ലിംകളെ അപ്പോഴും ചലനാത്മകമാക്കിയിരുന്നില്ല. വക്കം മൗലവിയുടെ പുരോഗമനാശയങ്ങൾ കൊച്ചി വരെ എത്തിയിരുന്നുവെങ്കിലും മലബാറിൽ അവയ്ക്ക് ആഴത്തിൽ വേരോട്ടമുണ്ടായില്ല. കൊടുങ്ങല്ലൂരിലെ പ്രമാണിമാരുടെ കക്ഷിവഴക്കുകൾ തീർക്കുവാൻ ജന്മംകൊണ്ട നിഷ്പക്ഷ സംഘം, പിൽക്കാലത്ത് കേരള മുസ്ലിം ഐക്യസംഘമായി രൂപാന്തരപ്പെട്ടു. തലശ്ശേരിയിലും കണ്ണൂരിലും പൊന്നാനിയിലുമൊക്കെ നടന്ന അതിന്റെ സമ്മേളനങ്ങൾ വിദ്യാഭ്യാസരംഗത്ത് ശക്തിയായ ഒരു മുന്നേറ്റമുണ്ടായാൽ മാത്രമേ മുസ്ലിംകൾക്ക് പുരോഗതിയുണ്ടാവുകയുള്ളൂ എന്ന ദിശാബോധം നൽകി. അന്ന് ആലുവയിൽ ഒരു അറബികോളേജ് തുടങ്ങുവാൻ ഐക്യസംഘത്തിന്റെ ആഭിമുഖ്യത്തിൽ, ഷെയ്ഖ് ഹമദാനി തങ്ങളുടെ നേതൃത്വത്തിൽ ഒരു ശ്രമം നടന്നുവെങ്കിലും അത് വിജയം കണ്ടില്ല. സമുദായത്തിലെ പല അനാചാരങ്ങൾക്കെതിരെയും ഐക്യസംഘം ആഞ്ഞടിച്ചു. ഒരു വ്യാഴവട്ടക്കാലത്തെ സജീവ പ്രവർത്തനത്തിന് ശേഷം സംഘം നിശ്ചലമായപ്പോൾ, അതിന്റെ സ്വത്തുക്കൾ കോഴിക്കോട്ടെ ഫാറൂഖ് കോളേജിന് സംഭാവന ചെയ്യുകയാണുണ്ടായത്. കെ.എം. സീതി സാഹിബ്, മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജി, കെ.എം. മൗലവി, ഇ.കെ. മൗലവി തുടങ്ങിയവർ നേതൃത്വം നൽകിയ ഐക്യസംഘത്തിന്റെ ആശയപരമായ ദൗത്യത്തിന്റെ പിന്തുടർച്ച പിന്നീട് ഏറ്റെടുത്തത് കേരള നദ്വത്തുൽ മുജാഹിദീനാണ്.

കൊച്ചി തുറമുഖം നിലവിൽ വരുന്നതിനും മുമ്പ് വിദേശരാജ്യങ്ങളുമായും സഞ്ചാരികളുമായും കേരളത്തെ ബന്ധപ്പെടുത്തിയിരുന്ന കൊടുങ്ങല്ലൂരിന്റെ സന്തതിയാണ് താനെന്നതിൽ എന്നും സെയ്തുമുഹമ്മദ് അഭിമാനം കൊണ്ടു. അറബ്സഞ്ചാരികൾ മുസ്രിസ് എന്നു വിളിച്ച ഈ തുറമുഖനഗരിയിലൂടെയാണ് യഹൂദരും ക്രിസ്ത്യാനികളും മുസ്ലിംകളും കേരളത്തിൽ കാലുകുത്തുന്നത്. ആധുനികകാലത്തെ കേരളത്തിന്റെ ധൈഷണികജീവിതത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയ നേതാക്കളേയും ബുദ്ധിജീവികളേയും സൃഷ്ടിച്ച പ്രദേശമാണ് കൊടുങ്ങല്ലൂർ..... മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, സീതിസാഹിബ്, പി.കെ.ബാലകൃഷ്ണൻ, പി.കെ.ഗോപാലകൃഷ്ണൻ, ഡോ: വി.എ.സെയ്തുമുഹമ്മദ്, ഡോ: അബ്ദുൽ ഗഫൂർ, ഡോ: എൻ.എ.കരീം, ഡോ: സി.കെ.കരീം, പി.ഭാസ്കരൻ - ഇവരെല്ലാം കൊടുങ്ങല്ലൂരിന്റെയും തൊട്ടടുത്തുള്ള എടവനക്കാടിന്റെയുമൊക്കെ സംഭാവനയാണല്ലോ. അക്കൂട്ടത്തിൽ സെയ്ദുമുഹമ്മദിന്റെ പ്രവർത്തന മേഖലകൾ വേറിട്ടുതന്നെ നിൽക്കുന്നു. മുസ്ലിംകൾ ഒരു ദിശാബോധമുള്ള സമുദായമായി മാറുന്നതിനെക്കുറിച്ച് സ്വപ്നങ്ങൾ കണ്ട, ആ സ്വപ്ന

mappilaheritagelibrary

ങ്ങൾ സാക്ഷാത്കരിക്കുന്നതിനുവേണ്ടി വ്യക്തവും സുചിന്തിതവുമായ പദ്ധതികൾ ആസൂത്രണം ചെയ്യണമെന്നാഗ്രഹിച്ച ക്രാന്തദർശിയായ സമുദായസ്നേഹിയായിരുന്നു അദ്ദേഹം. സമുദായസ്നേഹിയെന്നു പറയുമ്പോൾ സമുദായവാദി എന്ന് അർത്ഥമാകുന്നില്ല. എല്ലാ വിധത്തിലുള്ള വിഘടനവാദത്തിനും എതിരായിരുന്നു സെയ്തുമുഹമ്മദ്. പൊതുസമൂഹത്തിന്റെ ഒരു ഭാഗമായി നിന്നുകൊണ്ടുതന്നെ സമുദായ പുരോഗതി കൈവരിക്കാനാകുമെന്ന് അദ്ദേഹത്തിന് ശുഭാപ്തിവിശ്വാസമുണ്ടായിരുന്നു. പക്ഷേ; അതിന് സമുദായത്തിലെ എല്ലാ ശക്തികളും ഘടകങ്ങളും ഒന്നിച്ച് നിന്നേ തീരൂ. വ്യത്യസ്ത ആശയങ്ങൾ വെച്ചുപുലർത്തുന്ന വിഭിന്ന സാമുദായികസംഘടനകളുമായും അവയുടെ നേതാക്കളുമായും സെയ്ദുമുഹമ്മദ് നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്നു. അവരെല്ലാവരുമടങ്ങുന്നതായിരുന്നു അദ്ദേഹത്തിന്റെ സുഹൃദ്വലയം. ആശയപരമായ കടുംപിടുത്തത്തിന്റെ പേരിൽ അകന്നുനിന്ന വിവിധ ഗ്രൂപ്പുകളെ സമവായത്തിന്റെ കണ്ണിചേർക്കാൻ അദ്ദേഹം ആഗ്രഹിച്ചു.

സ്വാതന്ത്ര്യം ലഭിച്ചശേഷം ഏതാണ്ട് ഒരു പതിറ്റാണ്ടോളം കാലം ഉറങ്ങിക്കിടന്ന മുസ്ലിം സമുദായത്തെ തട്ടിയുണർത്തുന്നതിന് ആദ്യമായി അവർക്ക് സ്വന്തം ചരിത്രത്തെക്കുറിച്ചുള്ള വ്യക്തമായ ഒരു അവബോധം ഉണ്ടാക്കുവാൻ സെയ്തുമുഹമ്മദ് ആഗ്രഹിച്ചു. മുസ്ലിം സമുദായത്തിന്റെ ഉജ്ജ്വലമായ സാംസ്കാരികപാരമ്പര്യങ്ങളുടെ ചുരുളഴിച്ചു കാണിച്ച് അവരുടെ സമുദായാഭിമാനത്തെ സജീവമാക്കി നിലനിർത്തുകയായിരുന്നു അദ്ദേഹത്തിന്റെ ചരിത്രലേഖനങ്ങളുടേയും ഗ്രന്ഥങ്ങളുടേയും പ്രഥമലക്ഷ്യം. ടിപ്പു സുൽത്താന്റേയും കുഞ്ഞാലിമരക്കാരുടേയും കുഞ്ഞിമൂസ്സ മൂപ്പന്റേയും മമ്പുറം തങ്ങളുടേയും ധീരപോരാട്ടങ്ങളുടെ ചരിത്രഗാഥകൾ ഉരുക്കഴിച്ചത് ഒരു സമുദായത്തിന്റെ നഷ്ടവീര്യങ്ങൾ വീണ്ടെടുക്കുന്നതിന് വേണ്ടിയാണ്. ഒരിക്കലും ഒരു സമുദായികമാത്രവാദിയായിരുന്നില്ലെങ്കിലും ന്യൂനപക്ഷങ്ങളുടെ സാംസ്കാരികാസ്തിത്വത്തെകുറിച്ച് അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു:

"ഭൂരിപക്ഷത്തിന്റെ ഭാഷയും സംസ്കാരവും ദേശീയസംസ്കാരമാണെന്ന് സമർത്ഥിക്കാൻ വെമ്പൽകൊള്ളുമ്പോൾ ന്യൂനപക്ഷങ്ങൾ അവരുടെ പ്രത്യേക സാംസ്കാരികവിശേഷതകൾ വേണ്ടത്ര മാനിക്കപ്പെടുന്നില്ല എന്ന് സംശയിക്കുന്നു. സാംസ്കാരികപ്രശ്നങ്ങൾ ഭൂരിപക്ഷവീക്ഷണത്തിലൂടെയുള്ള നയവും നിയമവുമായി നടപ്പിലാക്കിയ രാഷ്ട്രങ്ങളിലെല്ലാം സാമൂഹ്യ നിമ്നോന്നതകൾ വടുകെട്ടി നിൽക്കുന്നത് കാണാം. എല്ലാ വിഭാഗങ്ങളുടേയും സംസ്കാരമുദ്രകൾക്ക് പ്രാതിനിധ്യവും പ്രാമുഖ്യവും നൽകുന്നതിൽ വൈമുഖ്യം കാണിച്ചാൽ സമുന്നതമായ ദേശീയോദ്ഗ്രഥനം സാധിതപ്രായമാകാൻ പ്രയാസമാകും". (സംസ്കാരസൗരഭം)

mappilaheritagelibrary

കേരള മുസ്‌ലിം ഡയറക്ടറി

1947-ൽ, കേരളത്തിലെ പ്രമുഖ മുസ്‌ലിംകളുടെ ഫോട്ടോകൾ ചേർത്ത് ഒരു ഡയറക്ടറി പ്രസിദ്ധീകരിക്കുവാൻ കൊച്ചിയിലെ ചില സമുദായസ്നേഹികൾ ആരംഭിച്ച പ്രവർത്തനങ്ങൾ പ്രാരംഭശൂരത്വം കൊണ്ടോ എന്തോ എങ്ങുമെത്താതെ നിലച്ചുപോയി. സെയ്തുമുഹമ്മദ് സാഹിബ് പത്രപ്രവർത്തനവുമായി പശ്ചിമകൊച്ചിയിൽ കഴിഞ്ഞിരുന്ന കാലത്താണ് ഇത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെടുന്നത്. അതൊരു നല്ല ആശയമായി തോന്നി. എന്നാൽ അത് കേവലമൊരു ഫോട്ടോ ആൽബമായി തരംതാഴ്ന്നുകൂടാ. കേരള മുസ്‌ലിംകളുടെ സമഗ്രമല്ലെങ്കിലും സംക്ഷിപ്തമായ ഒരു ചരിത്രം അതിലുണ്ടാകണം; സാംസ്കാരിക സംഭാവനകൾക്കും പ്രമുഖരുടെ ജീവചരിത്രക്കുറിപ്പുകൾക്കും ഇടമുണ്ടായിരിക്കണം. അതിന് ആദ്യമായി വേണ്ടത് മുസ്‌ലിം കേന്ദ്രങ്ങളിലൂടെയുള്ള ഒരു നീണ്ട കേരള പര്യടനമാണ്- സുഹൃത്തുക്കളുടെ മുമ്പിൽ ഈ പദ്ധതി അവതരിപ്പിച്ചപ്പോൾ സഹർഷം സ്വീകരിക്കപ്പെടുകയും ചെയ്തു.

അങ്ങനെയാണ് ഒരു നാലംഗസംഘം കാസർകോട് മുതൽ തിരുവനന്തപുരം വരെ മൂന്നുമാസക്കാലം നീണ്ടുനിന്ന പര്യടനം നടത്തിയത്- കെ.എച്ച്.സുലൈമാൻ മാസ്റ്റർ, സി.കെ.അബൂബക്കർ, മൗലവി മുഹമ്മദ് ഷാഫി, പി.എ.സെയ്തുമുഹമ്മദ് എന്നിവരടങ്ങിയതായിരുന്നു ഈ സംഘം. ഇങ്ങനെ ശേഖരിച്ച രേഖകളുടെ വെളിച്ചത്തിലാണ് സി.കെ.അബൂബക്കറിന്റെ സഹായത്തോടെ സെയ്തുമുഹമ്മദ് 'കേരള മുസ്‌ലിം ചരിത്രം' എഴുതിയുണ്ടാക്കുന്നത്: അത് പ്രത്യേകമായി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രാചീനകേരളത്തിന്റെ ഭൂമിശാസ്ത്രഘടന മുതൽ 1989 വരെയുള്ള ചരിത്രമാണ് ഇതിലുള്ളത്.

എന്നാൽ പള്ളികളുടേയും, മുസ്‌ലിം കേന്ദ്രങ്ങളുടേയും പ്രമുഖരുടേയും ഫോട്ടോകളുടെ ബ്ലോക്കുകൾ കാലപ്പഴക്കത്താൽ നഷ്ടപ്പെട്ടുപോയി. കേരള മുസ്‌ലിം ചരിത്രം കൂടി ഉൾപ്പെടുത്തിക്കൊണ്ട് കുറേക്കൂടി സമഗ്രമായ ഒരു ഡയറക്ടറി പ്രസിദ്ധീകരിക്കാൻ ഒരു ശ്രമം നടന്നു. 'മലബാർ ഇസ്‌ലാം' പത്രാധിപരായിരുന്ന, സി.വി.ഹൈദ്രോസിന്റെ മകനും സ്റ്റിവഡോറുമായിരുന്ന സി.വി.അബ്ദുൽ അസീസിനെ ഉൾപ്പെടുത്തിക്കൊണ്ട് 1956ൽ കേരളാ പബ്ലിക്കേഷൻസ് എന്ന പേരിൽ ഒരു പ്രസിദ്ധീകരണസ്ഥാപനത്തിന് അദ്ദേഹം രൂപം നൽകി. ഇതിനുവേണ്ടി വീണ്ടും പലതവണ സെയ്തുമുഹമ്മദിന് കേരളത്തിലുടനീളം സഞ്ചരിക്കേണ്ടിവന്നു. ആയിരത്തിലേറെ പള്ളികളുടെ ചരിത്രവും, മൺമറഞ്ഞ മഹാരഥൻമാരുടെ ജീവചരിത്രങ്ങളും ചരിത്രപ്രധാനമായ മുസ്‌ലിം കേന്ദ്രങ്ങളെ സംബന്ധിച്ച വിവരങ്ങളും ശേഖരിച്ചു. 730ൽ പരം പേജുകളോടെ 1960ൽ പ്രസിദ്ധീകരിച്ച കേരള മുസ്‌ലിം ഡയറക്ടറി, എന്തെല്ലാം പരിമിതികളുണ്ടായിരുന്നെങ്കി

mappilaheritagelibrary

ലും, സമുദായത്തിന്റെ ഒരു ഏകദേശ ചിത്രം വരച്ചുകാണിക്കുന്നുണ്ട്. കേരളത്തിലെ മുസ്‌ലിം അഭിഭാഷകരുടേയും ഗ്രന്ഥകാരൻമാരുടേയും ലിസ്റ്റ് പോലും അതിലുണ്ടായിരുന്നു. ഇന്ന് സമുദായത്തിന്റെ വിഭിന്ന തുറകളിലോരോന്നിലുമുണ്ടായ പുരോഗതി നോക്കുമ്പോൾ, അവയ്ക്കെല്ലാം പ്രത്യേകം പ്രത്യേകം ഡയറക്ടറി വേണ്ടിവരുമെന്നാണ് തോന്നുന്നത്.

എ.ബി. കൊച്ചുണ്ണി എന്ന മാർഗ്ഗദർശി

മുസ്‌ലിം സമുദായത്തിന്റെ സമഗ്രമായ ഒരു ചിത്രം ലഭിക്കണമെങ്കിൽ ഇതൊന്നും പോരെന്ന് സെയ്തുമുഹമ്മദിന് അറിയാമായിരുന്നു. ശാസ്ത്രീയമായി ശേഖരിച്ചു തയ്യാറാക്കിയ ഒരു സ്ഥിതിവിവരക്കണക്ക് അതിന് ആവശ്യമാണ്. എറണാകുളത്തെ വ്യവസായപ്രമുഖനായിരുന്ന എ.എസ്.ബാവ സാഹിബിന്റെ മകനും കേരള ജമാഅത്ത് ഫെഡറേഷൻ ട്രഷററുമായിരുന്ന എ.ബി.കൊച്ചുണ്ണിയാണ് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സർവ്വേ തയ്യാറാക്കാൻ മുൻകൈയെടുത്തത്. കേരളത്തിൽ ആദ്യമായി തൃശൂർ ജില്ലയിൽ സ്വന്തം ഉത്തരവാദിത്തത്തിൽ ഏതാനും വർഷംമുമ്പ് ഒരു ജമാഅത്ത് സർവ്വേ അദ്ദേഹം നടത്തുകയും ചെയ്തിരുന്നു. ജമാഅത്ത് ദൈവാരികയുടെ എഡിറ്ററും സെയ്തുമുഹമ്മദായിരുന്നു. അവയുടെ താളുകളിലും പ്രതിഭയുടെ അടയാളങ്ങൾ കാണാനാവും.

എറണാകുളം മുനവ്വിറുൽ ഇസ്‌ലാം സ്കൂൾ സ്ഥാപകനും വൈ.എം.സി.എ സെക്രട്ടറിയും എല്ലാ തലങ്ങളിലും സജീവമായി പ്രവർത്തിച്ചിരുന്ന പൊതുകാര്യപ്രസക്തനുമായിരുന്ന കൊച്ചുണ്ണി സാഹിബ്, സെയ്തുമുഹമ്മദുമായി പരിചയപ്പെട്ടപ്പോൾ, തന്റെ ആശയം സാക്ഷാത്കരിക്കാൻ ഏറ്റവും പ്രാപ്തനായ ഒരാളെ കണ്ടെത്തിയ ചാരിതാർത്ഥ്യത്തിലായി. കൊച്ചുണ്ണി സാഹിബ് ഇടപെടുന്ന എല്ലാ കാര്യങ്ങളിലും ചിട്ടയും പ്ലാനുമുണ്ടായിരിക്കും. സമചിത്തതയും തന്ത്രജ്ഞതയുമുള്ള സമീപന ലക്ഷ്യബോധത്തോടെയുള്ള, ആസൂത്രിതപ്രവർത്തനങ്ങൾക്ക് ദൂരവ്യാപകമായ ചലനങ്ങൾ ഉളവാക്കാനാവുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. സെയ്തുമുഹമ്മദിനെപോലെ സമാനമനസ്കനായ യുവാവിന്റെ സർഗ്ഗശക്തിയും കർമ്മചൈതന്യവും സമുദായത്തിന് വേണ്ടി മുഴുവൻ ഉപയോഗപ്പെടുത്തേണ്ടതുണ്ടെന്നും അദ്ദേഹം മനസ്സിലാക്കി.

സെയ്തുമുഹമ്മദിന്ന് ഇണങ്ങിയ അഭ്യസ്തവിദ്യയായ ഒരു വധുവിനെ കണ്ടെത്തുവാനും അവർക്ക് തന്റെ സ്കൂളിൽ തന്നെ അധ്യാപകജോലി നൽകുവാനും കൊച്ചുണ്ണി സാഹിബ് തുനിഞ്ഞത് അദ്ദേഹത്തിലുള്ള വ്യക്തിപരമായ താത്പര്യവും സ്നേഹവും എത്രമാത്രമാണെന്ന് വ്യക്തമാക്കുന്നു. എറണാകുളം മാർക്കറ്റ് റോഡിൽ മുനവ്വിറുൽ ഇസ്‌ലാം ഹൈസ്കൂളിനടുത്തുള്ള തന്റെ ഒരു കൊച്ചുവീടും അവർക്ക് അദ്ദേഹം വിട്ടുകൊടുത്തു. പിൽക്കാലത്ത് എറണാകുളം ഗിരിനഗറിൽ സ്വന്തം വീടു

mappilaheritagelibrary

ണ്ടാക്കി മാറുന്നതുവരെ സെയ്തുമുഹമ്മദും കുടുംബവും അവിടെയായിരുന്നു താമസം.

കേരള മുസ്‌ലിം സർവ്വെ

1962ൽ സെയ്തുമുഹമ്മദ് എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച 'കേരള മുസ്‌ലിം ജമാഅത്ത് സ്ഥിതിവിവരം', സമുദായം എവിടെ നിൽക്കുന്നു എന്നതിന്റെ ആധികാരികരേഖയാണ്. മഹല്ലടിസ്ഥാനത്തിൽ സ്വരൂപിച്ച സ്ഥിതിവിവരക്കണക്കുകൾ സമുദായത്തിന്റെ സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ വെളിപ്പെടുത്തി. മുപ്പതും നാല്പതും രൂപ മാസശമ്പളത്തിൽ പള്ളികളിൽ ജോലി ചെയ്യുന്ന ഇമാമുമാരേയും മുക്രിമാരേയും സാമ്പത്തികമായി സമുദ്ധരിക്കാതെ മുസ്ലിം സമുദായത്തിന് മുന്നോട്ടുപോകാനാകില്ലെന്ന് അത് തുറന്നുകാട്ടി. ചരിത്രപ്രധാനമായ ഈ രേഖ സമർപ്പിച്ചുകൊണ്ട് അദ്ദേഹമെഴുതി:

"സമുദായത്തിലെ പൊതുവെയുള്ള ഏറ്റക്കുറച്ചിലുകൾ, കണക്കുകൾ മുമ്പിൽ വെച്ച് സ്വയം ചർച്ച ചെയ്യാനുള്ള ഇദംപ്രഥമമായ ഒരു സംരംഭമെന്ന നിലയ്ക്ക് ഈ പ്രവർത്തനത്തെ അതർഹിക്കുന്ന ഗൗരവത്തോടെ ഉൾക്കൊള്ളുമെന്ന് വിശ്വസിക്കുന്നു"

കേരള ഇസ്‌ലാമിക് സെമിനാർ

അങ്ങനെ ആദ്യമായി മുസ്‌ലിംകൾക്ക് അവരുടെ പൊയ്പ്പോയ ചരിത്രമെന്തെന്ന് സെയ്തുമുഹമ്മദ് പറഞ്ഞുകൊടുത്തു; ഇപ്പോൾ എവിടെയാണ് നിൽക്കുന്നതെന്ന് ബോധ്യപ്പെടുത്തിക്കൊടുത്തു. ഇനിവേണ്ടത് ഭാവിയെ സംബന്ധിച്ച വ്യക്തമായ ആസൂത്രണമാണ്. അത് താനൊരാളായി ചെയ്യേണ്ടതല്ല. സമുദായത്തിന്റെ വിഭിന്ന തലങ്ങളിലുള്ളവർ ഒന്നിച്ച് ചർച്ചചെയ്ത്, ആ സംവാദങ്ങളുടെ സമവായത്തിൽ നിന്ന് സ്വയം ഉരുത്തിരിഞ്ഞുവരേണ്ട ഒന്നാണ്. അതിനുള്ള വേദി സൃഷ്ടിക്കുകയാണ് ഇനി വേണ്ടത് എന്ന് സെയ്തുമുഹമ്മദിന് തോന്നി. അതിന്റെ ഫലമായിരുന്നു 1963 മുതൽ 1968 വരെ നടന്ന ഇസ്‌ലാമിക് സെമിനാറുകൾ.

ആലുവായിലായിരുന്നു അതിന്റെ തുടക്കം. പിന്നീട് എറണാകുളത്തും ആലപ്പുഴയിലും കോഴിക്കോടും പാലക്കാടും ഇസ്‌ലാമിക് സെമിനാറുകൾ നടന്നു. ശരീഅത്ത് ഉൾപ്പെടെയുള്ള എല്ലാ വിഷയങ്ങളെക്കുറിച്ചും പ്രകോപനപരവും ചിന്തനീയവുമായ പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. അവയെ സംബന്ധിച്ച തലനാരിഴ കീറിയുള്ള ചർച്ചകൾ നടന്നു. മാറുന്ന കാലത്തിനനുസരിച്ച് മുസ്‌ലിംകൾ അവരുടെ സമീപനങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടോ? ഉണ്ടെങ്കിൽ അതെത്രത്തോളമാവാം?- തമ്മിൽ കണ്ടാൽ കീരിയേയും പാമ്പിനേയും പോലെ പൊരുതുന്ന വിവിധ സാമുദായിക, മതപ്രസ്ഥാനങ്ങളുടെ പ്രതിനിധികളാണ് ഒരു സ്റ്റേജിൽ ഒന്നിച്ചിരുന്ന് പരസ്പരം കേൾക്കാൻ തയ്യാറാകുന്നത്. മുജാഹിദും ജമാഅത്തും പറയുന്നതിലെ

mappilaheritagelibrary

സത്യാസത്യങ്ങൾ തിരിച്ചറിയാൻ ആകാംക്ഷയോടെ വലിയൊരു സദസ്സും. വിവിധ രാഷ്ട്രീയകക്ഷികളിൽ പെട്ടവരും ഒരു പാർട്ടിയിലും പെടാത്തവരും ഉദ്യോഗസ്ഥൻമാരും എഴുത്തുകാരും ബുദ്ധിജീവികളും ഒരുമിച്ച് പങ്കെടുക്കുന്ന മറ്റൊരു വേദി അതിന് മുമ്പും പിമ്പും കേരള മുസ്ലിംകൾക്കിടയിലുണ്ടായിട്ടില്ല. വിദ്യാഭ്യാസം, സാമൂഹ്യം, സാംസ്കാരികം, സാമ്പത്തികം തുടങ്ങി ഒരു വിഷയവും സെമിനാറിന്റെ ചിന്താപരിധിക്കപ്പുറത്തായിരുന്നില്ല. ശരീഅത്ത് നിയമങ്ങളിൽ കാലോചിതമായ മാറ്റം വരുത്തണമെന്ന എൻ.പി.മുഹമ്മദിന്റെ പ്രബന്ധം വലിയ ഒച്ചപ്പാടുണ്ടാക്കി. അതുപോലെ ഇസ്ലാമിക നിയമങ്ങൾക്ക് അകത്തുനിന്നുകൊണ്ട് കുടുംബാസൂത്രണത്തെ എങ്ങനെ സമീപിക്കണമെന്ന എൻ.കെ.എ.ലത്തീഫിന്റെ പ്രബന്ധവും പുതിയ ചിന്തയ്ക്ക് തീ കൊളുത്തി. മതേതര സമൂഹത്തിൽ മുസ്ലിംകളുടെ ഭാവി എങ്ങനെയായിരിക്കണം? ബേങ്കിംഗ്, ഇൻഷുറൻസ് തുടങ്ങിയ വിഷയങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണം? വിദ്യാഭ്യാസരംഗത്തും ഉദ്യോഗസ്ഥമേഖലയിലുമുള്ള നിയമനങ്ങളിലെ അവഗണനയെ എങ്ങനെ മറികടക്കണം? ഇങ്ങനെ കാലഘട്ടം ഗൗരവതരമായി ചിന്തിക്കേണ്ട വിഷയങ്ങളെ കുറിച്ചെല്ലാം ചർച്ചകൾ നടന്നു. മതപണ്ഡിതൻമാരും അദ്ധ്യാപകരും ഡോക്ടർമാരും എഞ്ചിനീയർമാരും സാഹിത്യകാരൻമാരും സജീവമായ താത്പര്യത്തോടെ അവയിൽ ഭാഗഭാക്കായി.

അഞ്ചുവർഷം മാത്രമേ നീണ്ടുനിന്നുള്ളൂവെങ്കിലും ഇസ്ലാമിക് സെമിനാറുകൾ കേരളത്തിലെ മുസ്ലിംസമുദായത്തിൽ പരത്തിയ വെളിച്ചം വലുതായിരുന്നു. പ്രൊഫ. സയ്യിദ് മുഹ്യിദ്ദീൻ ഷായെയും ഇ.കെ.മുഹമ്മദ് സാഹിബിനേയും പോലുള്ളവരാണ് സെമിനാറിന്റെ അമരത്ത് സെയ്തുമുഹമ്മദിനോടൊപ്പമുണ്ടായിരുന്നത്. കോളേജ് വിദ്യാർത്ഥികളടക്കം വലിയൊരു സംഘം യുവാക്കളെ അതാത് ഇടങ്ങളിൽ സന്നദ്ധസേവകരായി സംഘടിപ്പിക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ കർമ്മകുശലത ഒന്നുകൊണ്ടു മാത്രമാണ്. അക്കൂട്ടത്തിൽ ഇതെഴുതുന്നയാളുമുണ്ടായിരുന്നു. കാര്യപരിപാടികൾ അടങ്ങുന്ന ക്ഷണക്കത്തുകൾ അയക്കുന്നത് തുടങ്ങി സെമിനാർ പ്രഭാഷണങ്ങൾ അപ്പപ്പോൾ റിപ്പോർട്ട് ചെയ്യുക, എല്ലാം കഴിഞ്ഞതിന് ശേഷം അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളും ചർച്ചകളും സംഗ്രഹിച്ച്, എഡിറ്റുചെയ്ത് 'സെമിനാർ റിവ്യൂ' എന്ന പേരിൽ പ്രസിദ്ധീകരിക്കുക- തുടങ്ങിയ ഭാരിച്ച ഉത്തരവാദിത്തങ്ങൾ അദ്ദേഹം അന്ന് എന്നെ ഏൽപ്പിക്കുമായിരുന്നു.

ഒരു മുസ്ലിയാർ കുടുംബത്തിൽ പിറന്നു വലിയ കച്ചവടക്കാരനായി തീർന്ന ഇ.കെ.മുഹമ്മദ് സാഹിബിന്റെ എറണാകുളം മാർക്കറ്റ് റോഡിലുള്ള വീട്ടിലിരുന്നാണ് ഓരോ സെമിനാറിന്റേയും മുന്നൊരുക്കങ്ങൾ ചെയ്യുക. എല്ലാറ്റിനും അടുക്കുംചിട്ടയും ഉള്ള ഇ.കെ.യുടെ പ്രവർത്തനശൈലി മറ്റു സംഘടനാപ്രവർത്തകരിൽ നിന്ന് വ്യത്യസ്തമായിരുന്നു.

mappilaheritagelibrary

പിന്നീട് സെമിനാറിന്റെ ഭാരവാഹികൾ മാറുകയും പ്രവർത്തനരീതികൾക്ക് വ്യത്യാസം വരികയും ചെയ്തിട്ടുണ്ടാവാം. അതിന്റെ ഫലമായി സെമിനാർ പ്രവർത്തനവുമായി ബന്ധപ്പെട്ടവർക്കും വിഷമങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. സെമിനാർ റിവ്യൂ അച്ചടിച്ച പ്രസ്സിൽ പണം കൊടുക്കാൻ കഴിയാതെ ഞാനും വിഷമിച്ചിട്ടുണ്ട്. സെമിനാർ റിവ്യൂകളിലെ കനപ്പെട്ട ലേഖനങ്ങൾ ഒരൊറ്റ ഗ്രന്ഥമായി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിൽ ഒരു കാലഘട്ടത്തിലെ ബൗദ്ധികസംവാദങ്ങൾ ഭാവിതലമുറയ്ക്ക് പഠനവിഷയമായേനെ.

ആലപ്പുഴ ഇസ്ലാമിക് സെമിനാറിലാണെന്നാണ് ഓർമ്മ, ഉയർന്നുവന്ന ഒരു ചിന്ത ശ്രദ്ധേയമായി തോന്നി. ഏതൊരു ജനവിഭാഗത്തിലും നിശ്ചലതയുടേയോ പ്രതിസന്ധിയുടേയോ ഘട്ടത്തിൽ ഒരു വ്യക്തിത്വം ഉയർന്നുവരുന്നു. അതിനല്പം വീരാരാധനയുടെ അംശം കലർന്നേയ്ക്കാം. അങ്ങനെയൊരു നേതാവ്, സമുദായത്തിൽ ആകമാനം സ്വീകാര്യനായ ഒരു നേതാവ് നമുക്കിടയിൽ നിന്ന് ഉയർന്നുവരേണ്ടതല്ലേ?

ആ ചോദ്യത്തിന് പരിമിതമായ അർത്ഥത്തിൽ ലഭിച്ച മറുപടിയായിരുന്നു അബ്ദുൽ ഗഫൂറും അദ്ദേഹത്തിന്റെ ശ്രമഫലമായി ഉയർന്നുവന്ന മുസ്ലിം എഡ്യൂക്കേഷണൽ സൊസൈറ്റിയുമെന്ന് തോന്നുന്നു. എം.ഇ.എസ്. ഒരു വലിയ പ്രസ്ഥാനമായി അതിവേഗം വളർന്നു. പിൽക്കാലത്ത് പുഴുക്കുത്തുകൾ സംഭവിച്ചിട്ടുണ്ടാവാം; അഴിമതിയും അധികാരവടംവലിയുമൊക്കെ കാരണം, ഒരു വിഭാഗം വേറിട്ടുപോയിട്ടുണ്ടാകാം. പക്ഷേ; അതും സമുദായത്തിന് പ്രയോജനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് എം.എസ്.എസ് പോലുള്ള സംഘടനകൾ പിറന്നു. പിന്നെയും എത്രയോ പ്രസ്ഥാനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒരു കാലത്ത് ആധുനികവിദ്യാഭ്യാസത്തെ എതിർത്തവർ പോലും എല്ലാത്തരം വിദ്യഭ്യാസവും നൽകുന്ന കോംപ്ലക്സുകൾക്ക് രൂപം നൽകി. ഇതെല്ലാം ഇസ്ലാമിക് സെമിനാറിന്റെ ഫലമായിരുന്നോ എന്ന് ചോദിച്ചാൽ, പ്രത്യക്ഷമായി ആണെന്ന് ഉറപ്പിച്ചുപറയാൻ ആയെന്നുവരില്ല. എന്നാൽ പരോക്ഷമായ പ്രേരണകളും മാത്സര്യ ബോധവുമെല്ലാം ഉണ്ടാക്കാൻ സെമിനാർ ഉണർത്തിവിട്ട ചിന്താതരംഗങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു. ആ അർത്ഥത്തിൽ മുസ്ലിം സമുദായത്തിലിന്നും കാണുന്ന നിർമ്മാണാത്മകമായ ഉണർവ്വിന് ബീജാവാപം നൽകിയ വ്യക്തി സെയ്തുമുഹമ്മദ് സാഹിബാണെന്ന് പറയാം. അദ്ദേഹം ധൈഷണികതലത്തിലുയർത്തിയ വെളിച്ചം കർമ്മമണ്ഡലത്തിലേക്ക് വിവർത്തനം ചെയ്യപ്പെടുകയായിരുന്നു.

മാപ്പിളസാഹിത്യ സെമിനാർ

മതപരവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ പുരോഗതിയോടൊപ്പം തന്നെ പ്രധാനമാണ് ഒരു ജനതയുടെ സാംസ്കാരികമായ ഈടു

mappilaheritagelibrary

വെപ്പുകളും. കേരളത്തിലെ സാംസ്കാരിക ചരിത്രകാരൻമാരും കലാവിമർശകൻമാരും അതുവരെ വിസ്മരിച്ച മാപ്പിള സാഹിത്യത്തേയും കലകളേയും വീണ്ടെടുക്കേണ്ടത് ആവശ്യമാണെന്ന് സെയ്തുമുഹമ്മദിന് തോന്നി. അറബി-മലയാള സാഹിത്യത്തിൽ മറഞ്ഞുകിടന്ന അനർഘമായ കൃതികളിലേക്ക് വെളിച്ചം വീശുവാനും വിസ്മരിക്കപ്പെട്ട മാപ്പിള സാഹിത്യകാരൻമാരേയും കലാകാരൻമാരേയും പൊതുസമൂഹത്തിന്ന് പരിചയപ്പെടുത്തിക്കൊടുക്കുവാനും ഉദ്ദേശിച്ച് 1971ൽ തിരൂരങ്ങാടി പി.എസ്.എം.ഒ കോളേജിൽ നടന്ന അഞ്ചുദിവസം നീണ്ടുനിന്ന മാപ്പിളസാഹിത്യ സെമിനാർ അഭൂതപൂർവ്വമായ ഒരു സംഭവമായിരുന്നു.

മലയാളി മുസ്ലിംകളുടെ ഒരു മത ഉപഭാഷയെന്ന നിലയിൽ അവരുടെ സാംസ്കാരികജീവിതത്തിൽ അറബിമലയാളത്തിനും സവിശേഷസ്ഥാനമുണ്ടായിരുന്നു. മുസ്ലിംകൾ കടന്നുചെന്നിടങ്ങളിലെല്ലാം തന്നെ അറബി ലിപി ഉപയോഗിച്ച് മതപരവും അല്ലാത്തതുമായ ആശയങ്ങൾ പ്രാദേശികഭാഷകളിൽ രചിക്കുകയാണ് ചെയ്തത്. അറബി-മലയാളം പോലെ തന്നെ തമിഴ്നാട്ടിൽ അറബി-തമിഴും മറ്റു പ്രദേശങ്ങളിൽ അതുപോലുള്ള സങ്കരഭാഷകളുമുണ്ടായിട്ടുണ്ട്. മാലപ്പാട്ടുകൾ, പടപ്പാട്ടുകൾ, കല്ല്യാണപ്പാട്ടുകൾ, കത്തുപാട്ടുകൾ തുടങ്ങിയ പദ്യകൃതികൾക്ക് പുറമെ മതനിയമങ്ങളും അവയുടെ വ്യാഖ്യാനങ്ങളും കഥകളുമുൾപ്പെടുന്ന ഗദ്യഗ്രന്ഥങ്ങളും ധാരാളമുണ്ടായിട്ടുണ്ട്. അവയിൽ ആരോഗ്യത്തേയും ശാസ്ത്രജ്ഞാനത്തേയും കുറിച്ചുള്ള കൃതികളും ഉൾപ്പെടുന്നു.

ഏറനാട്ടിലെ സാധാരണക്കാരായ, പാവപ്പെട്ട കർഷകത്തൊഴിലാളികളുടെ ഹൃദയത്തുടിപ്പുകൾ ഏറ്റുവാങ്ങിയ, കേരള സാംസ്കാരിക ജീവിതത്തെ ധന്യമാക്കുന്ന ഈ സാഹിത്യശാഖയെക്കുറിച്ച് സെയ്തുമുഹമ്മദിന്നു ഒരുപാട് സ്വപ്നങ്ങളുണ്ടായിരുന്നു:

"വളരെയേറെ മാപ്പിളപ്പാട്ടുകളും സാഹിത്യവും പല മുസ്ലിം ഭവനങ്ങളിലും വിദ്യാലയങ്ങളിലും കിടപ്പുണ്ട്. അറബിമലയാളത്തിലെഴുതിയതും അച്ചടിക്കപ്പെട്ടതുമായ കൃതികളിൽ പത്ത് ശതമാനം പോലും മലയാള ലിപിയിലേക്ക് പകർത്തപ്പെട്ടിട്ടില്ല. ആവശ്യമായ വ്യാഖ്യാനത്തോടും കാലോചിതമായ പരിഷ്കാരങ്ങളോടുംകൂടി പ്രധാനപ്പെട്ട കൃതികളെങ്കിലും ഭാഷാന്തരം ചെയ്യാനുള്ള ശ്രമമുണ്ടാകേണ്ടിയിരിക്കുന്നു. പതിനേഴാം നൂറ്റാണ്ടിന് മുമ്പ് അച്ചടിക്കപ്പെട്ട ഗ്രന്ഥങ്ങളുള്ള ഈ സാഹിത്യശാഖയ്ക്ക് അതിലെത്രയോ മുമ്പത്തെ ധന്യസംസ്കാരത്തിന്റെ കഥ പറയാനുണ്ടാകും! ശുദ്ധമലയാളം അഭ്യസിക്കുന്നതിന് മുമ്പ് ആശയാവിഷ്കരണത്തിന് ഉപയോഗപ്പെടുത്തിയ ഈ ഭാഷാസാഹിത്യശാഖ വട്ടെഴുത്തിന്റേയും കോലെഴുത്തിന്റേയും കാലത്തെ ഭാഷാസഖിയാണ്." (സംസ്കാരസൗരഭം)

കാലഘട്ടങ്ങളിലൂടെ ലിപിപരിഷ്കരണമുൾപ്പെടെയുള്ള പല

mappilaheritagelibrary

വികാസപരിണാമങ്ങളും ആ സങ്കരഭാഷയ്ക്കുണ്ടായിട്ടുണ്ട്. എന്നാൽ മുസ്‌ലിംകൾ പോലും തങ്ങളുടെ ഈ സാംസ്കാരിക പൈതൃകത്തെ പാടേ വിസ്മരിച്ചുകഴിയുന്ന കാലത്താണ് തിരൂരങ്ങാടിയിലെ മഹാകവി മോയിൻകുട്ടിവൈദ്യർ നഗറിൽ മാപ്പിളസാഹിത്യ സെമിനാർ സംഘടിപ്പിക്കുന്നത്. ഒരിക്കലും നടക്കുകയില്ലെന്ന് പലരും പുച്ഛിച്ചുതള്ളിയ സാംസ്കാരിക സംഭവം അതർഹിക്കുന്ന രീതിയിൽ തന്നെ പത്രങ്ങൾ റിപ്പോർട്ട് ചെയ്തു. മാപ്പിളസാഹിത്യത്തിന് വേണ്ടി ഒരു ആയുസ്സ് മുഴുവൻ നീക്കിവെച്ച ടി.ഉബൈദ് സാഹിബിനെ കെ.പി.കേശവമേനോൻ പൊന്നാട അണിയിച്ചപ്പോൾ, അതിന്റെ ചാരിതാർത്ഥ്യം മുഴുവൻ പ്രകടമായി കണ്ടത് പി. എ. സെയ്തു മുഹമ്മദിന്റെ മുഖത്തായിരുന്നു.

മുൻ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ചാക്കീരി അഹ്മദ്കുട്ടിയുടെ പിതാവ് ചാക്കീരി മൊയ്തീൻകുട്ടി അറബി മലയാളത്തിൽ രചിച്ച "ചാക്കീരിബദർ" മലയാളലിപിയിൽ എഴുതി പ്രസിദ്ധീകരിക്കുകയും അതിന്റെ പ്രകാശനം സെമിനാറിൽ തന്നെ നടത്തുകയും ചെയ്തത് സെയ്തുമുഹമ്മദിന്റെ കലവറയില്ലാത്ത പ്രേരണ കൊണ്ടാണ്. മന്ത്രി തന്നെയാണ് പിതാവിന്റെ പുസ്തകത്തിന് അവതാരിക എഴുതിയത്. സെമിനാറിനോട് അനുബന്ധിച്ച് അറബി-മലയാള ഗ്രന്ഥങ്ങളുടെ പ്രദർശനവും സംഘടിപ്പിച്ചിരുന്നു. എല്ലാ ദിവസവും മാപ്പിള കലാപരിപാടികളും മാപ്പിള ഗാനമേളയുമൊക്കെ ഉണ്ടായിരുന്നു. സമാപന ദിവസത്തെ കലാപരിപാടി ഉദ്ഘാടനം ചെയ്തത് അന്നത്തെ നിത്യഹരിതനായകൻ പ്രേംനസീർ ആണ്. അദ്ദേഹം സദസ്സിനെ അഭിമുഖീകരിച്ച് സലാം ചൊല്ലിയപ്പോൾ, ആൾക്കൂട്ടം ചിരിക്കുകയാണുണ്ടായത്. അതദ്ദേഹത്തെ വല്ലാതെ വേദനിപ്പിച്ചുവെന്നു തോന്നുന്നു. വളരെ വികാരഭരിതനായി പ്രേംനസീർ പറഞ്ഞു:

"ഞാൻ സലാം ചൊല്ലിയപ്പോൾ തിരിച്ചുചൊല്ലുന്നതിന് പകരം നിങ്ങൾ ചിരിച്ചുതള്ളിക്കളഞ്ഞു. ഞാനൊരു കലാകാരനായതുകൊണ്ടായിരിക്കാം. എന്നാൽ ഞാനൊരു കള്ളക്കടത്തുകാരനോ കരിഞ്ചന്തക്കാരനോ ആയിരുന്നെങ്കിൽ നിങ്ങൾ അങ്ങനെ ചെയ്യുമായിരുന്നോ? ജീവിക്കാൻ വേണ്ടി മുഖത്ത് ചായം തേക്കുന്നുവെന്ന ഒരു കുറ്റമേ ഞാൻ ചെയ്തുള്ളൂ. നിങ്ങളെപോലെ ഞാനും ഒരു മുസൽമാനാണ്!"

മാപ്പിള സെമിനാർ കാലത്ത് മഹാകവി മോയിൻകുട്ടി വൈദ്യരുടെ ഓർമ്മയ്ക്കായി ഒരു സ്മാരകം, അദ്ദേഹത്തിന്റെ ജന്മനാടായ കൊണ്ടോട്ടിയിൽ സ്ഥാപിക്കണമെന്ന് സെയ്തുമുഹമ്മദ് സാഹിബ് വളരെയധികം ആഗ്രഹിച്ചിരുന്നു. അതിനെകുറിച്ച് അദ്ദേഹം പല സങ്കല്പങ്ങളും നെയ്തുകൂട്ടി. മാപ്പിള സാഹിത്യത്തെയും കലകളേയും അറബിമലയാള ഭാഷയേയുമൊക്കെ കുറിച്ച് ഗവേഷണപഠനങ്ങൾ നടത്താനാവുന്ന, യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്ത ഒരു വിദ്യാകേന്ദ്രമാണദ്ദേഹം വിഭാവനം ചെയ്തത്. വിദ്യാഭ്യാസ മന്ത്രിമാരായിരുന്ന ചാക്കീരി അഹമ്മദ്കുട്ടി, സി.

mappilaheritagelibrary

എച്ച്.മുഹമ്മദ്കോയ തുടങ്ങിയവരോട് ഈ ആശയങ്ങൾ ചർച്ച ചെയ്യാറു മുണ്ടായിരുന്നു. സെമിനാറിന്റെ ഭാഗമായി തന്നെ സ്മാരകത്തിന് തറക്ക ല്ലിടണമെന്ന് അദ്ദേഹം തിരക്കുകൂട്ടിയെങ്കിലും സ്ഥലം അനുവദിച്ചുകിട്ടു ന്നതിലുള്ള ഔദ്യോഗിക നടപടിക്രമങ്ങൾ പൂർത്തിയാകാത്തതുകൊണ്ട് ഒന്നും നടന്നില്ല. കൊണ്ടോട്ടി മെയിൻറോഡിൽ തന്നെ സ്മാരകത്തിന് സ്ഥലം ലഭിക്കുമെന്നാണ് കരുതിയതെങ്കിലും, ടി.ഉബൈദിന്റേയോ സെയ്തു മുഹമ്മദിന്റേയോ ജീവിതകാലത്ത് ആ ആഗ്രഹം സാക്ഷാത്കരിക്കപ്പെട്ടി ല്ല. വളരെ വൈകിയാണ് ആ സ്മാരകമന്ദിരം യാഥാർത്ഥ്യമായത്. ആണ്ടി ലൊരാഴ്ചക്കാലം മാപ്പിള കലോത്സവം സംഘടിപ്പിക്കണമെന്ന ആഗ്രഹവും നിറവേറ്റപ്പെടാതെ അവശേഷിക്കുന്നു.

സഫലമാകാത്ത സ്വപ്നങ്ങൾ

ഇസ്ലാമിക് സെമിനാറുകളിൽ തന്നെ മാപ്പിള സാഹിത്യവുമായി ബന്ധപ്പെട്ട പ്രബന്ധങ്ങൾക്കും ചർച്ചകൾക്കും സെയ്തുമുഹമ്മദ് ചില സമ്മേളനങ്ങൾ നീക്കിവെച്ചിരുന്നു. ടി.ഉബൈദിനേയും ഒ.ആബുവിനേയും പോലെ ആ വിഷയത്തിൽ അഗാധ പാണ്ഡിത്യമുള്ളവരാണ് പ്രബന്ധങ്ങൾ അവതരിപ്പിച്ചത്. ആബുസാഹിബിനെ കൊണ്ട് 'അറബിമലയാള സാഹി ത്യചരിത്രം' എന്ന പ്രാമാണികഗ്രന്ഥം എഴുതിച്ചതും സെയ്തുമുഹമ്മദാണ്.

ഇസ്ലാമിക സംസ്കാരത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ഈടുറ്റ പുസ്തകങ്ങൾ പുറത്തിറക്കുന്നതിന് ഒരു പ്രസാധനാലയം അദ്ദേഹത്തിന്റെ മറ്റൊരു സ്വപ്നമായിരുന്നു. കൾച്ചറൽ പബ്ലിക്കേഷൻസ് എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി അതിനായി രജിസ്റ്റർ ചെയ്യുകയുമുണ്ടാ യി. എറണാകുളത്ത് മുനവ്വിറുൽ ഇസ്ലാം സ്കൂൾവളപ്പിൽ ഒരു ഷോറൂം തുറക്കുകയും ചെയ്തു. എന്നാൽ സ്വന്തമായൊരു പ്രസ്സുണ്ടാക്കാനോ, നല്ല പുസ്തകങ്ങൾ എഴുതിച്ച് പ്രസിദ്ധീകരിക്കുവാനോ സാധിച്ചില്ല. പല കാര ണങ്ങളാലും അതെല്ലാം നീണ്ടുപോവുകയായിരുന്നു. ഒടുവിൽ കമ്പനി രജിസ്ട്രാരുടെ നിർദ്ദേശമനുസരിച്ച് സ്ഥാപനത്തിന്റെ പ്രവർത്തനം പൂർണ്ണ മായും നിർത്തിവെയ്ക്കേണ്ടിവന്നു. കായംകുളത്തെ ലേഖ പബ്ലിക്കേഷൻസ് ഏറ്റെടുക്കാനുള്ള ശ്രമവും പരാജയപ്പെട്ടു.

എറണാകുളത്തെ മാസ് ഹോട്ടലിൽ വക്കം അബ്ദുൽഖാദർ, ടി. പി.കുട്ട്യമ്മു സാഹിബ് തുടങ്ങിയ ബുദ്ധിജീവികളെ വിളിച്ചുകൂട്ടി 'ബാങ്കേദറ പബ്ലിക്കേഷൻസ്' എന്ന പേരിൽ ഒരു പ്രസിദ്ധീകരണശാല ആരംഭിക്കു വാനും സെയ്തുമുഹമ്മദ് ശ്രമിക്കാതിരുന്നില്ല. അല്ലാമാ ഇഖ്ബാലിന്റെ ഒരു കാവ്യകൃതിയാണ് ബാങ്കേദറ. മണിമുഴക്കമെന്നർത്ഥം. എന്നാൽ ആ മണിയൊച്ച ഒരിക്കലും കേൾക്കപ്പെടാതെ പോയി- തിരുവനന്തപുരത്ത് അത് രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിക്കുക വരെ ചെയ്തതാണെ ങ്കിലും കാര്യമായി മുന്നോട്ടുപോയില്ല.

mappilaheritagelibrary

മുസ്‌ലിം സമുദായത്തിന് സ്വന്തമായ ഒരു പ്രസിദ്ധീകരണശാല എന്ന ആശയം സാക്ഷാത്കരിക്കപ്പെട്ടില്ലെങ്കിലും മുസ്‌ലിം എഴുത്തുകാരുടെ പുസ്തകങ്ങൾ മറ്റു പ്രസിദ്ധീകരണ സ്ഥാപനങ്ങളെ കൊണ്ടെടുപ്പിക്കാൻ കഴിയാവുന്നിടത്തോളം സെയ്തുമുഹമ്മദ് സാഹിബ് ശ്രമിച്ചു. അദ്ദേഹം സാഹിത്യപ്രവർത്തക സഹകരണസംഘം ഡയറക്ടറായിരുന്ന കാലത്താണ് സി.എൻ.അഹമ്മദ് മൗലവിയുടെ വിശുദ്ധ ഖുർആൻ പരിഭാഷ പ്രസിദ്ധീകരിച്ചത്. ഒരു മുസ്‌ലിം പബ്ലിക്കേഷൻ വഴി പുറത്തുവന്നിരുന്നെങ്കിൽ ലഭിക്കാമായിരുന്നതിനേക്കാൾ പ്രയോജനം അതുകൊണ്ട് ആ വിവർത്തനകൃതിക്കുണ്ടായി. ഖുർആനേയും ഇസ്‌ലാമിനേയും പറ്റി കൂടുതൽ അറിയാനുള്ള പൊതുധാരാവായനക്കാരുടെ ആകാംക്ഷയെ അതു വളർത്തി.

സഫലമാകാതെ പോയ മറ്റൊരു അഭിലാഷം കൂടി ഉണ്ടായിരുന്നു, സെയ്തുമുഹമ്മദിന്. അത് മുസ്‌ലിം സമുദായത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയ എ.ബി.കൊച്ചുണ്ണിസാഹിബിന് എറണാകുളം നഗരത്തിൽ ഒരു സ്മാരകം പണിയുക എന്നതായിരുന്നു. അതിന്നനുയോജ്യമായ ഒരു സ്ഥലം കണ്ടെത്തുവാൻ നടത്തിയ ശ്രമം വിജയിച്ചില്ല. അനുകൂലസാഹചര്യങ്ങളുടെ അഭാവത്തിൽ അത് തുടങ്ങിയേടത്തുതന്നെ നിന്നുപോവുകയാണുണ്ടായത്.

■

mappilaheritagelibrary

ആറ്:

സുഹൃത്ത്

"എനിക്ക് കുറെ നല്ല സുഹൃത്തുക്കളുണ്ട്; അതാണ് എന്റെ നേട്ടം" എന്ന് എപ്പോഴും സെയ്തു മുഹമ്മദ് പറയുമായിരുന്നു. സ്വന്തം കുടുംബത്തെപ്പോലെ തന്നെ, ഒരു പക്ഷെ അതിനേക്കാളൊക്കെ ഉപരിയായി അദ്ദേഹം അവരെ സ്നേഹിച്ചു.

ടാറ്റാപുരം സുകുമാരൻ ഒരു സംഭവം അനുസ്മരിക്കുന്നു: "ഒരു രംഗം ഓർമ്മവരികയാണ്. കൊടുങ്ങല്ലൂരിൽ സാഹിത്യപരിഷത്ത് സമ്മേളനം നടക്കുന്നു. പ്രധാന സൂത്രധാരൻ സെയ്തുമുഹമ്മദ് തന്നെയാണ്. സമ്മേളനരംഗത്തും സ്വാഗതസംഘം ഓഫീസിലും കാന്റീനിലും ചിലപ്പോൾ അടുക്കളയിലും അദ്ദേഹത്തെ കാണാം. എല്ലാം അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ; എന്നാൽ താൻ ഇതിന്റെയൊന്നും ആളല്ല എന്നമട്ടിൽ ഉത്തരവാദിത്തങ്ങളുടെ മധ്യത്തിലും ഒരു സുഹൃത്തിന്റെ തോളിൽതട്ടി കുശലം ആരായാനും ഒരു പ്രാസംഗികനോട് 'ഹോസ്റ്റലിലെ താമസം സുഖമല്ലെ' എന്നുചോദിക്കാനും അദ്ദേഹം മറക്കാറില്ല.

"സമ്മേളനസ്ഥലത്തിനടുത്തുള്ള ഒരു ഹോട്ടലിലാണ് സെയ്തുമുഹമ്മദ് താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ വീട് സമ്മേളനനഗറിൽ നിന്നു അഞ്ചാറുകിലോ മീറ്റർ അകലെ മാത്രമായിരുന്നെങ്കിലും സുഹൃത്തുക്കളെ വിട്ട് വീട്ടിൽപോയി ഒരു രാത്രിയെങ്കിലും താമസിക്കാൻ കൂട്ടാക്കിയില്ല. സമ്മേളനം കഴിഞ്ഞാൽ സ്വന്തം മുറിയിൽ സുഹൃത്തുക്കളുമൊന്നിച്ച് സംസാരിക്കുന്നതായിരുന്നു അദ്ദേഹത്തിന് ഇഷ്ടം. ഒരുദിവസം ഒ.പി ജോസഫും ഞാനും സെയ്തും കൂടി സരസസംഭാഷണത്തിലേർപ്പെട്ടിരി

mappilaheritagelibrary

ക്കുകയായിരുന്നു. അപ്പോഴാണ് സെയ്തിന്റെ ഭാര്യ മിസിസ്സ് ഖദീജ മുറിയിലേക്ക് കടന്നുവന്നത്.

"ഇതെന്തൊരു ഇരിപ്പാണ്! ഇന്നെങ്കിലും നമുക്കൊന്ന് വീട്ടിൽപോകണ്ടെ?"

സ്വതഃസിദ്ധമായ പുഞ്ചിരിയോടെ സെയ്ത് പറഞ്ഞു: "നീ വേണമെങ്കിൽ പോയ്ക്കോ. നിന്നെ കല്ല്യാണം കഴിക്കുന്നതിന്ന് മുൻപേ ഞാനിവരെയെല്ലാം കല്ല്യാണം കഴിച്ചതാണ്." എന്നെയും ഒ.പിയേയും സൂചിപ്പിച്ചുള്ളതായിരുന്നു ആ റിമാർക്ക്. ശരിയാണ് ഖദീജയുമായുള്ള സെയ്തിന്റെ ബന്ധത്തിന്ന് പതിനേഴു വർഷത്തെ പഴക്കമേയുള്ളൂ. ഞങ്ങളുടെ ഹൃദയ ബന്ധമാകട്ടെ. മൂന്നു ദശാബ്ദക്കാലത്തെയും!

"അന്ന് കനത്ത മുഖവുമായി ഖദീജ മുറിവിട്ടിറങ്ങിയപ്പോൾ ഞാൻ പറഞ്ഞു: ഇങ്ങനെയൊരാൾ! ഇന്നെങ്കിലും ഭാര്യയുടെ കൂടെ വീട്ടിലേക്ക് പോകാമായിരുന്നല്ലോ"

"അതിനല്ല ഞാനിവിടെവന്നത്, നിങ്ങളൊക്കെയായി സല്ലപിച്ചുകൂടാനാണ്. എന്നിട്ട്..... അവളെന്നെ വീട്ടിലേക്ക് കൊണ്ടുപോകാൻ വന്നിരിക്കുന്നു. അതിനെന്നെ കിട്ടില്ല."

സ്നേഹം എന്ന അധികാരം

ഇതായിരുന്നു അദ്ദേഹത്തിന്റെ പ്രകൃതം. എപ്പോഴും പ്രസന്നവദനനായി, പുഞ്ചിരിയോടുകൂടി മാത്രമേ സെയ്തുമുഹമ്മദിനെ കാണാൻ കഴിയുമായിരുന്നുള്ളൂ. തന്റെ പലതരത്തിലുള്ള ദുഃഖങ്ങളും അദ്ദേഹം ആ പുഞ്ചിരികൊണ്ട് മറച്ചുവെച്ചു. ഏതു സാഹചര്യത്തിലും സൗഹൃദസംഭാഷണത്തിനുള്ള വിഷയമദ്ദേഹം കണ്ടുപിടിക്കും. പിന്നെ സരസസംഭാഷണങ്ങളായി; പൊട്ടിച്ചിരിയായി. പരസ്പരം മനസിലാക്കുന്നതിലും അഭിപ്രായൈക്യം സൃഷ്ടിക്കുന്നതിലുമാണ് സൗഹൃദത്തിന്റെ നാരായവേര് എന്നദ്ദേഹം വിശ്വസിച്ചു. കൂട്ടുകാരുടെ ഉൽക്കർഷത്തിന്നുവേണ്ടി പ്രവർത്തിക്കുവാൻ എപ്പോഴും സന്നദ്ധൻ. ഒരു പുതിയ വ്യക്തിയെ പരിചയപ്പെട്ടാൽ ചിരകാലസുഹൃത്തിനോടെന്ന പോലെ പെരുമാറാൻ പരസ്പരം തോന്നിക്കുന്ന ഒരു കാന്തശക്തി ആ സൗഹൃദഭാവത്തിന്നുണ്ടായിരുന്നു. അല്പം അടുപ്പമുള്ള വ്യക്തിയാണെങ്കിൽ അവരുടെ വ്യക്തിപരമായ കാര്യങ്ങളിലും സെയ്തു മുഹമ്മദ് ഇടപെടും. അവിവാഹിതരായ ചെറുപ്പക്കാരാണങ്കിൽ അവർക്കുവേണ്ടി കല്ല്യാണാലോചനകൾ പോലും നടത്തും.

ക്രോണിക് ബാച്ചിലറും ആത്മസ്നേഹിതനുമായിരുന്ന സുകുമാർ അഴീക്കോടിനെ പലപ്പോഴും വിവാഹത്തിനു പ്രേരിപ്പിക്കുമായിരുന്നു, സെയ്തു മുഹമ്മദ്. അഴീക്കോട് തന്നെ പറഞ്ഞിട്ടുണ്ട്: "മൂല്യബോധത്തിലും വിശ്വാസസങ്കല്പങ്ങളിലുമൊക്കെ വളരെ അടുപ്പം ഞങ്ങൾ തമ്മിലുണ്ടായിരുന്നു. പക്ഷെ, ഞങ്ങൾ തമ്മിൽ ഏറ്റവുമടുത്ത മിത്രങ്ങളാ

mappilaheritagelibrary

യത് ഇതുകൊണ്ടൊന്നുമല്ല. ഇതിലേറെ ആദർശപരമായ അടുപ്പമുള്ളവരുമായി ഞാൻ പിണങ്ങിയിട്ടുണ്ട്. അത് വേറെ കാര്യം. സ്നേഹം ഒരു തരം ആത്മപ്രകാശം കൊണ്ട് തെളിയിക്കപ്പെടുന്ന ചേതോവികാരമാണെങ്കിൽ ആദർശസാമ്യമോ, മറ്റുബന്ധങ്ങളോ അതിനെ സൃഷ്ടിക്കുന്നില്ല. മധുരമായ ഒരു രഹസ്യമായി ഇപ്പോഴും അദ്ദേഹത്തിന്റെ അഥവാ അദ്ദേഹത്തോടുള്ള സ്നേഹം നിലനിൽക്കുന്നു."

സ്വാർത്ഥം വർജ്ജിച്ച് മനുഷ്യനെ സ്നേഹിക്കുവാൻ കഴിഞ്ഞതുകൊണ്ടാവാം സെയ്ത് എല്ലാവർക്കും ഉത്തമസുഹൃത്തായിത്തീർന്നതെന്നും. ആത്മസുഖത്തിന്നപ്പുറത്തേക്ക് നോക്കാൻ കണ്ണില്ലാത്തവരുടെ നാട്ടിൽ അദ്ദേഹം അത്ഭുതപ്രതിഭാസമായതെന്നും അഴീക്കോട് തുടർന്നു പറയുന്നു.

തിരിച്ച് എന്തു കിട്ടും എന്നുനോക്കി സ്നേഹിക്കുന്ന പ്രയോജനവാദിയായിരുന്നില്ല സെയ്തു മുഹമ്മദ്. നിസ്വാർത്ഥമായിരുന്നു അദ്ദേഹത്തിന്റെ സൗഹൃദം. കൂട്ടുകാർക്ക് വേണ്ടി തനിക്ക് കഴിയാവുന്നതെന്തും അദ്ദേഹം ചെയ്യുമായിരുന്നു. അദ്ദേഹത്തെ ഒരു കാര്യത്തിനു സമീപിച്ചിട്ട് നിരാശരായി മടങ്ങേണ്ടി വന്നവർ അപൂർവ്വമായിരിക്കും. സുഹൃത്തുക്കളുടെ രക്ഷാസങ്കേതമായിരുന്നു അദ്ദേഹത്തിന്റെ വീടും ഓഫീസും. സുഹൃത്തുക്കളെ ഇത്രമാത്രം വിലമതിക്കുന്ന, മറ്റുള്ളവരുടെ മുൻപിൽ അവരുടെ കഴിവുകളുയർത്തിക്കാണിക്കുന്ന വേറൊരാളുണ്ടായിരുന്നില്ല. കൂട്ടുകാരിൽ ആർക്കെങ്കിലും ഒരവാർഡോ ബഹുമതിയോ ലഭിച്ചാൽ, അത് തനിക്കുള്ള അംഗീകാരമാണെന്നമട്ടിൽ അപ്പോൾതന്നെ അദ്ദേഹം സ്വീകരണം സംഘടിപ്പിക്കും. അതിന് ആലോചനായോഗങ്ങളൊന്നും വിളിച്ചുകൂട്ടേണ്ടിവരാറില്ല.- ഏതാനും ഫോൺവിളികൾ മാത്രം: സ്വീകരണസംഘത്തിൽ നിങ്ങളുടെ പേരും വയ്ക്കുന്നുണ്ട്.

മറിച്ചൊന്നും പറയാനുണ്ടാവില്ല, സുഹൃത്തുക്കൾക്ക്. അതിനുള്ള സ്വാതന്ത്ര്യവും സെയ്തുമുഹമ്മദിന് അവർ നൽകിയിരുന്നു. ആ ഉദ്ദേശ്യശുദ്ധി അവർ മാനിച്ചിരുന്നു. സമൂഹത്തിന്റെ വിവിധ തലങ്ങളിലെല്ലാം ഇത്തരം സൗഹൃദബന്ധങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു; ആ സൗഹൃദവലയത്തിൽ പല തരക്കാരുമുണ്ടായിരിക്കും. ക്ഷിപ്രകോപികളും വക്രബുദ്ധികളും ക്ഷമാശീലരും ഉൾപ്പെടെയുള്ളവരെയൊക്കെ കൂട്ടിയിണക്കിക്കൊണ്ടു നടക്കാൻ സെയ്തുമുഹമ്മദിനെ പോലെ കഴിയുന്നവർ അപൂർവ്വം. ബുദ്ധിജീവികളും പ്രൊഫസർമാരും രാഷ്ട്രീയനേതാക്കളും പണ്ഡിതന്മാരും തൊഴിലാളികളും സാധാരണക്കാരുമെല്ലാം അദ്ദേഹത്തിന്റെ സാന്നിധ്യം എപ്പോഴും ഇഷ്ടപ്പെട്ടു. ശരാശരി പതിനഞ്ചുപേർക്കെങ്കിലും ഒരു ദിവസം കത്തുകളയച്ചില്ലെങ്കിൽ അന്ന് അദ്ദേഹത്തിന്ന് ഉറക്കംവരില്ല. ചിലപ്പോൾ ഒരു കാർഡിലുള്ള ഓർമ്മക്കുറിപ്പായിരിക്കും; അല്ലെങ്കിൽ ലേഖനത്തിനുള്ള ഔപചാരികമായ ഒന്നായിരിക്കും. ഈ കത്തുകൾ കണ്ണുകന്നാലും കരളുകളെ അടുപ്പിക്കുന്ന പാലമായിരുന്നു,

mappilaheritagelibrary

സെയ്തു മുഹമ്മദിനെ സംബന്ധിച്ചിടത്തോളം.

കാന്തശക്തി

സൽക്കാരപ്രിയനായിരുന്നു, സെയ്തുമുഹമ്മദ്. സകുടുംബം ചങ്ങാതിമാരെ വീട്ടിലേക്ക് ക്ഷണിച്ചുകൊണ്ടുപോകും. അവരുടെ വീടുകളിലും കുടുംബസന്ദർശനങ്ങൾ നടത്തും. ഭക്ഷണവേളയിൽ ആരെങ്കിലും കൂടെയില്ലെങ്കിൽ അദ്ദേഹത്തിന്ന് സുഖമുണ്ടാവില്ല. കൂട്ടുകാർ വിവാഹിതരായാൽ 'ഒരു പുതിയാപ്പിള സൽക്കാരം' ഉറപ്പാണ്. അവരുടെ വ്യക്തിപരമായ ദുഃഖങ്ങൾ സ്വന്തമെന്നോണമേറ്റെടുത്ത് പരിഹരിക്കാൻ ശ്രമിക്കും. തന്റെ എതിരാളികൾക്ക് പോലും കഴിയുന്ന സഹായം ചെയ്തുകൊടുക്കും. വാഗ്വാദങ്ങൾ കൊണ്ട് ഘനീഭവിച്ച സുഹൃദ് സദസ്സുകളെ നർമ്മമധുരമായ ഫലിതോക്തികൾ കൊണ്ട് പെട്ടെന്ന് സെയ്തുമുഹമ്മദ് കുളിർമ്മയുള്ളതാകും.

ഓഫീസിലാണെങ്കിൽ, വീട്ടിൽ നിന്നു കൊണ്ടുവരുന്ന ഊണ് തന്റെ സ്റ്റാഫായ കലേശനോടും ഗബ്രിയേലിനോടുമൊപ്പമിരുന്ന് കഴിക്കുന്ന സെയ്തുമുഹമ്മദിനെ കാണാം. അവിടെ പന്തിയിൽ വിവേചനമില്ല. ഈ പന്തിഭോജനത്തിന്റെ പേരിലാണല്ലൊ സഹോദരനയ്യപ്പനെ പോലുള്ളവർ തല്ലുകൊണ്ടതെന്നു അദ്ദേഹം പറയും.

അതു പോലെ തന്നെ പഴയ സൗഹൃദങ്ങൾ ഒരിക്കലും സെയ്തു മുഹമ്മദ് മറന്നിരുന്നില്ല. സ്കൂളിൽ തന്നോടൊപ്പം പഠിച്ചിരുന്ന വഞ്ചിപ്പുര പി.വി ജോസഫിനെ മുപ്പത്തഞ്ചു വർഷങ്ങൾക്ക് ശേഷം കണ്ടപ്പോൾ സെയ്തു മുഹമ്മദ് അയവിറക്കിയത് , ജോസഫിന്റെ അമ്മ വിളമ്പിയ ചോറിന്റെ സ്വാദിനെക്കുറിച്ചായിരുന്നു.

മനുഷ്യരെ ഒരിക്കൽ പരിചയപ്പെട്ടാൽ, പെട്ടെന്നു ആത്മബന്ധം തോന്നുന്ന ഒരു തരം കാന്തശക്തി സെയ്തു മുഹമ്മദിന്നുണ്ടായിരുന്നു. കേരള സാഹിത്യ അക്കാദമി സെക്രട്ടറിയായിരുന്ന വി.എ എ അസീസ് വിവരിച്ച ഒരു സംഭവം.

"തിരുവനന്തപുരത്തു വെച്ച് അക്കാദമി യോഗങ്ങൾ കൂടുമ്പോൾ മിക്കപ്പോഴും ഞങ്ങളൊരുമിച്ചാണ് യാത്ര ചെയ്തിരുന്നത്. ഒരിക്കൽ ആറ്റിങ്ങലിനും കൊല്ലത്തിന്നും ഇടയ്ക്കുവെച്ച് വണ്ടിക്ക് കേടുപറ്റി. സന്ധ്യ കഴിഞ്ഞിരുന്നു. ഒരു ഗ്രാമം, അടുത്ത് ഒരു മുറുക്കാൻ കട പോലുമില്ല. വണ്ടി നേരെയാക്കാൻ ഒരു മണിക്കൂറോളം വേണ്ടിവരും. സെയ്തിനു ഒരു ചായ കുടിക്കണമെന്നു നിർബന്ധം. റോഡരികിൽ കണ്ട സാമാന്യം ഭേദപ്പെട്ട ഒരു വീട്ടിലേക്ക് അദ്ദേഹം കടന്നുചെന്നു. എനിക്ക് അങ്ങനെയൊരു അഡ്വെഞ്ചർ ഓർക്കാൻ പോലും കഴിയില്ല. സാമാന്യം സുഭിക്ഷമായി കഴിയുന്ന ഒരു മുസ്ലിം ഗൃഹമായിരുന്നു അത്. ഗൃഹനാഥൻ ഇറങ്ങിവന്നു. പരിചയപ്പെട്ടപ്പോൾ അയാൾക്ക് സെയ്തിനെ നേരത്തെ അറിയാം. കൊടുങ്ങല്ലൂരുമായി ബന്ധമുള്ളയാളാണ്. അര മണിക്കൂറോളം വർത്ത

mappilaheritagelibrary

മാനം പറഞ്ഞു. കൊങ്ങിണി മലയാളം അദ്ദേഹം അനായാസം അനുകരിക്കും. ഒരുപാട് തമാശകൾ പറഞ്ഞ് ചിരിച്ചു. ഇതിനിടെ ചായയും ലഘുഭക്ഷണവും വന്നു. ആ ഗൃഹനാഥനെ സംബന്ധിക്കുന്ന ഗൗരവമുള്ള ചില കാര്യങ്ങളും ഇടയ്ക്ക് സംഭാഷണവിഷയമായി. സെയ്തിന്റെ നിർദ്ദേശങ്ങൾ ആ മനുഷ്യന് ആശ്വാസം പകരുന്നതായിരുന്നു.

"അതിനിടക്ക് വേറെ ചിലരും അവിടെ സന്ദർശകരായി വന്നു. എല്ലാവരേയും എത്ര വേഗമാണ് സെയ്തു പരിചയപ്പെട്ടത്! ഒരു മണിക്കൂർ കഴിഞ്ഞാണ് വണ്ടിയുടെ കേടുപാടുകൾ തീർത്തത്. പുറപ്പെടാൻ നേരം തദ്ദേശവാസികളായ പത്തു പതിനഞ്ചുപേരുണ്ടായിരുന്നു. ഞങ്ങളെ യാത്രയാക്കാൻ."

നർമ്മോക്തികൾ

ഗൗരവമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾപോലും അന്തരീക്ഷത്തിന്നു ലാഘവമുണ്ടാക്കുന്ന നർമ്മോക്തികൾ, അദ്ദേഹത്തിന്റെ സവിശേഷതയായിരുന്നു. സുഹൃത്തുക്കളെയൊക്കെ തമാശപ്പേരിട്ടു വിളിച്ചാലും ആർക്കും പരാതിയില്ല. ക്ഷിപ്രകോപിയായ സുകുമാർ അഴീക്കോടിനെ 'ദുർവ്വാസാവ്' എന്നാണ് വിളിക്കുക. 'സോഷ്യലിസ്റ്റുനാഗരികത' എന്നു പറഞ്ഞാൽ, അതു പൊൻകുന്നം വർക്കിയാണെന്ന് സുഹൃത്തുക്കൾക്കറിയാം. കാരണം വർക്കിസാറിന്റെ പ്രസംഗങ്ങളിൽ ആവർത്തിച്ചുവരുന്ന വാക്കാണത്. ഗാന്ധി, മുനി, ഷേണായി, കരികാലചോളൻ ഒന്നാമൻ, കരികാലചോളൻ രണ്ടാമൻ, നീറ്റടക്ക, കരടി, എരുമ, ആന, ഫൈവ്ടൺ... ഇത്തരം കുസൃതിപ്പേരുകൾ, കൂട്ടുകാരുടെ പ്രകൃതവും പ്രകൃതിയും പ്രതീകവൽക്കരിക്കുന്നവയായിരുന്നു.'ആഘോഷം സെയ്ത് മുഹമ്മദ്' എന്ന് വിളിച്ച് അവരിൽ ചിലർ മധുരമായി പകവീട്ടുകയും ചെയ്തു.

കൊച്ചിയിൽ അമരാവതിയിൽ താമസിച്ചിരുന്ന കാലത്ത്, കൊങ്ങിണികളും കുടുംബികളുമായി ബന്ധപ്പെട്ടിരുന്ന സെയ്തു മുഹമ്മദ് അവരുടെ സംഭാഷണശൈലി നർമ്മമധുരമായി അനുകരിക്കും: "എന്താടൊ താൻ മതിൽ പൊക്കി നോക്കണേ!"

ഒരിക്കൽ ഒരു ബന്ധു മരിച്ച വിവരമറിഞ്ഞപ്പോൾ സെയ്ത് അവതരിപ്പിച്ചത് ഇങ്ങനെയാണ് "നല്ല മനുഷ്യൻ. തൊണ്ണൂറാം വയസ്സിൽ അകാലചരമമടഞ്ഞു."

അടുത്ത സുഹൃത്തായിരുന്ന ഡോ: സി.കെ.കരീമിന്റെ ഭാര്യ അനുസ്മരിക്കുന്നു: "ഞങ്ങളുടെ വീട്ടിൽ പല തരത്തിലുള്ള ആളുകളും വരാറുണ്ട്. രാഷ്ട്രീയക്കാരും സാഹിത്യകാരന്മാരും സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തകരും ഉദ്യോഗസ്ഥന്മാരുമൊക്കെ. പക്ഷെ; സെയ്തു മുഹമ്മദിനെ പോലെ വീട്ടിൽ കയറുന്ന നിമിഷം മുതൽ പോകുന്നതുവരെ ചിരിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്തിട്ടുള്ള വ്യക്തികൾ ഇല്ലെന്നു

mappilaheritagelibrary

തന്നെ പറയാം. കയ്യിലെന്തെങ്കിലും ഒരു വലിയ പൊതിയുമായി മടക്കിക്കുത്തിയ മുണ്ടുമായദ്ദേഹം ചിരിച്ചുകൊണ്ട് കയറിവരും. ആപ്പിളോ നാരങ്ങയോ ബിസ്ക്കറ്റോ അങ്ങനെ എന്തെങ്കിലുമായിരിക്കുമതിൽ. കടന്നപാടെ ചോദ്യമായി: പുതിയാപ്ല എവിടെ? അപ്പോൾ തുടങ്ങുന്ന ചിരി പിന്നെ ഇതേ വിധം ഓരോന്നു പറയുമ്പോഴും കൂടുതൽ പ്രഫുല്ലമാകുന്നു. ഒരിക്കൽ സെയ്തു മുഹമ്മദ് തനിച്ചാണ് വന്നത്. ഞാൻ ചോദിച്ചു: ഖദീജ ഇല്ലേ?

ഉടൻ മറുപടി: പരുക്കുപറ്റി കിടപ്പിലാണ്.

വല്ല വീഴ്ചയോ മറ്റോ സംഭവിച്ചിരിക്കുമെന്ന് കരുതി ഉൽക്കണ്ഠയോടെ ഞങ്ങൾ ചോദിച്ചു: വല്ലേടത്തും വീണതാണോ?

"അല്ല; ഗർഭം." ചിരിച്ചുകൊണ്ട് സെയ്തു മുഹമ്മദിന്റെ മറുപടി. ചിരിയുടെ ആ അലയൊലിയിൽ ഞങ്ങളൊക്കെ അലിഞ്ഞു ചേർന്നു.

ഇന്ത്യൻ ഹിസ്റ്റോറിക്കൽ റെക്കോർഡ്സ് കമ്മീഷന്റെ 41-ാം സമ്മേളനത്തിന്ന് തിരുവനന്തപുരത്തു ചെന്നപ്പോൾ സെയ്തു മുഹമ്മദും കുടുംബവും ഏതാനും ദിവസം തങ്ങളുടെ വീട്ടിൽ തങ്ങിയ സംഭവവും ഫാത്തിമാ കരീം വിവരിക്കുന്നു: "ഞങ്ങളുടെ വീട്ടിൽ രണ്ടു മൂന്ന് ദിവസം ഒരുത്സവത്തിന്റെ പ്രതീതിയായിരുന്നു. കോവളത്തു പോകാനൊരുങ്ങി എല്ലാവരും ഇറങ്ങി. അന്നേരം സെയ്ത് ഖദീജയോട് ആരാഞ്ഞു: 'എവിടെ സ്റ്റാൻഡ്?"

"ഞങ്ങൾക്ക് കാര്യം മനസിലായില്ല. ഇളയ മകൾ സിന്ധുവിനെ- അന്നവൾക്ക് മൂന്നുവയസ്സേയുള്ളൂ. 'ട്രാൻസിസ്റ്റർ' എന്നാണ് സെയ്തു മുഹമ്മദ് പറയാറ്. എവിടെയും കയ്യിൽ കൊണ്ടുനടക്കുന്ന ട്രാൻസിസ്റ്റർ എന്ന അർത്ഥത്തിൽ. പക്ഷെ; സ്റ്റാൻഡ് എന്നു പറയുന്നതോ?- അതോ ? ട്രാൻസിസ്റ്റർ ഘടിപ്പിക്കുന്ന സ്റ്റാൻഡ്. സെയ്തു മുഹമ്മദ് പറഞ്ഞു തീർന്നില്ല; കുട്ടിയെ എടുക്കുന്ന വേലക്കാരി വന്നു ട്രാൻസിസ്റ്റർ യഥാസ്ഥലത്ത് വെച്ചു."

ശത്രുവിനെ മിത്രമാക്കുന്ന രസതന്ത്രം

സുഹൃത്തുക്കളുടെ കുടുംബങ്ങളെ സ്വന്തം കുടുംബത്തെ പോലെ കാണാൻ കഴിഞ്ഞിരുന്നതുകൊണ്ടാണ് അദ്ദേഹം ഇന്നും അവരുടെയൊക്കെ മനസ്സുകളിൽ ജീവിക്കുന്നത്. താൻ സ്നേഹിച്ച ഏതൊരാളെയും തന്റെ കുടുംബത്തിലെ ഒരംഗമായി കണക്കാക്കാനേ അദ്ദേഹത്തിനു കഴിയുമായിരുന്നുള്ളൂ. ഇതിനു കാരണം സെയ്തു മുഹമ്മദിന്റെ വ്യക്തിത്വത്തിലുള്ള ആ കാന്തികസ്പർശം തന്നെയാണ്. പ്രശസ്ത ഭാഷാപണ്ഡിതനായിരുന്ന ഡോ. കെ. എം ജോർജ്ജ് സെയ്തു മുഹമ്മദുമായുള്ള സൗഹൃദത്തിന്റെ കഥ പറയുന്നു:

"എത്ര വേഗമാണ് ആ പരിചയം ഗാഢസൗഹൃദമായി വികസിച്ചത്. എത്ര സ്വാഭാവികമായിട്ടാണ് രണ്ടു വ്യക്തികൾ തമ്മിലുള്ള സൗഹൃദം

mappilaheritagelibrary

രണ്ടു കുടുംബങ്ങൾ തമ്മിലുള്ള സൗഹൃദമായി വികസിച്ചത്. ഞങ്ങൾ കുടുംബമായി എറണാകുളത്തുള്ള അവരുടെ വസതി ഒന്നിലധികം തവണ സന്ദർശിച്ചിട്ടുണ്ട്. അതുപോലെ സെയ്തു മുഹമ്മദും കുടുംബത്തിലെ മറ്റം ഗങ്ങളും ചേർന്നു തിരുവനന്തപുരത്തുള്ള ഞങ്ങളുടെ വസതിയിൽ അതി ഥികളായി വന്നിട്ടുമുണ്ട്. വിസ്തൃതമായ ഈ സൗഹൃദത്തിന്റെ ഉത്തരവാ ദിത്തം എല്ലാ അംഗങ്ങൾക്കും ഏറെക്കുറെ ഉണ്ടെങ്കിലും അതിന്റെ പ്രഭ വം ശരിക്കും ദിവംഗതനായ സെയ്തു മുഹമ്മദാണെന്നതിൽ എനിക്ക് സന്ദേഹമില്ല."

തന്നോട് അവഗണനയോടെ പെരുമാറുന്നവരെ പോലും മിത്രമാക്കാൻ കഴിയുന്ന വ്യക്തിപ്രഭാവം സെയ്തു മുഹമ്മദിനെ പോലെ അധികമാർക്കും അവകാശപ്പെടാനാവുമെന്നു തോന്നുന്നില്ല. തന്റെ പാതയിൽ തനിക്കു പുറകേ വരുന്ന ഒരു യുവാവിനെ കണ്ടുമുട്ടുമ്പോൾ, അയാൾ തന്റെ വിമർശ കനാണെന്നറിഞ്ഞിട്ടും, ഹൃദയപൂർവ്വം പെരുമാറാൻ അദ്ദേഹത്തിന്നു കഴി ഞ്ഞിരുന്നു. ഒരു അനുഭവം അടൂർ രാമചന്ദ്രൻ നായർ വിവരിച്ചിട്ടുണ്ട്. ആ യുവചരിത്രകാരന്റെ പുസ്തകത്തിലെ ആദ്യ ലേഖനം തന്നെ സെയ്തു മുഹമ്മദിനെ നഖശിഖാന്തം എതിർത്തുകൊണ്ടുള്ളതായിരുന്നു. എന്നിട്ടും എൻ. ബി. എസ്സിനെക്കൊണ്ട് അതിന്റെ പ്രസാധനം ഏറ്റെടുപ്പിക്കാൻ ശക്തി യായി പ്രവർത്തിച്ചത് സെയ്തു മുഹമ്മദാണെന്നറിഞ്ഞപ്പോൾ രാമചന്ദ്രൻ നായർ അദ്ഭുതപ്പെട്ടുപോയി. സെയ്തു മുഹമ്മദ് പറഞ്ഞു: നമ്മുടെ ചരി ത്രസാഹിത്യത്തിന്നു ഒരു മുതൽക്കൂട്ടാണ് നിങ്ങളുടെ പുസ്തകം. അവിടെ വ്യക്തിഗതമായ താല്പര്യങ്ങൾക്ക് പ്രസക്തിയില്ല. വിദ്യാഭ്യാസമന്ത്രിയുടെ വസതിയിൽ വെച്ച് രാമചന്ദ്രൻ നായരെ ആദ്യമായി കണ്ടുമുട്ടിയപ്പോൾ, സുപരിചിതനോടെന്നതുപോലെ ആവേശപൂർവ്വം ഹസ്തദാനം ചെയ്യുക യായിരുന്നു അദ്ദേഹം.

"സെയ്തു മുഹമ്മദിനെപ്പറ്റി ചില തെറ്റിദ്ധാരണകളുണ്ടായിരുന്ന ഞാൻ അലിഞ്ഞുപോകുന്നതായി തോന്നി. അസഹിഷ്ണുവായ ഒരെഴു ത്തുകാരന്റെ കത്തിക്കാളുന്ന അമർഷത്തിന്റെ സ്വരം ഞാൻ അദ്ദേഹത്തിന്റെ വാക്കുകളിൽ കേട്ടില്ല. ഏതാണ്ട് അര മണിക്കൂർ ഞങ്ങൾ സംസാരിച്ചു. തന്റെ കുടുംബത്തിലെ ഒരംഗത്തോടുള്ള സ്നേഹവായ്പോടെയാണ് അദ്ദേഹം എന്നോട് പെരുമാറിയത്."

തൊഴിലാളികളുടെ തോഴൻ

ഫോർട്ടുകൊച്ചിയിലെ താമസകാലത്ത് തുറമുഖതൊഴിലാളികളുമായി അടുത്തിടപഴകാൻ സെയ്തുമുഹമ്മദിന് സാധിച്ചു. പുറംകടലിൽ കപ്പല ടുക്കുമ്പോൾ കൊച്ചുവെളുപ്പാൻ കാലത്ത് ചുമട്ടുജോലിക്ക് പോകാനുള്ള ഒരു ചാപ്പക്കു വേണ്ടി സ്റ്റിവഡോർമാരുടെ പടിക്കൽ കാത്തുകിടന്നിരുന്ന തൊഴിലാളികളുടെ ജീവിതദുരിതങ്ങൾ കണ്ടറിയാൻ അതദ്ദേഹത്തെ സഹാ

mappilaheritagelibrary

യിച്ചു. സാധാരണക്കാരായ ഓരോ തൊഴിലാളിയുടേയും പേരെടുത്ത് പറയാൻ കഴിയുംവിധം ഗാഢമായിരുന്നു അവരുമായുള്ള അദ്ദേഹത്തിന്റെ ദൈനംദിന ബന്ധം. അതൊക്കെ വിസ്തരിച്ച് അദ്ദേഹമെഴുതിയിട്ടുമുണ്ട്.

"തുറമുഖത്തൊഴിലാളി യൂണിയന്റെ പതനോത്ഥാനങ്ങളിൽ ചില ഘട്ടങ്ങളിൽ എനിക്ക് ഭാഗഭാക്കാകേണ്ടിവന്നിട്ടുണ്ട്. നേതാക്കൻമാർക്ക് കുറേ കഴിയുമ്പോൾ, സ്വയം മടുക്കുമ്പോൾ, സ്വയം മന്ദതയെ പുണരും. ട്രേഡ് യൂണിയൻ പ്രവർത്തനം ഒരു ജീവിതോപാധിയാക്കിയിട്ടില്ലാത്തവരായതുകൊണ്ട് അവർക്ക് അങ്ങനെ സംഭവിക്കുന്നത് സ്വാഭാവികമാണ്."

തിരുകൊച്ചിയിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പടുത്തുയർത്തുന്നതിൽ വലിയ പങ്കുവഹിച്ച സഖാവ് യൂസഫ്, ടി.വി.തോമസ് എന്നീ നേതാക്കൾ മുൻകയ്യെടുത്ത്, കമ്മ്യൂണിസ്റ്റ് പാർട്ടി സി.റ്റി.റ്റിയുവുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനെ കുറിച്ച് ആലോചിക്കുന്നതിനെ കുറിച്ചും അദ്ദേഹം വെളിപ്പെടുത്തുന്നുണ്ട്. (തുറമുഖത്തൊഴിലാളികൾ എന്റെ സ്മരണകളിൽ- സി.റ്റി.റ്റി.യു സിൽവർ ജൂബിലി സുവനീർ)

തൊഴിലാളികളുമായുള്ള സൗഹൃദമാണ് സെയ്തുമുഹമ്മദ് മരണമടഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ കുടുംബസഹായനിധിയെ ലക്ഷ്യത്തിലെത്തിക്കുവാൻ അവർക്ക് ആവേശവും പ്രേരണയുമായത് ഒരു രാഷ്ട്രീയകക്ഷിയുമായും ബന്ധമില്ലാത്ത മറ്റൊരു സാംസ്കാരിക നേതാവിന്റെ കാര്യത്തിൽ തൊഴിലാളിസമൂഹത്തിൽ നിന്ന് ഇത്തരം ഒരു സമീപനമുണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്. ഇതദ്ദേഹം ദീർഘദർശനം ചെയ്തതുപോലെ തോന്നും. ഈ വാക്കുകൾ വായിക്കുമ്പോൾ:

"തുറന്ന് സ്നേഹിക്കാനും സ്നേഹിക്കുന്നവരെ ആദരിക്കാനും അംഗീകരിക്കാനും മനുഷ്യന്റെ സുഖദുഃഖങ്ങളിൽ അലിഞ്ഞുചേരാനും ഭാരം ചുമക്കുന്നവർക്ക് കഴിയും എന്നതാണ് തൊഴിലാളിയുടെ തത്ത്വശാസ്ത്രം. അതുപോലെ തന്നെ അവരുടെ പ്രശ്നങ്ങളിൽ നിന്ന് മുതലെടുക്കുന്നവരോടുള്ള ആഴത്തിലുള്ള വെറുപ്പ് അവരുടെ മനസ്സിലൂറിക്കിടക്കും. സന്ദർഭം വന്നാൽ പുറത്താവുകയും ചെയ്യുന്നു."

■

mappilaheritagelibrary

ഏഴ്

കുടുംബനാഥൻ

"പടച്ചവൻ ഞങ്ങൾക്ക് പതിനേഴ് കൊല്ലം മാത്രമേ തന്നുള്ളൂ. എന്നാൽ അദ്ദേഹം എനിക്ക് ഒരായുഷ്കാലത്തിന്റെ മുഴുവൻ സ്നേഹം തന്നു. അദ്ദേഹത്തിനു ശേഷം മൂന്നര പതിറ്റാണ്ടുകൾ കടന്നുപോയെങ്കിലും ഒരു ദിവസം പോലും ഓർമ്മിക്കാതിരുന്നിട്ടില്ല."

ഖദീജടീച്ചർ ഉള്ളിലെ നെരിപ്പോടമർത്തിവെച്ചുകൊണ്ട് പറയുന്നു. വിധി കനിഞ്ഞു നൽകിയ ഒന്നര വ്യാഴവട്ടത്തോളം കാലം മാതൃകാദമ്പതികളായി അവർ ജീവിച്ചു. സൗന്ദര്യപ്പിണക്കങ്ങളില്ലാതെ പരസ്പരം മനസ്സിലാക്കിയും പൊരുത്തപ്പെട്ടുമുള്ള ജീവിതം. അറുപതുകളുടെ ആദ്യത്തിലാവണം, സെയ്തുമുഹമ്മദ് സാഹിബും ഖദീജ ടീച്ചറും കൈകോർത്തുപിടിച്ച്, മട്ടാഞ്ചേരി സ്റ്റാർ ടാക്കീസിനു മുന്നിലുള്ള റോഡിലൂടെ പോകുന്നത് അന്ന് സ്കൂൾ വിദ്യാർത്ഥിയായിരുന്ന ഞാൻ നോക്കി നിന്നു, സാഹിത്യകാരനായ പി.എയോടുള്ള സ്നേഹാദരങ്ങളോടെ. അന്ന് ഞങ്ങൾ തമ്മിൽ പരിചയമുണ്ടായിരുന്നില്ല. എത്ര മനസ്സിണങ്ങിയ ദമ്പതികൾ എന്ന് ആ കൗമാരപ്രായത്തിൽ പോലും എനിക്ക് തോന്നിപ്പോയി. പിന്നീട് ഇരുവരുമായും അടുത്തിടപഴകാൻ കഴിഞ്ഞപ്പോഴും അതിൽ മാറ്റം വന്നില്ല.

കോട്ടയം ജില്ലയിലെ മുണ്ടയ്ക്കൽ സ്വദേശിനിയായ ഖദീജ ചരിത്രകാരനായ പി.എ.സെയ്തുമുഹമ്മദിന്റെ ജീവിതപങ്കാളിയാകുന്നത് ആകസ്മികമായല്ല. അമ്പതുകളുടെ അവസാനമാണ് ഖദീജ എറണാകുളം മാർക്കറ്റ് റോഡിലുള്ള മുസ്ലിം സ്കൂളിൽ അധ്യാപികയായി വരുന്നത്. വിദ്വാൻ പരീക്ഷ പാസായ ഖദീജ പിന്നീട് മലയാളം ബി.എ പ്രൈവറ്റായി

mappilaheritagelibrary

എഴുതിയെടുക്കുകയായിരുന്നു. ഒരു ലീവ് വേക്കൻസിയിലാണ് നിയമനം. എറണാകുളത്തെ വ്യവസായപ്രമുഖനായിരുന്ന എ.ബി കൊച്ചുണ്ണി സാഹിബിന്റെ നിയന്ത്രണത്തിലാണ് സ്കൂൾ. അന്നു എസ്.എൻ. വി സദനം വിമൻസ് ഹോസ്റ്റലിലായിരുന്നു താമസം.

എ.ബി.കൊച്ചുണ്ണിയാണ് സെയ്തുമുഹമ്മദുമായുള്ള വിവാഹാലോചന കൊണ്ടുവന്നത്. അദ്ദേഹത്തിന്റെ ആത്മസുഹൃത്തായിരുന്നു പി.എ. ഒരു ദിവസം കൂട്ടുകാരുമായി സ്കൂളിൽ വന്ന് പരസ്പരം കണ്ടു. മലയാളം പഠിപ്പിക്കുന്ന അധ്യാപികയെ ചരിത്രകാരന്നും, ചരിത്രത്തെയും സംസ്കാരത്തെയും കുറിച്ച് ഉജ്ജ്വലമായി പ്രസംഗിക്കുന്ന സാഹിത്യകാരനെ അധ്യാപികയ്ക്കും ഇഷ്ടപ്പെട്ടു. അങ്ങനെയാണ് ആ വിവാഹം നടന്നത്. അന്ന് സെയ്തുഹമ്മദ്, ജമാഅത്ത് ഫെഡറേഷനുമായി ബന്ധപ്പെട്ട് കേരളത്തിലെ മുസ്ലിംകളെ സംബന്ധിച്ച സ്ഥിതിവിവരങ്ങളുടെ ഗവേഷണത്തിലായിരുന്നു. സാമുദായികകാര്യങ്ങളിൽ ചലനാത്മകമായി പ്രവർത്തിക്കാനുള്ള അദ്ദേഹത്തിന്റെ ഉത്സാഹവും ദീർഘവീക്ഷണവുമാണ് കൊച്ചുണ്ണി സാഹിബിനെ ആകർഷിച്ചത്. അന്ന് ജമാഅത്തിന്റെ സെക്രട്ടറി ചീഫ് എഞ്ചിനിയറായിരുന്ന ടി.പി.കുട്ട്യാമു സാഹിബായിരുന്നു.

ഖദീജയ്ക്ക് അഞ്ച് സഹോദരികളും മൂന്ന് സഹോദരന്മാരുമായിരുന്നു. ഒരു സഹോദരിയുടെ മകളെ വിവാഹം ചെയ്തത് ജസ്റ്റിസ് പി.കെ. ഷംസുദ്ദീനാണ്. അതിന്റെ പിറ്റേ മാസമായിരുന്നു പി.എ സെയ്തുമുഹമ്മദും ഖദീജയും തമ്മിലുള്ള കല്യാണം. സ്കൂളിന്നടുത്തുള്ള കൊച്ചുണ്ണി സാഹിബിന്റെ ഒരു ചെറിയ വീട്ടിൽ അവർ പൊറുതിയാരംഭിച്ചു. മൂത്തമകൾ ജാസ്മിനെ പ്രസവിച്ചത് ഇവിടെവെച്ചാണ്. പിന്നീട് ഏകദേശം പത്തു വർഷം കഴിഞ്ഞാണ് ഗിരിനഗറിലുള്ള സ്വന്തം വീട്ടിലേക്ക് മാറിയത്. മാസം തോറും ഗഡുക്കളായി അടച്ചാണ് അതിന്റെ ലോൺ തീർത്തത്.

ജീവിതം അത്ര ഗൗരവമായി എടുത്തിട്ടില്ലാത്ത ശ്രദ്ധേയനായ ഒരു സാംസ്കാരിക പ്രവർത്തകന്റെ ഭാര്യ എന്ന നിലയ്ക്ക് പ്രാരംഭഘട്ടത്തിൽ ദാമ്പത്യജീവിതം എവിടെച്ചെന്നെത്തുമെന്ന ശങ്കയായിരുന്നു ഖദീജയ്ക്ക്. എന്നാൽ കാലം ചെല്ലുന്തോറും അദ്ദേഹത്തിന്റെ ജീവിതവുമായും മനസ്സുമായും ഇണങ്ങിച്ചേരാൻ കഴിഞ്ഞു. ആരേയും ഉപദ്രവിക്കാതെ, എന്നാൽ മറ്റുള്ളവർക്ക് എന്തെങ്കിലും നന്മചെയ്തുകൊണ്ട് പ്രവർത്തിക്കാനാവുമെങ്കിൽ കുടുംബജീവിതം അതിന്നു തടസ്സമാവുകയില്ലെന്ന് മനസ്സിലായി.

"പൊതുവെ സാഹിത്യകാരന്മാരിൽ കാണുന്ന പല ദൗർബല്യങ്ങളിൽ നിന്നും വിഭിന്നമായി, ചിട്ടയൊത്ത ജീവിതരീതിയായിരുന്നു പി.എ.യുടേത്"- ഖദീജാടീച്ചർ ഓർമ്മിക്കുന്നു. രാത്രി ഒമ്പതോ പത്തോ മണിക്ക് ഉറങ്ങുകയും രാവിലെ നാലു മണിക്ക് ഉണരുകയും ചെയ്യുന്ന ദിനചര്യ. രാത്രി സുഹൃത്തുക്കൾ തമ്മിൽ സംസാരിച്ചിരിക്കുകയാണെങ്കിലും, തനിക്ക് ഉറ

mappilaheritagelibrary

ങ്ങാൻ സമയമായി എന്ന് പറഞ്ഞ് കിടക്കാൻ പോകുന്ന ശീലം. വെളുപ്പിന് എഴുന്നേറ്റിരുന്നാണ് എഴുത്തും വായനയും. നിശ്ശബ്ദവും ശാന്തവുമായ ആ അന്തരീക്ഷത്തിൽ മനസ്സും ബുദ്ധിയും ഉണർന്ന് പ്രവർത്തിക്കുമെന്നതിനാലാണ് ആ സമയം അതിനു തിരഞ്ഞെടുക്കുന്നത്.

"എന്റെ കയ്യക്ഷരം മോശമാണ്, നീയൊന്നെഴുത്" എന്നു പറഞ്ഞ് ചിലപ്പോൾ കടലാസും പേനയും ടീച്ചറെ ഏൽപ്പിക്കും. ഖദീജയുടേത് നല്ല വടിവൊത്ത കയ്പടയാണ്. ഏത് വിഷയത്തെക്കുറിച്ചായാലും അനിർഗ്ഗളം പറഞ്ഞുകൊടുത്തെഴുതിക്കാൻ പി.എ യ്ക്ക് കഴിയുമായിരുന്നു. തന്റെ സുഹൃത്തുക്കളെയും പ്രവർത്തനമണ്ഡലങ്ങളെയും ഓഫീസുകാര്യങ്ങളെയും കുറിച്ചെല്ലാം പി.എ സഹധർമ്മിണിയുമായി തുടർന്ന് ചർച്ച ചെയ്യും. അഭിപ്രായമാരായും. ഒരു സുഹൃത്ത് എന്ന നിലയിലാണ് അദ്ദേഹം ഭാര്യയെ കണ്ടത്. ഭർത്താവ് വ്യാപരിക്കുന്ന മേഖലകളെപ്പറ്റി ഭാര്യ അറിഞ്ഞിരിക്കണമെന്ന് അദ്ദേഹത്തിന് നിർബ്ബന്ധമുണ്ടായിരുന്നു. അവിടെ മാത്രമാണ് ദാമ്പത്യബന്ധത്തിനും കുടുംബസമാധാനത്തിനും നിലനില്പുള്ളതെന്ന ദ്ദേഹത്തിനറിയാമായിരുന്നു.

വലിയൊരു അതിഥിസൽക്കാര പ്രിയനായിരുന്നു പി.എ. എപ്പോഴും ഭക്ഷണത്തിന് ഒന്നുരണ്ട് സുഹൃത്തുക്കളുണ്ടായിരിക്കും. അത് പല പ്പോഴും കുടുംബബജറ്റിന്റെ താളം തെറ്റിക്കും. വരവിനേക്കാൾ ചിലവേറുമ്പോൾ അല്പം ശ്രദ്ധിക്കണമെന്ന് പറഞ്ഞാൽ അദ്ദേഹം അത്ര കാര്യമായി കണക്കാക്കുകയില്ല. "പെൺകുട്ടികളാണ് നമ്മുടേത്, അവരുടെ ഭാവിയെക്കുറിച്ച് ആലോചിക്കണം." ചിലപ്പോൾ ടീച്ചർ പറയും.

"കുട്ടികൾക്ക് നല്ല ഭക്ഷണവും വിദ്യാഭ്യാസവും നൽകുക, പിന്നെയെല്ലാം താനേ ശരിപ്പെട്ടുകൊള്ളും."എന്ന് ദാർശനികനെപ്പോലെ അദ്ദേഹം മറുപടി നൽകും. ഇപ്പോൾ ഓർത്തുനോക്കുമ്പോൾ അതെത്ര ശരിയായിരുന്നുവെന്ന് തോന്നിപ്പോകുന്നു. അദ്ദേഹം മരിക്കുമ്പോൾ ജാസ്മിനും സിന്ധുവും ഫൗസിയയും വെറും പൊടിക്കുഞ്ഞുങ്ങൾ. നല്ല വിദ്യാഭ്യാസം നൽകാൻ കഴിഞ്ഞതുകൊണ്ട് അവരുടെ ജീവിതം സുരക്ഷിതമായി. ജാസ്മിൻ ഡോക്ടറായി അമേരിക്കയിൽ സ്വസ്ഥജീവിതം നയിക്കുന്നു. എഞ്ചിനിയറായ സിന്ധു ദുബായിലാണ്. സംഗീതാധ്യാപികയായ ഫൗസിയയാണ് ഖദീജടീച്ചറോടൊപ്പം നാട്ടിലുള്ളത്. "അല്ലലില്ലാതെ ജീവിക്കണം. പണം കൂട്ടിവച്ചിട്ടു കാര്യമില്ല. പിന്നോട്ടു തിരിഞ്ഞുനോക്കുമ്പോൾ നിരാശപ്പെടേണ്ടിവരരുത്." -പി.എ പറയുമായിരുന്നു.

വർഷങ്ങൾക്ക് മുമ്പ് കവി ചങ്ങമ്പുഴയെപ്പറ്റി അദ്ദേഹത്തിന്റെ വിധവ മലയാളനാട് വാരികയിൽ എന്തോ ഒക്കെ തുറന്നെഴുതിയപ്പോൾ ഖദീജാടീച്ചർ അസഹ്യതയോടെ പറഞ്ഞു: "എന്തൊക്കെയാ ഈ സ്ത്രീ എഴുതിവെച്ചിരിക്കുന്നത്! വലിയൊരു കവിയെപ്പറ്റി ആളുകൾക്കുള്ള ആദരവും

mappilaheritagelibrary

സ്നേഹവും ഇല്ലാതാകുന്ന വിധം എഴുതിയിട്ടെന്തു കിട്ടാനാണ്?"

"അതിനെന്താ? ഞാൻ മരിച്ചാൽ നിനക്കും എന്നെപ്പറ്റി ഇങ്ങനെയൊക്കെ എഴുതാം."- പതിവുപോലെ ചിരിച്ചുകൊണ്ട് തമാശയായി അദ്ദേഹം പറഞ്ഞു. എന്നാൽ പൊതുരംഗത്ത് പ്രവർത്തിക്കുന്ന പലരേയും പോലെ, മറച്ചുവയ്ക്കേണ്ടതായ ഒന്നും പി.എ.യുടെ ജീവിതത്തിലുണ്ടായിരുന്നില്ല. പുകവലിയോ മദ്യപാനമോ തുടങ്ങി അസാന്മാർഗ്ഗികമായ ഒരു ശീലവുമില്ലാത്ത, തുറന്ന വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. അത്രതന്നെ നിഷ്കളങ്കവുമായിരുന്നു ആ മനസ്സും.

പി.എ യോടൊപ്പമുള്ള തന്റെ ജീവിതം പതിനേഴുവർഷമേ ഉണ്ടായിരുന്നുള്ളുവെങ്കിലും മറ്റൊരു സ്ത്രീക്കും ലഭിക്കാത്ത ഒരു നല്ല ജീവിതം അദ്ദേഹം തന്നിട്ടുണ്ടെന്ന് ടീച്ചർ ഓർമ്മിക്കുന്നു: ഈ കുറഞ്ഞ കാലത്തെ ജീവിതത്തിനിടെ ഞങ്ങൾ തമ്മിൽ ഒരു അപശ്രുതിയുമുണ്ടായില്ല. സംതൃപ്തമായ ഒരു കുടുംബജീവിതത്തിന്റെ മുന്നോട്ടുള്ള ഗതിക്ക് ശക്തമായ അവലംബം നൽകുന്നത് സൗഹൃദപൂർവ്വം പെരുമാറാൻ കഴിയുന്ന ഭാര്യാഭർത്താക്കന്മാരാണെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. ഒരിക്കലും അദ്ദേഹം ദേഷ്യപ്പെട്ടില്ല. വെറുപ്പ് കാണിച്ചില്ല. നർമ്മബോധം നിറഞ്ഞ ഒരു ഹൃദയമായിരുന്നു, പി.എ യുടേത്. എത്ര വലിയ പ്രശ്നത്തേയും ലാഘവത്തോടെ അഭീമുഖീകരിക്കാൻ അത് സഹായിച്ചു.

സാമ്പത്തികബുദ്ധിമുട്ടുകളൊന്നും കാര്യമായി ആ കുടുംബത്തിന് അനുഭവിക്കേണ്ടി വന്നിട്ടില്ല. ചില സർക്കാർ കമ്മറ്റികളിലൊക്കെയുണ്ടായിരുന്നതുകൊണ്ട് പി.എ.യുടേയും അധ്യാപക ജോലിയിൽ നിന്ന് ടീച്ചറിന്റെയും വരുമാനം കൊണ്ട് എല്ലാം ഒപ്പിച്ചുകൊണ്ടുപോകുവാൻ സാധിച്ചു. മാത്രമല്ല പലപ്പോഴും ഇരുവരുടേയും കുടുംബത്തിലുള്ളവരെ സഹായിക്കാനും കഴിഞ്ഞു. സി.എച്ച്.മുഹമ്മദ്കോയ വിദ്യാഭ്യാസ മന്ത്രിയായിരിക്കുമ്പോഴാണ് പി.എ.യെ കേരളസാഹിത്യ അക്കാദമി വൈസ് പ്രസിഡണ്ടാക്കുന്നത്. ഹിസ്റ്ററി അസോസിയേഷന്റെ പല പ്രൊജക്ടുകൾക്കും സി. എച്ച്. സാമ്പത്തിക പിൻബലം നൽകി.

സാംസ്കാരികരംഗത്തുള്ളവർ തമ്മിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന പിണക്കങ്ങൾ തീർക്കാൻ പി.എയാണ് മുൻകൈയെടുത്തത്. പോഞ്ഞിക്കര റാഫിയും സുകുമാർ അഴീക്കോടും തമ്മിലുള്ള വഴക്ക് തീർത്ത് സാഹിത്യപരിഷത്തിന്റെ പ്രവർത്തനത്തിൽ അവരെ യോജിപ്പിച്ചത് ഒരു ഉദാഹരണം. സുഹൃത്തുക്കൾക്കു വേണ്ടി എന്തു ചെയ്യാനും തയ്യാറായിരുന്നു, പി. എ. അതിനെക്കുറിച്ച് ചോദിച്ചാൽ പറയും: "സുഹൃത്തുക്കളാണ് എന്റെ സമ്പാദ്യം. ഞാൻ മരിച്ചാൽ നിനക്ക് അത് ബോധ്യപ്പെടും."

അത് ശരിയായിരുന്നുവെന്ന് കാലം തെളിയിച്ചു. അദ്ദേഹത്തിന്റെ

mappilaheritagelibrary

വിയോഗത്തിനുശേഷം വർഷങ്ങളോളം അടുത്ത സുഹൃത്തുക്കൾ സകുടുംബം ഗിരിനഗർ കോളനിയിലെ സർഗ്ഗം എന്ന കൊച്ചുവീട്ടിൽ എത്തുമായിരുന്നു. പി.എ.യുടെ ആത്മസുഹൃത്തും, ആദ്യത്തെ കൊച്ചി മേയറുമായിരുന്ന കൊച്ചുണ്ണി മാസ്റ്ററുടെ നേതൃത്വത്തിൽ സ്വരൂപിച്ച കുടും ബസഹായഫണ്ട് ആണ് ജാസ്മിനെയും സിന്ധുവിനെയും ഫൗസിയ യെയും പഠിപ്പിക്കുവാൻ ഉപകരിച്ചത്. ഒരു കാരണവരെപ്പോലെ മാസ്റ്റർ, സുഹൃത്തിന്റെ കുടുംബകാര്യങ്ങളിൽ ശ്രദ്ധിച്ചു. നിർണ്ണായകഘട്ടങ്ങളിൽ തീരുമാനമെടുക്കാൻ ഉപദേശങ്ങൾ നൽകി. പനയപ്പള്ളിയിലുള്ള അദ്ദേ ഹത്തിന്റെ വീട്ടിലെ ഓരോ അംഗവും ബന്ധുക്കളോടെന്നതുപോലെ പെരു മാറി. ഇതെല്ലാം പി.എയുടെ സുകൃതം ഒന്നുകൊണ്ടുമാത്രമാണെന്ന് ഖദീ ജടീച്ചർ വിശ്വസിക്കുന്നു.

ഖദീജടീച്ചറെ പൊതുരംഗത്ത് പ്രവർത്തിക്കാൻ പ്രേരിപ്പിച്ചതും പി.എ ആയിരുന്നു. എറണാകുളം മുസ്‌ലിം വിമെൻസ് അസോസിയേഷന്റെയും ഹോസ്റ്റലിന്റെയും പ്രവർത്തനങ്ങളിൽ ടീച്ചർ മുഴുകിയപ്പോൾ അതിന്നു പിൻബലം നൽകി. വാസ്തവത്തിൽ ഈ പൊതുപ്രവർത്തനം, തന്റെ പ്രിയ പ്പെട്ടവന്റെ വിയോഗത്തിലുള്ള ദുഃഖത്തിൽ നിന്നു കുറെയൊക്കെ മോചനം നേടാൻ സഹായിച്ചു.

1995-ൽ അധ്യാപകജീവിതത്തിൽ നിന്നു വിരമിച്ച ഖദീജ ടീച്ചർ എറ ണാകുളത്തെ സർഗ്ഗത്തിൽ മകൾ ഫൗസിയയോടൊപ്പം ജീവിക്കുന്നു.

■

mappilaheritagelibrary

എട്ട്:

അന്ത്യം

1975 ഡിസംബർ 19

അടിയന്തരാവസ്ഥക്കാലമാണ്. പക്ഷെ; സെയ്തു മുഹമ്മദ് സാഹിബിന്നു വിശ്രമമില്ല. പതിവുപോലെ അദ്ദേഹം എറണാകുളം ഹോസ്പിറ്റൽ റോഡിലുള്ള ഹിസ്റ്ററി അസോസിയേഷൻ ഓഫീസിലെത്തി. കലേശനും ഗബ്രിയേലും ജോർജ്ജുമെല്ലാമുണ്ട്. വന്നപാടെ സ്റ്റാഫിനോട് കുശലപ്രശ്നങ്ങൾ ചെയ്യുക പതിവാണ്. പിന്നെ പതിനഞ്ചു പേർക്കെങ്കിലും കത്തെഴുതും. ഫോൺ ചെയ്യും. നിരന്തരമായ സമ്പർക്കങ്ങളിലൂടെയാണ് അദ്ദേഹം തന്റെ വിപുലമായ സുഹൃദ്സാമ്രാജ്യം പടുത്തുയർത്തിയത്.

അഴീക്കോട് വിളിച്ചോ? റാഫി? ഒ.പി? കൊച്ചുണ്ണി മാസ്റ്റർ?

സുഹൃത്തുക്കൾ ഇങ്ങോട്ടു വിളിച്ചില്ലെങ്കിൽ അങ്ങോട്ട് വിളിക്കുമെന്നുറപ്പാണ്. പൊതുകാര്യങ്ങളും വ്യക്തിപരമായ കാര്യങ്ങളുമെല്ലാം ചർച്ചാവിഷയമാകും. തമാശകൾ പറയും. അദ്ദേഹത്തിന്റെ സരസസംഭാഷണം കേൾക്കാൻ തന്നെ അസോസിയേഷൻ ഓഫീസിൽ വരുന്നവരുണ്ട്. അക്കൂട്ടത്തിൽ ക്ഷിപ്രകോപികളും വക്രബുദ്ധികളും വികാരജീവികളും സമചിത്തതയുള്ളവരുമുണ്ടായിരിക്കും. അവരെയെല്ലാം കൂട്ടിയിണക്കി കൊണ്ടു പോകുന്നതിലായിരുന്നു സെയ്തു മുഹമ്മദിന്റെ വൈഭവം. ചൂടേറിയ വാദപ്രതിവാദങ്ങളുണ്ടാകുമ്പോൾ പോലും ഇരു കക്ഷികളേയും പിണക്കാതെ ശാന്തരാക്കുവാനുള്ള അസാധാരണമായ കഴിവ്.

mappilaheritagelibrary

അന്നുമുണ്ടായി ഒരു തർക്കം. സി.പി.ശ്രീധരനും മഹാരാജാസ് കോളേജിലെ പ്രൊഫ മുഹമ്മദും തമ്മിലായിരുന്നത്. തന്റെ ഒരടുത്ത സുഹൃത്തായ എഴുത്തുകാരനെ വിമർശിച്ച് ശ്രീധരൻ നടത്തിയ പരാമർശം പ്രഫസർക്കിഷ്ടമായില്ല. അദ്ദേഹം എതിർപ്പു പ്രകടിപ്പിച്ചു. സെയ്തു മുഹമ്മദ് തന്റെ പക്ഷത്ത് ചേരുമെന്ന് അദ്ദേഹം വെറുതെ ആഗ്രഹിച്ചു. എന്നാൽ അദ്ദേഹം ഒരുപക്ഷത്തും ചേരാതെ തമാശകൾ പറഞ്ഞ് അന്തരീക്ഷത്തിലുറഞ്ഞു കൂടിയ മഞ്ഞുരുക്കുകയാണ് ചെയ്തത്. യാതൊന്നുമുണ്ടാകാത്തതു പോലെ ശ്രീധരനും പ്രൊഫ.മുഹമ്മദും ചിരിച്ചുകൊണ്ട് കൈകൊടുത്ത് പിരിഞ്ഞു.

രാത്രി വീട്ടിലെത്തിയപ്പോൾ പണി തീരാനിരിക്കുന്ന ഹിസ്റ്ററി അസോസിയേഷൻ കെട്ടിടത്തെക്കുറിച്ചായിരുന്നു സെയ്തു മുഹമ്മദിന്റെ ചിന്ത. ഓരോ ഡിസംബറിലും അടുത്തവർഷം ചെയ്തുതീർക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ചില തീരുമാനങ്ങളെടുക്കുക പതിവായിരുന്നു. പണികളെല്ലാം തീർത്ത് നവവത്സരദിനത്തിൽ തന്നെ അസോസിയേഷൻ, പുതിയ കെട്ടിടത്തിൽ തുടങ്ങണമെന്നായിരുന്നു ആഗ്രഹം. മഹാരാജാസ് കോളജ് കാമ്പസിനകത്ത് തന്നെ മൂന്നുനിലയിലുള്ള കെട്ടിടം. താഴെ നിലകൾ വാടകയ്ക്കു കൊടുക്കാം. ഏറ്റവും മുകളിലെ നിലയിലാണു അസോസിയേഷൻ ഓഫീസ്. കയറാൻ അല്പം ബുദ്ധിമുട്ടേണ്ടിവരും. അതൊന്നും ആലോചിച്ചിട്ടു കാര്യമില്ല.

രാത്രി എട്ടു മണിയായിക്കാണും. കൊച്ചിയിൽ നിന്ന് ആസാദ് ലൈബ്രറിയുടെ സെക്രട്ടറി ഖമറുദ്ദീൻ വന്നതപ്പോഴാണ്. വനിതാ വിഭാഗത്തിന്റെ ഉദ്ഘാടനത്തെ കുറിച്ചാലോചിക്കാനാണ്. ആരെയൊക്കെയാണ് ക്ഷണിക്കേണ്ടത്? അവരെകൊണ്ടുപോകാനുള്ള ഏർപ്പാടുകളൊക്കെ എങ്ങനെ?- മൗലാനാ ആസാദ് സോഷ്യോ- കൾച്ചറൽ സെന്റർ തുടങ്ങിയതു മുതൽ സെയ്തു മുഹമ്മദ് സാഹിബാണ് ഉപദേഷ്ടാവ്. അദ്ദേഹത്തോടാലോചിക്കാതെ ഒന്നും ചെയ്യാറില്ല.

ഖദീജാടീച്ചർ ലത്തീഫിനെ വിളിച്ചു. എൻ.കെ.എ.ലത്തീഫാണ് ലൈബ്രറിയുടെ എല്ലാം. ഉദ്ഘാടനത്തെപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കെ അദ്ദേഹം ചോദിച്ചു: 'മാഷില്ലെ?'

പിന്നീട് സംസാരിച്ചത് സെയ്തു മുഹമ്മദ് സാഹിബാണ്; നർമ്മരസത്തിലുള്ള ആ പതിവുശൈലിയിൽ: "ഖമറുദ്ദീൻ പെണ്ണുങ്ങളെ സംഘടിപ്പിക്കാനിറങ്ങിയിരിക്കയാണല്ലെ."

പിന്നെ പൊതുകാര്യപ്രസക്തിയുള്ള പല കാര്യങ്ങളെ കുറിച്ചും സംസാരിച്ചു. ദിവസവും ഒരു നേരമെങ്കിലും ടെലഫോണിൽ അവർ പരസ്പരം സംസാരിക്കാതിരിക്കില്ല. "നിർത്തട്ടെ നാളെ കാണാം" എന്നു പറഞ്ഞാണ് അതവസാനിപ്പിച്ചത്.

mappilaheritagelibrary

പിറ്റേദിവസം തന്റെ വഴികാട്ടിയെ ജീവനോടെ കാണാനാവില്ലെന്ന് ലത്തീഫ് ഓർത്തിരുന്നില്ല.

അപ്പോഴും അസോസിയേഷൻ കെട്ടിടത്തിന്റെ ഉദ്ഘാടനത്തെ കുറിച്ചായിരുന്നു, സെയ്തു മുഹമ്മദ് സാഹിബിന്റെ ചിന്ത.

"ലളിതമായ ചടങ്ങു മതി. അല്പം കൽക്കണ്ടവും ഉണക്കമുന്തിരിയും വരുന്നവർക്ക് കൊടുക്കാം, അല്ലെ?"- ഖദീജാ ടീച്ചറോട് പറഞ്ഞു. പൊതുകാര്യങ്ങളാണെങ്കിലും എല്ലാം തന്റെ സഹധർമ്മിണിയുമായി ചർച്ച ചെയ്യാറുണ്ട്. കല്ല്യാണം കഴിഞ്ഞനാൾ തൊട്ടേയുള്ള ശീലമാണ്. തന്റെ പൊതുപ്രവർത്തനങ്ങളെയോ കൂട്ടുകാരെയോ കുറിച്ചുള്ള ഒന്നും ജീവിത പങ്കാളിയിൽ നിന്ന് മറച്ചുവയ്ക്കാറില്ല.

അസോസിയേഷന്റെയും സാഹിത്യപരിഷത്തിന്റെയും കെട്ടിടങ്ങൾ എത്രയും വേഗം പൂർത്തിയാക്കണമെന്ന ചിന്ത കലശലായിരുന്നു. മൂന്നു ദിവസം മുമ്പ് പരിഷത്ത് സെക്രട്ടറി കെ.ടി.തര്യനെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: "പരിഷത്തിന് സ്വന്തമായ ഒരു കെട്ടിടം നിർമ്മിക്കുക. അത്രയും വലിയ ഒരു സേവനം മന്ത്രിയായാൽ പോലും ചെയ്യാനാവില്ല."

കൊച്ചി നഗരത്തിന്റെ ഹൃദയഭാഗത്ത് 26സെന്റ് സ്ഥലം പരിഷത്തിന്ന് സ്വന്തമായുണ്ട്. പത്തുലക്ഷംരൂപ ചെലവുള്ള- അന്ന് അതൊരു വലിയ തുകയാണ്— ഒരു വലിയ കെട്ടിടം പണിത് പരിഷത്തിന്റെ പ്രവർത്തനങ്ങൾ വിപുലമാക്കുക. അതിന്നുവേണ്ടി വർഷങ്ങളായി സഹപ്രവർത്തകരോടൊപ്പം കൊണ്ടുപിടിച്ചു ശ്രമിക്കുകയായിരുന്നു സെയ്തു മുഹമ്മദ് സാഹിബ്. പ്രവർത്തനക്ഷമമായ ഒരു പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കി അന്നത്തെ ജില്ലാകലക്ടറായിരുന്ന എസ്. കൃഷ്ണകുമാർ വഴി ഗവൺമെന്റിന്റെ സാമ്പത്തികസഹായത്തിന് സമർപ്പിച്ചിരിക്കുകയായിരുന്നു.

രാത്രി അത്താഴം കഴിഞ്ഞാൽ കഴിവതും വേഗം ഉറങ്ങാൻ കിടക്കുകയാണ് ശീലം. എന്നാൽ ഉറക്കം കിട്ടാതെ അസ്വസ്ഥനാകുന്നതുകണ്ട് ഖദീജാ ടീച്ചറിന്നു പരിഭ്രമമായി. ഹൃദ്രോഗമുള്ളതാണ്. രണ്ടു തവണ ആശുപത്രിയിൽ കിടന്നതാണ്. വെച്ചു കളിപ്പിച്ചാൽ ശരിയാവില്ലെന്നു തോന്നി. ഡ്രൈവർ തോമസ്, ജോലി കഴിഞ്ഞ് വീട്ടിലേക്ക് തിരിച്ചുപോയി. കാറുണ്ട്. പക്ഷെ; ആര് ഓടിക്കും? ടീച്ചറുടെ ഇളയ അനുജൻ വീട്ടിലുണ്ട്. വണ്ടിയോടിക്കാനൊക്കെയറിയാം, പക്ഷേ ലൈസൻസില്ല. ഇനിയിപ്പോൾ അതൊന്നും നോക്കിയിട്ടു കാര്യമില്ല. എങ്ങനെയും ആശുപത്രിയിലെത്തിച്ചേ മതിയാകൂ.

ഗിരിനഗറിലെ നാലാംലെയിനിലെ സിടൈപ്പ് 70-ാം നമ്പർ വീട്ടിൽനിന്നു ഉടനെ പച്ചാളത്തിന്നപ്പുറമുള്ള ലൂർദ്ദ് ആശുപത്രിയിലേക്ക് യാത്രയായി- ഹെഡ്ലൈറ്റു പോലുമില്ലാതെ. അപ്പോൾ രാത്രി ഒമ്പതു മണിയായിക്കാണും.

mappilaheritagelibrary

"കലേശനെ വിളിച്ചു പറയട്ടെ?" ടീച്ചർ ചോദിച്ചു.

"വേണ്ട, ആരെയും ബുദ്ധിമുട്ടിക്കേണ്ട. ഇപ്പോഴത്ര പ്രയാസമൊന്നു മില്ലല്ലോ"എന്നായിരുന്നു മറുപടി. കലേശന്റെ വീട് ആശുപത്രിക്ക് അടുത്താണ്. ഓഫീസ് അസിസ്റ്റന്റാണെങ്കിലും കുടുംബാംഗത്തെ പോലെയാണ്.

പിറ്റേന്ന്, ഡിസംബർ 20-നു രാവിലെ ആശുപത്രിയിൽ നിന്നു ഡ്രൈവർ തോമസാണ് കലേശനെ വിളിച്ചു പറഞ്ഞത്: "സാറിന് സുഖമില്ല. ഉടനെ വരണം. തര്യൻസാറിനെയും ടാറ്റാപുരത്തേയും കൊച്ചുണ്ണി മാസ്റ്ററേയും അറിയിക്കണം."

ഓഫീസിൽ സെയ്തു മുഹമ്മദ് വന്നു കാണാത്തതുകൊണ്ട് കലേശൻ ടൈപ്പിസ്റ്റ് ഗബ്രിയേലിനോട് ചോദിച്ചതേയുള്ളൂ. കലാമണ്ഡലത്തിൽ പോയതായിരിക്കുമെന്ന് സ്വയം പറയുകയും ചെയ്തു. കലേശന്റെ മുഖഭാവം കണ്ടപ്പോൾ ഗോപാലകൃഷ്ണനും തോന്നി, ഗൗരവമുള്ള എന്തോ പ്രശ്നമാണെന്ന്. പ്രശസ്ത ചരിത്രകാരനായ പി.കെ. ഗോപാലകൃഷ്ണൻ അസോസിയേഷനിലെ റിസർച്ച് ഓഫീസറായിരുന്നല്ലൊ.

തര്യനേയും ടാറ്റാപുരത്തേയും കൊച്ചുണ്ണിമാസ്റ്ററേയും വിവരമറിയച്ചതിന്നു ശേഷം ഗോപാലകൃഷ്ണനും കലേശനും ലൂർദ്ദിലേക്ക് തിരിച്ചു. കച്ചേരിപ്പടിയിൽ തര്യൻ കാറുമായി കാത്തുനിന്നിരുന്നു; ലൂർദ്ദ് ആശുപത്രിവളപ്പിൽ കാറെത്തിയപ്പോൾ ടാറ്റാപുരവും എത്തിച്ചേർന്നു. രാവിലെ എട്ട് മണിക്ക് മുമ്പാണ് സന്ദർശനസമയം. തര്യൻ പത്രക്കാരനായതുകൊണ്ട് ആ കടമ്പ കടന്നു കിട്ടി.

സുഹൃത്തുക്കൾ ചെല്ലുമ്പോൾ സെയ്തു മുഹമ്മദിന്ന് ഡ്രിപ്പു കൊടുത്തുകൊണ്ടിരിക്കുകയാണ്. കയ്യിലും മൂക്കിലും ചുവന്ന റബർ കുഴലുകൾ. ആകെ പരിഭ്രാന്തിയിലായ ഖദീജ ടീച്ചർ കട്ടിലിന്നരികിൽ തന്നെയുണ്ട്. ഭാഗ്യത്തിന്ന്, വിവരമറിഞ്ഞ് കലേശന്റെ ഭാര്യ വന്നിട്ടുണ്ട്. ഡ്രിപ്പിന്റെ നീഡിൽ ഇളകിപ്പോകാതിരിക്കാൻ അവർ രോഗിയുടെ കയ്യിൽ പിടിച്ചിരിക്കുകയാണ്.

ആരും ഒന്നും മിണ്ടുന്നില്ല. മിണ്ടാനാകുന്നില്ല. കണ്ണു തുറന്നപ്പോൾ ചിരകാല സുഹൃത്തുക്കളെക്കണ്ട് സെയ്തു മുഹമ്മദ് ഒന്ന് പുഞ്ചിരിക്കുവാൻ ശ്രമിച്ചു. അത് ദുർബ്ബലമായിരുന്നു.

പരിശോധനയ്ക്കായി ഡോ. പോൾ വന്നപ്പോൾ എല്ലാവരും മുറിയിൽ നിന്നു പുറത്തിറങ്ങി. അദ്ദേഹം തിരിച്ചുവന്നപ്പോൾ ആകാംക്ഷയോടെ നിൽക്കുന്ന ചങ്ങാതിമാരോട് പറഞ്ഞു:

"കാർഡിയാക് അറ്റാക്കു തന്നെയാണ്. ഇത്തവണ വളരെ ശക്തമാണ്. രക്ഷപ്പെടുത്താൻ ഞങ്ങൾ പരമാവധി ശ്രമിക്കുന്നുണ്ട്."

mappilaheritagelibrary

ബന്ധുക്കളേയും സുഹൃത്തുക്കളേയും കണ്ടാൽ രോഗം മൂർച്ഛിക്കാൻ സാധ്യതയുള്ളതുകൊണ്ട് തല്ക്കാലം മുറിയിൽ കയറാതിരിക്കുന്നതാണ് നല്ലതെന്നുകൂടി അദ്ദേഹം ഉപദേശിച്ചു.

കൂടെ വന്ന സുഹൃത്തുക്കളെ തിരിച്ചയച്ചിട്ട് കലേശൻ മുറിയുടെ പുറത്തുനിന്നു. അപ്പോൾ പതിനൊന്ന് മണി കഴിഞ്ഞുകാണും. ഇതിനിടെ ഖദീജാടീച്ചർക്ക് വന്ന ടെലഫോൺ എടുക്കാൻ കലേശൻ താഴേയ്ക്കു പോയി. തിരിച്ചുവന്നപ്പോൾ സെയ്തു മുഹമ്മദിന്റെ രോഗം മൂർഛിച്ചിരുന്നു. കഫക്കെട്ടുകൊണ്ട് ശ്വാസംവിടാൻ പ്രയാസപ്പെടുകയാണദ്ദേഹം അപ്പോഴേയ്ക്കും ഡോ.പുന്നൂസ് വന്നു. കഫമെടുക്കുന്ന യന്ത്രവുമായി നഴ്സും വന്നു. സന്ദർശകരെ പുറത്താക്കി മുറിയുടെ വാതിലടച്ചു.

"യന്ത്രത്തിന്റെ ശബ്ദത്തെ കീഴ്പ്പെടുത്തിക്കൊണ്ട് സെയ്തു മുഹമ്മദ് സാഹിബിന്റെ നിലവിളി ആശുപത്രിയാകെ പടർന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ മറിഞ്ഞുമറിഞ്ഞുപോയി. കൺപോളകൾ കൂമ്പി. വയറും നെഞ്ചും ദ്രുതതരമായി ചലിച്ചുകൊണ്ടിരുന്നു..." എല്ലാത്തിനും ദൃക്സാക്ഷിയായ കലേശന്റെ വാക്കുകൾ.

പൊടുന്നനെ എല്ലാം നിശ്ചലമായി. ജീവിച്ചിരുന്ന ഓരോ നിമിഷവും ചലനാത്മകമാക്കിയ ഒരു വലിയ മനുഷ്യന്റെ അവസാനമായിരുന്നു അത്. ചലനമില്ലാത്ത ജീവിതം ഒഴുക്കില്ലാത്ത ജലാശയം പോലെയാണന്ന് എപ്പോഴും ഓർമ്മിപ്പിച്ചുകൊണ്ടിരുന്ന വ്യക്തിത്വം. സ്വയം ഒരു പവർസ്റ്റേഷനെന്നോണം ഊർജ്ജകേന്ദ്രമായിരുന്ന അദ്ദേഹം, ആ ഊർജ്ജം മറ്റുള്ളവരിലേയ്ക്കും പ്രസരിപ്പിച്ചു. അത് അവരെ കർമ്മോത്സുകരാക്കി. ആ ഊർജ്ജതരംഗങ്ങൾ കടന്നുചെന്ന മണ്ഡലങ്ങളെയെല്ലാം സചേതനമാക്കി. ഇണങ്ങാത്ത കണ്ണികളെ സംയോജിപ്പിച്ചു. ചുറ്റുപാടും അത് പ്രസാദാത്മകത നിറച്ചു. ശത്രുക്കൾ അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. ഉണ്ടായിരുന്നെങ്കിൽ തന്നെ അതിനെ നിസ്വാർത്ഥവും അകളങ്കവുമായ സ്നേഹം കൊണ്ട് അതിജീവിച്ചു. ഏതു മനുഷ്യന്നും തന്നാലാവുന്ന സഹായം ചെയ്തുകൊടുത്തു; അത് തിരിച്ചുകിട്ടുമെന്ന പ്രതീക്ഷയോടെയായിരുന്നില്ല. അതുകൊണ്ടു തന്നെ അദ്ദേഹത്തിന് ഒരിക്കലും നിരാശപ്പെടേണ്ടിവന്നില്ല. സരസഭാഷണവും നർമ്മബോധവും കൊണ്ട് എല്ലാവരേയും വശീകരിച്ചു. രാഷ്ട്രീയനേതാക്കളും സാംസ്കാരികനായകന്മാരും അദ്ദേഹത്തിന്റെ ഉപദേശം തേടി. സമൂഹത്തിലെ നിസ്വരോട് പോലും തുല്യതയോടെ അദ്ദേഹം പെരുമാറി. എത്ര നിസ്സാരനായ ആളായാലും അദ്ദേഹത്തിന്റെ മുൻപിൽ ഇരിപ്പിടം ലഭിച്ചു.

"എന്റെ ജീവിതത്തിൽ സ്നേഹിച്ചോ ശാസിച്ചോ എന്നിലെന്തെങ്കിലും സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടുള്ള വ്യക്തികൾ എന്റെ അമ്മയും സെയ്തു മുഹമ്മദും മാത്രമാണ്"- സുകുമാർ അഴീക്കോടിന്റെ

mappilaheritagelibrary

താണ് ഈ വാക്കുകൾ. ഇതുപോലെ സെയ്തു മുഹമ്മദ് സാഹിബുമായി അടുപ്പമുള്ള ഓരോരുത്തർക്കും പറയാനുണ്ടായിരുന്നു.

തനിക്കുള്ള പ്രയാസങ്ങളത്രയും എന്നും ഒരു പുഞ്ചിരി കൊണ്ട് മൂടി കഴിഞ്ഞിരുന്ന സെയ്തു ആർക്കും ഒരു ഭാരമാകാൻ ഇഷ്ടപ്പെട്ടിരുന്നില്ലെന്ന് ആത്മസുഹൃത്തായിരുന്ന കൊച്ചുണ്ണി മാസ്റ്റർ അഭിപ്രായപ്പെട്ടത് നൂറ് ശത മാനവും സത്യമായിരുന്നു. അതേ സമയം അദ്ദേഹത്തെ ഒരിക്കലും മ്ലാന വദനനായി കാണുവാനും കഴിഞ്ഞിരുന്നില്ല. പ്രസാദാത്മകതയായിരുന്നു ആ വ്യക്തിത്വത്തിന്റെ മുഖമുദ്ര. മതത്തിന്റെയോ കക്ഷിരാഷ്ട്രീയത്തി ന്റെയോ അതിർവരമ്പുകൾക്കപ്പുറം മനുഷ്യനെ അവന്റെ വലിപ്പമോ ചെറു പ്പമോ നോക്കാതെ അദ്ദേഹം സ്നേഹിച്ചു. അത് എന്തെങ്കിലും കാര്യസാ ധ്യത്തിന്നു വേണ്ടിയായിരുന്നില്ല.; നിസ്വാർത്ഥമായിരുന്നു. അദ്ദേഹത്തോട് അടുത്തിടപഴകിയവരിൽ ഏതെങ്കിലും കടപ്പാടില്ലാത്ത ആരുമുണ്ടെന്ന് തോന്നുന്നില്ല. എന്നാൽ അദ്ദേഹത്തിന്നാകട്ടെ ആരോടും കടപ്പാടുണ്ടായി രുന്നുമില്ല.

പത്ത് ആയുഷ്ക്കാലം കൊണ്ട് ചെയ്യാൻ കഴിയാത്ത കാര്യങ്ങ ളാണ് നാല്പത്തഞ്ചുവർഷം കൊണ്ട് സെയ്തു മുഹമ്മദ് സാഹിബ് ചെയ്തുതീർത്തത്.

ഡിസംബർ 21-ാം തിയ്യതി കേരള സാഹിത്യ അക്കാദമിയിൽ മീറ്റിം ഗിന്ന് ചെല്ലുമ്പോൾ കാണാമെന്നു പറഞ്ഞ് പത്തു ദിവസം മുമ്പ് സെയ്തു മുഹമ്മദ് അയച്ച കത്തനുസരിച്ച് തലേദിവസം തന്നെ തൃശൂരിലെത്തിയ വൈക്കം മുഹമ്മദ് ബഷീറിനെ അന്ന് ഉച്ചയ്ക്ക് ഊണു കഴിഞ്ഞ് മയങ്ങു മ്പോൾ, പവനൻ വിളിച്ചുണർത്തി അറിയിച്ചത് മരണവാർത്തയാണ്: "നമ്മുടെ പി.എ സെയ്തു മുഹമ്മദ് മരിച്ചുപോയി."

ബഷീർ എഴുതി: "ഞാൻ ഞെട്ടിയെണീറ്റിരുന്നു. അദ്ദേഹം മരിച്ചു പോയതായി എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. ഇരുപത്തൊന്നാം തിയ്യതി തമ്മിൽ കാണാമെന്നെഴുതിയിരുന്ന മനുഷ്യൻ. അല്ലാഹുവിന്റെ വിധി."

■

mappilaheritagelibrary

ഒൻപത്:

എന്റെ വഴികാട്ടി

എങ്ങനെയും ഒരു എഴുത്തുകാരനാകണമെന്ന ഭ്രമവുമായി നടക്കുന്ന കൗമാരകാലം. സാഹിത്യമോക്ഷം തേടി എത്തിപ്പെട്ടത് പത്രപ്രവർത്തനത്തിന്റെ മേഖലയിൽ– *കേരളനാദം* എന്ന സായാഹ്നപത്രത്തിൽ. *കേരള നാദം* കുറച്ചുനാൾ അടച്ചിട്ടു. എനിക്ക് തൊഴിലില്ലാതായി. അങ്ങനെയാണ് സെയ്തുമുഹമ്മദിക്കയുടെ അടുത്ത് എത്തിച്ചേരുന്നത്.

സെയ്തുമുഹമ്മദിക്ക എന്നാൽ പി.എ.സെയ്തുമുഹമ്മദ്. ചരിത്രകാരനും സാംസ്കാരികനേതാവുമായ അദ്ദേഹം വളരെ വേഗമാണ് എനിക്ക് ജ്യേഷ്ഠസഹോദരനും ഗുരുവും വഴികാട്ടിയുമായിത്തീരുന്നത്. ഏതെങ്കിലും പത്രത്തിൽ എന്നെ കയറ്റാൻ അദ്ദേഹം ശ്രമിച്ചു. ഒന്നും ശരിയായില്ല. സെയ്തുമുഹമ്മദിക്ക തന്നെ നടത്തിയിരുന്ന *സർഗ്ഗം* മാസികയുടെ എഡിറ്റിംഗ് ചുമതല എന്നെ ഏൽപ്പിച്ചു. റീഡേഴ്സ് ഡൈജസ്റ്റിന്റെ മാതൃകയിലുള്ള ചെറിയൊരു മാസിക. വൈവിധ്യമുള്ള വിഷയങ്ങളെകുറിച്ച് കൊച്ചു കൊച്ചു ലേഖനങ്ങൾ. മലയാളത്തിലെ മികച്ച നോവലുകളുടെ സംഗ്രഹം കൂടി, ചെറുകഥ പോലെ വായിച്ചുപോകാവുന്ന വിധം ഞാൻ കൊടുക്കാൻ തുടങ്ങി.

എറണാകുളം മാർക്കറ്റ് റോഡിൽ ചാമ്പ്യൻസ് ലോഡ്ജിലെ കുടുസ്സായ മുറിയായിരുന്നു *സർഗ്ഗം* ഓഫീസ്. *സർഗ്ഗ*ത്തിന്റെ മാത്രമല്ല, കേരളാ ഹിസ്റ്ററി അസോസിയേഷന്റേയും ഇസ്ലാമിക് സെമിനാറിന്റെയുമൊക്കെ ഓഫീസ് അതായിരുന്നു. ഒരു കട്ടിൽ, മേശ, രണ്ടു കസേരകൾ, ഒരു ടൈപ്പ്റൈറ്റർ, സ്റ്റൂളിൽ കൂജയും വെള്ളവും. അടുത്തുതന്നെയുള്ള റാഫേലുചേട്ടന്റെ

mappilaheritagelibrary

ശോഭാ പ്രിന്റേഴ്സിലായിരുന്നു അച്ചടി. പ്രസ്സിന്റെ പിന്നിലുള്ള ഒരു ചെറിയ വാടകവീട്ടിൽ സെയ്തുമുഹമ്മദിക്കയും കുടുംബവും താമസം.

മാറ്ററുണ്ടാക്കലും എഡിറ്റിംഗും പ്രൂഫ്റീഡിംഗും ഒക്കെ ഞാൻ തന്നെ. അതിന് അധിക ദിവസങ്ങൾ വേണ്ട. എങ്കിലും വെറുതെയിരിക്കാനാവില്ല. ഹിസ്റ്ററി അസോസിയേഷൻ, ഇസ്ലാമിക് സെമിനാർ ഇവയുടെയൊക്കെ എന്തെങ്കിലും ജോലി ചെയ്യാനുണ്ടാവും. അങ്ങനെ *സ്വർഗ്ഗം* വലിയ ലാഭമോ നഷ്ടമോ ഇല്ലാതെ നടന്നുപോയി. മറ്റു സാമൂഹ്യ പ്രവർത്തനങ്ങൾക്കിടയിൽ അതൊരു ബിസിനസ്സായി കൊണ്ടുനടക്കാൻ സെയ്തുമുഹമ്മദിക്ക ശ്രമിച്ചില്ല. ഇടയ്ക്ക് ചോദിക്കാതെ തന്നെ നൂറോ ഇരുന്നൂറോ രൂപ പോക്കറ്റിലിട്ട് തരും. കാശില്ലെങ്കിൽ ചോദിച്ചുവാങ്ങണമെന്നാണ് നിർദ്ദേശം. പക്ഷെ, അതിന് ദുരഭിമാനം അനുവദിക്കില്ല. കൂജയിലെ വെള്ളത്തിന് നന്ദി പറഞ്ഞ എത്രയോ ഉച്ചകൾ! വീട്ടിലേക്ക് പോകാൻ കാശില്ലെങ്കിൽ ചാമ്പ്യനിൽ തന്നെ കിടന്നുറങ്ങും. പുലർച്ചെ സെയ്തുമുഹമ്മദിക്ക വന്നു വിളിക്കും. കൃഷ്ണാ കേഫിൽ പോയി ഉപ്പുമാവും ചായയും കഴിക്കും.

ഗബ്രിയേൽ എന്ന ടൈപ്പിസ്റ്റ് മാത്രമാണ് ഓഫീസ് സ്റ്റാഫ്. ഹിസ്റ്ററി അസോസിയേഷന്റെ ഓഫീസ് മഹാരാജാസ് കോളേജ് കാമ്പസിനകത്തെ കെട്ടിടത്തിലേക്ക് മാറിയതിന് ശേഷമാണ് സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ സെയ്തുമുഹമ്മദിക്ക സജീവമാകുന്നത്. ഗബ്രിയേലിന് പുറമെ കലേശൻ മാഷും രാജനും ജോർജ്ജുമൊക്കെ സ്റ്റാഫായി വന്നു. കേരളത്തിന്റെ സാംസ്കാരിക ചരിത്രമെഴുതിയ പി.കെ.ഗോപാലകൃഷ്ണൻ റിസർച്ച് ഓഫീസറായി വന്നു.

സി.എച്ച്.മുഹമ്മദ് കോയ വിദ്യാഭ്യാസമന്ത്രി ആയപ്പോൾ കേരള സാഹിത്യ അക്കാദമി വൈസ് പ്രസിഡണ്ടായി സെയ്തുമുഹമ്മദിക്ക നോമിനേറ്റ് ചെയ്യപ്പെട്ടു. ചില കേന്ദ്രങ്ങളിൽ നിന്ന് അപസ്വരങ്ങൾ ഉയർന്നെങ്കിലും സി.എച്ച് അതത്ര കാര്യമാക്കിയില്ല. ഹിസ്റ്ററി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ രണ്ടു വാല്യങ്ങളായി പുറത്തിറക്കിയ *സമഗ്രകേരളചരിത്രത്തിനും നവകേരളശില്പികൾക്കും* സർക്കാർ ഗ്രാന്റ് നൽകി. അങ്ങനെ ആ പദ്ധതികൾ സാക്ഷാത്കരിക്കാനും സി.എച്ച്.സഹായിച്ചു. ഹിസ്റ്ററി അസോസിയേഷന്റെയും സമസ്ത കേരള സാഹിത്യ പരിഷത്തിന്റേയുമൊക്കെ കടിഞ്ഞാൺ സെയ്തുമുഹമ്മദിക്കയുടെ കൈകളിലായിരുന്നു.

ഊർജ്ജസ്വലമായിരുന്നു ആ വ്യക്തിത്വം. ചുറ്റുമുള്ളവരിലേക്ക് പ്രസരിക്കുന്ന പ്രസാദാത്മകത്വം. അസാധാരണമായ സംഘടനാപാടവം. ആരെങ്കിലും ഒരു സാംസ്കാരികനായകൻ മരിച്ചാൽ, ആർക്കെങ്കിലും ഒരു സാഹിത്യപുരസ്കാരം ലഭിച്ചാൽ അനുശോചനവും സ്വീകരണവുമൊക്കെ സംഘടിപ്പിക്കാൻ വലിയ സമയമൊന്നും വേണ്ട. മീറ്റിംഗൊന്നും കൂടേണ്ട. പങ്കെടുക്കുന്നവരെ ഫോണിൽ വിളിച്ചുപറഞ്ഞ് ക്ഷണക്കത്ത് അച്ചടി

mappilaheritagelibrary

പ്പിക്കലും അയക്കലുമെല്ലാം മണിക്കൂറുകൾക്കകം നടക്കും. സ്നേഹനിർഭ രമായ മനസ്സിന്റെ വിക്രിയകളെന്നു തിരിച്ചറിഞ്ഞ് അവർ പൂർണ്ണമായി സഹ കരിക്കും.

തന്റെ തട്ടകം ചരിത്രരചനയായതുകൊണ്ട് എന്നെ ആ വഴിക്ക് കൊണ്ടു പോകാൻ സെയ്തുമുഹമ്മദിക്ക ശ്രമിച്ചില്ല. എന്റെ മനസ്സ് വായിച്ച അദ്ദേഹം ചിലപ്പോൾ പറയുമായിരുന്നു. "എടോ, ഫോർട്ട്കൊച്ചിയിലെ ധോബി കളെകുറിച്ച് താനൊരു നോവലെഴുതിയാൽ അസ്സലായിരിക്കും."

സാമൂഹിക, സാംസ്കാരിക മേഖലകളിലെ എല്ലാ കണ്ണികളേയും വിള ക്കിച്ചേർക്കുന്ന ആ വ്യക്തിത്വം അതുല്യമായിരുന്നു. കോൺഗ്രസ്സുകാരനും മാർക്സിസ്റ്റുകാരനും മതനേതാവും യുക്തിവാദിയും ബുദ്ധിജീവിയും സാമൂഹ്യ പ്രവർത്തകനുമെല്ലാം സെയ്തുമുഹമ്മദിക്കയുടെ വിപുലമായ സൗഹൃദവലയത്തിൽ എന്നുമുണ്ടായിരുന്നു.

ക്രമേണ വലിയ സാംസ്കാരികോത്സവങ്ങൾ സംഘടിപ്പിക്കുന്നതി ലായി ചരിത്രഗവേഷണത്തേക്കാൾ കമ്പം. 1986-ലെ മട്ടാഞ്ചേരി യഹൂദപ്പ ള്ളിയുടെ നാനൂറാം വാർഷികാഘോഷം ഒരു അന്തർദേശീയോത്സവമാ ക്കിമാറ്റിയത് സെയ്തുമുഹമ്മദിക്കയുടെ സംഘടനാപാടവമാണ്. സാരസ്വത ബ്രാഹ്മണരുടെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടനം, 'വർദ്ധമാന'മഹാ വീരന്റെ 2500 നിർവാണാചരണം, ഹരിജൻ സെമിനാർ, തിരൂരങ്ങാടി മാപ്പിള സാഹിത്യ സെമിനാർ, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ രജതജൂബിലി, കൊടുങ്ങല്ലൂരിൽ നടന്ന ആർക്കിയോളജിക്കൽ സെമിനാർ... ഈ വലിയ പരിപാടികളൊക്കെ രൂപകല്പന ചെയ്യുന്നത് മുതൽ യാഥാർത്ഥ്യമാക്കി തീർക്കുന്നതുവരെ സെയ്തുമുഹമ്മദിക്ക അടങ്ങിയിരുന്നില്ല. ഗ്രന്ഥശാലാ സംഘം, കലാമണ്ഡലം, എസ്.പി.സി.എസ്, ഹിന്ദി പ്രചാരസഭ, കേരള സാഹിത്യ അക്കാദമി തുടങ്ങി എല്ലാ സാംസ്കാരിക സംഘടനകൾക്കും ഊർജ്ജം പകരുന്ന പവർഹൗസായിരുന്നു അദ്ദേഹം. പുസ്തകമുറിക്കു ള്ളിൽ അടയിരുന്ന മഹാ പണ്ഡിതന്മാരെ അദ്ദേഹം ജനങ്ങൾക്കിടയിലേക്ക് ഇറക്കിക്കൊണ്ടുവന്നു. കേരളീയ സമൂഹവുമായി അകന്നുനിന്ന യഹൂദർ, ഗുജറാത്തികൾ, ജൈനർ തുടങ്ങിയ വിഭാഗങ്ങളെ പൊതുധാരയുമായി അടുപ്പിക്കുന്ന പാലമായി അദ്ദേഹം മാറി.

ഉണക്കവിഷയമായ ചരിത്രത്തെ ഓജസ്സുള്ള ഭാഷയിൽ അവതരിപ്പി ച്ചുകൊണ്ട് വൈജ്ഞാനിക സാഹിത്യത്തിലെ ശക്തമായ ജീവധാരയാക്കി മാറ്റുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഏത് സദസ്സിനേയും പ്രകമ്പനം കൊള്ളിക്കുന്ന വാഗ്ധാര അദ്ദേഹത്തിന്റെ സവിശേഷതയായിരുന്നു.

സംസ്കൃതവും മലയാളവും പഠിച്ചാണ് പി.എ.സെയ്തുമുഹമ്മദ് എന്ന ചരിത്രകാരൻ രംഗത്തുവന്നത്. മഹാപണ്ഡിതനായ കേസരി ബാലകൃഷ്ണ പിള്ളയുടെ ശിഷ്യൻ. കേരളത്തിലെ മുസ്ലിംകൾക്ക് ഒരു ചരിത്രമുണ്ടെന്ന്

mappilaheritagelibrary

ആദ്യമായി തെളിയിച്ചത് അദ്ദേഹത്തിന്റെ ഗവേഷണവും കൃതികളുമായിരുന്നു. ക്വിറ്റിന്ത്യാ സമരത്തിൽ രക്തസാക്ഷിയായ ഹെമുകലാനിയുടെ ജീവചരിത്രമായിരുന്നു ആദ്യ പുസ്തകം. അത് നിരോധിക്കപ്പെടുകയായിരുന്നു. അതേസമയം *ചരിത്രകേരളം* 1952ലെ മദിരാശി ഗവൺമെന്റിന്റെ പുരസ്കാരം നേടി.

താൻ കടന്നുപോയ വഴികൾ അദ്ദേഹം ഒരിക്കലും മറന്നില്ല. അമ്പലത്തിലെ പടച്ചോറുണ്ടു കഴിഞ്ഞ നാളുകൾ എന്നും ഓർത്തു. തന്നെ തേടിയെത്തുന്ന അവശസാഹിത്യകാരൻമാർക്കും കലാകാരൻമാർക്കും സ്വന്തം പോക്കറ്റിൽ നിന്ന് പണമെടുത്ത് കൊടുക്കുമ്പോൾ അതാരും അറിയാതിരിക്കാനും അദ്ദേഹം ശ്രദ്ധിക്കും. ഒരിക്കൽ മഹാരാജാസ് കോളേജിൽ മലയാളം എം.എ.യ്ക്ക് ചേർന്ന ഒരു വിദ്യാർത്ഥി പാവപ്പെട്ട ഒരു മൊല്ലാക്കയുടെ മകനാണെന്നും വളരെ സാമ്പത്തികവിഷമം അനുഭവിക്കുന്നുണ്ടെന്നും മനസ്സിലായപ്പോൾ അയാളറിയാതെ തന്നെ വിദ്യാഭ്യാസ ചെലവുകൾക്ക് ചില സമ്പന്ന വ്യക്തികളുടെ സഹായത്തോടെ വഴി കണ്ടെത്തിയത് എനിക്ക് നേരിട്ടറിയാൻ കഴിഞ്ഞ കാര്യമാണ്.

സി.എൻ.അഹമ്മദ് മൗലവിയുടെ സമ്പൂർണ്ണ ഖുർആൻ പരിഭാഷ സാഹിത്യ പ്രവർത്തക സഹകരണസംഘത്തിലൂടെ പ്രസിദ്ധീകരിക്കാൻ കാരണം സെയ്തുമുഹമ്മദിക്കയാണ്. ഖുർആൻ മുസ്ലിംകൾ മാത്രം വായിച്ചാൽ പോര എന്നും പൊതുധാരയിൽ വന്നാലേ മറ്റുള്ളവരും വായിക്കുകയുള്ളൂവെന്നും അദ്ദേഹത്തിന് അറിയാമായിരുന്നു. അതിന്ന് റോയൽറ്റിയായി കിട്ടിയ ഒരു ലക്ഷം രൂപ കൊണ്ടാണ് സി.എൻ കോഴിക്കോട് മിഠായിത്തെരുവിൽ ഒരു തുണിക്കട തുടങ്ങിയത്.

കേരളത്തിലെ മുസ്ലിംകൾക്കിടയിൽ നവോത്ഥാനത്തിന് വഴിതെളിച്ചത് സെയ്തുമുഹമ്മദിക്കയാണ്. ജമാഅത്ത് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ അദ്ദേഹം തയ്യാറാക്കിയ സ്ഥിതിവിവരക്കണക്കും ഇസ്ലാമിക് സെമിനാറുകളിൽ ഉയർന്ന ചർച്ചകളും പുതിയ ആവേശം പകർന്നു. എം.ഇ.എസ്, എം.എസ്.എസ് തുടങ്ങിയ പ്രസ്ഥാനങ്ങൾക്ക് അത് ബീജാവാപം ചെയ്തു. എല്ലാ വിഭാഗങ്ങൾക്കും ഒരു വേദിയിൽ മനസ്സുതുറന്ന് സംവാദിക്കാൻ കഴിയുമായിരുന്ന ഈ സെമിനാറുകളുടെ റിപ്പോർട്ടറായും എഡിറ്ററായും പ്രവർത്തിക്കാൻ എനിക്ക് കഴിഞ്ഞ കാലം എന്റെ സ്വത്വരൂപീകരണ ഘട്ടമായിരിക്കണം.

നാല്പത്തിയഞ്ചാം വയസ്സിൽ സെയ്തുമുഹമ്മദിക്ക മരിച്ചത് പറക്കമുറ്റാത്ത മൂന്ന് പെൺകുഞ്ഞുങ്ങളേയും യുവതിയായ ഭാര്യയേയും അനാഥരാക്കിയാണ്. ഗിരിനഗർ ഹൗസിംഗ് കോളനിയിലെ ഒരു ചെറിയ വീടല്ലാതെ അവർക്ക് ഒരു സമ്പാദ്യവുമില്ലായിരുന്നു. ഒരുകാലത്ത് സെയ്തുമുഹമ്മദിക്ക നിസ്വാർത്ഥമായി സേവിച്ച തുറമുഖ തൊഴിലാളികളുടെ സംഭാ

mappilaheritagelibrary

വന കൊണ്ടാണ് മക്കളെ പഠിപ്പിച്ചത്. സി.റ്റി.റ്റി.യുവിന്റെ മുഖപത്രമായിരുന്ന *യുവകേരള*ത്തിന്റെ പത്രാധിപരായി കൊച്ചിയിൽ വന്നകാലത്താണല്ലോ അദ്ദേഹം സാംസ്കാരിക രംഗത്ത് സജീവമാകുന്നത്. മൂത്ത മകൾ ഡോ. ജാസ്മിനും കുടുംബവും അമേരിക്കയിലാണ്. എഞ്ചിനീയറായ സിന്ധുവും കുടുംബവും ഗൾഫിലും. സംഗീതാദ്ധ്യാപികയായ ഫൗസിയ നാട്ടിൽ തന്നെയാണ്. സെയ്തുമുഹമ്മദിക്കയുടെ എല്ലാ നല്ല പ്രവർത്തനങ്ങൾക്കും തുണയായിരുന്ന ഖദീജാ ടീച്ചർ, സാമൂഹ്യപ്രവർത്തനരംഗത്ത് തുടരുന്നു.

■

mappilaheritagelibrary

അനുബന്ധം:

കേസരിയുടെ കത്ത്

(സെയ്തുമുഹമ്മദിന്റെ ഗുരുവായിരുന്ന പ്രശസ്ത പണ്ഡിതൻ
കേസരി ബാലകൃഷ്ണപിള്ള എഴുതിയ കത്ത്)

മാടവനപറമ്പ്
പറവൂർ
24.2.1949

Dear Mr. Sayed Mohamed,

നവവർഷാരംഭത്തിലയച്ച Pictoral Card ഉം രണ്ട് ലേഖനങ്ങളും കിട്ടി. അവയ്ക്കുപുറമെ ഞാൻ വളരെ കൃതജ്ഞനാണ്. ഇവയ്ക്ക് നന്ദി പറഞ്ഞു മറുപടി അയക്കാത്തതിന് കാരണം കത്തുകൾ എഴുതുന്നതിൽ എനിക്കുള്ള വൈമുഖ്യമാണ്. പത്തുമുപ്പത് വർഷത്തിലധികമായി എന്നും ലേഖനങ്ങൾ എഴുതിയിരുന്നത് നിമിത്തം പ്രൈവറ്റ് കത്തുകൾ എഴുതുന്നതിൽ എനിക്ക് വലിയ മടിയുണ്ട്. എഴുതിയെഴുതി എഴുത്തിൽ മുഷിവ് തോന്നുന്നതാണ് ഇതിന് കാരണം. എന്റെ കുടുംബബന്ധുക്കൾക്കും മറുപടിക്കത്തുകൾ ഞാൻ വളരെ താമസിച്ചു മാത്രമേ എഴുതാറുള്ളൂ. അവർക്ക് എന്റെ ഈ വഴി അറിയാം. കാര്യം ഗ്രഹിച്ച് ഞാൻ കാണിച്ച നന്ദികേട് നിങ്ങൾ ക്ഷമിക്കുമെന്ന് വിശ്വസിക്കുന്നു. കമ്മ്യൂണിസ്റ്റുകാർക്കും യാഥാസ്ഥിതികർക്കും ഒന്നുപോലെ എന്നോട് രസമില്ലെന്നുള്ള സംഗതി എനിക്ക് അറിയാം. കൊളംബിലെ ഒരു കമ്മ്യൂണിസ്റ്റ് പത്രം അവർ എനിക്ക് വെറുതെ അയച്ചു തരുന്നതു മാത്രമേ ഞാൻ കാണാറുള്ളൂ. കേരളത്തിലെ ഒരു കമ്മ്യൂണിസ്റ്റ് പത്രവും ഞാൻ കാണാറില്ല. ഞാൻ പത്രപ്രവർത്തനത്തിൽ ഏർപ്പെട്ട നാൾ

mappilaheritagelibrary

മുതൽക്ക് എന്നെ പല കക്ഷിക്കാരും എതിർത്തിട്ടുണ്ട്. എതിർപ്പ് പ്രസിദ്ധി ജനിപ്പിക്കുന്നതാണ്. ഇതുകൊണ്ടാണ് എനിക്ക് വേണ്ടതിലധികം പ്രസിദ്ധിയോ കുപ്രസിദ്ധിയോ കിട്ടിയിട്ടുള്ളതും. ഞാൻ ചില രാഷ്ട്രീയകക്ഷികളേയും സാഹിത്യ കക്ഷികളേയും ശക്തിപൂർവ്വം പലപ്പോഴും അനുകൂലിച്ച് എഴുതാറുണ്ടെങ്കിലും ഇവയിൽ ഒന്നിലും തന്നെ ആദികാലം മുതൽക്ക് ഞാൻ അംഗമായി ചേർന്നിട്ടില്ല. കാരണം എന്റെ സ്വതന്ത്ര ചിന്താഗതിയാണ്. ഈ ചിന്താഗതി തെറ്റായിരിക്കാമെങ്കിലും അത് സ്വതന്ത്രമാണെന്നുള്ള മെച്ചം അതിനുണ്ട്. ഒരു ചട്ടക്കൂടിനകത്തും നിൽക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. ആസന്നമായ മരണപര്യന്തം ഞാൻ, ഏത് എതിർപ്പും വിഗണിച്ച് ഈ നിലതന്നെ തുടർന്നുകൊണ്ടുപോകുന്നതാണ്. ഞാൻ ചില കക്ഷികളെ അനുകൂലിച്ചെഴുതുന്നത് അവരുടെ ചിന്താഗതിയിൽ ചിലത് എന്റെ ചിന്താഗതിയോട് യോജിക്കുന്നതുകൊണ്ട് മാത്രമാണ്. എന്റെ അരാജക (anarchic) ചിന്താഗതി എനിക്ക് എല്ലാ കക്ഷിക്കാരിൽ നിന്നും എതിർപ്പ് നേടിത്തന്നിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് ചിന്താഗതിയോട് എനിക്ക് പല കാര്യങ്ങളിലും യോജിപ്പുണ്ടെങ്കിലും എന്റെ anarchic ചിന്താഗതിയും, എന്നോട് അവരുടെ ചില വ്യക്തികൾക്കുള്ള വ്യക്തിപരമായ വിരോധവുമാണ് അവർ എന്നെ എതിർക്കുന്നതിന് കാരണം. കമ്മ്യൂണിസ്റ്റ് കക്ഷി കേരളത്തിൽ ജനിച്ച കാലത്ത്, അതിന്റെ ഒരു ജീവനാഡിയും ഒരു അത്ഭുതമനുഷ്യനും അതിമഹാനായ രാഷ്ട്രീയപ്രവർത്തകനുമായ ഈയിടെ മരിച്ച വൈക്കം കൃഷ്ണപിള്ളയെ അതു വേണ്ട വിധം സ്ഥാപിക്കുന്നതിൽ ഞാൻ ഉപദേശിച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം ഇന്ന് ജീവിച്ചിരിക്കുകയായിരുന്നുവെങ്കിൽ ഇതിന് അദ്ദേഹം സാക്ഷ്യം വഹിക്കുമായിരുന്നു. മി. ശങ്കരൻ നമ്പൂതിരിക്കും ഇതിനെപറ്റി ചിലത് അറിയാം. രോഗശല്യം നിമിത്തം ഞാൻ 1118-ൽ പറവൂർക്ക് വരുന്നതുവരെ, പ്രസ്തുത വൈക്കം കൃഷ്ണപിള്ള തിരുവനന്തപുരം സന്ദർശിക്കാറുള്ളപ്പോഴെല്ലാം എന്നെ വന്നുകണ്ട് ക്ഷേമം അന്വേഷിക്കാറുണ്ട്. അദ്ദേഹത്തിന്റെ മരണത്തിൽ എന്നേക്കാളധികം ദുഃഖിച്ച ഒരു മനുഷ്യൻ കേരളത്തിൽ കാണുമെന്ന് തോന്നുന്നില്ല. ഇന്നത്തെ കമ്മ്യൂണിസ്റ്റ് സാഹിത്യകാരിൽ മെ.കെ.പി.ജി. നമ്പൂതിരി, അച്ചുതക്കുറുപ്പ്, ദേവദാസ് മുതലായ ചിലർക്ക് എന്നോട് വ്യക്തിപരമായ വിരോധമുണ്ട്. *കേസരി* നിറുത്തുവാൻ ഞാൻ നിർബ്ബന്ധിതനായിത്തീർന്നതിന് ശേഷം അതിന്റെ നടത്തിപ്പിൽ വന്നിട്ടുള്ള കടം വീട്ടാൻ പ്രസ്സ് വിൽക്കുന്നതിനെ പറ്റി ചിന്തിച്ച് ഞാൻ അസ്വസ്ഥനായിരുന്ന കാലത്ത് തന്റെ ഒരു മാനുസ്ക്രിപ്റ്റ് കൃതിക്ക് മുഖവുര എഴുതാനായി തിരുവനന്തപുരത്ത് വെച്ച് എന്നെ മി.കെ.പി.ജി. നമ്പൂതിരി വന്നുകണ്ടു. തൽക്കാലം മാനുസ്ക്രിപ്റ്റ് വായിച്ചുനോക്കാൻ എന്റെ മനസ്ഥിതി അനുവദിക്കുകില്ലെന്നും അത് അച്ചടിച്ചതിന് ശേഷം എനിക്ക് അയച്ചുതന്നാൽ

mappilaheritagelibrary

മുഖവുര എഴുതാമോ എന്നു നോക്കാമെന്നും ഞാൻ നമ്പൂതിരിയോട് മറുപടി പറഞ്ഞു. ഇതുപോലെ പൊൻകുന്നം വർക്കിയുടെ ഒരു ചെറുകഥാസമാഹാരത്തിന്റെ മുഖവുരയെപറ്റി അദ്ദേഹത്തോട് അക്കാലത്ത് പറഞ്ഞിരുന്നു. പിന്നെയും എന്റെ കുപ്രസിദ്ധമായ ചില അവതാരികകളിൽ മെസ്സേഴ്സ് കെ.പി.ജി. നമ്പൂതിരി, അച്ചുതക്കുറുപ്പ് മുതലായ ചില കമ്മ്യൂണിസ്റ്റ് സാഹിത്യകാരൻമാരെ വാസനയുള്ള സാഹിത്യകാരൻമാരുടെ കൂട്ടത്തിൽ പ്രസ്താവിക്കാതെയിരുന്നതിൽ ഇവർക്ക് എന്നോട് വിരോധമുണ്ട്. ഇവരിലോ യാഥാസ്ഥിതിക കക്ഷിയിലോ പെട്ട ചിലർ എന്നെ ഭയപ്പെടുത്തുവാൻ ഒരു രക്തലേഖനം (red letter) കൂടി എനിക്ക് അയക്കുകയുണ്ടായി. ഇത്തരം രക്തലേഖനങ്ങൾ എന്റെ രാഷ്ട്രീയ പത്രപ്രവർത്തന കാലത്ത് എനിക്ക് തിരുവനന്തപുരത്തുനിന്നും ലഭിച്ചിട്ടുണ്ട്. ഇതൊന്നും തന്നെ എന്റെ ചിന്താഗതിയിൽ യാതൊരു വ്യതിയാനവും വരുത്തിയിട്ടില്ല. വള്ളത്തോളിന്റെ കക്ഷിക്കാരനായ ഇവരിൽ നിന്നും ഞാൻ ചങ്ങമ്പുഴയെ രക്ഷിക്കുവാൻ യഥാശക്തി ശ്രമിച്ചിട്ടുള്ളതും ഇവരുടെ വൈരം വർധിപ്പിക്കുകയുണ്ടായി. പോരെങ്കിൽ പണ്ടും ഇന്നും ഒന്നുപോലെ ഞാൻ വള്ളത്തോളിനെ എതിർക്കുകയും, കുമാരനാശാൻ, ജി.ശങ്കരക്കുറുപ്പ്, ചങ്ങമ്പുഴ എന്നിവരെ കവികളെന്ന നിലയിൽ വള്ളത്തോളിന് മുന്നിൽ പ്രതിഷ്ഠിക്കുവാൻ എന്റെ പല അവതാരികകളും നിരൂപണങ്ങളും മുഖേന ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ഇതും പോരെങ്കിൽ മി.ദേവദാസ് മുതലായ ചില കമ്മ്യൂണിസ്റ്റ് നിരൂപകൻമാർക്ക് പുതിയ റഷ്യൻ സാഹിത്യത്തെ പറ്റി തന്നെ ഇവർ തത്തകൾക്ക് തുല്യം ചിന്ത പ്രയോഗിക്കാതെ അതിന്റെ മഹിമ അതിശയോക്തിപൂർവ്വം പ്രശംസിച്ചിട്ടുള്ള ചില റഷ്യൻ നിരൂപകൻമാരുടെ സ്തുതികളെ ആവർത്തിക്കുക മാത്രമേ ചെയ്യുന്നുള്ളൂവെന്ന്, ഇതിന്റെ യഥാർത്ഥ മഹാത്മ്യം എന്തിലാണെന്ന് ചിന്തിച്ച് ഇവർ മനസ്സിലാക്കിയിട്ടല്ലെന്നും, അവരുടെ സെക്സ് കാര്യങ്ങളോടുള്ള എതിർപ്പ് ഭാരതത്തിലപരിതസ്ഥിതിക്കും, യഥാർത്ഥ Proletarian മനസ്ഥിതിക്കും യോജിച്ചതല്ലെന്നും റഷ്യയിലെ ഇക്കാര്യത്തോടുള്ള എതിർപ്പ് ശത്രുക്കളാൽ ചുറ്റപ്പെട്ട അവരുടെ താത്കാലികമായ പ്രത്യേക രാഷ്ട്രീയസ്ഥിതി ജനിപ്പിച്ചിട്ടുള്ളതാണെന്നും, ഈ മനസ്ഥിതി കണ്ണുമടച്ച് ഇവിടെയും വേണമെന്ന് ശഠിക്കുന്നത് ഇവിടത്തെ രാഷ്ട്രീയസ്ഥിതിക്കും മറ്റും യോജിച്ചതല്ലെന്നും ഇത് ബൂർഷ്വാ മനഃസ്ഥിതിയാണെന്നും ചില *മംഗളോദയം* നിരൂപണങ്ങളിൽ ഞാൻ ധ്വനിപ്പിച്ചിരുന്നു. ഇതും കമ്മ്യൂണിസ്റ്റ് സാഹിത്യകാരൻമാർക്ക് കലിവർധിപ്പിച്ചിട്ടുണ്ട്. പുരോഗമന സാഹിത്യകാരൻമാരിൽ ഒരു പക്ഷക്കാർ എനിക്ക് മംഗളപത്രം സമർപ്പിക്കണമെന്ന് പാസ്സാക്കിയതായി അറിയുന്ന പ്രമേയത്തെ ഞാൻ വ്യക്തിപരമായി അനുകൂലിക്കുന്നില്ലെന്നും, ഞാൻ അവരെ ധരിപ്പിച്ചിരുന്നു. പ്രധാന കാരണം എന്റെ ഒതുങ്ങിയ ജീവിതരീ

mappilaheritagelibrary

തിക്ക് അത് ഭംഗം വരുത്തുമെന്നുള്ളതാണ്. ഇതിനു മുമ്പും തിരുവിതാം കൂറിലെ നിവർത്തനപ്രക്ഷോഭണകാലത്ത് നിവർത്തനകക്ഷിക്കാർ എനിക്ക് ഒരു മെഡൽ സമ്മാനിക്കുന്നതിന് ആലോചിച്ചിരുന്നതിനെ ഞാൻ അനു കൂലിക്കായ്കയിൽ അത് നടന്നില്ല. എന്റെ വ്യക്തിപരമായ പ്രാതികൂല്യം തങ്ങൾ വിഗണിക്കുമെന്ന് പ്രസ്തുത പുരോഗമന സാഹിത്യപ്രവർത്തക രിൽ ചിലർ എനിക്ക് മറുപടി തന്നിട്ടുമുണ്ട്. മറ്റുള്ളവരുടെ പ്രവർത്തന സ്വാതന്ത്ര്യം ഞാൻ തടസ്സപ്പെടുത്തുന്നതല്ലെന്നും ഞാൻ ഇവരെ ഇതിന് മറുപടിയായി ധരിപ്പിച്ചിരുന്നു.

മിക്ക യുവാക്കൻമാരും വായിക്കുന്ന എന്റെ ഗവേഷണലേഖനങ്ങളിൽ നിങ്ങൾക്ക് താത്പര്യമുണ്ടെന്നറിയുന്നതിൽ എനിക്ക് അതിയായ സന്തോ ഷമുണ്ട്. മി. വാലത്തും ഇതുപോലെ ഇതിൽ താത്പര്യം കാണിച്ചിരുന്നു. ഞാൻ ഇദംപ്രഥമമായി ആധുനികലോകത്തിന് സമ്മാനിച്ചിട്ടുള്ള പണ്ടത്തെ കൽപഗണിത വിവരണം, ചിരഞ്ജീവി സിദ്ധാന്തം, പുരാണങ്ങളുടെ ചരി ത്രപരമായ പ്രാധാന്യം, അറേബ്യയിലെ Atlants ദ്വീപ്, B.C. 6036 ൽ ഭൂമി കുലുക്കം മൂലം പുറംകടലിൽ താഴ്ന്നുപോയത് മുതലായവ മാനുഷിക സംസ്കാര ചരിത്രരചനയിലും ചരിത്രാതീതകാല ചരിത്രഗ്രഹണത്തിലും തന്മൂലം ഇന്നത്തെ മനുഷ്യരുടെ മനഃസ്ഥിതിയിലും എന്റെ മരണശേഷം ഒരു വലിയ വിപ്ലവം വരുത്തിവെക്കുമെന്ന് എനിക്ക് നിശ്ചയമുണ്ട്. ഒരു Cyclic or rather spiritual theory of history ആണ് ഇതു മേലാൽ ജനിപ്പി ക്കുവാൻ പോകുന്നത്. എന്റെ ഈ ഗവേഷണലേഖനങ്ങൾ ഇംഗ്ലീഷിൽ എഴുതിയിരുന്നുവെങ്കിൽ ഇപ്പോൾ തന്നെ അവ പ്രസ്തുത മഹാവിപ്ലവം തുടങ്ങുമായിരുന്നു. ഇവയെപറ്റി രണ്ടോ മൂന്നോ ലേഖനങ്ങൾ മാത്രമേ ഞാൻ ശാന്തിനികേതനിലെ Sino-Indian Journal ന്റെ പ്രഥമ ലക്കത്തിലും ത്രിശ്ശൂരിലെ Rama Varma Archaeological Society Journal 14-ാം വാല്യ ത്തിലും മറ്റും എഴുതിയിട്ടുള്ളൂ. ഈ മലയാള ലേഖനങ്ങളെല്ലാം കൂട്ടി ച്ചേർത്ത് പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തണമെന്ന് അപേക്ഷിച്ച് ചിലർ എനിക്ക് എഴുതി അയച്ചിരുന്നു. എന്റെ മറ്റെല്ലാ പ്രവർത്തനങ്ങളെ ക്കാളധികം ശാശ്വതമായി നിൽക്കുന്ന ഈ ഗവേഷണഫലങ്ങൾ പുസ്ത കരൂപത്തിൽ പ്രസിദ്ധപ്പെടുത്തുകയും ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തുകയും ചെയ്താൽ കൊള്ളാമെന്ന് എനിക്കും ആഗ്രഹമില്ലാതില്ല. പക്ഷെ, നിത്യ ദരിദ്രനായ എനിക്ക് ഇവ പ്രസിദ്ധീകരിക്കുന്നതിനു വേണ്ട പണം ചെല വാക്കാൻ സാധിക്കുന്നതല്ല. ഈ മുഷിപ്പൻ ലേഖനങ്ങളുടെ സമാഹാരം കഥകളെപോലെ വിറ്റഴിയുകയില്ലെന്നുള്ള പരമാർത്ഥത്തെ ആസ്പദിച്ച് കേരളത്തിലെ പുസ്തക പ്രസിദ്ധീകരണക്കാർ ആരുംതന്നെ സ്വന്തം ചെല വിൽ പ്രസിദ്ധപ്പെടുത്തുന്നതുമല്ല.

ഈയ്യിടെ എന്റെ സകല മാറാരോഗങ്ങളും ഒന്നിച്ച് അതികലശലായി

mappilaheritagelibrary


എന്നെ ബാധിച്ചിരിക്കുന്നു. ഇന്ന് അതിൽ നിന്ന് ഞാൻ പൂർണ്ണമായി വിമുക്തനായിട്ടില്ല. ഇതു നിമിത്തം കഠിനമായ ക്ഷീണം എന്നെ ബാധിച്ചിരിക്കുന്നു. രണ്ടുമൂന്നു വർഷത്തിനകം ഈ ശല്യങ്ങളിൽ നിന്ന് എനിക്ക് ചിരസ്ഥായിയായ മോചനം ലഭിക്കുമെന്ന് ഈ വർധിച്ചുവരുന്ന രോഗശല്യം എന്നെ ധരിപ്പിച്ചിരിക്കുന്നു.

നിങ്ങൾക്ക് സകല ക്ഷേമങ്ങളും നേരുകയും എന്റെ കൃതഘ്നതയ്ക്ക് വീണ്ടും മാപ്പപേക്ഷിക്കുകയും ചെയ്തുകൊണ്ട്,

സ്നേഹിതൻ

എ.ബാലകൃഷ്ണപിള്ള
എഡിറ്റർ
കേസരി

mappilaheritagelibrary



സെയ്തുമുഹമ്മദ് ദമ്പതികൾ
1958-ൽ അവർ വിവാഹിതരായി




ജാസ്മിൻ, സിന്ധു, ഫൗസിയ, മൂന്നു
പെൺമക്കളും ഭാര്യ ഖദീജയും
കുടുംബനാഥനോടൊത്ത്




സെയ്തുമുഹമ്മദിന്റെ
മാതാവ്

mappilaheritagelibrary



ആ ചിരി അവസാനംവരെ നിലനിന്നു.



കൊച്ചിൻ കോർപ്പറേഷൻ മേയർ ശ്രീ. ഹംസകുഞ്ഞിന്റെ നേതൃത്വ ത്തിൽ പൗരാവലി അന്തിമോപചാരങ്ങൾ അർപ്പിക്കുന്നു.

mappilaheritagelibrary

പി.എ.സെയ്തുമുഹമ്മദ്
ജീവിതരേഖ

ജനനത്തിയ്യതി	:	1930 നവംബർ 27
ജനനസ്ഥലം	:	തൃശൂർ ജില്ലയിലെ നാട്ടികക്കടുത്ത ആല.
പിതാവ്	:	പേനാക്കുഴിയിൽ അഹ്മദുണ്ണി
ഭാര്യ	:	ഖദീജ
മക്കൾ	:	ജാസ്മിൻ, സിന്ധു, ഫൗസിയ
സഹോദരങ്ങൾ	:	ബീരു, ഹമീദ്, മുഹമ്മദ്, കുഞ്ഞിബീപാത്തു
വിദ്യാഭ്യാസം	:	ഇ.എസ്.എൽ.സി (കൊടുങ്ങല്ലൂർ ഹൈസ്കൂൾ) സാഹിത്യവിശാരദ് (സംസ്കൃതം)
പത്രാധിപർ	:	യുവകേരളം (മാസിക) ജനശക്തി " സർഗം " കേരള ഡൈജസ്റ്റ് " കേരള മുസ്ലിം ഡയറക്ടറി
നേതൃത്വം	:	കേരള സാഹിത്യ അക്കാദമി കേരള ഹിസ്റ്ററി അസോസിയേഷൻ സമസ്തകേരള സാഹിത്യപരിഷത്ത് കേരള ഗ്രന്ഥശാലാ സംഘം കേരള കലാമണ്ഡലം
മരണം	:	1975 ഡിസംബർ 19
അവാർഡ്	:	മദ്രാസ് ഗവ. അവാർഡ് (1952) (പുസ്തകം- ചരിത്രകേരളം)

mappilaheritagelibrary

പി.എ.സെയ്തുമുഹമ്മദിന്റെ
കൃതികൾ

ഹെമുകലാനി
കേരള ചരിത്രവീക്ഷണം
ചരിത്ര കേരളം
കേരളം നൂറ്റാണ്ടുകൾക്ക് മുമ്പ്
സഞ്ചാരികൾ കണ്ട കേരളം
മുഗൾ സാമ്രാജ്യത്തിലൂടെ ഒരു യാത്ര
ആദിവാസികൾ
ചരിത്രത്തിലെ ശിലാകുസുമങ്ങൾ
ചരിത്രവും സംസ്കാരവും
ചരിത്രം ഒരു കണ്ണാടി
കേരളചരിത്രചിന്തകൾ
കേരളത്തിലെ വിദേശമതങ്ങൾ
ചരിത്രസഞ്ചാരം
സംസ്കാരസൗരഭം
കുട്ടികളുടെ കേരളചരിത്രം
കേരള മുസ്‌ലിം ഡയറക്ടറി
കേരള മുസ്‌ലിം ചരിത്രം

mappilaheritagelibrary

നേതൃസ്മൃതി

പി.എ. സെയ്തു മുഹമ്മദ്

ജമാൽ കൊച്ചങ്ങാടി

അകന്നുനിന്ന് അപഗ്രഥിക്കേണ്ട
അക്കാദമികവിഷയം മാത്രമായി
കണക്കാക്കപ്പെടുന്ന ചരിത്രത്തെ
ആക്ടിവിസത്തിനുള്ള ഉപാദാനമാക്കി മാറ്റിയ
അത്ഭുതവ്യക്തിത്വമാണ്
പി.എ. സെയ്തു മുഹമ്മദ്.
ചരിത്രസ്മൃതികളെ വർത്തമാനകാലത്തിന്റെ
പുനർനിർവ്വചനത്തിനുള്ള ഊർജ്ജസ്രോതസ്സാക്കി
മാറ്റുകയായിരുന്നു അദ്ദേഹം.

ഒരു കാലത്ത് സെയ്തു മുഹമ്മദിനെ
കൗതുകത്തോടെ പിന്തുടർന്ന പിൻമുറക്കാരൻ
ജമാൽ കൊച്ചങ്ങാടി തയ്യാറാക്കിയ
ലഘുജീവചരിത്രം.

ജീവചരിത്രം

2011

വില : 75.00

Grace books